പുറപ്പുഴ പഞ്ചായത്ത്

സമഗ്രവികസനരേഖ



പുറപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ E. 70

പുറപ്പുഴ, തൊടുപുഴ, ഇടുക്കി

ഫോൺ : 73061

1. ഉയർന്ന പരിശ ലഭിക്കുന്ന വിവിധ നിക്ഷേപപദ്ധതികൾ
2. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം
3. 50000 രൂപവരെ കാർഷിക വായ്പകൾ
4. 25000 രൂപവരെ സ്വർണ്ണപ്പണയ വായ്പകൾ
5. 25000 രൂപ സലയുള്ള ചിട്ടികൾ

വിവിധയിനം വായ്പാ പദ്ധതികൾ

1. കാർഷിക വായ്പകൾ
2. കാർഷികേതര വായ്പകൾ
3. ഹയർ പർച്ചെയ്സ് വായ്പകൾ
4. ഭവന നിർമ്മാണ വായ്പകൾ
5. വസ്തു, വാഹനം മുതലായവ വാങ്ങുന്നതിനുള്ള വായ്പകൾ

N.B. കൃഷിക്കാർക്കാവശ്യമായ വളം, കീടനാശിനി കൂടാതെ എല്ലാവിധ സ്റ്റേഷനറി പലചരക്ക്, അന്ന അലുമീനിയം പാത്രങ്ങൾ പുറപ്പുഴ, നെടിയശാല ഡിപ്പോകളിൽ നിന്നും മിതമായ വിലക്കു വില്ക്കപ്പെടുന്നു. നമ്മുടെ സ്ഥാപനത്തിന്റെ ഉന്നമതിക്കായി എല്ലാവരും അവരവ രുടെ നിക്ഷേപങ്ങൾ പുറപ്പുഴ സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിക്കു.

വി.എ. ജോസഫ്
പ്രസിഡന്റ്

എ. ജോസഫ്
സെക്രട്ടറി

64 - 6

"ഗ്രാമങ്ങളിലൂടെയോ ഭാരത
മോചനമെന്നു ധരിച്ചവർ നാം
നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി
താലോലിച്ചൊരു സങ്കല്പം
സ്വതന്ത്രസുന്ദരഗ്രാമസ്വരാജ്യം
പടുത്തുയർത്താനണിചേരൂ."

ആദരാഞ്ജലികൾ

ജനകീയ അംഗീകാരത്തോടെ

പഞ്ചായത്തു സാരഥ്യം

ഏറ്റെടുക്കുകയും ജീവിതനാടക

തിരശ്ശീലക്കപ്പുറം മറയും ചെയ്ത

ശ്രീ. പുളിക്കൻ ശ്രീധരൻ നായർക്കും

ശ്രീ. ജോസഫ് ഔസേപ്പ് പാറത്തട്ടാലിനും

ശ്രീ. K. വാസുദേവൻനായർ കാവനാലിനും

പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ

ആദരാഞ്ജലികൾ

ഒൻപതാം പദ്ധതി ജനകീയപദ്ധതി
പുറപ്പുഴ ഗ്രാമപഞ്ചായത്ത് വികസനരേഖ



പുറപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂപടം

പുറപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി

കെ.കെ. ബാലകൃഷ്ണപിള്ള
(വൈസ് പ്രസിഡന്റ്)



വി.ജെ. ജോസഫ്
(പ്രസിഡന്റ്)



മാത്യു ആന്റണി
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

അജിതാ ബാലകൃഷ്ണൻ
വാർഡ് I

മേരി ഫ്രാൻസിസ്
വാർഡ് III



ഗോപിരാഘവൻ
വാർഡ് IV

ഏലിക്കുട്ടി ജോസഫ്
വാർഡ് VI



ബിജു ഔതകുട്ടി
വാർഡ് VII

P.J. Joseph
Minister for Education and Works

Office : 67295
67039
PABX : 8215



സന്ദേശം

പ്രിയപ്പെട്ട പ്രസിഡന്റ്

ജനകീയാസൂത്രണ പദ്ധതിയോടനുബന്ധിച്ച് പുറപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്ന റിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. വികസന റിപ്പോർ ട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നടക്കുന്ന വികസന സെമിനാറും തുടർന്നു തയ്യാറാക്കുന്ന പദ്ധതികളുമെല്ലാം നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്
വിധേയൻ

പി.ജെ. ജോസഫ്

ശ്രീമതി ഷിലാസ്റ്റീഫൻ
(പ്രസിഡന്റ് ഇടുക്കി ജില്ലാപഞ്ചായത്ത്)

ഗ്രേസി ജോസഫ്
(ബ്ലോക്ക് മെമ്പർ)



A.O. ജോസഫ്
(ബ്ലോക്ക് മെമ്പർ)

പുറപ്പുഴ ഗ്രാമപഞ്ചായത്ത് സ്റ്റാഫ്

ഇരിക്കുന്നവർ : സെബാസ്റ്റ്യൻ മാത്യു, കെ.പി. വേണുഗോപാലപിള്ള (സെക്രട്ടറി)
പി.എം. മാത്യു, എൻ.സി. സുഷമ
നിൽക്കുന്നവർ : ലളിതകുമാരി, എൻ.പി. ശങ്കരനാരായണപണിക്കർ, എം. ഗോപിനാഥൻ, കെ.ആർ. രമണി

താളുകൾ മറിക്കുമ്പോൾ

1. പഞ്ചായത്ത് പൊതുവിവരണം
2. ആമുഖം
3. സാമൂഹിക - സാംസ്കാരികചരിത്രം
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലവിഭവം
5. സാമൂഹിക - സാമ്പത്തിക മേഖലകൾ
   a) കൃഷിയും ജലസേചനവും
   b) മൃഗസംരക്ഷണവും മത്സ്യബന്ധനവും
   c) വ്യവസായം
   d) വിദ്യാഭ്യാസം
   e) കുടിവെള്ളവും പൊതുജന ആരോഗ്യവും
   d) ഗതാഗതം, ഊർജ്ജം
   e) പാർപ്പിടവും സാമൂഹ്യക്ഷേമവും
   f) സംസ്കാരം
   g) വനിത
   h) സഹകരണം
   i) പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
   j) വിഭവ സമാഹരണം
6. ഉപസംഹാരം
7. പഞ്ചായത്ത് പ്രവർത്തനരേഖ

"ഭാരതമെന്ന പേർ കേട്ടാ-
ലഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ
തിളക്കണം ചോരഞരമ്പുകളിൽ"

❋ ❋

എഡിറ്റർ

കെ.പി. ഹരിദാസ്

❋ ❋

എഡിറ്റോറിയൽ ബോർഡ്

V.J. ജോസഫ്

K.K. ബാലകൃഷ്ണപിള്ള

ബിജു ജോസ് പാറത്തട്ടാൽ

R. രാമചന്ദ്രൻനായർ

C. ജോസഫ് ചിറയ്ക്കൽ

മാത്യു മുണ്ടിയാനിക്കൽ

V.K. ചാണ്ടി

M.P. പദ്മനാഭൻ

P.P. ജോസഫ്

❋ ❋

നവംബർ 1 പുനരർപ്പണദിനം പുറപ്പുഴ ഗവ. എൽ.പി. സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണജോലി ബ്ലോക്ക് പഞ്ചായത്തുമെമ്പർ ശ്രീമതി. ഗ്രേസി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

നവംബർ 1 പുനരർപ്പണദിനത്തിന്റെ ഭാഗമായി VIII വാർഡിലെ അംഗൻവാടികെട്ടിടത്തിന്റെ നിർമ്മാണ ഉത്ഘാടനം, കൊടികുത്തിയിൽ പഞ്ചായത്തുവൈസ്പ്രസിഡന്റ് K.K. ബാലകൃഷ്ണപിള്ള നിർവ്വഹിക്കുന്നു.

വാഴപ്പിള്ളി മൂന്നാം വയൽ റോഡിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പുനരർപ്പണദിനത്തിൽ പുറപ്പുഴ സഹകരണബാങ്കിന്റെ പ്രസിഡന്റ് ജോസഫ് വാഴേപ്പറമ്പിൽ നിർവ്വഹിക്കുന്നു.

1953-ൽ പഞ്ചായത്തു രൂപീകൃതമായപ്പോൾ മുതലുള്ള പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഭരണസാരഥികൾ

1953 -

1. ശ്രീധരൻനായർ പുളിക്കൽ (പ്രസിഡന്റ്)
2. S. നാരായണൻ പച്ചോലിൽ
3. ജോസഫ് (കുഞ്ഞേട്ടൻ) പാലത്തിനാൽ
4. അഗസ്തി വട്ടക്കാട്ട്
5. അഗസ്റ്റ്യൻ കളപ്പുരയിൽ
6. ഓനൻപിള്ള തളിയംചിറ
7. കുര്യാക്കോസ് കുന്നുംമ്മേൽ
8. A. കുഞ്ഞൻ വാന്തുപറമ്പിൽ
9. ശങ്കരൻനായർ ചെറുകോടിക്കുളം
10. T.K. പപ്പുപിള്ള തെക്കയിൽ

1964 മുതൽ

1. പി.സി. ജോർജ് പൊന്നാട്ട് (പ്രസിഡന്റ്)
2. P.K. ചന്ദ്രശേഖരൻനായർ പുളിക്കത്തടത്തിൽ
3. S. നാരായണൻ പച്ചോലിൽ
4. K.T. ഏലിക്കുട്ടി കുഴികണ്ടത്തിൽ
5. M.A. ജോസഫ് പൈങ്കുളംകുന്നേൽ
6. K.J. അഗസ്റ്റ്യൻ കളപ്പുരയിൽ
7. വാസുദേവൻ നായർ കാവനാൽ
8. M.C. വർക്കി മൂന്നാംവയലിൽ
9. ജോസഫ് പാപ്പച്ചൻ ചെത്തിക്കോട്ട്
10. അബ്രഹാം കുറ്റിക്കാട്ടുകര

1979 മുതൽ

1. V.J. ജോസഫ് വാലുമ്മേൽ (പ്രസിഡന്റ്)
2. ഭാരതിയമ്മ ചന്ദ്രശേഖരൻനായർ പുളിക്കത്തടത്തിൽ
3. P.A. ജോസഫ് പാറത്തട്ടാൽ
4. A.O. ജോസഫ് ആറ്റുപുറത്ത്
5. K.M. ജോസ് മുഴുത്തേറ്റ്
6. രാഘവൻ കള്ളിക്കൽ
7. ജോസ് തടത്തിൽ
8. V.K. നാരായണപിള്ള വാന്തുപറമ്പിൽ

1988 മുതൽ 1995 വരെ

1. V.J. ജോസഫ് വാലുമ്മേൽ (പ്രസിഡന്റ്)
2. ജേക്കബ് മാത്യു ഉറുവുഴിയിൽ
3. ത്രേസ്യാക്കുട്ടി ജോൺ ആറ്റുപുറത്ത്
4. A.U. ദേവസ്യ ആറ്റുപിള്ളിൽ
5. കരുണാകരൻ T.A. തേക്കനാനിരപ്പേൽ
6. V.U. ദേവസ്യ വട്ടവളായിൽ
7. V.R. ജോസഫ് വട്ടക്കാട്ട്
8. വനജ സോമൻ മോനിപ്പിള്ളിൽ

1995 മുതൽ

1. V.J. ജോസഫ് വാലുമ്മേൽ (പ്രസിഡന്റ്)
2. K.K. ബാലകൃഷ്ണപിള്ള കാവുംപുറത്ത്
3. മാത്യു ആന്റണി മുണ്ടിയാനിക്കൽ
4. അജിതാ ബാലകൃഷ്ണൻ പുളിക്കത്തടത്തിൽ
5. മേരി ഫ്രാൻസിസ് പാറത്തട്ടാൽ
6. ഗോപിരാഘവൻ കുന്നുംപുറത്ത്
7. ഏലിക്കുട്ടി ജോസഫ് ചിറക്കൽ
8. ബിജു ഔതക്കുട്ടി പാറത്തട്ടാൽ

വഴിത്തല പാറകോളനിയിലേക്കുള്ള നടപ്പാത നിർമ്മാണോത്ഘാടനം പുനരർപ്പണദിനത്തിൽ വഴിത്തല സർവ്വിസ് സഹകരണബാങ്ക് പ്രസിഡന്റ് K.L. തോമസ് നിർവ്വഹിക്കുന്നു.

പുറപ്പുഴ പഞ്ചായത്തിലെ ടൂറിസ്റ്റു കേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന കൊടികുത്തിയുടെ മുകളിൽ നിന്നുള്ള ദൃശ്യം

7-ാം വാർഡിലെ അംഗൻവടി കെട്ടിടത്തിന്റെ നിർമ്മാണ ഉത്ഘാടനം പുനരർപ്പണദിനത്തിൽ മുൻ സഹ: ബാങ്ക് പ്രസിഡന്റ് C. ജോസഫ് നിർവ്വഹിക്കുന്നു.

ഗ്രാമപഞ്ചായത്ത് പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	:	പുറപ്പുഴ ഗ്രാമപഞ്ചായത്ത്
2.	ഉൾപ്പെടുന്ന വില്ലേജ്	:	പുറപ്പുഴ
3.	ബ്ലോക്ക് പഞ്ചായത്ത്		തൊടുപുഴ
4.	താലൂക്ക്		തൊടുപുഴ
5.	അസംബ്ലി മണ്ഡലം	:	തൊടുപുഴ
6.	വിസ്തീർണ്ണം	:	23.52 ച: കിലോമീറ്റർ
7.	അതിരുകൾ		
	കിഴക്ക് തൊടുപുഴ മുനിസിപ്പാലിറ്റി കരിങ്കുന്നം പഞ്ചായത്ത്		
	തെക്ക്		രാമപുരം, വെളിയന്നൂർ പഞ്ചായത്തുകൾ
	വടക്ക്	:	മണക്കാട് പഞ്ചായത്ത്
	പടിഞ്ഞാറ്	:	പാലക്കുഴ പഞ്ചായത്ത്
8.	ജനസംഖ്യ	:	12288
	പുരുഷന്മാർ	:	5977
	സ്ത്രീകൾ	:	6311
9.	വോട്ടർമാർ	:	8932
10.	പ്രസിഡന്റിന്റെ പേര്	:	V.J. ജോസഫ്
11.	വൈസ് പ്രസിഡന്റിന്റെ പേര്	:	K.K. ബാലകൃഷ്ണപിള്ള
12.	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	മാത്യു ആന്റണി
	മെമ്പേഴ്സ്	:	അജിത ബാലകൃഷ്ണൻ
		:	മേരി ഫ്രാൻസിസ്
		:	ഗോപി രാഘവൻ
		:	ഏലിക്കുട്ടി ജോസഫ്
		:	ബിജു ഔതക്കുട്ടി

2

ആമുഖം

മഹത്തായഭാരതം

അയ്യായിരം കൊല്ലം മുമ്പ് ലോകനാഗരികതയുടെ മുൻപന്തിയിൽനിന്നിരുന്ന ഭാരതം ചരകൻ, സുശ്രുതൻ, ജീവകൻ, വാഗ്ഭടൻ, മഹാന്മാരായ ഭിഷഗ്വരന്മാരുടെ നാട്, ആര്യഭടൻ, ബ്രഹ്മഗുപ്തൻ, വരാഹമിഹിരൻ, ഭാസ്ക്കരൻ, ലോകപ്രശസ്തഗണിതർക്കും, ജ്യോതിശാസ്ത്രർക്കു് ജന്മം നൽകിയ ഭൂമി

അശോകസ്തംഭമുണ്ടാക്കിയ ലോഹകർമ്മികളെയും, താജ്മഹൽ നിർമ്മിച്ച വാസ്തുശില്പികളെയും ഊട്ടിവളർത്തിയ ഭാരതം

ലോകത്തിന്റെ നാനാഭാഗങ്ങലിലുമുള്ള പണ്ഡിതന്മാർക്ക് ജ്ഞാനവും വിജ്ഞാനവും പകർന്നുകൊടുത്ത നളന്ദയുടെയും തക്ഷശിലയുടെയും നാട്

അടിമയായാ ഭാരതം.

ചതിയറിയാതെ നാം സർവ്വർക്കും സ്വാഗതമരുളി. വണിക്കുകളുടെ വസ്ത്രവുമണിഞ്ഞ് അവർ വന്നെത്തി. അറബികൾ, പോർട്ടുഗീസുകാർ, ബ്രിട്ടീഷുകാർ

നാട്ടുരാജ്യങ്ങളും രാജാക്കന്മാരും തമ്മിലടിച്ചു. രാജ്യങ്ങൾ പോയി. രാജാക്കന്മാർ പോയി. ഒരു രാജാവ് മാത്രം ബാക്കിയായി. ഇംഗ്ലണ്ടിലെ രാജാവ്. ഒരു രാജ്യം മാത്രം ബാക്കിയായി. ഇംഗ്ലണ്ട്

നമ്മുടെ വ്യവസായവും കൃഷിയും തകർന്നു...

ലോഹകർമ്മികളും വാസ്തുശില്പികളും അപ്രത്യക്ഷരായി. ശാസ്ത്രജ്ഞരും ഭിഷഗ്വരും നാടുവിട്ടു.

സംസ്ക്കാര് പ്രാകൃതമെന്ന് മുദ്രകുത്തപ്പെട്ടു.

നാടു പാപ്പരായി. ജനജീവിത്. അസഹ്യമായി. ഭക്ഷ്യക്ഷാമങ്ങൾ ഒന്നിനുപുറകേ ഒന്നായി കടന്നുവന്നു. പട്ടിണിമരണം വ്യാപകമായി. ജനങ്ങളുടെ ക്ഷമയറ്റു. പ്രതിഷേധത്തിന്റെ മുറുമുറുപ്പുകൾ പോർവിളികളായി മാറി. കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, വൃദ്ധന്മാർ... ജനത ഒന്നായി ഉണർന്നെഴുന്നേറ്റു. പ്രതിഷേധം അലയടിച്ചുയർന്നു.

ചമ്പാരനിൽ, ദണ്ഡിയിൽ, ലാഹോറിൽ, മീറ്റിൽ, വയലാറിൽ, തെലുങ്കാനയിൽ..

എണ്ണമറ്റ പോരാട്ടങ്ങൾക്കൊടുവിൽ നാം സ്വതന്ത്രരായി. പക്ഷേ രാജ്യം രണ്ടായി വെട്ടിക്കീറിയിരുന്നു. സഹോദരരെതമ്മിൽ പോരടിപ്പിച്ചിരുന്നു. ഹിന്ദുവിനെയും മുസ്ലീമിനെയും പരസ്പരം ശത്രുക്കളാക്കിയിരുന്നു. ആ മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല. പോരാട്ടങ്ങളിലണിനിരന്ന ജനകോടികളുടെ ഒരു പിടി സ്വപ്നങ്ങളുമായി 1947 ആഗസ്റ്റ് 15 പിറന്നു.

സ്വപ്നഭാരതം

സ്വാതന്ത്ര്യം നേടിത്തന്ന പഴയതലമുറക്ക് ഒരു സ്വപ്നമുണ്ടായിരുന്നു. ആഹാരം-വസ്ത്ര- പാർപ്പിടാദികളും, ആരോഗ്യ- വിദ്യാഭ്യാസ- വിനോദ- വിശ്രമാദികളും, തൊഴിലും എല്ലാ പൗരന്മാർക്കും ലഭ്യമായ ഒരു പുതിയ ഇന്ത്യ കെട്ടിപ്പടുക്കാനാണ് അവർ ആഗ്രഹിച്ചിരുന്നത്. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും സംസ്ക്കാരത്തിന്റെയും പേരിൽ സഹോദരന്മാർ തമ്മിൽത്തല്ലാത്ത ഒരു ഇന്ത്യകെട്ടിപ്പടുക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

വർത്തമാനഭാരതം

സ്വതന്ത്രഭാരതം എട്ട് പഞ്ചവത്സരപദ്ധതികൾ പിന്നിട്ടു. ഓരോന്നിന്റെയും ലക്ഷ്യങ്ങൾ-

ഗ്രാമോദ്ധാരണം, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിൽ സൃഷ്ടിക്കൽ- മഹത്തരമായിരുന്നു. പക്ഷേ-

അമിതാധികാര കേന്ദ്രീകരണം, ജനപങ്കാളിത്തമില്ലായ്മ, മുൻഗണനാക്രമം ഇല്ലായ്മ, ദുർവ്യയം, കാലതാമസം, ഉത്തരവാദിത്വമില്ലായ്മ, അഴിമതി, എല്ലാ ആസൂത്രണനിർവ്വഹണത്തിന്റെ മുഖമുദ്രയായിത്തീർന്നു.

ഫലമോ?

കൃഷിയും വ്യവസായവും മുരടിച്ചു. സേവന തുറകളുടെ ഗുണനിലവാരം തകർന്നു. പഴയ വണി ക്കുകൾ പുതിയ വേഷത്തിൽ വീണ്ടും വന്നെത്തു ന്നു.

ഉപജാപവൃന്ദങ്ങൾ- സഹോദരങ്ങളേ പോരടി പ്പിക്കാൻ, രാജ്യത്തെ അസ്ഥിരീകരിക്കാൻ, നാടിനെ യും നാട്ടുകാരെയും പണയംവയ്ക്കാൻ തക്കം പാർത്തുകഴിയുന്നു. ഉപഭോഗഭ്രാന്തുപിടിച്ച, പരി സ്ഥിതി തകർച്ചയെ നേരിടുന്ന, മാനവസംസ്ക്കാര ത്തിനാധാരമായ എല്ലാ സാമൂഹ്യധാരണകളും തകർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലെത്തി.

വീണ്ടും വഴികാട്ടിയാകുന്ന കേരളം

ഭൂപരിഷ്ക്കരണം, സാക്ഷരത, സേവനമേഖല കളുടെ വ്യാപനം, മെച്ചപ്പെട്ട ജീവിത ഗുണമേന്മ.... കേരളം തെളിച്ചവഴികൾ നിരവധിയാണ്. നമ്മുടെ നാട് സാമ്പത്തികവും രാഷ്ട്രീയവും സാംസ്ക്കാരി കവും ധാർമ്മികവുമായി ആപത്തിൽപ്പെട്ടിരിക്കുന്ന ഈകാലഘട്ടത്തിലും പുതിയവഴി കണ്ടെത്താൻ കേര ളത്തിനേ കഴിയൂ. ജനകീയാസൂത്രണം ഈ ദിശയി ലുള്ള ഒരു അന്വേഷണമാണ്. ജനങ്ങളെ ഉണർത്തി ക്കൊണ്ട് ആസൂത്രണത്തിലും പദ്ധതിനിർവ്വഹണത്തി ലും ജനപങ്കാളിത്തം, സുതാര്യത ഉറപ്പാക്കുക, അഴി മതി അവസാനിപ്പിക്കുക, തുടങ്ങിയ മഹനീയനേട്ട ങ്ങൾ കൈവരിക്കാം. ഇന്നത്തെ കേരളം, നാളത്തെ ഭാരതത്തിനും ലോകത്തിനുതന്നെയും വഴികാട്ടിയാ യിത്തീരും.

ജനകീയീസൂത്രണത്തിൽ പുറപ്പുഴ ഗ്രാമപഞ്ചായത്ത്

ജനകീയീസൂത്രണപ്രസ്ഥാനം ആലസ്യത്തി ലാണ്ട ഈ ഗ്രാമത്തെ ഉണർത്തി. 150ൽ പരം ആളു കൾ സംസ്ഥാന- ജില്ലാ- ഗ്രാമതലപരിശീലനങ്ങളിൽ പങ്കാളികളായി. സെപ്തംബർ 25നും ഒക്ടോബർ 2നും ഇടയിൽ എട്ടു വാർഡുകളിലെയും ഗ്രാമസഭ കൾ നടന്നു. ഓരോ ഗ്രാമസഭയിലും 85 മുതൽ 300 വരെ ആളുകൾ പങ്കെടുത്തു. ഏറ്റവും കൂടു തൽ ആളുകൾ പങ്കെടുത്തത് 8-ാംവാർഡിലെ ഗ്രാമ സഭയിലാണ്. നവംബർ ഒന്നിന്റെ പുനരർപ്പണദിന ത്തിൽ അദ്ഭുതപൂർവ്വമായ ജനമുന്നേറ്റത്തിന് പഞ്ചാ യത്ത് സാക്ഷ്യം വഹിച്ചു. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന 16 പദ്ധതികൾക്ക് 8 വാർഡുകളിലായി അന്ന് തുട ക്കമിട്ടു.

പഞ്ചായത്തിലൂടെ നടത്തിയ പഠനപര്യടനം പുതിയ അനുഭവമായി. വികസനവുമായി ബന്ധപ്പെട്ട വിവരങ്ങൾ പഠിക്കാൻ ഒരു സംഘം പഞ്ചായത്തി ലൂടെ തലങ്ങും വിലങ്ങും നടന്നുനീങ്ങിയത് ഗ്രാമ വാസികളിൽ ആവേശമുണർത്തി. തെരഞ്ഞെടുപ്പു വേളകളിലും വിവിധപണപ്പിരിവുകൾക്കും മാത്രം പൊതുപ്രവർത്തകസംഘങ്ങളേ കണ്ടിരുന്ന അവർക്ക് ആനന്ദമുളവാക്കിയ ഒന്നായിരുന്നു പഠനപര്യടനം.

ഈ ഗ്രാമത്തെ സമത്വസുന്ദരമാക്കിത്തീർക്കാ നുള്ള ആസൂത്രണത്തിലും നിർവ്വഹണത്തിലും അവ സരം ലഭിച്ച ഗ്രാമവാസികൾ ഇന്ന് ആവേശഭരിത രാണ്. ഏത് പ്രവർത്തനവും ഏറ്റെടുത്ത് കൃത്യമായി പൂർത്തിയാക്കാൻ തയ്യാറുള്ള ജനശക്തി ഗ്രാമത്തി ലുണ്ട്. പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഗതകാല സാമൂ ഹ്യനവോത്ഥാന പൈതൃകത്തിൽ ഊറ്റം കൊണ്ടു കൊണ്ട്, നിസ്വാർത്ഥരായി ഇതിലേ കടന്നുപോയ കാലാതിവർത്തികളെ സാക്ഷിനിർത്തി പുറപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ വികസനരേഖ യാഥാർത്ഥ്യമാക്കാ നുള്ള മഹായജ്ഞത്തിൽ ഗ്രാമത്തിന്റെ സാമൂഹ്യപ്ര തിബദ്ധതയും സംഘശക്തിയും അണിനിരത്തുമെന്ന് നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം.

3 സാമൂഹിക സാംസ്കാരിക ചരിത്രം

എഴുതപ്പെട്ട ചരിത്രത്തിൽ സ്ഥാനംപിടിക്കാൻപറ്റിയ ജനകീയ മുന്നേറ്റങ്ങളോ, രക്തച്ചൊരിച്ചിലോ, സമരനായകന്മാരോ ഒന്നും പുറപ്പുഴ പഞ്ചായത്തിനില്ല. എന്നിരുന്നാലും സാമൂഹ്യമുന്നേറ്റത്തിലും, സ്വാതന്ത്ര്യസമരത്തിലും കുറെയൊക്കെ പങ്കെടുത്തവരും, ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി നിശബ്ദസേവനം നടത്തിയ നല്ല കുറെ മനുഷ്യസ്നേഹികളെയും പഞ്ചായത്തിന്റെ ചരിത്രത്തിൽ കാണാം. അവരുടെയെല്ലാം കഷ്ടപ്പാടിന്റെയും ബുദ്ധിമുട്ടിന്റെയും ഫലമായി ഉണ്ടായ ജീവിത സൗകര്യങ്ങളെയും പ്രസ്ഥാനങ്ങളെയും മറന്ന് പുതിയ തലമുറയുടെ ജൈത്രയാത്ര എവിടേയ്ക്കാണ്. ശൂന്യതയിലേക്കോ? അവരെയും അവരുടെ വിയർപ്പിന്റെ മണത്തെയും മറക്കാതിരിക്കാൻ. ഇന്നത്തെ തലമുറ വിസ്മൃതിയിലാണ്ട പിതാമഹന്മാരെക്കുറിച്ചറിയാൻ ഒരു ശ്രമം. അവരെ അറിഞ്ഞാൽ പുറപ്പുഴ എന്ന ഗ്രാമമായി.

A. ശ്രീധരമേനോന്റെ കേരളചരിത്രം, തിരുവിതാംകൂർ ചരിത്രം, നെടിയശാലപള്ളി സുവനീർ, പുത്തൻ പള്ളിയുടെ സ്മരണിക, പെരുമ്പനാനി കുടുംബചരിത്രം, ദേവസ്യ പാനിപ്ര, തങ്കപ്പൻപിള്ള പുതിയേടത്തുകുന്നേൽ, എടത്തിൽ നീലകണ്ഠകൈമൾ. പി.സി. ജോർജ് പൊന്നാട്ട്, ദാമോദരമാരാർ തുടങ്ങിയ പല പല വ്യക്തികളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നുമാണ് ഈ ചരിത്രമെഴുതുന്നതിനുള്ള രേഖകൾ കിട്ടിയത്.

മാതൃപിതൃ സാഹോദര്യബന്ധങ്ങൾ മറന്ന് പണമെന്ന ദുർമൂർത്തിയുടെ പിന്നാലെ പരക്കംപായുന്ന ഇന്നത്തെ തലമുറ പിറകിലേക്ക് തിരിഞ്ഞുനോക്കിയാൽ ..... രാജപാതയും പല്ലക്കും കുതിരപ്പട്ടാളവും, വാളെടുത്ത വെളിച്ചപ്പാടന്മാരും, മതസഹിഷ്ണതയും, തൊഴിൽ മഹാത്മ്യവും കാണാം. ഈ പുറപ്പുഴയിൽതന്നെ നമ്മുടെ വീടിന്റെ കോലായിൽപോലും.

A.D. ഒന്നാം നൂറ്റാണ്ടുമുതൽ ഒമ്പതാം നൂറ്റാണ്ടുവരെ തമിഴ്രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു കേരളം. AD 800 മുതൽ 1200 വരെ ഇൻഡ്യയിലെപ്പോലെ കേരളത്തിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. ചോളരാജാക്കന്മാരുടെ ഭരണം അത്തരത്തിലായിരുന്നു ബ്രാഹ്മണരും വണിക്കുകളും, രുദ്രരും താഴ്ന്ന ജാതിക്കാരുമായി ജനങ്ങളെ തിരിച്ചു പണ്ഡിതന്മാരായ ബ്രാഹ്മണർക്ക് ഭൂമിദാനമായി ലഭിച്ചു. വണിക്കുകൾ രാജ്യത്തിനകത്തും പുറത്തും വ്യാപാരം നടത്തി. ശൂദ്രർ കൃഷിപ്പണി നടത്തിപ്പോന്നു. താണതരം ജോലി ചെയ്തവരെ തൊട്ടുകൂടാത്തവർ എന്ന പട്ടികയിൽ നിരത്തി ഇക്കാലത്ത് ക്ഷേത്രങ്ങൾ ശിലകളിൽ നിർമ്മിച്ചു. അദ്ധ്യാപകരായ ബ്രാഹ്മണർ തമിഴും സംസ്കൃതവും പഠിപ്പിച്ചുപോന്നു. അങ്ങനെ ഇവിടുത്തെ പ്രധാനസംസാരഭാഷ തമിഴായി. ഉദ്ബോധനങ്ങൾ സംസ്കൃതത്തിലായിരുന്നതിനാലും ദേവഭാഷാപഠനത്തിൽ അയിത്തം കൽപ്പിച്ചിരുന്നതിനാലും വളരെകുറച്ചുപേർ മാത്രമേ ഭാഷ മനസ്സിലാക്കിയിരുന്നുള്ളു. ചോളഭരണകാലത്തെ രാജാവാണ് ഏറ്റവും പ്രധാനവ്യക്തി. എന്നിരുന്നാലും രാജ്യത്തെ മണ്ഡലങ്ങളായി തിരിച്ച് മണ്ഡലത്തിൽ പല ഗ്രാമങ്ങളും നിലവിൽ വന്നു. ഗ്രാമവാസികളെ സംബന്ധിക്കുന്ന കാര്യങ്ങൾ പറയാൻ ഗ്രാമസഭയും, ഗ്രാമസഭയിൽ കൗൺസിലുകളും ഓരോ വകുപ്പും കൈകാര്യം ചെയ്തുപോന്നു.

ഇക്കാലത്ത് കേരളത്തിൽ വളരെയധികം ചെറു രാജ്യങ്ങൾ ഉണ്ടായിരുന്നു. കുലശേഖരരാജാക്കന്മാരായിരുന്നു ഇവിടം ഭരിച്ചിരുന്നത്. ആ രാജ്യം നശിച്ചപ്പോൾ തത്സ്ഥാനത്ത് വേണാട്, കോലത്തുനാട്, കൊച്ചി, കോഴിക്കോട് എന്നീ നാല് പ്രധാന രാജ്യങ്ങളും പതിനാറു നാട്ടുരാജ്യങ്ങളും ഉടലെടുത്തു.

ഫ്യൂഡൽ ഭരണമായിരുന്നു അന്ന് കേരളത്തിൽ. രാജ്യം പല ചെറുരാജ്യങ്ങളോ, ചെറുനാടുകളോ ആക്കി ഓരോന്നും ഓരോ നാടുവാഴിയുടെ അധികാരത്തിലും ഏൽപ്പിച്ചുകൊടുത്തു. ഇവരിൽ നായന്മാരും, മാടമ്പിമാരും കുറച്ചു നമ്പൂതിരിതലവന്മാരും നാട്ടുരാജാക്കന്മാരായി തീർന്നതിൽപ്പെടും. നികുതി പിരിക്കാനും സ്വകാര്യസൈന്യസമ്പാദനത്തിനും അധി

കാരമുണ്ടായിരുന്ന ഇവർ യുദ്ധസമയത്ത് രാജാവിനെ സഹായിച്ചിരുന്നുവെങ്കിലും പരസ്പരം പടപൊരുതിക്കൊണ്ടിരുന്നു.

ചെറുരാജ്യങ്ങളിൽ ഒന്നായിരുന്ന കീഴ്മലൈനാട്. ഇന്നത്തെ തൊടുപുഴ താലൂക്ക്, മൂവാറ്റുപുഴ താലൂക്ക് തുടങ്ങിയവ ഉൾപ്പെട്ട കീഴ്മലൈനാട് വൈക്കം മീനച്ചിൽ പ്രദേശം ഉൾപ്പെട്ട ബിംബലി ദേശം അഥവാ വെമ്പൊലിനാടിന് വടക്കായിരുന്നു.

അക്കാലത്ത് പുറപ്പുഴ എന്ന ഈ കൊടും വനപ്രദേശത്ത് കാട്ടുമൃഗങ്ങൾ ധാരാളമായി ഉണ്ടായിരുന്ന ഇവിടെ മൂന്നു മനകൾ ഇപ്പോഴത്തെ വള്ളിക്കെട്ട് കൊവെക്ക പ്രദേശങ്ങളിലുണ്ടായിരുന്നു. നെടുമനനായന്മാർ തെക്കുപുറത്തും (കൊവേന്ത) എടമന, പൊതി ഇല്ലങ്ങൾ ഇപ്പോഴുള്ള വള്ളിക്കെട്ടിനടുത്ത് ഇല്ലപ്പറമ്പിലും ആയിരുന്നു.

ഇവരിൽ നെടുമന:- ഇപ്പോൾ നെടുമനാൽ - നായന്മാർ എണ്ണതൊട്ട് അശുദ്ധം മാറ്റാൻ കൂത്താട്ടുകുളം നടയിൽ നിന്ന് ഇട്ടി അയ്പിനെ കൊണ്ടുവന്ന് പെരുമ്പനാനിക്കൽ പറമ്പിൽ താമസിപ്പിച്ചു. (അയിത്തമെന്ന ദുരാചാരം നിലനിന്നിരുന്ന കേരളത്തിനെ പല നാടുകളായി വിഭജിച്ച് നാടുവാഴികളായി പലരും നാടുവാണിരുന്ന കാലഘട്ടത്തിൽ A.D. 838-ൽ കുറവിലങ്ങാട് പകലോമറ്റം കുടുംബത്തിൽ നിന്ന് കൂത്താട്ടുകുളം നടയിൽ കുടുംബത്തിലേക്ക് അയിത്തം മാറ്റാൻ ആഢ്യക്രിസ്ത്യാനിയായ ഇട്ടി അയ്പിന്റെ കുടുംബത്തെകൊണ്ടുവന്നു താമസിപ്പിച്ചു വന്നു. അമ്പലനടയുടെ അടുത്തു താമസിപ്പിച്ചതിനാലാണ് നടയിൽ എന്ന പേരു വന്നത് ആയോധനമുറകളും വൈദ്യശാസ്ത്രവും നെടുമനായന്മാരിൽ നിന്നും പഠിച്ച ഇവർ വളക്കൂറുള്ള മണ്ണിരുവിയർപ്പൊഴുക്കി പണിയെടുത്തു എന്നു ചരിത്രം പറയുന്നു.

ഇതേ സമയത്തു തന്നെ എടക്കാ[illegible]
നും പൊതിഇല്ലത്തിനും തൊട്ടടുത്ത[illegible]
റമ്പിൽ ഒരു ഭദ്രകാളിക്ഷേത്രവും [illegible]
അമ്പലവും ഉണ്ടായിരുന്നതായും നാ[illegible]
സദ്യ ഇവിടെ ദിവസം തോറും നട[illegible]
ഇഞ്ചപ്പിള്ളിപ്പറമ്പിലും ഇല്ലത്തുപറമ്പ[illegible]
റുകളിൽ ധാരാളം ശിലാവിഗ്രഹങ്ങളു[illegible]
മ്പും ഉണ്ടന്നും നാട്ടിലെ പ്രായമായവർ [illegible]ഴും പറയുന്നു. ഈ കിണറിന്റെ കരയിൽ ഉള്ള കല്ലിൽ പ്രാചീന ലിപിയിൽ എന്തോകുറിച്ചിട്ടിട്ടുള്ളത് ഇവിടെ നമുക്ക് നേരിൽ കാണാൻ പറ്റും.

A.D. 1100 നടുത്ത് വെമ്പൊലിനാട് രണ്ടായി പിളർന്നു. ഇന്നത്തെ ചങ്ങനാശ്ശേരി തിരുവല്ല കാഞ്ഞിരപ്പിള്ളി കോട്ടയം താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ തെക്കുഭാഗവും ചേർന്ന് തെക്കുംകൂറും, മീനച്ചിൽ താലൂക്കിന്റെ വടക്കുഭാഗവും ഏറ്റുമാനൂർ വൈക്കം പ്രദേശങ്ങളും ഉൾപ്പെട്ട വടക്കുംകൂറും ആയിരുന്നു അവ. വടക്കുംകൂറിന്റെ തലസ്ഥാനം ആദ്യം കടുത്തുരുത്തിയും (കടൽത്തുരുത്ത് എന്നും കടിച്ചിരിത്തി എന്നും പറയും) പിന്നീട് വൈക്കവും ആയിരുന്നു.

മുൻ സൂചിപ്പിച്ച കീഴ്മലനാടിന്റെ ആസ്ഥാനം തൊടുപുഴക്ക് അടുത്തുള്ള കാരിക്കോടായിരുന്നു. A.D. 1600 കാലഘട്ടത്തിൽ കീഴ്മലൈനാട് വടക്കുംകൂറിൽ ലയിച്ചു തുടർന്ന് വടക്കുംകൂർ രാജാക്കന്മാർ കാരിക്കോട് കൊട്ടാരത്തിലും വന്നു താമസിച്ചിരുന്നു. അവരുടെ യാത്രക്കായി വൈക്കംമുതൽ കൂത്താട്ടുകുളം വഴിത്തല, വഴികാരിക്കോട്ടേക്ക് ഒരു രാജപാത യുണ്ടായി. അതാണ് ഇന്നാട്ടിലെ ആദ്യത്തെ പൊതുവഴി കടുത്തുരുത്തിയിൽ നിന്നും കാരിക്കോട്ടുനിന്നും വന്നിരുന്ന വഴികൾ സന്ധിച്ചിരുന്ന സ്ഥലത്തിന് വഴിത്തല എന്ന പേരുവന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഏതായാലും വഴിത്തല ശിവക്ഷേത്രത്തിന് എതിരായി ഒരു സത്രമുണ്ടായിരുന്നുവെന്ന് ചരിത്രരേഖ പറയുന്നു.

പടിഞ്ഞാറ് വേമ്പനാട്ടുകായലും കിഴക്ക് പാണ്ടിനാടും തെക്ക് തെക്കുംകൂറും വടക്ക് കോതമംഗലവും ആയിരുന്നു വടക്കുംകൂർ രാജാക്കന്മാരുടെ അതിർത്തി. കുരുമുളക് സമൃദ്ധിയായി വിളഞ്ഞിരുന്ന വടക്കുംകൂറിനെ കുരുമുളകു നാട് എന്ന് വിദേശികൾ വിളിച്ചുവന്നു. വടക്കുംകൂറിൽപ്പെട്ട വെച്ചൂർ എന്ന സ്ഥലത്ത് ഡച്ചുകാർക്ക് ഒരു വ്യാപാര കേന്ദ്രവും ഇക്കാലത്തുണ്ടായിരുന്നു. പാണ്ടിനാട്ടിൽ നിന്നും മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന മുതലുകൾ കൂട്ടിവച്ചിരുന്ന ഇന്നത്തെ മുതലക്കോടും കൂടിയുള്ള പൊതുവഴിയെ ചരക്കുകൾ കൊണ്ടുവന്ന് ചുങ്കത്തിൽ കരം കൊടുത്ത് വ്യാപാരികൾ നെടിയപണ്ടികശാലയായിരുന്നു നെടിയശാലയട്ട സൂക്ഷിച്ചിരുന്നു. ഇവി

ടെനിന്നും വഴിത്തലകൂടിയാണ് മുൻപു സൂചിപ്പിച്ച വഴി വെച്ചൂരിലെത്തിയിരുന്നത്.

നെടിയശാലയും സമീപ പ്രദേശങ്ങളും അതി പുരാതനകാലത്തുതന്നെ ജനഅധിവാസകേന്ദ്രമായി രുന്നുവെന്നതിന് മറ്റൊരു തെളിവുകൂടി പറയാനു ണ്ട്. A.D. 999-ൽ പണിത നെടിയശാലപള്ളി.

പരിശുദ്ധ കന്യാമറിയത്തിന്റെ നാമധേയത്തി ലുണ്ടാക്കിയപള്ളി ഇന്നത്തെ മണക്കാട് കൃഷിവിക സന ആഫീസ് ഇരിക്കുന്ന സ്ഥലത്തായിരുന്നു. കാട്ടാ നകളും കാട്ടുമൃഗങ്ങളും യഥേഷ്ടം വിഹരിച്ചിരുന്ന ഈ പ്രദേശത്തുണ്ടാക്കിയ പ്രസ്തുതദേവാലയം 250 വർഷങ്ങൾക്കുമുമ്പ് പ്രതികാരദാഹിയായ ഒരു കാട്ടാ നയാൽ നശിപ്പിക്കപ്പെടുകയും പള്ളിമണി കുള ത്തിൽ കൊണ്ടുപോയി ഇടുകയുമാണുണ്ടായത്. അന്നുണ്ടായിരുന്ന മാതാവിന്റെ രൂപത്തിന് അംഗ ഭംഗം വരികയും ആതിരുസ്വരൂപം മാറിക എന്ന സ്ഥല ത്തേക്ക് മാറ്റിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ തിരുസ്വരൂപം മാറ്റിവച്ച സ്ഥലമാണ് മാറിക എന്നറിയപ്പെടുന്നത്.

പള്ളി നശിപ്പിക്കപ്പെടുന്നതിനുമുമ്പേ പാണ്ടി നാടുമായുള്ള കച്ചവടബന്ധം നിലച്ചിരുന്നു. ഈ നാട്ടു കാർ മാറാടി, പുത്തൻകുരിശ്, മുളന്തുരുത്തി തുട ങ്ങിയ സ്ഥലങ്ങളിലേക്ക് മാറിതാമസിക്കാൻ തുട ങ്ങിയിരുന്നു. അങ്ങനെ ജനങ്ങളുടെ പുത്തൻമേ ച്ചിൽപുറയാത്രയ്ക്കിടയിൽ ഒരു കുടുംബം പുറപ്പുഴ പഞ്ചായത്തിലെ മുമ്പു സൂചിപ്പിച്ചിരുന്ന എടമനയില്ലം വക ഇഞ്ചപ്പിള്ളിക്ഷേത്രത്തിനു സമീപം താമസം തുട ങ്ങി. ആ കുടുംബപ്പേര് പൊന്നാട്ട് എന്നും ആയി രുന്നു.

പെരുമ്പനാനികുടുംബത്തിലെ ഇട്ടി അയ്പിന്റെ രണ്ടാമത്തെ പുത്രനായ വർക്കിയുടെ നാലാമത്തെ സന്താനമായ അന്നമ്മയെ പൊന്നാട്ട് ഉതുപ്പ് വിവാഹം കഴിക്കുകയും ഇഞ്ചപ്പിള്ളിക്ഷേത്രത്തിന് എതിർവശ ത്തുള്ള പറമ്പിൽ കുടുംബജീവിതം തുടരുകയും ചെയ്തു. ചെറിയകച്ചവടവും കൃഷിയുമായി ആ കുടുംബം കാലയാനം ചെയ്തുപോന്നു.

പുറപ്പുഴയിൽ ഇക്കാലത്ത് ഉണ്ടായിരുന്ന മറ്റു ക്ഷേത്രങ്ങളാണ് വഴിത്തല തൃക്കേക്കുന്ന്, മുഴുത്തേ റ്റ്കാവ്, അരീക്കാട്ടുകാവ്, താവട്ടം ക്ഷേത്രം, പുതു ച്ചിറക്കാവ് മൂവേലിൽ ശിവക്ഷേത്രം, ഞാനാച്ചിറയിലു ണ്ടായിരുന്ന ക്ഷേത്രം എന്നിവ ഇവയെല്ലാം A.D.7 മുതൽ 9 വരെയുള്ള നൂറ്റാണ്ടുകളിൽ പണിയിച്ചതാ കാമെന്ന് സംശയിക്കാൻ ഉള്ള കാരണം പല്ലവന്മാ രുടെ ശില്പചാതുര്യം ഉൾക്കൊള്ളുന്ന ക്ഷേത്രനിർമ്മാ ണരീതിയുമാണ്. ചെറിയപ്രദേശങ്ങളിൽ ചെറിയക്ഷേ ത്രങ്ങളും ജനാധിവാസം അധികമുള്ള സ്ഥലങ്ങളിൽ വലിയക്ഷേത്രങ്ങളും പണിയിച്ചിരുന്നു.

പല നാടുവാഴികൾ ഭരിച്ചിരുന്ന ഇക്കാലയള വിൽ പടിഞ്ഞാറൻപ്രദേശം ആഴ്വാഞ്ചേരിതമ്പുരാ ക്കളുടെ കീഴിലായിരുന്ന പുറപ്പുഴയിൽ മാളയേക്കൽ നായന്മാർ പ്രതാപത്തോടെ വാണിരുന്ന കാലഘട്ട മായിരുന്നു അത്. 1700 ആയപ്പോഴേക്കും നാട്ടുരാ ജ്യങ്ങളിൽ പ്രധാനികളായിരുന്ന വേണാട് ശക്തരാവുകയും A.D. 1746-ൽ മാർത്താണ്ഡവർമ്മ കായംകുളം വടക്കംകൂർ തുടങ്ങിയ പ്രദേശങ്ങൾ വേണാടിനോട് കൂട്ടിച്ചേർക്കുകയും ചെയ്തു.

ഈ യുദ്ധപടയോട്ടത്തിലാവും ക്ഷേത്രങ്ങൾക്ക് നാശം സംഭവിച്ചിട്ടുള്ളത് എന്നു നാട്ടിൽ പാടുന്ന പാട്ടുകളിൽ നിന്നു നാം മനസിലാക്കേണ്ടിയിരിക്കുന്നു.

വടക്കംകൂറിന്റെ പതനത്തോടെ ഈ പ്രദേശ ങ്ങൾ തകർന്നു. യുദ്ധവും കാട്ടുമൃഗങ്ങളുടെ ശല്യ വും മൂലം ജനങ്ങൾ പല ഭാഗങ്ങളിലേക്ക് പലാ യനം ചെയ്തു. പുറപ്പുഴ പ്രദേശത്തെ ജനജീവിത ത്തിൽ മാറ്റങ്ങൾ വന്നു. മധുര കേന്ദ്രീകരിച്ച് തിരു മലനായ്ക്കൽ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഉന്നതകു ലത്തിൽ നിന്ന് വിവാഹംകഴിച്ച് ജാതിയിൽ ആധി ത്യം നേടാൻ തിരുമനായ്ക്കൻ ആഗ്രഹിച്ചു. നാലു പെൺമക്കളുള്ള ഒരു കുടുംബത്തിൽ നിന്ന് വിവാഹം ആലോചിച്ചെങ്കിലും അവർ സമ്മതിക്കാതെ രാത്രി യിൽ രാജ്യം വിടുകയാണുണ്ടായത്. ഇവരിൽ ഒരു ഭാഗം നേര്യമംഗലത്തും മറ്റൊരുകൂട്ടർ പൂഞ്ഞാറിലും വേറൊരുകൂട്ടർ പുറപ്പുഴയിലുമെത്തി താമസമായി നേര്യമംഗലത്തു താമസമാക്കിയവരിൽ ഒരുവിഭാഗം കോടിക്കുളത്ത് മഴുവഞ്ചേരി എന്ന വീട്ടുപേരിൽ താമ സിച്ചുവന്നു. ഇവരാണ് ഇടത്തിൽ കൈമൾമാർ.

പുറപ്പുഴയിലെ മാളികയ്ക്കൽകുടുംബത്തിലെ ഒരു സ്ത്രീക്ക് ദിനംപ്രതികയും ചികിത്സയ്ക്കായി മുള ന്തുരുത്തിയിൽ നിന്ന് ഒരു വൈദ്യനെ കൊണ്ടുവരി കയും ചെയ്തു. അദ്ദേഹം രോഗം ചികിത്സിച്ച് ഭേദ മാക്കിയതിന് പാരിതോഷികമായി പയറ്റുകാട് എന്ന

സ്ഥലം നൽകിയെന്നും ആ പയറ്റുകാടാണ് പിന്നീട് വയറ്റാട്ടിൽ എന്ന പേരായി തീർന്നതെന്നും പറയപ്പെടുന്നു.

മാളികയ്ക്കൽ കൈമൾ മാർനാട്ടിൽ ഭരണാധികാരിയായി. കൊല്ലംകൊലക്കും അവർ അവകാശികളായി. നാല് അമ്പലങ്ങൾ അവരുടെ ഭരണത്തിൻ കീഴിലായിരുന്നു. ഇപ്പോഴും ഇവരുടെ പരദേവതമധുരമീനാക്ഷിയാണ്.

പാറപ്പിള്ളി, കുറിഞ്ഞാനി എന്നിങ്ങനെ രണ്ടു നായർതറവാടും. നെടുവനാൽ തറവാടും പെരുമ്പനാനി കുടുംബവും തെക്കുംഭാഗത്തും മാളിയേക്കൽ വയറ്റാട്ടിൽ കുടുംബങ്ങൾ പുറപ്പുഴയിലും താമസിച്ചുവന്നു. കൃഷിക്ക് മുഖ്യസ്ഥാനമുണ്ടായിരുന്നു. അദ്ധ്വാനത്തിൽ സുഖം കണ്ടെത്തി അവർ കൃഷി ചെയ്തുവന്നു. ഓണവും വിഷുവും സുഖസമൃദ്ധമായ വൃഷ്ടാണഭക്ഷണവുമായി വേറൊരുകൂട്ടരും ഇവിടെ ഒരു വിഭാഗം നശിക്കുകയും മറ്റൊരു വിഭാഗം ജനതവളരുകയുമായിരുന്നു.

സാമൂഹ്യസാംസ്ക്കാരികമുന്നേറ്റം

വിദ്യാഭ്യാസം കുടിപ്പള്ളിക്കൂടങ്ങളിൽ ഒതുങ്ങിക്കഴിയുമ്പോൾ ഈ നാടുൾപ്പെട്ട തിരുവിതാംകൂറിന്റെ ഭരണചക്രം തിരിച്ചുകൊണ്ടിരുന്നത് ആയില്യം തിരുനാൾ രാമവർമ്മരാജാവായിരുന്നു. രാജ്യത്താകെ വിദ്യാലയങ്ങൾ സ്ഥാപിച്ച കൂട്ടത്തിൽ തൊടുപുഴ താലൂക്കിൽ 5 സ്കൂളുൾ അദ്ദേഹം ആരംഭിച്ചു. അതിലൊന്ന് 1864-ൽ പുറപ്പുഴയിൽ ആരംഭിച്ച സർക്കാർ സ്കൂളായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭചരിത്രം ഇതായിരുന്നു.

പിന്നീട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്കൂളുകൾ നിലവിൽ വന്നു. ഇതോടൊപ്പം തന്നെ അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ ക്ലബ്ബുകളും വായനശാലകളും പ്രവർത്തിച്ചു തുടങ്ങി.

ശ്രീമൂലം പ്രജാസഭയിലേക്ക് പുറപ്പുഴയിൽ നിന്ന് രണ്ട് ആളുകൾ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സർവ്വശ്രീ തൊമ്മൻചാക്കോ വയറ്റാട്ടിൽ, ആഗസ്തി ആഗസ്തി പൊന്നാട്ട് എന്നിവരായിരുന്നു രണ്ട് എം.എൽ.സിമാർ അഞ്ചുരൂപ, മൂന്ന്രൂപ, കരം ഒടുക്കിയവരായിരുന്നു വോട്ടറന്മാരും തെരഞ്ഞെടുക്കപ്പെട്ടവരും. ശ്രീമാൻ തൊമ്മൻ ചാക്കോ പുറപ്പുഴ സർക്കാർ സ്കൂളിന്റെ പുരോഗതിക്ക് സംഭാവന നല്കിയിട്ടുണ്ട്.

1932-ൽ നെടിയശാല പുറപ്പുഴ റോഡുണ്ടായിഅതിനു നേതൃത്വം ഫാ. ജോസഫ് കളരിക്കത്തൊട്ടിയും വയറ്റാട്ടിൽ തൊമ്മൻ ജോസഫുമായിരുന്നു. 1940 കളിൽ പുറപ്പുഴയിൽ ദേശീയ പ്രസ്ഥാനത്തിന്റെ ശബ്ദം ഉയർന്നു. പ്രധാനമായും സർ സി.പി.യുടെ ദുർഭരണത്തിനെതിരായ സമരമായിരുന്നു ഇവിടെ നടന്നത്. പഞ്ചായത്തിൽ ആദ്യമായി ഒരു രാഷ്ട്രീയ പൊതുയോഗം നടന്നത് ഇപ്പോൾ പുറപ്പുഴയിൽ പാലയ്ക്കൽ കുട്ടിയുടെ വീടിനുമുമ്പിലുള്ള പറമ്പിലായിരുന്നു.

ചിത്തിരതിരുനാളിന്റെ പിറന്നാളോഘോഷവേളയിൽ ഒരു ഘോഷയാത്ര നടന്നു. "വഞ്ചിഭൂവൻ" എന്ന പാട്ടിന്റെ അകമ്പടിയോടെ രാജാവിന്റെ ഫോട്ടോ ആനപ്പുറത്ത് എഴുന്നള്ളിച്ചുപോകുമ്പോൾ ചിത്രം ആരോ എറിഞ്ഞുതകർത്തു. ഈ സംഭവവുമായി ബന്ധപ്പെട്ട് ആഗസ്തി കുര്യംപ്ലാക്കൽ കുഞ്ചിലോ കടാരക്കുഴി തുടങ്ങി 8 പേരെ പ്രതികളാക്കി കേസുണ്ടാവുകയും ഈ പ്രദേശത്ത് പോലീസുകാർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ആരുടെയോ വിരോധം തീർത്തതാണ് ഈ സംഭവം എന്നു പറയപ്പെടുന്നു.

ജനകീയ മുന്നേറ്റത്തിന് നെടുനായകത്വം വഹിച്ചിരുന്നവരിൽ പ്രധാനി അഗസ്റ്റിൻ വഴുതനപ്പിള്ളിയായിരുന്നു.

ഏതാണ്ട് ഈ കാലഘട്ടത്തിൽ തന്നെ ഇവിടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പോരാട്ടവും ആരംഭിച്ചു. അന്ന് വൈക്കം ലോക്കൽ കമ്മറ്റിയുടെ കീഴിലായിരുന്നു ഈ പ്രദേശം. ശ്രീ. P.S.ശ്രീനിവാസനായിരുന്നു ലോക്കൽ കമ്മറ്റി സെക്രട്ടറി. K.S.കൃഷ്ണപിള്ളയുടെയും കൊന്നയ്ക്കൽ കരുണാകരൻനായരുടെയും നേതൃത്വത്തിലാണ് ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർന്നത്. ആദ്യകാലപ്രവർത്തകരിൽ P.S. രാമൻ പച്ചോലി, തട്ടാൻ മാധവൻ തുടങ്ങിയവരും ഉൾപ്പെടും.

രാഷ്ട്രീയ സാമൂഹ്യരംഗത്ത് പ്രശസ്തരായ ഒട്ടേറെ ആളുകൾ ഈ ഗ്രാമത്തിലുണ്ട്. കേരള രാഷ്ട്രീയത്തിലേക്ക് പുറപ്പുഴ ഗ്രാമം ആത്മാഭിമാന ത്തോടെ സംഭാവന നല്കിയ വ്യക്തിയാണ് ശ്രീമാൻ. പി.ജെ. ജോസപ്, സർവ്വശ്രീ. P.C. ജോസഫ്, വഴി ത്തലഭാസ്കരൻ, വഴിത്തലരവി, A.G. ബാബു തുട ങ്ങിയവരും പുറപ്പുഴയുടെ മുതൽ കൂട്ടാണ്.

ഭൂപരിഷ്കരണം സാമൂഹ്യജീവിതത്തിൽ വിപ്ല വാത്മകമാറ്റം വരുത്തി. ഈ പഞ്ചായത്തിലെ കർഷക കുടിയേറ്റവുമായി ബന്ധപ്പെട്ട സമരചരിത്രത്തിൽ ഗ്രാമ വാസികൾ ഉപകാരസ്മരണകളോടെ ഇന്നും സ്മരി ക്കുന്ന മൂന്ന് നാമധേയങ്ങളാണ് സർവ്വശ്രീ A.K.G. യുടെയും P.J. ജോസഫിന്റെയും, മത്തായി മാഞ്ഞൂ രാന്റെയും.

തിരുകൊച്ചി പ്രദേശത്ത് ആദ്യമായി പഞ്ചാ യത്തു തിരഞ്ഞെടുപ്പു നടന്നത് 1953 ലാണ്. ഇന്നത്തെ പുറപ്പുഴ മണക്കാട്ട് പഞ്ചായത്തുകൾ ചേർന്ന മണക്കാടു പഞ്ചായത്താണ് അന്ന് ഉണ്ടാ യിരുന്നത്. ഈ തെരഞ്ഞെടുപ്പിൽ ശ്രീധരൻനായർ പുളിയ്ക്കൽ പ്രസിഡന്റായി സ്ഥാനമേറ്റു. തിരഞ്ഞെ ടുക്കപ്പെട്ട പഞ്ചായത്തുഭരണസമിതി ആ വർഷത്തെ സ്വാതന്ത്ര്യദിനം മുതൽ പ്രവർത്തിച്ചുതുടങ്ങി.

1952-ൽ നടന്ന തിരു - കൊച്ചി അസംബ്ലിയി ലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കോഗ്രസ് ടിക്ക റ്റിൽ മത്സരിച്ച K.M. ജോർജ്ജ് കൊച്ചുപറമ്പിൽ വിജ യിച്ചു. ശ്രീ അഗസ്റ്റിൻ വഴുതനപ്പിള്ളി (സ്വത.) ശ്രീ. K.N. കുമാരമംഗലം (കമ്യൂ) എന്നിവരായിരുന്നു എതി രാളികൾ.

കേരളപ്പിറവിയ്ക്കുശേഷം പഞ്ചായത്ത് കാര്യാലയം

1962-ൽ ജനുവരി 1-ന് മണക്കാട് വിഭിച്ച് മണക്കാടും പുറപ്പുഴ രണ്ടു പഞ്ചായത്തുകളായി. 1963-ൽ നടന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ശ്രീ. P.C.ജോർജ്ജ് പൊന്നാട്ട് പുറപ്പുഴ പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റായി. 1964 ജനുവരി 1ന് സത്യപ്ര തിജ്ഞ ചെയ്തു. തുടർന്നു സർവ്വശ്രീ. M.C. വർക്കി മൂന്നാം വയലിൽ, അഗസ്റ്റ്യൻ J കളപ്പുരയിൽ എന്നി വരും 1979 മുതൽ തുടർച്ച ആയി V.J. ജോസഫ് വാലുമ്മേലു ഈ പഞ്ചായത്തിന്റെ ഭരണസാരഥിക ളായി. പൊന്നാട്ടു കുടുംബക്കാർ സംഭാവന നല്കിയ സ്ഥലത്താണ് ഇന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതിചെയ്യുന്നത്. 1995 സെപ്റ്റംബർ 23-ാം തീയതി നടന്ന തിരഞ്ഞെടുപ്പിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റു.

ഈ ചരിത്രരചന പൂർണ്ണതയിലെത്തി എന്ന വിശ്വാസമില്ല. വരമൊഴിയും വായ്മൊഴിയും ഇണക്കി ഇതെഴുതുമ്പോൾ പറഞ്ഞു തന്നവർക്ക് ഓർമ്മപ്പി ശക് സംഭവിക്കാം. തീർച്ചയായും ഇവിടെ പേരു സൂചിപ്പിക്കാത്ത അനവധി ആളുകൾ ഈ ഗ്രാമസംതൃപ്തി പടുത്തുയർത്താൻ യത്നിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന് നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച സർവ്വർക്കും, ഈ ചരിത്രരചനയിൽ വിവരങ്ങൾ പറഞ്ഞുതന്ന കാരണവന്മാർക്കും നന്ദി രേഖപ്പെടു ത്തിക്കൊണ്ട് കുറിപ്പ് ഉപസംഹരിക്കട്ടെ!

നവംബർ 1 പുനരർപ്പണദിനത്തിന്റെ ഭാഗമായി എരുമേലിപ്പാറയിലേക്കുള്ള പുതിയ റോഡിന്റെ ഉത്ഘാടനം പുറപ്പുഴയിൽ പഞ്ചായത്തുപ്രസിഡന്റ് V.J. ജോസഫ് നിർവ്വഹിക്കുന്നു.



വികസന റിപ്പോർട്ട് പണിപ്പുരയിൽ (ശ്രീ. മാത്യു ആന്റണി, C. ജോസഫ് ചിറക്കൽ, രാമചന്ദ്രൻ കാലാപ്പിള്ളിൽ, ഹരിദാസ് എന്നിവർ)

4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

"ഓർത്തിരിക്കുക നിങ്ങളോർത്തിരിക്കുക
ഗതകാലതലമുറയൽ മെനുകമാഴയൽപിച്ച
തറവാട്ടു ധനമല്ല ഭൂമി
വരുമൊരു തലമുറയിൽ നിന്നും
നമ്മൾ കടംവാങ്ങിയ
തിരികെയേല്പിക്കേണ്ടൊരീ ഭൂമി
ഈ നമ്മളേയീ നമ്മളായ് മാറ്റിയ ഭൂമി
ഈ നമ്മൾ മരുഭൂവാക്കും നമ്മുടെ ഭൂമി
ഈ നമ്മൾ മരുഭൂവാക്കാല നമ്മുടെ ഭൂമി"

ഇടുക്കിജില്ലയുടെ വാണിജ്യതലസ്ഥാനമായ തൊടുപുഴ - തൊടുപുഴ താലൂക്കിൽപ്പെട്ട പുറപ്പുഴ പഞ്ചായത്ത്. ഭാരതമാകെ അറിയപ്പെടുന്ന പി.ജെ. ജോസഫിനു ജന്മം നൽകിയ നാട് തെങ്ങും, മുള കും, കുരുമുളകും വിളഞ്ഞുവിലസിയ സ്ഥാനത്ത് റബറും തേക്കും, മാഞ്ചിയവും വളർന്നു നിൽക്കുന്ന പുറപ്പുഴ ഗ്രാമപഞ്ചായത്ത്.

ഭൂപ്രകൃതി

ഇടുക്കിജില്ലയുടെ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്ന പ്രകൃതിയാണ് ഈ ഗ്രാമത്തിന്റേത്. ഭൂപ്രകൃതിയിൽ, ഹൈറേഞ്ച് വിഭാഗത്തിൽ വരുന്ന കുണിഞ്ഞി മേഖലയും, ലോറേഞ്ച് വിഭാഗത്തിൽപ്പെടുന്ന പുറപ്പുഴയും ഉൾപ്പെടുന്നു. നാല് വൻമലകളും, ഒന്നിനോടൊന്ന് ചേർന്നുകിടക്കുന്ന അനവധി മൊട്ടക്കുന്നുകളും, രണ്ട് പ്രധാന തോടുകളും, തോടുകളുടെ ഇരുപുറങ്ങളിലുമുള്ള സമതലപ്രദേശങ്ങളും, പുറമ്പോക്കുകളും, കൈത്തോടുകളും, അടങ്ങിയതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി.

വടക്ക് മണക്കാട് പഞ്ചായത്തും, പടിഞ്ഞാറ്, പാലക്കുഴ - വെളിയന്നൂർ പഞ്ചായത്തുകളും, തെക്ക് രാമപുരം പഞ്ചായത്തും, കിഴക്ക് തൊടുപുഴ മുനിസിപ്പാലിറ്റിയും, കരിങ്കുന്നം പഞ്ചായത്തും, ഈ പഞ്ചായത്തിന്റെ നാല് അതിരുകൾ കുറിക്കുന്നു.

മേൽപുറപ്പുഴ, കീഴ്പുറപ്പുഴ, ചൂരല്ലൂർ, വെങ്ങാലൂർ, കുണിഞ്ഞി എന്നീ 5 കരകൾ ചേർന്നതാണ് പുറപ്പുഴ ഗ്രാമപഞ്ചായത്ത്.

സമുദ്രനിരപ്പിൽ നിന്ന് 2000 അടി ഉയരമുള്ള കൊടികുത്തിയാണ് പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള മലനിര. ഇവിടെ കയറിനിന്നു നോക്കിയാൽ കാണുന്ന ദൃശ്യം സുന്ദരമാണ്. വിനോദസഞ്ചാരത്തിന് സാദ്ധ്യതയുള്ള ഈ പ്രദേശം നമുക്കൊരു മുതൽക്കൂട്ടാണ്. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 6 ആയി തിരിക്കാം.

1. മലനിരപ്പ്
2. കുത്തനെയുള്ള ചരിവ്
3. ചെറുചരിവ്
4. സമതലം
5. കുന്നിൻതാഴ്വാരം
6. ചെറുതോടുകൾ

1. പൂവക്കുളംമല

പഞ്ചായത്തിന്റെ തെക്കെ അതിരിൽ രാമപുരം പഞ്ചായത്തിന്റെ വടക്ക് കിഴക്കുപടിഞ്ഞാറായി കിടക്കുന്നതാണ് ഈ മല മലയുടെ ഭൂരിഭാഗവും വടക്കോട്ടു ചരിഞ്ഞതാണ്. ഈ മലനിരയുടെ ഏറ്റവും ഉയരമുള്ള സ്ഥലമാണ് കുരിശുകുന്ന്. ഈ പ്രദേശത്ത് രണ്ടുതവണ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടാവുകയും വമ്പിച്ച കൃഷിനാശത്തിനിടയാക്കുകയും ചെയ്തിട്ടുണ്ട്.

2. ചൂരല്ലൂർ വനം

ബ്രിട്ടീഷുകാർ ഭിയോളജിക്കൽ സർവ്വേ നടത്തിയപ്പോൾ കൊടികുത്തിയ സ്ഥലമായ കൊടികുത്തിമല ചൂരല്ലൂർ വനത്തിൽപ്പെടുന്നു. 1965 വരെ സർക്കാർ വനഭൂമിയായിരുന്നു ഈ പ്രദേശം. തേക്കും ഈട്ടിയും കരിമരുന്നും ധാരാളമായി ഉണ്ടായിരുന്നു. ഈ മലയിൽ ഇന്ന് അനേകം കുടുംബങ്ങൾ താമസിക്കുന്നു. ജലക്ഷാമവും ഗതാഗതസൗകര്യക്കുറവും വൈദ്യുതിക്ഷാമവും ഇവിടുത്തെ പ്രധാനപ്പെട്ട പരാധീനതകളാണ്.

പൂപ്പുഴ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി കിടക്കുന്ന മലനിരകളാണ് ആറ്റുപുറത്തുമല, കുര്യനാൽമല, പുതിയേടത്തുകുന്ന് തുടങ്ങിയവ. ഇവയുടെ ചരിവിലൂടെ വർഷകാലത്ത് വൻതോതിൽ മലവെള്ളപ്പാച്ചിൽ ഉണ്ടാകാറുണ്ട്.

3. കന്നുകാലിവനം

1955-ൽ പട്ടയം കിട്ടിയ കന്നുകാലിവനത്തിൽപ്പെട്ട പരുത്തുപ്പാറയാണ് ഈ പഞ്ചായത്തിലെ ഉയരം കൂടിയ മറ്റൊരു മലനിര. ഈ വശക്ക് ഏകദേശം 1500 അടി ഉയരമുണ്ട്. ഇതും കുടിയേറ്റപ്രദേശമാണ്. ധാരാളം കർഷകകുടുംബങ്ങൾ ഈ പ്രദേശത്ത് താമസമാക്കിയിട്ടുണ്ട്.

വിരൻമല, പാറപ്പുറം, തേക്കനാനിരപ്പ്, കൊട്ടാരംകുന്ന് തുടങ്ങിയ 2 ഡസനോളം കുന്നുകളും അവയുടെ ചരിഞ്ഞ പ്രദേശങ്ങളും, രണ്ട് പ്രധാന തോടുകളും, ധാരാളം കൈത്തോടുകളും, അവയുടെ സമതലപ്രദേശങ്ങളും അടങ്ങിയതാണ് പൂപ്പുഴ എന്ന മലയോരഗ്രാമം.

ഭൂപ്രകൃതി - മേഖലകൾ (മതിപ്പുകണക്ക്)

ക്രമ നമ്പർ	ഭൂപ്രകൃതി	ശതമാനം
1	കുന്നുകൾ	8%
2	കുത്തനെയുള്ള ചരിവ്	20%
3	ചെറുചരിവ്	33%
4	സമതലം	12%
5	താഴ്വാര	23%
6	തോടുകൾ	4%

വിവിധ തരത്തിലുള്ള മണ്ണ് ഈ ഗ്രാമത്തിൽ കാണാൻ കഴിയും. മലമുകളിൽ കറുത്തമണ്ണും, കുന്നിൻചരിവുകളിൽ ചെമ്മണ്ണും, വെള്ളാരംകലർന്ന ചെമ്മണ്ണും, സമതലപ്രദേശങ്ങളിൽ പരിമരാരികലർന്ന മണ്ണും കാണപ്പെടുന്നു.

ജനപ്രകൃതി

നൂറ്റാണ്ടുകളിലൂടെ വളർന്നുവന്ന ജനസംഖ്യയുടെ ചരിത്രം ഈ ഗ്രാമത്തിൽ പറയാനുണ്ട്. പണ്ടു മുതൽ ജനങ്ങൾ മതസഹിഷ്ണുതയോടെ ഇവിടെ കഴിഞ്ഞിരുന്നു. പഞ്ചായത്തിലുള്ള ചില പ്രദേശങ്ങളിലെ ചരിത്രാവശിഷ്ടങ്ങളും, മറ്റും ശ്രദ്ധിച്ചാൽ ഈ ഗ്രാമത്തിന്റെ ചരിത്രപശ്ചാത്തലവും, ജനജീവിതവും, മനസിലാക്കാം. വള്ളിക്കെട്ടിനടുത്തുള്ള ഇഞ്ചപ്പിള്ളി പറമ്പും, കുണിഞ്ഞി മാനാച്ചാൽ ഭാഗത്തുള്ള അമ്പലാവശിഷ്ടങ്ങളും, അരിക്കാട് മുഴുത്തോപറമ്പുകളുമൊക്കെ ഇതിനുദാഹരണങ്ങളാണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 11814 ആണ്. ഇവരിൽ 5998 പുരുഷന്മാരും, 5816 സ്ത്രീകളും, ആണുള്ളത്. തൊഴിൽ വിഭജനം പരിശോധിച്ചാൽ പഞ്ചായത്തിലെ പ്രധാന തൊഴിലായ കാർഷികമേഖലയിൽ 1230 പുരുഷന്മാരും, 15 സ്ത്രീകളും, കർഷകതൊഴിലാളികളായി 590 പുരുഷന്മാരും, 206 സ്ത്രീകളും, ജോലി ചെയ്യുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയിരിക്കുന്ന 403 പുരുഷന്മാരും, 22 സ്ത്രീകളുമാണുള്ളത്. 92 പുരുഷന്മാരും, 53 സ്ത്രീകളും, കെട്ടിടനിർമ്മാണതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. കച്ചവടമേഖലയിൽ 200 പുരുഷന്മാരും, 17 സ്ത്രീകളുമാണുള്ളത്.

ഈ പഞ്ചായത്തിലെ വാർഡുതല ജനസംഖ്യാപട്ടിക താഴെ കൊടുക്കുന്നു.

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	സാക്ഷരർ	
				M.	F.
1	1041	964	2005	884	913
2	747	756	1503	610	597
3	659	645	1304	548	526
4	786	717	1503	687	589
5	576	573	1149	479	485
6	529	529	1058	462	425
7	600	575	1175	494	472
8	1060	1057	2117	997	867

ആകെ സാക്ഷരതാനിരക്ക് 93% ആണ്. സ്ത്രീ സാക്ഷരത 91% വും പുരുഷസാക്ഷരത 95% ഉം ആയിരുന്നു. സാക്ഷരതാപ്രവർത്തനത്തിന്റെ ഫലമായി സാക്ഷരതാ നിരക്ക് വർദ്ധിച്ചിട്ടുണ്ടെന്നാണ് നിഗമനം.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്രിസ്ത്യൻ സമുദായത്തിൽപെട്ടവരാണ് മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവരും ഈ ഗ്രാമത്തിലുണ്ട്. പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട 508 ആളുകൾ പഞ്ചായത്തിലുണ്ട്. അതായത് ജനസംഖ്യയുടെ 4.2%.

1994-ൽ അംഗനവാടികൾ നടത്തിയ സർവ്വേ പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 12288 ആണ് ഇവയിൽ 5977 പുരുഷന്മാരും 6311 സ്ത്രീകളും ആണുള്ളത്. അതായത് ജനസംഖ്യയിൽ 4% വർദ്ധനവ് ഉണ്ടായതായി കാണുന്നു. ഈ സർവ്വേ പ്രകാരം പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 520 ആളുകൾ എന്നതാണ്. മൊത്തം ജനസംഖ്യയിൽ 5 വയസിൽ താഴെയുള്ള 976 കുട്ടികളുണ്ട്. (7.6 ശതമാനം)

ജലവിഭവം

കാലവർഷവും തുലാവർഷവും ആണ്. മഴ ലഭിക്കുന്ന രണ്ട് ഘട്ടങ്ങൾ. ജൂൺമുതൽ ഒക്ടോബർവരെ മഴ ലഭിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്തുനിന്നുത്ഭവിച്ച് പടിഞ്ഞാറ് മാറിക തോട്ടിൽ ലയിക്കുന്നു. പുറപ്പുഴ തോടും, തെക്കുള്ള മലനിരകൾക്കിടയിൽ നിന്നുണ്ടായ കൊച്ചരുവികൾ ഒന്നായി ചേർന്നൊഴുകുന്നു. കുണിഞ്ഞിതോട്ടം ആണ് പഞ്ചായത്തിലെ രണ്ട് പ്രധാനതോടുകൾ. ഈ തോടുകളിലേക്ക് ഒഴുകിയെത്തുന്ന ഒരു ഡസനോളം ഉപതോടുകളുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 3 കുളങ്ങളും ഇരുപത്തി അഞ്ചോളം കിണറുകളുമുണ്ട്.

പ്രകൃതിഭംഗി കരകവിഞ്ഞൊഴുകുന്ന കൊടികുത്തിയുടെ മുകളിൽ നിന്നുള്ള ദൃശ്യം

കാരിക്കൊമ്പ് മാം റോഡിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പഞ്ചായത്തുമെമ്പർ ബിജു പാറത്തട്ടാലിന്റെ നേതൃത്വത്തിൽ നാട്ടുകാർ ശ്രമദാനമായി നടത്തുന്നു

5 സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

"ഉത്സാഹവും ഉറപ്പുമാണ് യന്ത്രം!

വൈദഗ്ധ്യവും അറിവുമാണ് പണിയായുധങ്ങൾ!"

പുറപ്പുഴ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. നാല് വൻമലകളും ഒന്നിനോടൊന്ന് ചേർന്നുകിടക്കുന്ന അനവധി മൊട്ടക്കുന്നുകളും രണ്ടു പ്രധാന തോടുകളും തോടുകളിലെ ഇരുപുറങ്ങളിലുമുള്ള സമതലപ്രദേശങ്ങളും ഏതാനും കൈത്തോടുകളും അടങ്ങുന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രദേശം. ബ്രിട്ടീഷ് ഭരണകാലത്ത് നടന്ന തിയോളജിക്കൽ സർവ്വേ പ്രകാരം സമുദ്രനിരപ്പിൽ നിന്നും 2000 അടി ഉയരമുള്ള കൊടികുത്തിലേയാണ് പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള പ്രദേശം. 1000 അടിക്കുമേൽ ഉയരം വരുന്ന പ്രദേശങ്ങളാണ് പൂവക്കുളംമല (വെള്ളം നീക്കിപ്പാറ) ചുണ്ടക്കാട്ടുമല കന്നുകാലി വനത്തിൽപ്പെട്ട പരുന്തൻപാറ എന്നിവ.

കാർഷികമേഖലയുടെ അരനൂറ്റാണ്ടു പിന്നോട്ടുള്ള ചരിത്രം പരിശോധിക്കുമ്പോൾ കൃഷിയോഗ്യമായ ഭൂമിയുടെ കുറച്ചുഭാഗം മാത്രമേ അന്നു കൃഷി ചെയ്തിരുന്നുള്ളു എന്നു കാണാൻ കഴിയും. നെല്ലും തെങ്ങും കമുകും തുല്യപ്രാധാന്യത്തോടെ കൃഷി ചെയ്തിരുന്ന അക്കാലത്തുപോലും 350 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. അന്ന് നെല്ലുല്പാദനം പ്രാദേശികാവശ്യങ്ങളും കഴിഞ്ഞ് മിച്ചമുണ്ടായിരുന്നു. 1950 കളിലെ ഭക്ഷ്യക്ഷാമകാലത്ത് രാമപുരം, കുത്താട്ടുകുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ആളുകൾക്ക് നെല്ലും അരിയും വിറ്റിരുന്ന ഒരു സുവർണ്ണകാലം പുറപ്പുഴക്കുണ്ടായിരുന്നു.

ഇന്ന് ഒരുപ്പു നിലങ്ങൾ പൂർണ്ണമായും റബ്ബറും മറ്റുവിളകളും കയ്യടക്കിക്കഴിഞ്ഞിരിക്കുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി 350 ഹെക്ടറിൽനിന്ന് 145 ഹെക്ടറായി കുറഞ്ഞു. അതായത് 58.6% കുറവ്. അക്കാലത്ത് തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, ഇഞ്ചി, മരച്ചീനി എന്നിവയുടെ കൃഷിയിലും പുറപ്പുഴ പ്രശസ്തമായിരുന്നു. ഒരു കാലത്ത് നാളികേരത്തിന് പ്രശശ്തി ആർജ്ജിച്ച സ്ഥലമായിരുന്നു ലക്ഷക്കണക്കിന് തെങ്ങിൻ തൈകൾ പുറപ്പുഴയിൽ നിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലാണ് നടുവാൻ കൊണ്ട് പോയിട്ടുണ്ട്. ആദ്യകാലത്ത് ഈ കൃഷികൾക്ക് ഏറെ ശ്രദ്ധയും പരിചരണവും ലഭിച്ചിരുന്നു. കൃഷി പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചുള്ളവയുമായിരുന്നു. കൃഷിഭൂമിയുടെ ഉടമസ്ഥത പ്രധാനമായും ഏതാനും ജന്മിമാരിൽ നിക്ഷിപ്തമായിരുന്നു.

1950-കൾ വരെ നിലനിന്നിരുന്ന പുറപ്പുഴ കന്നുകാലി വനവും 1965 വരെ നിലവിലുണ്ടായിരുന്ന നെല്ലാപാറ കൊടികുത്തി കുട്ടിവനവും (ചൂരല്ലൂർ വനം) ആയിരുന്നു പഞ്ചായത്തിലെ വനപ്രദേശങ്ങൾ. തേക്ക്, ഈട്ടി, ആഞ്ഞിലി, മരുത്, വേങ്ങ, ഇരുപുൾ തുടങ്ങിയ വൃക്ഷങ്ങളാൽ നിബിഡമായിരുന്നു ഈ വനങ്ങൾ. വനങ്ങൾ ക്ലിയർ ഫില്ലിംഗിന് വിധേയമാവുകയും ഇന്ന് അവ ജനാധിവാസകേന്ദ്രമായി മാറുകയും ചെയ്തിരിക്കുന്നു. വനങ്ങൾ നിലനിന്നിരുന്ന കാലത്ത് നെൽപാടങ്ങൾ ജൈവസമൃദ്ധമായിരുന്നതിനാൽ ഇവയെ നെയ്യ്പാടങ്ങൾ എന്നറിയപ്പെട്ടിരുന്നു. തോടുകളിൽ മെച്ചപ്പെട്ടജലലഭ്യത ഉണ്ടായിരുന്നു.

ഭൂപരിഷ്ക്കരണവും ജനസംഖ്യാ വർദ്ധനവും

മൂലം ഭൂവുടമ ബന്ധങ്ങളിൽ മാറ്റങ്ങൾ വന്നു. ഭൂവുടമസ്ഥതയിൽ ഭൂരിഭാഗവും ചെറുകിടക്കാരാണ്. ഭൂവുടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഭൂവുടമസ്ഥരിൽ 2646 ആളുകളും അതായത് 68% വും ഒരു ഏക്കറിന് താഴെ ഭൂമിയുള്ളവരാണ് എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. 13.5% ആളുകൾ 2 ഏക്കർവരെ ഭൂമിയുള്ളവരുമാണ്. രണ്ട് ഏക്കർമുതൽ 5 ഏക്കർവരെ ഭൂമിയുള്ളവരുടെ എണ്ണം 17% വരും. 1.5% ആളുകളാണ് 5 ഏക്കറിനുമുകളിൽ ഭൂമിയുള്ളവർ.

ക്രമ നമ്പർ	ഭൂവിസ്തൃതി	അംഗങ്ങളുടെ എണ്ണം
1	1 സെന്റ് മുതൽ 10 സെന്റ് വരെ	708
2	10 " 25 "	816
3	25 " 50 "	615
4	50 " 1ഏക്കർ വരെ	507
5	1 എക്കർ മുതൽ 2 "	525
6	2 " 5 "	650
7	5 ഏക്കറിനു മുകളിൽ	74
	ആകെ	3895

(അവലംബം വില്ലേജ് ആഫീസ് രേഖ)

പഞ്ചായത്തിലെ ആകെ വിസ്തീർണ്ണം 2326 ഹെക്ടറാണ്. ഭൂവിസ്തൃതിയിൽ 65 ശതമാനത്തോളം കുന്നുകളും കുന്നിൻചരിവുകളുമാണ്. കുന്നുകൾ പാറക്കെട്ടുകൾ നിറഞ്ഞവയാണ്. ഭൂപ്രകൃതിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. പഞ്ചായത്തിൽ പൊതുവേ ഫലഭൂയിഷ്ടിയുള്ള മണ്ണാണുള്ളത്. മലമുകളിൽ കറുത്തമണ്ണും കുന്നിൽ ചരിവുകളിൽ ചെമ്മണ്ണും വെള്ളാരൻ കലർന്ന ചെമ്മണ്ണും സമതലപ്രദേശങ്ങളിൽ പശിമരാശി കലർന്ന മണ്ണും കാണപ്പെടുന്നു. പാറക്കെട്ടുകൾ നിറഞ്ഞ കൃഷിയോഗ്യമല്ലാത്ത പ്രദേശങ്ങളുണ്ട്. പഞ്ചായത്തിൽ കൃഷിയോഗ്യമല്ലാത്ത പാറയും പാറക്കെട്ടുകളും ഉദ്ദേശം 120 ഹെക്ടർ വരും.

മതിപ്പുകണക്ക് (പഠനസംഘം)

ക്രമ നമ്പർ	ഭൂപ്രകൃതി	ശതമാനം
1	കുന്നുകൾ	8%
2	കുത്തനെയുള്ള കുന്നിൻ ചരിവുകൾ	20%
3	ചെറിയ ചെരുവുകൾ	37%
4	താഴ്വരകൾ	23%
5	സമതലപ്രദേശം	12%

ഭൂവിനിയോഗം

രണ്ടുദശകം മുമ്പുവരെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, മരച്ചീനി എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി സമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്. കൂടുതൽ ലാഭം തേടിയുള്ള കൃഷിരീതി ഭൂവിനിയോഗത്തിൽ മാറ്റങ്ങൾ വരുത്തി. ഭൂവിനിയോഗത്തിൽ വന്ന മാറ്റം കാർഷികമേഖലയെ പ്രശ്നസങ്കീർണ്ണമാക്കിയിരിക്കുന്നു. നെല്പാടങ്ങൾ റബ്ബർത്തോട്ടങ്ങൾക്ക് വഴിമാറി കൊടുത്തു. നെൽപാടങ്ങളുടെ വിസ്തൃതി പകുതിയിലും താഴെയായിരിക്കുന്നു. പാടങ്ങൾ നികത്തി വാഴ, മരച്ചീനി, കൊക്കോ, തേക്ക്, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്യുന്നതിനും കെട്ടിടനിർമ്മാണത്തിനും ഉപയോഗിച്ചുവരുന്നു. ഈ പ്രവണത അതിവേഗം വ്യാപിക്കുകയും ചെയ്യുന്നു. തന്മൂലം ഒരു കാലത്ത് അരിയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തമായിരുന്ന ഈ ശ്രമം ഇന്ന് അത്താഴത്തിന് അന്യരെ ആശ്രയിക്കേണ്ട സ്ഥിതിയിലെത്തിയിരിക്കുന്നു.

ലാഭക്കുറവ്, ജലദൗർലഭ്യത തുടങ്ങി പലകാരണങ്ങൾ പറയാമെങ്കിലും മറ്റാവശ്യങ്ങൾക്കായി പാടം നികുത്തുന്ന പ്രവണത അവസാനിപ്പിച്ചേമതിയാകൂ.

റബ്ബർ, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, കൊക്കോ തുടങ്ങിയ ദീർഘകാലവിളകളും നെല്ല് വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചോലം പൈനാപ്പിൾ, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നീഹ്രസ്വകാലവിളകളുമാണ് ഇന്ന് പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നത്. ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, നനകിഴങ്ങ് കൂർക്ക തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും സുഗന്ധവിളകളായി ജാതി ഗ്രാമ്പൂ തുടങ്ങിയവയും പഴവർഗ്ഗ

ങ്ങളും പച്ചക്കറികളും പഞ്ചായത്തിൽ അങ്ങിങ്ങായി കൃഷിചെയ്തു വരുന്നു.

ഭൂവിനിയോഗം

ക്രമ നമ്പർ	വിള	വിസ്തീർണ്ണം Hr.	ശതമാനം
1	നെല്ല്	145	6.23
2	തെങ്ങ്	275	11.82
3	വാഴ	55	2.36
4	മരച്ചീനി	20	0.91
5	കുരുമുളക്	55	2.36
6	റബ്ബർ	600	25.8
7	പൈനാപ്പിൾ	25	1.15
8	കശുമാവ്	26	
9	കമുക്	5	0.20
10	മറ്റുവിളകൾ	39	1.67
11	കൃഷിയോഗ്യമായ തരിശ്	47.80	2.05

കൃഷിഭവൻ രേഖ

പ്രധാനവിളകളുടെ ഉല്പാദനക്ഷമത തീരെ കുറവാണ്. നാളികോത്പാദനം സ്സ്ഥാന ശരാശരിയുടെ പകുതിപോലും വരുന്നില്ല. പഞ്ചായത്തിലെ ശരാശരി നാളികേര ഉല്പാദനം ഹെക്ടറിന് 2159 ാണ്. (സംസ്ഥാന ശരാശരി 5000)

മരച്ചീനിയുടെ ഉല്പാദനക്ഷമത 18 ടൺ മാത്രമാണ്. മരച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും കുറഞ്ഞുവരുന്നു. തമിഴ്നാട്ടിൽ ഹെക്ടറിന് 30 ടൺ മരച്ചീനി ഉല്പാദനം ഉണ്ടാകുമ്പോൾ കേരളത്തിന്റേത് 20 ടൺ മാത്രമാണ്. പഞ്ചായത്തിലെ മരച്ചീനി ഉല്പാദനക്ഷമത സ്സ്ഥാനശരാശരിയേക്കാൾ കുറവാണ്. മുഖ്യ വിളകളുടെ ഉല്പാദനക്ഷമത സൂചിപ്പിക്കുന്ന വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

ഉല്പാദനക്ഷമത (കൃഷിഭവൻരേഖ)

പ്രധാനവിളകൾ	ഉല്പാദനം (ഹെക്ടറിന്)
നെല്ല്	2150 കി.ഗ്രാം
നാളികേരം	2159 എണ്ണം
വാഴ	220 കി.ഗ്രാം
മരച്ചീനി	18 ടൺ
റബ്ബർ	710 കി.ഗ്രാം

നെല്ലിന്റെ ഉല്പാദനക്ഷമത വളരെ കുറവാണ്. ഒരു ഹെക്ടറിൽ നിന്നും 2150 കി.ഗ്രാം നെല്ലാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. നെല്ല് മൂന്നാം വിള കൃഷിയിറക്കാൻ കഴിയുന്നില്ല. ഇടവിളകൾ കൃഷിചെയ്യുന്ന ശീലം തീരെയില്ല. പച്ചക്കറികൃഷി ഗ്രാമത്തിൽ നാമമാത്രമായേ നടക്കുന്നുള്ളൂ. നെൽകൃഷിക്ക് പ്രധാനതടസ്സം ജലദൗർലഭ്യം തന്നെയാണ്. വർഷത്തിൽ 7മാസം മാത്രമേ ജലം കിട്ടുന്നുള്ളൂ. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 60 ശതമാനം കണ്ട് കുറഞ്ഞിരിക്കുന്നു.

നെൽകൃഷി (കൃഷിഭവൻരേഖ)

നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല്- ഒന്നാംവിള	85 ഹെ.
2	നെല്ല്- രണ്ടാം വിള	60 ഹെ.
3	നെല്ല്- മൂന്നാം വിള	ഇല്ല

വിത്തും വളപ്രയോഗവും

വിത്തുല്പാദനം ഒരു പ്രശ്നമായിരിക്കുന്നു. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നു. ലഭിക്കുന്നവയുടെ ഗുണനിലവാരം മെച്ചപ്പെട്ടതെന്ന് പറയാനാവില്ല.

മുഖ്യമായും രാസവളമാണ് ഉപയോഗിക്കുന്ന

ത്. ചെറുകിട- നാമമാത്ര കർഷകർ വേണ്ടത്ര അളവിൽ വളം ചേർക്കുന്നില്ല. മണ്ണു പരിശോധനക്കുള്ള സൗകര്യമില്ല. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ വളപ്രയോഗം അസാദ്ധ്യമായിരിക്കുന്നു. പഞ്ചായത്തിൽ വളം വിപണനകേന്ദ്രങ്ങൾ കുറവാണ്. സഹകരണ മേഖലയിൽ ആറും സ്വകാര്യമേഖലയിൽ രണ്ടും വിപണനകേന്ദ്രങ്ങളാണുള്ളത്. വിപണനകേന്ദ്രങ്ങൾ വഴിത്തല, പുറപ്പുഴ, കൂണിഞ്ഞി, കണ്ണാടികണ്ടം എന്നീ സ്ഥലങ്ങലിലാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ഗതാഗത സൗകര്യക്കുറവും പരിഗണിച്ച് കൊടികുത്തിയിൽ സഹകരണമേഖലയിൽ വളം വിപണന കേന്ദ്രം ആരംഭിക്കേണ്ടതാണ്. ശാസ്ത്രീയ വളപ്രയോഗത്തെക്കുറിച്ചുള്ള അജ്ഞത വ്യാപകമായ നിലനിൽക്കുന്നു. രോഗങ്ങൾ കാർഷികോല്പാദനത്തെ സാരമായി ബാധിക്കുന്നു. ജൈവകീടനാശിനികൾ ലഭ്യമല്ലാത്തതിനാൽ രാസകീടനാശിനികളാണ് ഉപയോഗിക്കുന്നത്.

കർഷകസമിതികൾ

മൂന്നു പാടശേഖര സമിതികളും മൂന്നു കുരുമുളക് സമിതിയുംഒരു കേരസമിതിയും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. പാടശേഖരസമിതികൾ, ചെള്ളൽ, പുറപ്പുഴ, കണ്ണാടികണ്ടം, എന്നീ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് രൂപീകൃതമായവയാണ്. ഇവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല. ഒരുപ്പു നിലങ്ങളും ഇരുപ്പു നിലങ്ങളും മാത്രമാണ് പഞ്ചായത്തിലുള്ളത്. നെൽകൃഷിക്കുശേഷമുള്ള ഇടവേളകളിൽ പലപ്പോഴും നിലം മറ്റു കൃഷിക്ക് ഉപയുക്തമാക്കുന്നില്ല. കർഷകരുടെ കൂട്ടായ്മയും ആവേശവും തൊട്ടുണർത്തേണ്ടതുണ്ട്.

കൂണിഞ്ഞി, പുറപ്പുഴ, നെടിയശാല എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മൂന്നു കുരുമുളകു സമിതികൾ പ്രവർത്തിക്കുന്നു. കിളിർപ്പിച്ച കുരുമുളകു വള്ളികൾ, കീടനാശിനി, വളം എന്നിവ ഈ സമിതികൾ വഴി വിതരണം ചെയ്യാറുണ്ട്.

കേരസമിതി മുഖേന മൂന്നു വർഷമായി (1994,1995,1996) സൗജന്യനിരക്കിൽ തെങ്ങുവളം വിതരണം ചെയ്തിരുന്നു. ഈ വളങ്ങൾ വേണ്ടത്ര ഗുണനിലവാരം ഇല്ലാത്തവയാണെന്ന് കർഷകർക്ക് അഭിപ്രായമുണ്ട്. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റാനും പുതിയവ വച്ചുപിടിപ്പിക്കാനും സഹായം നൽകുന്നുണ്ടെങ്കിലും കർഷകർ ഈ പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. കേരസമിതി അംഗങ്ങൾക്ക് ജലസേചന ആവശ്യത്തിനായി കിണർകുഴിക്കാനും പമ്പുസെറ്റുകൾ വാങ്ങുവാനും സഹായധനം നൽകുന്നു.

കാർഷികോപകരണങ്ങൾ

ഒരു ട്രില്ലർ (ചെള്ളൽ പാടശേഖരസമിതിക്ക്) ഒരു പമ്പുസെറ്റ് (പുറപ്പുഴ പാടശേഖരസമിതിക്ക്) ഒരു ട്രാക്ടറും ഒരു മെതിയന്ത്രവും (കണ്ണാടികണ്ടം പാടശേഖരസമിതിക്ക്) എന്നിലയാണ് കൃഷിഭവൻവഴി പാടശേഖരസമിതികൾക്ക് സൗജന്യനിരക്കിൽ നൽകിയ കാർഷിക യന്ത്രോപകരണങ്ങൾ. കൂടാതെ, 30 നാടൻ കലപ്പകൾ, 48 റോക്ക് സ്പ്രെയർ, 69 നാപ്സ്റ്റാക്ക് സ്പ്രെയർ എന്നിവയും വിവിധ വാർഡുകളിലായി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതായി കൃഷിഭവൻ രേഖകളിൽ കാണുന്നു.

ജലസേചനം

മഴയെമാത്രം ആശ്രയിച്ചുള്ള കാർഷികസമ്പ്രദായമാണ് പഞ്ചായത്തിലുള്ളത്. ജൂൺ മുതൽ ആഗസ്റ്റ്വരെയുള്ള കാലവർഷവും, ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള തുലാവർഷവും പഞ്ചായത്തിൽ മഴ ലഭിക്കുന്ന രണ്ടുഘട്ടങ്ങളാണ്. വർഷത്തിൽ ആറുമാസം മഴയും ബാക്കി ആറുമാസം വരൾച്ചയും നേരിടുന്ന അവസ്ഥയാണ് പഞ്ചായത്തിൽ പൊതുവെയുള്ളത്. ജലദൗർലഭ്യതയാണ് പഞ്ചായത്ത് നേരിടുന്ന ഒരു പ്രധാന പ്രശ്നം.

തോടുകൾ

രണ്ടു പ്രധാന തോടുകളാണ് പഞ്ചായത്തിലുള്ളത്. I കുമ്മാച്ചിറ - പുറപ്പുഴ - മാറികതോട്. II കൂണിഞ്ഞി മാറികതോട്

കുമ്മാച്ചിറ - മാറികതോട് ഏതാണ്ട് 9 കി. മീറ്റർ ദൂരം ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. ഈ തോട്ടിലേക്ക് ഒഴുകിയെത്തുന്ന അനേകം ഉപതോടുകളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ a) കഠാരക്കുഴി - പുറപ്പുഴതോട് b) വെളിയമ്പിള്ളിച്ചാൽ, കഠാരക്കുഴി തോട്, c) കൊടികുത്തി - കഠാരക്കുഴിതോട് d) കൊടികുത്തി - തോയിപ്ര - കുമ്മാച്ചിറ തോട്, e) വഴിത്തല ചെറുതോട് f) ആറാംചേരിതോട് എന്നിവ

യാണ്. കുമ്മാച്ചിറ - മാറിക (പുറപ്പുഴ) തോട്ടിൽ വർഷത്തിൽ 8 മാസവും ഉപതോടുകളിൽ 6 മാസവും മാത്രമേ വെള്ളം കിട്ടുന്നുള്ളൂ. കുമ്മാച്ചിറ - മാറികതോട്ടിൽ രണ്ടു ചെക്കുഡാമുകളുണ്ട്.

കുണിഞ്ഞി - മാറികത്തോട് ഏകദേശം 7 കി. മീറ്റർ ദൂരം പഞ്ചായത്തിലൂടെ ഒഴുകുന്നു. ഈ തോട്ടിലേക്ക് ഒഴുകിയെത്തുന്ന അനവധി നീരൊഴുക്കുകളുണ്ട്. ഈ തോട്ടിൽ കൊല്ലത്തിൽ 8 മാസം വെള്ളം കിട്ടുന്നു.

കുളങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്നുകുളങ്ങളാണുള്ളത്. 1. അമ്പാട്ടുകുളം. 2. കാരിക്കൊമ്പുകുളം 3. ചെത്തിക്കോട്ടുകുളം. കുളങ്ങൾ എല്ലാം ഭിത്തികെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ളവയാണ്. എന്നാൽ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ മാത്രമുള്ള ജലലഭ്യതയില്ല. പഞ്ചായത്തിൽ പലയിടത്തും സ്വകാര്യകുളങ്ങൾ ഉണ്ടെങ്കിലും കൃഷിയ്ക്കായി ഉപയോഗിക്കുന്നവയുടെ എണ്ണം വളരെ കുറവാണ്.

കൂടാതെ, ചെറുകിട ജലസേചനവകുപ്പ് 20,10,000 രൂപ തോടുകളും പാടശേഖരങ്ങളും സംരക്ഷിക്കുന്നതിനായി 1990 മുതൽ 1995 വരെ ചെലവഴിച്ചിട്ടുണ്ട്. എങ്കിലും ജലലഭ്യതയിൽ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ചെറുകിട ജലസേചനവകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

	പാടശേഖരത്തിന്റെ പേര്	ചെലവഴിച്ച തുക
1.	വഴുതനപ്പിള്ളിപ്പാടം	1,00,000
2.	വയറ്റാട്ടുപാടം	2,00,000
3.	കുരുവിക്കുന്നേൽപാടം	1,00,000
4.	ആലുങ്കൽപാടം	80,000
5.	തെങ്ങുംപിള്ളിച്ചിറ (കുണിഞ്ഞി)	2,00,000
6.	ഏറ്റുപാറപ്പാടം	1,00,000
7.	ചിറ്റാട്ടുമാട്ടരുക്	3,15,000
	8. മൂപ്പുകണ്ടം പാടം	90,000
9.	പെരുമറ്റംപാടം	1,50,000
10.	മാളികപാടം	2,000,000
11.	ഒട്ടുപ്ലാവു പാടശേഖരം (കുണിഞ്ഞി)	2,00,000
12.	നീലാനിമറ്റം പാടം	1,25,000
13.	പുറപ്പുഴതോടിന്റെ അരിക് Sy No. 399	1,50,000
		ആകെ 20,10,000

നീർമറിപ്രദേശങ്ങൾ

പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ നാല് നീർമറികളായിതിരിക്കാം. 1. കൊടികുത്തിമല നിരകളും 2. പരുന്തൻപാറ മലനിരകളും ഉൾപ്പെടുന്ന വിസ്തൃതമായ ജലപ്രദാനമേഖലകളിലുള്ള എണ്ണമറ്റ നീരൊഴുക്കുകൾ, ഉപതോടുകൾ എന്നിവ കുമ്മാച്ചിറ - മാറിക (പുറപ്പുഴ) തോട്ടിൽ ലയിക്കുന്നു. 3. പൂവക്കുളം മലയും 4. ചുണ്ടക്കാട്ടുമലയും ഉൾപ്പെടുന്ന നീർമറിപ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ് കുണിഞ്ഞി - മാറിക തോടിനെ പുഷ്ടിപ്പെടുത്തുന്നത്.

കൃഷിഭവൻ

പഞ്ചായത്തിൽ കൃഷിഭവന്റെ വരവോടുകൂടി കാർഷികരംഗത്ത് ഒട്ടേറെ ഉണർവുണ്ടായി. കർഷകർക്ക് ഒഴിവാക്കാനാകാത്ത ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. വിത്തും വളവും സബ്സിഡിയും വിതരണം ചെയ്യുന്ന സ്ഥാപനമെന്ന നിലയിൽ നിന്നും വിജ്ഞാനവ്യാപനകേന്ദ്രമായി കൃഷിഭവനെ മാറ്റേണ്ടതുണ്ട്. സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരോ ഉപകരണങ്ങളോ ഈ സ്ഥാപനത്തിനില്ല.

കാർഷിക പ്രശ്നങ്ങൾ

1. വരൾച്ചയും മണ്ണൊലിപ്പും

   500 മുതൽ 2000 അടിവരെ ഉയരം വരുന്ന മലകളും കുന്നുകളും താഴ്വരകളും നിറഞ്ഞ ഭൂപ്രകൃതി, വനനശീകരണം, അശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ മുതലായ കാരണങ്ങളാൽ പഞ്ചായത്തിലെ നീർമറി പ്രദേശങ്ങൾ ഇന്ന് മണ്ണൊലിപ്പ്, ജലക്ഷാമം, വരൾച്ച എന്നീ പരിസ്ഥിതി പ്രശ്നങ്ങളാൽ വീർപ്പുമുട്ടുന്നു. മഴക്കാലത്ത് കുത്തിഒലിച്ച് ഒഴുകുന്ന വെള്ളപ്പാച്ചിലിൽ രൂക്ഷമായ മണ്ണൊലിപ്പ് ഉണ്ടാകുന്നു. വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ പ്രഭാവം തീരെയില്ലെന്നു പറയാം. വർഷംതോറും 0.60 മുതൽ 1 സെ. മീ.വരെ ആഴത്തിൽ മണ്ണ് ഒലിച്ചുപോകുന്നു എന്ന വിദഗ്ധാഭിപ്രായം നമ്മുടെ പഞ്ചായത്തിനെകുറിച്ചുള്ള പഠനമാണോ എന്നു തോന്നിപ്പോകും. പ്രകൃതിയിൽ 2.5 സെ.മീ കനത്തിൽ മണ്ണ് രൂപപ്പെട്ടുവരുന്നതിന് 600 മുതൽ 1000 വരെ വർഷങ്ങൾ വേണ്ടിവരുമെന്ന കണക്കുകൂടി ചേർത്തുവായിക്കുമ്പോളാണ് പഞ്ചായത്തിലെ മണ്ണൊലിപ്പ് എത്ര ഭയാനകമാണന്ന് ബോദ്ധ്യമാകൂ.

   മഴക്കാലം തീർന്നാൽ അടുത്ത 6 മാസവും കൊടിയ വരൾച്ച ബാധിതമാണ് ഈ ഗ്രാമം. നീർമറി പ്രദേശ വികസനമെന്ന നിലയിൽ പഞ്ചായത്തിന്റെ ഒരു കോണിൽ നടപ്പാക്കിയ പദ്ധതി കർഷകർക്ക് വേണ്ടത്ര ഗുണം ചെയ്തില്ല. ജനപങ്കാളിത്തം ഉറപ്പാക്കാതെ, കോൺട്രാക്ട് - കോൺട്രാക്ടർ - ഉദ്യോഗസ്ഥ തലത്തിൽ പദ്ധതി നിർവ്വഹണം നടത്തിയതാണ് ഇതിന്റെ പ്രധാന പോരായ്മ.

2. ജലസേചനസൗകര്യം ഇല്ലായ്മ

3. ചെറുതുണ്ടു ഭൂമികൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഭൂവടമകളിൽ ഭൂരിപക്ഷവും ചെറുതുണ്ടു ഭൂമിയുടെ ഉടമസ്ഥരാണ്. വില്ലേജ് ഓഫീസ് രേഖകൾ അനുസരിച്ച് ഭൂവുടമകളിൽ 68 ശതമാനത്തിനും ഒരു ഏക്കറിൽ താഴെയേ ഭൂമിയുള്ളൂ. ഇവരിൽ തന്നെ 10 സെന്റിൽ താഴെ ഭൂമിയുള്ളവർ 18 ശതമാനം, 10-25 സെന്റ് ഭൂമിയുള്ളവർ 20 ശതമാനം, 25-50 സെന്റ് ഭൂമിയുള്ളവർ 16 ശതമാനം 50 സെന്റുമുതൽ ഒരു ഏക്കർ വരെയുള്ളവർ 14 ശതമാനം വരും. ഈ ചെറുതുണ്ടു ഭൂമികൾ ഫലപ്രദമായി കൃഷിചെയ്യുവാൻ കഴിയുന്നില്ല. കൃഷിയെമാത്രം ആശ്രയിച്ച് ഇവർക്ക് ഉപജീവനം നടത്താനും പറ്റില്ല.

4. രോഗങ്ങൾ കാർഷിക ഉല്പാദനത്തെ സാരമായി ബാധിക്കുന്നു. വിവിധ വിളകളെ ബാധിക്കുന്ന രോഗങ്ങൾ താഴെ പറയുന്നവയാണ്.

1 റബ്ബർ:- *പട്ടമരപ്പ്, ചീക്ക്*

2 തെങ്ങ്:- *കൂമ്പുചീയൽ കായ്വീഴ്ച, മഞ്ഞളിപ്പ്*

3 കൊക്കോ:- *കായ്പൊവിച്ചിൽ, കായ്ചീയൽ, തടിചീയൽ, മരത്തിന് പൂവുവിന്റെ ഉപദ്രവം*

4 കുരുമുളക്:- *ദ്രുതവാട്ടം*

5 ഇഞ്ചി, മഞ്ഞൾ, കച്ചോലം:- *മൂടുചീയൽ, നരപ്പുരോഗം, തണ്ടുതുരപ്പൻ*

6 വാഴ:- *കുരുന്നാമ്പ്, കറുത്തവണ്ടു ശല്യം*

7 നെല്ല്:- *കരിവൽ, മൂടുചീയൽ, പുഴുക്കേട്*

5 ജൈവവളങ്ങളുടെ ക്ഷാമവും ഉപയോഗക്കുറവും. കമ്പോസ്റ്റുവളം നിർമ്മിക്കുന്ന കർഷകരുടെ എണ്ണം വളരെ കുറവാണ്.

6. മണ്ണു പരിശോധയ്ക്കുള്ള സംവിധാനങ്ങളില്ല. തന്മൂലം ശാസ്ത്രീയമായ വളപ്രയോഗം നടക്കുന്നില്ല.

7. വിത്തുല്പാദനം- പലവിളകളുടെയും നല്ല വിത്തിനങ്ങൾ സമയത്ത് കിട്ടാനില്ല. അത്യാധുനികം എന്നപേരിൽ കൃഷിഭവൻ വഴിയും മറ്റും വിതരണം ചെയ്യുന്ന പല വിത്തുകളും നട്ടാൽ കിളിർക്കുന്നതല്ല. വിതരണം ചെയ്യുന്ന തെങ്ങിൻതൈകളുടെ ഗുണമേന്മ വിശ്വസനീയമല്ല. കർഷകർ പരമ്പരാഗതമായി പാലിച്ചുപോരുന്ന അതീവശ്രദ്ധയാർന്ന വിത്തുല്പാദനരീതി നിലനിർത്തുന്ന കാര്യത്തിൽ താല്പര്യമെടുക്കുന്നില്ല.

8. കൃഷിഭവൻ വഴി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന തെങ്ങിൻ വളങ്ങൾ ഗുമനിലവാരമില്ലാത്തവയാണ്. മണ്ണും പാറപ്പൊടിയും അടങ്ങുന്ന വളക്കിറ്റുകളാണ് കർഷകർ ചുമക്കുന്നത്. കൃഷി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള നിലവിലുള്ള പദ്ധതികൾ പലതും കർഷകർക്ക് പ്രയോജനപ്പെടുന്നില്ല.

9. വിളകളെയും കൃഷിരീതികളെയും കുറിച്ചുള്ള പുത്തൻ അറിവുകൾ കർഷകരിൽ എത്തുന്നില്ല. വിജ്ഞാന വ്യാപനേതര പ്രവർത്തനങ്ങൾ കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മുഴുവൻ സമയവും അപഹരിക്കുന്നു. ഓഫീസ് സമയം മുഴുവൻ ഫയലുകൾക്കിടയിൽ ഇരിക്കേണ്ടി വരുന്ന സർക്കാർ ഗുമസ്തനെപ്പോലെയാണ് ഇന്നത്തെ കൃഷി ആഫീസർ. കൃഷിഭവന്റെ സേവനം വേണ്ട സമയത്ത് കിട്ടുന്നില്ല.

10. നെൽകൃഷി പ്രായേണ നഷ്ടമാണ്.

ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവ് കർഷകതൊഴിലാളികളുടെ കുറവ്. ജലലഭ്യത, കാലാവസ്ഥ വ്യതിയാനങ്ങൾ. കുറഞ്ഞ അധ്വാനത്തിലൂടെ കൂടുതൽ ലാഭം എന്ന ലക്ഷ്യത്തോടെ റബ്ബർ കൃഷിയിലേക്കുള്ള വ്യതിയാനം മുതലായ കാരണങ്ങളാൽ നെൽകൃഷി കുറഞ്ഞുവരുന്നു.

11. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല. ട്രാക്ടർ ട്രില്ലർ കൊയിത്ത്-മെതിയന്ത്രങ്ങൾ-കപ്പ അരിച്ചിൽ യന്ത്രം മുതലായവ വേണ്ടത്ര ഉപയോഗിക്കുവാൻ തുടങ്ങിയിട്ടില്ല.

12. ഇടവിള കൃഷി നടക്കുന്നില്ല. പാടങ്ങളിൽ ഒരു കാലത്ത് കൃഷിചെയ്തു വന്നിരുന്ന വേനൽക്കാല പച്ചക്കറികളും വാഴയും മറ്റും ഇന്ന് കൃഷി ചെയ്യുന്നില്ല. തെങ്ങ്, കമുക്, കുരുമുളക്, തുടങ്ങിയ ദീർഘകാല വിളത്തോട്ടങ്ങളിൽ വേണ്ടത്ര സാന്ദ്രത ഇല്ലാത്തവയുണ്ട്. അത്തരം തോട്ടങ്ങളിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ശ്രമമുണ്ടായിട്ടില്ല.

13. പഞ്ചായത്തിൽ കൃഷിയോഗ്യമായ തരിശുഭൂമിയുള്ളതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. കൂടാതെ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയും ഏറെയുണ്ട്. തരിശുഭൂമി കൃഷിയുക്തമാക്കാനുള്ള ശ്രമം ഉണ്ടാകണം.

14. പ്രായാധിക്യം കൊണ്ടും രോഗബാധയാലും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകളുമാണ് ഉള്ളത്. ഇത്തരം തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വയ്ക്കുവാൻ പൂർണ്ണമായും കഴിഞ്ഞിട്ടില്ല.

15. പുൽകൃഷി-ഔഷധസസ്യകൃഷി- തേനീച്ചവളർത്തൽ, പൂകൃഷി, കൂൺകൃഷി, തുടങ്ങിയവക്കുള്ള സാദ്ധ്യതകൾ വിനിയോഗിച്ചിട്ടില്ല.

16. അമിതമായ കാടനാസിനി പ്രയോഗം, ഇന്ന് ഉപയോഗത്തിലിരിക്കുന്ന പലകീടനാശിനികളും മനുഷ്യന് ഹാനികരമാണ്.

17. സർക്കാർ പദ്ധതികളെക്കുറിച്ച് കർഷകർക്കുള്ള അറിവില്ലായ്മയും പദ്ധതിയുടെ കീഴിൽ വന്നവരുടെ എണ്ണം തികക്കാൻ മാത്രം വെമ്പുന്ന പദ്ധതി നടത്തിപ്പും കർഷകർക്ക് ഗുണകരമാകുന്നില്ല.

18. വളം, കീടനാശിനി, എന്നിവ വാങ്ങാൻ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുള്ള ആളുകൾ 3,4, കി.മീറ്ററിൽ കൂടുതൽ പോകേണ്ടിയിരിക്കുന്നു. പൊതു യാത്രാ സൗകര്യം ഇല്ലാത്തതിനാൽ

കർഷകർക്ക് ഒരു ദിവസത്തെ പണിയും ടാക്സി കൂലിയിനത്തിൽ പണവും നഷ്ടമാകുന്നു. ഇത് ഒഴിവാക്കുവാൻ കൊടികുത്തി പ്രദേശത്ത് പുറപ്പുഴ ബാങ്കിന്റെ വളം ഡിപ്പോ (ആഴ്ചയിൽ ഒരു ദിവസമെങ്കിലും) പ്രവർത്തിച്ചാൽ പഞ്ചായത്തിലെ 1,2,8 വാർഡുകളിലെയും കരിംകുന്നം പഞ്ചായത്തിലെ 6-ാം വാർഡിലെയും ആളുകൾക്ക് ഗുണം ലഭിക്കുമെന്ന് ഗ്രാമസഭയിൽ നിർദ്ദേശം വന്നിരുന്നു.

20. സമ്മശ്രകൃഷിയുടെ വ്യാപനത്തിന് റബ്ബർ തോട്ടങ്ങൾ തടസ്സമാകുന്നു.

21. വീടുകളിൽ നിന്നും വലിച്ചെറിയുന്ന പ്ലാസ്റ്റിക് കവറുകൾ മണ്ണിന്റെ ജൈവാംശം നശിപ്പിക്കുന്നു.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

നിർമതി പ്രദേശങ്ങളുടെ വികസനം:-

കാർഷിക-കാലാവസ്ഥാ വിഭജനമനുസരിച്ച് വടക്കൻ ഇടനാട് മേഖലയിൽ വരുന്നു. പഞ്ചായത്തിലെ നീർമറി പ്രദേശങ്ങൾ ഇന്ന് പരിസ്ഥിതി തകർച്ചയുടെ വക്കിലാണ്. മണ്ണൊലിപ്പും, വരൾച്ചയും രൂക്ഷമാണ്. തൻമൂലം മേൽമണ്ണിന്റെ ആഴം, മണ്ണിന്റെഉല്പാദനക്ഷമത, വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ പ്രഭാവം, എന്നിവ കുറഞ്ഞുവരുന്നു. സമഗ്രമായ മണ്ണ്-ജല-സസ്യജാല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ 65% ഭൂപ്രദേശവും കുന്നുകളും മലഞ്ചെരിവുകളുമാണ്. അതുകൊണ്ട് നീർമറി അടിസ്ഥാനമാക്കിയുള്ള മണ്ണ് സംരക്ഷണവും അതിവ പ്രാധാന്യം അർഹിക്കുന്നു. ഈ രംഗത്ത് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

a പരിസ്ഥിതിയും വികസനവും തമ്മിലുള്ള അടുത്ത ബന്ധം ജനങ്ങളിലെത്തിക്കുകയും ഒരു പ്രദേശത്തെ പരിസ്ഥിതി നിലവാരം താഴുന്നത് അവിടുത്തെ ദാരിദ്ര്യം കൂടാനും ജീവിതനിലവാരം കുറയാനും കാരണമാകുമെന്ന ബോധം ജനങ്ങളിലെത്തിക്കുകയാമാണ് പ്രധാനം.

b നീർമറി പ്രദേശങ്ങളിൽ ഒട്ടേറെ നിരൊഴുക്കുകളും ചെറുതോടുകളുമുണ്ട്. തോടുകളിലെ ഇരുവശങ്ങളിലും തവ വച്ചു പിടിപ്പിച്ചാൽ വശങ്ങളിലെ മണ്ണൊലിപ്പു കുറക്കുവാനും കഴിയും. "തഴപായ്" നെയ്യുന്ന തൊഴിലാളികൾക്ക് അസംസ്കൃത വസ്തുവും ലഭിക്കും.

c തോടിന്റെ അടിയിലുള്ള മണ്ണൊലിപ്പു കുറക്കുവാൻ വ്യാപകമായ തടയണകൾ തീർക്കുക.

d കൃഷിസ്ഥലത്തിനു ചുറ്റും വേലിച്ചെടികൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. മണ്ണു സംരക്ഷണത്തിനും കാറ്റ് മൃഗങ്ങൾ എന്നിവയിലൂടെ കൃഷിനാശം ഉണ്ടാകാതിരിക്കാനും ഇത് ഉപകരിക്കും.

e സമ്മശ്രകൃഷി വ്യാപകമാക്കുക

റബ്ബർ തോട്ടങ്ങളാണ് സമ്മിശ്രകൃഷിക്ക് വിഘാതം സൃഷ്ടിക്കുന്ന പ്രധാനഘടകം. റബ്ബറിന് വാണിജ്യപ്രാധാന്യമുണ്ടെന്നല്ലാതെ തെങ്ങിനും വാഴക്കുമുള്ള സർവ്വതോന്മുഖമായ ഗുണങ്ങൾ അവകാശപ്പെടാൻ കഴിയുകയില്ല. റബ്ബർ ഒരു തരത്തിലും പരിസ്ഥിതി ബന്ധുവായ ഒരു വൃക്ഷമല്ല. വിള വൈവിധ്യം ഇവിടെ സാധിക്കാതെ വരുന്നു. പഞ്ചായത്തിൽ വളർച്ചബാധിത പ്രദേശമാകുന്നതിൽ റബ്ബറിനും ഒരു പങ്കുണ്ട്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണേണ്ടതുണ്ട്. റബ്ബർ തോട്ടത്തിൽ രാമച്ചം വച്ചു പിടിപ്പിച്ചാൽ കുന്നിൻചരുവുകളിലുള്ള തോട്ടങ്ങളിലെ മണ്ണൊലിപ്പു കുറയ്ക്കാനാകും. റബ്ബർ തോട്ടങ്ങളിൽ മരങ്ങൾ തമ്മിൽ 20-25 അടി അകലം വിട്ടാൽ മറ്റു പല ഇടവിളകളും ചെയ്യാം. റബ്ബറിന്റെ എണ്ണത്തിൽ 1/3 കുറവ് വരുമെങ്കിലും ഇടവിളകളുടെ ആദായം കൂടി പരിഗണിച്ചാൽ ആദായത്തിൽ കുറവുണ്ടാകുകയില്ല. ഇലകളും മറ്റു അവശിഷ്ടങ്ങളും തുടങ്ങിയ ജൈവപദാർത്ഥങ്ങൾ ധാരാളമായി റബ്ബർ തോട്ടങ്ങലിൽ നിക്ഷേപിച്ച് മണ്ണിന്റെ ഉപരിതലത്തിലെ ജലാംശം നിലനിർത്താൻ കഴിയേണ്ടതാണ്. മണ്ണിന്റെ ഉല്പാദനക്ഷമത സ്ഥിരമായി നിലനിർത്തി കൃഷിയിൽനിന്നു ലാഭം ഉണ്ടാക്കുവാൻ പരിസ്ഥിതിക്കുചേർന്ന റബ്ബർ കൃഷിയും പ്രോത്സാഹിക്കപ്പെടണം. റബ്ബർ ബോർഡ് മുഖേന ഈ കാര്യത്തിൽ വ്യാപകമായ പ്രചരണം ഉണ്ടാകണം.

f വൃക്ഷവൽക്കരണം

വനവൽക്കരണത്തിന് വളരെ അനുഗ്രഹീതമായ കാർഷികഘടകങ്ങളാണ് പഞ്ചായത്തിലുള്ളത്. എന്നാൽ വർദ്ധിച്ച ജനസാന്ദ്രതമൂലമുള്ള സമ്മർദ്ദഫലമായി വിപുലമായ വനവൽക്കരണത്തിനുള്ള സാദ്ധ്യതകളില്ലെന്ന് പറയാം. അതേ സമയം വിറക്, തടിവ്യവസായം, എന്നിവയ്ക്ക് വനവിഭവങ്ങളുടെ ആവശ്യം വർദ്ധിച്ചു വരുകയും ചെയ്യുന്നു. കൂടാതെ മഴയും വെയിലും ജീവജാലങ്ങൾക്ക് പര്യാപ്തമാകുന്ന ഊർജ്ജ വസ്തുക്കളായി മാറ്റുന്നതിനുംമരങ്ങൾ സഹായിക്കുന്നു. വനവൽക്കരണം സാദ്ധ്യമല്ലെങ്കിലും വ്യാപകമായ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ ഏറേ സാദ്ധ്യതകളുണ്ട്. ഈ രംഗത്ത് താഴെ പറയുന്ന സാദ്ധ്യതകൾ വിനിയോഗിക്കാവുന്നതാണ്.

1, റബ്ബർ തോട്ടങ്ങളുടെ അതിരുകളിൽ ആഞ്ഞിലി, പ്ലാവ്, തേക്ക്, തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചാൽ മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കാനും കാറ്റിൽ നിന്നും മറ്റും മരങ്ങളെ സംരക്ഷിക്കാനും കഴിയും.

ii വീട്ടുവളപ്പിലെ ഒഴിഞ്ഞകോണുകളിലും തെങ്ങിൻ തോപ്പുകളുടെ ഇടയിലും വാളൻപുളി, തേക്ക്, ആഞ്ഞിലി, പ്ലാവ്, മാവ്, തുടങ്ങി വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാൻ കഴിയണം.

iii പുറപ്പുഴ ഗവ: L.P.S, കുണിഞ്ഞി ഗവ; L.P.S, സെന്റ് ആന്റണീസ് L. P സ്ക്കൂൾ, സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, സെന്റ് സബാസ്റ്റ്യൻ ഹൈസ്ക്കൂൾ എന്നീ സ്ക്കൂളുകളുടെ സ്ഥലത്തിന്റെ അതിരുകളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ കഴിയണം.

iv സർക്കാർ ആശുപത്രികളുടെയും സബ് സെന്ററുകളുടെയും കോമ്പൗണ്ട് പരിസരത്ത് തേക്ക് വച്ചു പിടിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

v പഞ്ചായത്തിന്റെ ക്ഷേത്രങ്ങളുടെയും, പള്ളികളുടെയും പരിസരത്ത് ആരാധനാ സൗകര്യങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത മട്ടിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ സാധിക്കും.

vi പഞ്ചായത്തിൽ റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങലിൽ വൃക്ഷവൽക്കരിക്കാൻ കഴിയണം.

g കുത്തനെയുള്ള ചരിവുകൾ വളരെ കൂടുതലുള്ള പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ മണ്ണൊലിപ്പു തടയുന്നതിന് വ്യാപകമായി കല്ലു കയ്യാലകൾ തീർക്കേണ്ടതുണ്ട്. ജനങ്ങളെ ഉണർത്തിക്കൊണ്ട് എല്ലാ പുരയിടങ്ങളിലും കല്ലു കയ്യാലകൾ തീർക്കാൻ കഴിയണം. സാമ്പത്തികശേഷി കുറഞ്ഞ ആളുകൾക്ക് സർക്കാർ സഹായം ലഭ്യമാക്കുകയും വേണം.

h ഒഴുകി വരുന്ന മഴവെള്ളം ശേഖരിക്കുവാൻ പുരയിടങ്ങളിൽ ഇടക്കിടെ കിടങ്ങുകൾ കുഴിക്കുക

i നീരൊഴുക്കുകൾ ഉപതോടുകൾ എന്നിവയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുക

j നീരൊഴുക്കിന്റെ വേഗം കുറക്കുവാൻ ഉപതോടുകലിൽ വ്യാപകമായി ചെക്ക് അണകൾ തീർക്കേണ്ടതുണ്ട്. കാഞ്ഞാരക്കുഴി- പുറപ്പുഴ തോട്, വെളിയംപിള്ളിച്ചാൽ-കാഞ്ഞാരക്കുഴിതോട്, കൊടികുത്തി-കാഞ്ഞാരക്കുഴി തോട്, കൊടികുത്തി-തോയിപ്രതോട്, വഴിത്തല ചെറുതോട്, ആറാം ചേരിതോട്, ചെള്ളൽതോട്, എന്നിവയിലൊക്കെ മഴക്കാലത്ത് എത്തുന്ന വെള്ളം യാതൊരു തടസ്സവുമല്ലാതെ കുത്തിയൊഴുകി പോവുകയാണ്. വെള്ളം സംരക്ഷിക്കപ്പെടാത്തത് ഈ പ്രദേശങ്ങളിൽ വരൾച്ചയും മണ്ണൊലിപ്പും രൂക്ഷമാക്കാൻ കഴിയുന്നു.

k എല്ലാ വൃക്ഷങ്ങളുടെയും ചെടികളുടെയും ചുവട്ടിൽ ഉള്ളിലേക്ക് ചെരിവു വരുന്ന വിധത്തിൽ വൃത്താകൃതിയിലുള്ള തടങ്ങൾ ഉണ്ടാക്കിയാൽ വെള്ളം ചെടിയുടെ ചുവട്ടിലേക്ക് വാർന്നിറങ്ങാൻ ഉപകരിക്കും.

l ചെടികളുടെ ഇടയിലായി 1മീ x 1മീ x 1മീ അളവിലുള്ള കുഴികൾ ധാരാളം ഉണ്ടാക്കുന്നതിലൂടെ ജലധാരണാശേഷി വർദ്ധിപ്പിക്കാൻ കഴിയും.

ഉയർന്ന പ്രദേശങ്ങളിലും, ചരിവുപ്രദേശങ്ങളിലും കഴിയുന്നത്ര കുളങ്ങൾ നിർമ്മിക്കുക

II ജലസേചനസൗകര്യം വർദ്ധിപ്പിക്കുക

പഞ്ചായത്തിലെ കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ ജലസേചനസൗകര്യം ഏർപ്പെടുത്താതെ തരമില്ല. ഈ രംഗത്ത് ഒരു ദിമുക സമീപനം സ്വീകരിക്കേണ്ടതുണ്ട്.

ഒന്നാമതായി, പഞ്ചായത്തിൽ സാദ്ധ്യമായത്ര കൂളങ്ങളും കിണറുകളും സ്ഥാപിക്കാനും വൈദ്യുതി കണക്ഷൻ (ഈകാര്യത്തിൽ വോൾട്ടേജ് പ്രശ്നം ഉണ്ട്) ലഭ്യമാക്കാനും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. തെങ്ങിന്റെയും നെല്ലിന്റേയും ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഈ നടപടി ഒഴിവാക്കാനാവാത്തതാണ്.

രണ്ടാമതായി, മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽപ്പെടുത്തി സബ് കനാലുകൾ തീർത്തോ മറ്റു മാർഗ്ഗങ്ങളിലൂടെയോ ജലം പഞ്ചായത്തിൽ എത്തിക്കണം. ഈ പദ്ധതിയിൽ നിന്നും ലിഫ്ട് ഇറിഗേഷൻ വഴി ഇവിടെ വെള്ളം എത്തിക്കാൻ കഴിയും.

III ജനഭൂരിപക്ഷം ചെറുതുണ്ടു ഭൂമിയുടെ ഉടമകളായതിനാൽ, ഇത്തിരി സ്ഥലത്തുനിന്നു പരമാവധി വിളവെടുക്കാൻ അതീവശ്രദ്ധയും നയവും വേണം. താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

(a) കൈയ്യിൽ കിട്ടിയ വിത്തുകളും തൈകളും വാരിവലിച്ചു നട്ടാൽ ഉദ്ദേശിച്ച ഫലം കിട്ടില്ല. ആലോചനാശേഷിയും ദീർഘവീക്ഷണവും ആസൂത്രണവും വീട്ടുമുറ്റത്തെ കൃഷിക്ക് അനിവാര്യമാണ്. ശരിയായ സൂര്യപ്രകാശംഉറപ്പാക്കിക്കൊണ്ടുതന്നെ ശാസ്ത്രീയ ആസൂത്രണം ഉണ്ടെങ്കിൽ തെങ്ങ്, വാഴ, മാവ്, കടപ്ലാവ്, പപ്പായ, പുളി, പ്ലാവ്, മരച്ചീനി, എന്നീ വിളകളും വെണ്ട, മുളക്, പയറ്, ചീര, ചേമ്പ്, വഴുതന, എന്നീ പച്ചക്കറികളും ഒരോ പത്തു സെന്റു പുരയിടത്തിലും കൃഷിചെയ്യാം. ശാസ്ത്രീയമായ വിളക്രമത്തെക്കുറിച്ച് കർഷകർക്ക് അറിവുനൽകാൻ നമ്മുടെ കൃഷിഭവനുകൾക്കു കഴിയണം.

(b) സാമ്പത്തിക- സാമൂഹ്യപിന്നോക്കാവസ്ഥയുടെ ഫലമായി പഞ്ചായത്തിലെ ചെരുതുണ്ടു ഭൂമികൾ ഫലപ്രദമായി സംരക്ഷിക്കപ്പെട്ടിട്ടില്ല. ചെറുകിട-നാമമാത്ര കർഷകരെ കർമ്മോത്സുകരാക്കാൻ പ്രത്യേക ശ്രദ്ധ (ബോദവൽക്കരണവും സാമ്പത്തിക സഹായവും) കൊടുക്കേണ്ടതുണ്ട്.

IV വിളരോഗങ്ങൾക്ക് പ്രതിവിധി കാണേണ്ടിയിരിക്കുന്നു. വിത്തുല്പാദനം മുതൽ വിളയുടെ ഓരോ ഘട്ടത്തിലും അനുവർത്തിക്കേണ്ട പ്രതിവിധികൾ കർഷകരിലെത്തിക്കണം. ജൈവവളങ്ങളും കീടനാശിനികളും പ്രചരിപ്പിക്കുക. ഈ രംഗത്തുള്ള നാട്ടറിവുകൾ വ്യാപകമായി പ്രയോജനപ്പെടുത്തുക.

V കമ്പോസ്റ്റു വള നിർമ്മാണം ഒരു കാർഷിക സംസ്ക്കാരമാക്കി മാറ്റുക

VI ശാസ്ത്രീയമായ മണ്ണു പരിശോധനക്കുറവും വള പ്രയോഗത്തിനുമുള്ള സൗകര്യം ലഭ്യമാക്കുക. മണ്ണു പരിശോധനാ റിപ്പോർട്ടുകൾ കർഷകർക്ക് നൽകാനുള്ള ഏർപ്പാടുമുാക്കണം.

VII കൃഷി ആഫീസറുടെ മേൽനോട്ടത്തിൽ കർഷകരുടെ ശ്രദ്ധയാർന്ന പരമ്പരാഗത വിത്തുല്പാദനരീതി കൂടി കണക്കിലെടുത്ത് പഞ്ചായത്തിലേക്ക് ആവശ്യമുള്ള വിത്തുകൾ ഉല്പാദിപ്പിക്കാൻ കേരസമിതി, കുരുമുളക് സമിതി, പാടശേഖര സമിതി എന്നീ കർഷകസംഘങ്ങളെ ചുമതലപ്പെടുത്തുക.

VIII കൃഷിഭവൻ വഴി വളം വിതരണം ചെയ്യുന്നതിനു പകരം കർഷകർക്ക് വളത്തിനുള്ള പെർമിറ്റ് കൊടുക്കുകയും അവർക്ക് സൗകര്യമുള്ള സഹകരണബാങ്കിന്റെ വളം ഡിപ്പോകളിൽ നിന്നും വളം വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

IX കർഷകരും കർഷകത്തൊഴിലാളികളും കൃഷി ഓഫീസറും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ കാർഷികരംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയൂ. ഇപ്പോൾ കൃഷി ഓഫീസർക്ക് കർഷകരെ കൃഷിയിൽ സ്സഹായിക്കുവാൻ സമയം കിട്ടുന്നില്ല. കൃഷിഭവനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുവാനും, കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാൻ കൃഷി ഓഫീസറേയും ആവശ്യത്തിന് കൃഷി അസിസ്റ്റന്റുമാരെയും കൃഷിയിടങ്ങളിലേക്ക് അയക്കുവാനും

കഴിയണം.

X കൃഷിയിൽ അഭിരുചിയുള്ളവർക്ക് കാർഷിക വിദ്യാഭ്യാസം നൽകണം. പുസ്തക വിജ്ഞാനത്തിനു തുല്യമായ അളവിൽ പ്രായോഗിക പരിചയംകൂടി നൽകുന്നതായിരിക്കണം കാർഷിക വിദ്യാഭ്യാസം.

XI കൃഷി ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കേവലമൊരു ജോലിയല്ല പ്രൊഫഷൻ ആണ്. ഈ രംഗത്ത് മികച്ച ഉദ്യോഗസ്ഥരെ ആദരിക്കാനുള്ള അവാർഡ് ഏർപ്പെടുത്തണം. കൃഷി ഓഫിസർമാരുടെ അറിവ് പുതുക്കിക്കൊണ്ടിരിക്കുന്നതിന് ഇടയ്ക്കിടെ അവർക്ക് ഇൻസർവ്വീസ് ട്രെയിനിംഗും പരീക്ഷയും ഏർപ്പെടുത്തണം.

XII നെൽകൃഷിക്ക് പ്രത്യേകം സബ്സിഡി ഏർപ്പെടുത്തുക. കൃഷിച്ചെലവ് മുഴുവൻ സബ്സിഡി കൊടുത്താലും സാമൂഹ്യമായി അത് നഷ്ടമാകുന്നില്ല.

XIII പാടങ്ങൾ നികത്തി കെട്ടിടം വയ്ക്കുകയും റബ്ബർ, തേക്ക്, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള കർഷകരിൽ നിന്ന് ആ ഭൂമി വിലയുടെ ഒരു ശതമാനത്തിൽ കുറയാത്ത തുക പഞ്ചായത്തിലേക്ക് പ്രതിവർഷം നികുതി അടപ്പിക്കാൻ പഴുതുകളില്ലാത്ത നിയമം നടപ്പാക്കുക, വസ്തുവില ഓരോ അഞ്ചു വർഷത്തിലും പുതുക്കി നിശ്ചയിക്കുകയും വേണം.

XIV കർഷക സമിതികൾ വഴി ആധുനിക യന്ത്രോപകരണങ്ങൾ നൽകുക

XV പഞ്ചായത്തിലെ ഒരുപ്പു നിലങ്ങൾകൂടി ഇരുപ്പു നിലഹ്ങലാക്കുക, ഇരുപ്പുനിലങ്ങൾ തരിശിടാതെ പച്ചക്കറി കൃഷിക്ക് ഉപയുക്തമാകളുക, പാടങ്ങലിൽ കുളം നിർമ്മിച്ച് പച്ചക്കറി കൃഷിക്കുള്ള വെള്ളം ലഭ്യമാക്കാൻ കഴിയു്. നീർമറി പ്രദേശങ്ങളുടെ വികസനത്തിലൂടെ തോടുകളുടെയും മറ്റും ജലലഭ്യത വർദ്ധിപ്പിക്കാം.

XVI എല്ലാ വീട്ടു വളപ്പിലും പഴം-പച്ചക്കറി തോട്ട നിർമ്മാണം ലക്ഷ്യമിടുക. പപ്പായ, സപ്പോട്ട, പേര, നെല്ലി, നാരങ്ങ, ആത്ത, ചാംബ, ഫാഷൻഫ്രൂട്ട്, ചെറി, തുടങ്ങിയ ഇനങ്ങൾ കൃഷിഭവൻ വഴി വിതരണം ചെയ്യാൻ കഴിയണം. പഴം-പച്ചക്കറി തോട്ട നിർമ്മാണം വീട്ടമ്മമാരെ ഏല്പിച്ച് അവർക്ക് കൃഷിഭവൻ വഴി വിത്തും സഹായവും നിർദ്ദേശഹ്ങളും സമയത്ത് ലഭ്യമാക്കിയാൽ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

XVII പഞ്ചായത്തിലെ റോഡ്-തോട് പുരമ്പോക്കുകളിൽ വൃക്ഷവൽക്കരണം നടത്തുക. തോട്ടുപുറങ്ങളിൽ ചില ഭാഗങ്ങലിൽ പച്ചക്കറിത്തോട്ട നിർമ്മാണത്തിനു് സാദ്ധ്യതയുണ്ട്. പാരക്കെട്ടുകൾ നിറഞ്ഞവയെങ്കിലും കൃഷിയോഗ്യമല്ലാത്ത തരിശ്ശിൽ കുറെ എങ്കിലും മരച്ചീനി കൃഷിക്ക് ഉപയുക്തമാക്കാം.

XVIII ഓഷധസസ്യകൃഷി, പൂക്കൃഷി, കൂൺകൃഷി, തുടങ്ങിയ നൂതന കൃഷിസംറംഭങ്ങൾ വേണ്ടത്ര പ്രചരിപ്പിക്കുക. ഒരു വാർഡിൽ ചുരുങ്ങിയത് 10 വീടുകളിലെങ്കിലും ഇത്തരം പദ്ധതി നടപ്പിലാക്കുക.

XIX വീടുകളിൽ നിന്നു് വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകളും മറ്റും ഗുരുതരമായ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നു. ഇത്തരം സാധനങ്ങൾ കത്തിച്ചുകളയാനുള്ള ബോധവൽക്കരണം നടത്തുക.

XX പഞ്ചായത്തിൽ കൊടികുത്തി, കുര്യൻകുന്ന്, എന്നീ മേഘലകളിൽ അടുത്ത കാലത്ത് (1985 നും 1995 നുംഇടയിൽ) രണ്ടുതവണ ശക്തമായ ഉരുൾ പൊട്ടൽ ഉണ്ടാവുകയും തന്മൂലം വലിയ നാശനഷ്ടങ്ങൾക്കിടയാവുകയും ചെയ്തു. ആയതിനാൽ വിശദമായ ഭൗമഘടനാ പഠനം പഞ്ചായത്തിൽ നടത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ CESS പോലുള്ള ഏജൻസികളുടെ സഹായം ലഭ്യമാക്കണം.

XXI കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ്, വി.ഇ. ഓഫീസ് എന്നിവയുടെ യോജിച്ച പ്രവർത്തനം ഉറപ്പുവരുത്തുക.

ജനങ്ങളുടെ കൂട്ടായ്മയിലൂടെ മാത്രമേ കാർഷികരംഗത്തെ മുരടിപ്പ് മാറ്റുവാൻ കഴിയു. ജനകീയാസൂത്രണത്തിലൂടെ രൂപകല്പന ചെയ്യുന്ന പദ്ധതികൾ വിജയിപ്പിക്കുവാൻ ആബാലവൃദ്ധ

ജനങ്ങളും അണിനിരക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ കാർഷികമേഖലയിൽ ഒരു പുതിയ സംഘടനാ രൂപം ഉണ്ടാകുന്നത് നന്നായിരിക്കും. ഓരോ വാർഡിലും 10 മുതൽ 25 വീടുകളെ ചേർത്തുകൊണ്ട് 'കർഷക ക്ലബ്ബുകൾ' രൂപീകരിക്കുക. ഓരോ കർഷക ക്ലബ്ബിൽ നിന്നും ഒരു പ്രതിനിധി പഞ്ചായത്തു തലസമിതിയിൽ വരണം.(പ്രതിനിധികളിൽ പകുതി വനിതകളായിരിക്കണം) പഞ്ചായത്തു ഭരണസമിതിയും കൃഷി ഓഫീസറും ഈ സമിതിയിൽ വരണം. ഈ ഉപദേശകസമിതി പഞ്ചായത്തുഭരണസമിതിയുടെ കീഴിൽ പ്രവർത്തിച്ച് പഞ്ചായത്തിലെ പദ്ധതിർകൾ വിജയിപ്പിക്കുക. കർഷകക്ലബ്ബുകൾ തമ്മിൽ ആരോഗ്യകരമായ മത്സരങ്ങളും സമ്മാനങ്ങലും ഏർപ്പെടുത്തുക. (ഈ ആശയം കൂട്ടായ ചർച്ചയിലൂടെ പുഷ്ടിപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ടവഴി കണ്ടെത്താമെന്നതുകൊണ്ട് കൂടുതൽ വിശദീർകരണത്തിന് തയ്യാരാകുന്നില്ല.)

XXIII കൃഷിചെയ്യാത്ത കൃഷിയുക്തമായ ഭൂമി പഞ്ചായത്ത് പാട്ടത്തിനെടുത്ത് കൃഷിചെയ്യാൻ തയ്യാറുള്ള കർഷക ക്ലബ്ബുകളെ ഏല്പിക്കുക. പച്ചക്കറികൃഷി, പൂക്കൃഷി, പഴവർഗ്ഗകൃഷി, തുടങ്ങിയ കൃഷകൾ ഈ രീതിയി ൽ നടത്താൻ കഴിയും.

XXIV പല പദ്ധതികളും ജനങ്ങൾ അരിയുന്നില്ലെന്ന പരാതിയുണ്ട്. അതുപോലെ ലോക്കൽ ഗവൺമെൻർ എന്ന നിലയിൽ പഞ്ചായത്തിന് ഒരു പബ്ലിക് റിലേഷൻ കൂടിയേ കഴിയൂ. ഈ കുറവുകൾ നികത്താൻ പഞ്ചായത്തിൻരെ വക ഒരു പ്രസിദ്ധീകരണം 'ഗ്രാമധ്വനി' എന്ന പേരിൽ ആരംഭിക്കുന്നത് നന്നായിരിക്കും. (തുടക്കമെന്ന നിലയിൽ മാസത്തിൽ ഒരു ലക്കം പ്രസിദ്ധീകരിച്ചാലും മതിയാകും) സ്പോൺസർമാരെ കണ്ടെത്തി ഇതിനുള്ള പണം കണ്ടെത്താനും കഴിയും.

മാർക്കറ്റ്

കാർഷിക മേഖലയിലെ മുന്നേറ്റത്തിനൊപ്പം ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികൂടി വളർന്നു വരേണ്ടതുണ്ട്. പഴം-പച്ചക്കറി, ഔഷധസസ്യകൃഷി, കൂൺകൃഷി, പൂക്കൃഷി, തുടങ്ങിയ കൃ,ഇകൾ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ ഇയ്ക്കുള്ള വിപണി ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. സഹകരണമേഖലയിൽ പുറപ്പുഴ കേന്ദ്രീകരിച്ച് കാർഷികോല്പന്നങ്ങളുടെ സംഭരണ വിപണനസൗകര്യം ഏർപ്പെടുത്തുക. പഞ്ചായത്തിലെ വിവിധഭാഗങ്ങലിൽ നിന്നും കാർഷികോല്പന്നങ്ങൾ ശേഖരിക്കാനുള്ള സംവിധാനവും ഉണ്ടാകണം.

മൃഗസംരക്ഷണം മത്സ്യബന്ധനം

ലോകത്തിൽ വച്ച് ഏറ്റവും കൂടുതൽ മൃഗങ്ങളെ വളർത്തുന്ന രാജ്യമാണ് ഭാരതം. മനുഷ്യന്റെ ആഹാരത്തിൽ ഉണ്ടായിരിക്കേണ്ട അവശ്യഘടകമായ പ്രോട്ടീൻ ലഭിക്കുന്നത് മുട്ട, പാൽ, മാംസം തുടങ്ങിയവയിൽ നിന്നാണ്. വർഷങ്ങൾക്കുമുമ്പ് കൃഷിപ്പണികൾക്കും, ഗതാഗതത്തിനും കാളകളെ ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്നത്തെതലമുറ കാളവണ്ടികൾ കാണുന്നത് വല്ലപ്പോഴും നടക്കുന്ന കാളവണ്ടിയോട്ട മത്സരങ്ങളിലൂടെയാണ്. കന്നുകാലികളുടെ തോൽകൊണ്ട് ചെരിപ്പ്, ബാഗ് തുടങ്ങിയവയും കൊമ്പ് കുളമ്പ് തുടങ്ങിയവ കൊണ്ട് ചീപ്പ് കളിക്കോപ്പുകൾ തുടങ്ങിയവയും എല്ലുകൊണ്ട് എല്ലുപൊടിയും ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. പണ്ട് നമുക്ക് വിസ്തൃതമായ വനപ്രദേശവും കൃഷിയിടങ്ങളും ഉണ്ടായിരുന്നതിനാൽ മൃഗങ്ങളെ വ്യാപകമായി വളർത്തിയിരുന്നു. പ്രധാന വളർത്തുമൃഗങ്ങൾ, പശു, ആട്, തുടങ്ങിയവയാണ്. വളർത്തുപക്ഷികളിൽ പ്രധാനമായവ കോഴിയാണ്. ഭൂരിഭാഗം വീടുകളിലും മുട്ട കോഴികളെ വളർത്തുന്നുണ്ട്. ഇറച്ചിക്കു വേണ്ടിയല്ലങ്കിലും 15% വീടുകളിലും മുയൽ വളർത്തുന്നുണ്ട്.

നെൽപ്പാടങ്ങൾ നികത്തി മറ്റു കൃഷി ചെയ്യുന്നതിനാൽ നെൽകൃഷി വളരെ കുറഞ്ഞു അതുകൊണ്ടുതന്നെ വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാനും കാരണമായി. ഗതാഗത സൗകര്യങ്ങൾ ഏറെ വർദ്ധിച്ചപ്പോൾ വണ്ടിക്കാളകളുടെ ഉപയോഗവും നാമമാത്രമായി.

ഈ ഗ്രാമത്തിൽ 3 പാൽ സൊസൈറ്റികളിലായി പ്രതിദിനം 400 ലിറ്റർ പാൽ ശേഖരിക്കപ്പെടുന്നു. അതിൽ 170 Litre ഇവിടെതന്നെ വിറ്റഴിക്കപ്പെടുന്നു. ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവനും ഇവിടെ വിറ്റഴിക്കപ്പെടുന്നില്ല തീറ്റപ്പുൽകൃഷി ഇവിടെ കുറഞ്ഞതും, കാലിത്തീറ്റയുടെ വിലവർദ്ധനവും. ചികിത്സാസൗകര്യങ്ങളുടെ കുറവും കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

ക്ഷീരവികസനത്തിന്റെ മുഖ്യ ഉദ്ദേശം ജനങ്ങൾക്ക് ആവശ്യമായ പാൽ ഉത്പാദിപ്പിക്കുസ, കുടുംബങ്ങൾക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക, കുടുംബാംഗങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ചാണകം ഉത്പാദിപ്പിക്കപ്പെടുക തുടങ്ങിയവയാണ്. ക്ഷീരോത്പാദന സാദ്ധ്യതയുള്ള ഈ ഗ്രാമത്തിൽ സമഗ്രക്ഷീരവികസനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ആലപ്പുഴ പാൽപ്പൊടി കമ്പനിക്ക് ആവശ്യമായ പാൽ നൽകുവാൻ സാധിക്കും. കന്നുകാലി വികസനവും പാലുത്പാദനവും ത്വരിതപ്പെടുത്തുന്നതിന് ഒരു ഡയറി കോളേജ് ആരംഭിക്കുന്നതോടൊപ്പം മറ്റു മൃഗസംരക്ഷണ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് വള്ളിക്കെട്ടിലാണ് സ്ഥിതിചെയ്യുന്നത്. വളരെ അസൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന ഈ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല. പുറപ്പുഴ വില്ലേജിൽപ്പെട്ട 1, 2, 8 വാർഡ് മുഴുവനായും 3 വാർഡിന്റെ പടിഞ്ഞാറുഭാഗം, 6-ാം വാർഡിന്റെയും 4-ാം വാർഡിന്റെയും പടിഞ്ഞാറുഭാഗം, 5-ാം വാർഡിന്റെ ഒരുഭാഗം തുടങ്ങിയ പ്രദേശങ്ങളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ 2മുതൽ 5 K.M. വരെ സഞ്ചരിച്ചാണ് മൃഗാശുപത്രിയിലെത്തുന്നത്. വേണ്ടത്ര ചികിത്സ ലഭിക്കാതെ കാലികൾക്ക് രോഗം മൂർച്ചിക്കുന്ന അവസ്ഥയും ഉണ്ടാവുന്നുണ്ട്.

കാലികളിൽ സാധാരണയായി അകിടുവീക്കം, കുളമ്പുരോഗം, ചെള്ള്, പനി, വിരശല്യം തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു.

കന്നുകാലികളിൽ നിന്നുള്ള ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാനും അവയുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തിപ്പോരുന്നതിനുമായി പരിസരശുചീകരണം പാലിക്കേണ്ടതും ആരോഗ്യതത്വങ്ങൾ അനുസരിക്കേണ്ടതുമാണ്. ഇതിനായി നല്ല വൃത്തിയുള്ള തൊഴുത്തിലായിരിക്കണം ഇവയെ വളർത്തേണ്ടത്. പശുക്കൾക്ക് സമീകൃതാഹാരം സമയത്തു നൽകുക, പാല് കറന്നെടുക്കുന്നതിന് കൃത്യനിഷ്ഠ പാലിക്കുക, തുടങ്ങിയവ ചെയ്യേണ്ടത് അവശ്യമാണ്. ഈ പഞ്ചായത്തിൽ 1300 ാളം മൃഗങ്ങളെ മാംസത്തിനായി ഉപയോഗിച്ചുവരുന്നു.

ഇന്ന് കൃത്രിമ ബീജസങ്കലനത്തിന് 2 മുതൽ

5 K.M. വരെ ദൂരം പശുക്കളെയും കൊണ്ട് പോകേണ്ടിവരുന്നു. ആയതിനാൽ ഗ്രാമവാസികൾക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ട് ചില്ലറയല്ല. വളർത്തുമൃഗങ്ങൾക്കുണ്ടാവുന്ന രോഗങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. രോഗങ്ങളെകുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യമാണ്. നല്ലയിനം പശുക്കലെ ഉത്പാദിപ്പിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ ക്രിത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

കോഴിവളർത്തൽ

വളരെക്കാലമായി ഈ ഗ്രാമത്തിൽ കോഴികളെ ഒരു കൂടിൽ വ്യവസായമായി വളർത്തിവരുന്നു. ഏകദേശം 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കേരളം ഒരു കാലത്ത് Egg bascat of India എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ ചിലവാകുന്ന മുട്ടയുടെ ഏറിയ പങ്കും തമിഴ്നാട്ടിൽ നിന്നു കൊണ്ടുവരുന്നവയാണ്. കോഴിയിറച്ചി, മുട്ട തുടങ്ങിയവയുടെ ഉത്പാദന സംസ്ഥാനം ഉപഭോഗസംസ്ഥാനമാക്കി മാറ്റിയതിൽ നമുക്കും പങ്കില്ലേ? ഇന്ന് പുറപ്പുഴയിൽ 8 ഇറച്ചിക്കോഴി വളർത്തുന്ന കേന്ദ്രവും 1 കോഴിനഴ്സറിയും ഉണ്ട്. നഴ്സറി കൊണ്ട് ഉദ്ദേശിക്കുന്നത് പഞ്ചായത്തിന് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ്. ഇന്ന് പ്രതിവർഷം 135കോടി മുട്ട കേരളത്തിൽ ഉപയോഗിക്കപ്പെടുന്നു. പന്നി വളർത്തൽ ഇന്ന് ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് പഞ്ചായത്തിൽ നാമമാത്രമായ പന്നി വളർത്തലേ ഉള്ളൂ.

ആടുവളർത്തൽ ഇന്ന് വ്യാപകമായിട്ടുണ്ട്. ഇറച്ചിക്കും, പാലിനും വേണ്ടിയാണ് ഈ ഗ്രാമവാസികൾ ആടിനെ വളർത്തുന്നത്., Water Shed പദ്ധതിയിൽ പുറപ്പുഴ പഞ്ചായത്തിലെ 8 - ാം വാർഡിൽ വളരെയധികം ആടിനെ നൽകിയിട്ടുണ്ട് ഉത്സാഹിച്ച് ജനങ്ങൾ ഈ കൃഷിയിൽ ഏർപ്പെടുന്നു.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ല് വൈക്കോൽ തുടങ്ങിയവയുടെ ലഭ്യത കുറവ്
3. മൃഗചികിത്സാ സൗകര്യങ്ങളില്ലായ്മ.
4. ക്ഷീരവിപണനത്തിനുള്ള സൗകര്യമില്ലായ്മ.
5. കാലിവളർത്താൻ സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം
6. ബീജസങ്കലനം നടത്താൻ സൗകര്യമില്ലായ്മ
7. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്ന് തകർച്ചയുടെ വക്കീലാണ്. സർക്കാർ നയമാണ് ഇതിനു കാരണം.

സാദ്ധ്യതകൾ

1. പുറപ്പുഴ പഞ്ചായത്തിന്റെ പാലുത്പാദനം വർദ്ധിപ്പിക്കാൻ ഓരോ പ്രദേശത്തേയും ഒരു ക്ഷീര വികസന സംഘത്തിനു കീഴിലാക്കുക. 3 Milk Society കളുണ്ടങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.
2. കാലിത്തീറ്റ സഹ. സംഘങ്ങൾ വഴി കുറഞ്ഞ വിലക്ക് ലഭ്യമാക്കുക. ഒരു ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. മരച്ചീനി, കൊക്കോത്തോട് തുടങ്ങിയവ ഉപയോഗിച്ച് ഈ യൂണിറ്റ് നടത്താം.
3. പുറപ്പുഴ പഞ്ചായത്തിൽ മൃഗാശുപത്രിക്ക് ഒരു കെട്ടിടം പണിയുക. മൃഗാശുപത്രിയുടെ സേവനം കൂടുതൽ ലഭ്യമാക്കാൻ കൂണിഞ്ഞിയിലും പുറപ്പുഴയിലും ഓരോ മൃഗാശുപത്രി സ്ഥാപിക്കണം. ഓരോ പ്രദേശത്തും ബീജസങ്കലനകേന്ദ്രങ്ങൾ തുറക്കേണ്ടത് അത്യാവശ്യമാണ്. പുറപ്പുഴ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുത്പാദനകേന്ദ്രം സ്ഥാപിക്കുക. കോഴികൾക്കു പ്രതിരോധകുത്തിവയ്പ് നടത്തുക. കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴിക്കുഞ്ഞുങ്ങളെ വിൽക്കുന്നതിന് സഹ. സംഘങ്ങളെ ഏൽപ്പിക്കുക.
4. മുയൽ വളർത്തുന്നതിന് പ്രോത്സാഹനം കൊടുക്കുക. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകുക.

മത്സ്യബന്ധനം

പുറപ്പുഴ പഞ്ചായത്തിൽ മത്സ്യബന്ധനത്തിനു സൗകര്യങ്ങളില്ല. പ്രധാനമായും രണ്ടുതോടുകളാണുള്ളത് കുണിഞ്ഞി, പുറപ്പുഴ, ഇതിൽ കുണിഞ്ഞി തോട് വേനൽക്കാലത്ത് പറ്റിപ്പോകുന്നു. ഏതാനും ചെക്കുഡാമുകളുള്ളതിനാൽ പുറപ്പുഴ തോട്ടിലെ വെള്ളം പരിപൂർണ്ണമായും പറ്റുന്നില്ല.

പഞ്ചായത്തിൽ 2% ആൾക്കാർ മീൻവളർത്തുന്നുണ്ട്. പക്ഷേ വാണിജ്യാടിസ്ഥാനത്തിലില്ല. ഈ ഗ്രാമത്തിൽ പുറമേ നിന്ന് ഏകദേശം പ്രതിദിനം 1500 Kg മത്സ്യം വിൽക്കുന്നുണ്ട്. ഉണക്കമീൻ പുറമേയും. കുളംകൃത്തി മീൻ വളർത്താൻ പറ്റിയ സ്ഥലങ്ങൾ കുറച്ചെങ്കിലുമുള്ളത് 1, 6, 4, 3, 2, തുടങ്ങിയ വാർഡുകളുണ്ട്. സർക്കാർ ധനസഹായത്തോടെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ തൽപരരായജനങ്ങളെകൊണ്ട് മത്സ്യകൃഷി നടത്തിച്ചാൽ ഈ പഞ്ചായത്തിലെ മത്സ്യക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകും. നിലവിൽ വെള്ളമുള്ള പഞ്ചായത്തിന്റെ കുളങ്ങളിൽ മത്സ്യം വളർത്താനുള്ള സാദ്ധ്യതകളുണ്ട്. ആവശ്യമായ പ്രോത്സാഹനം ലഭിച്ചാൽ അലങ്കാരമത്സ്യകൃഷി വ്യാപകമായി നടത്താൻ പറ്റും. അതിനു നമ്മൾ ശ്രമിക്കേണ്ടിയിരിക്കുന്നു.

കൊതുകുനിവാരണ പരിപാടിയുടെ ഉത്ഘാടനം മർച്ചന്റ് അസോസിയേഷൻ പ്രസിഡെന്റ് ശ്രീ. ജേക്കബ് മാത്യു നിർവ്വഹിക്കുന്നു.

വ്യവസായം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രധാനപ്രശ്നം വ്യവസായിക മേഖലയുടെ നിശ്ചലതയാണ്. മൊത്തം തൊഴിൽമേഖല പരിശോധിച്ചാൽ വ്യവസായികമായി പുറപ്പുഴ പഞ്ചായത്തിന്റെ അവസ്ഥ വളരെ മോശമാണ്. A.D 1600 കാലഘട്ടത്തിൽ വടക്കുംകൂർ രാജാവിന്റെ ഭരണകാലത്ത് നമ്മുടെ പഞ്ചായത്തിൽപ്പെട്ട നെടിയശാല അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രങ്ങളായിരുന്നെങ്കിലും വ്യവസായികമായി അടിത്തറ ഉണ്ടാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. പുറപ്പുഴ പഞ്ചായത്തിൽ പൊതുമേഘലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ല. ഇപ്പോൾ പഞ്ചായത്തിൽ താഴെ പറയുന്ന ചെറുകിട വ്യവസായങ്ങൾ നടന്നുവരുന്നു.

1. തീപ്പെട്ടികമ്പനി

തീപ്പെട്ടിക്കൊള്ളികൾ ഉണ്ടാക്കി അവ കയറ്റി അയക്കുന്ന ഒരു സ്ഥാപനമാണിത്. മാസത്തിൽ 4-5 ലോഡ് തീപ്പെട്ടിക്കൊള്ളികൾ ഇവിടുന്ന് കയറ്റി അയക്കുന്നു. ഈ യൂണിറ്റ് നേരിട്ട് 4 പുരുഷന്മാരും 14 സ്ത്രീകൾക്കും പരോക്ഷമായി 200 പേർക്കും തൊഴിൽ കൊടുക്കുന്നു. ഇത് 1993-ൽ പ്രവർത്തനമാരംഭിച്ചു.

2. മെറ്റൽ ക്രഷർ

1996-ൽ കുണിഞ്ഞി ചേനാപ്പറമ്പിലും 1980 കാലഘട്ടത്തിൽ ഇരുട്ടുതോട്ടിലും പ്രവർത്തനമാരംഭിച്ച മെറ്റൽക്രഷർ ധാരാളം തൊഴിൽ സാദ്ധ്യതയുണ്ടാക്കുന്ന മേഖലയാണ്. രണ്ടു ക്രഷറുകളിൽ നേരിട്ട് 50 ഓളം പേർക്കും പരോക്ഷമായി 200 പേർക്കും തൊഴിൽ കൊടുക്കുവാൻ സാധിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ ആവശ്യത്തിനുള്ള മെറ്റൽ ഇവിടെനിന്നും ലഭിക്കുന്നില്ല.

3. ചാലക്കൽ പ്ലാസ്റ്റിക് വർക്സ്

പ്ലാസ്റ്റിക് കൊണ്ടുള്ള നിരവധി ഉല്പന്നങ്ങൾ (ഭരണികൾ) നിർമ്മിച്ചുകൊടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. നേരിട്ടും പരോക്ഷമായും 7-8 പേർക്ക് തൊഴിൽ ലഭിക്കാവുന്ന സ്ഥാപനമാണെങ്കിലും ഇന്നിത് നിശ്ചലമാണ്.

4. കൊക്കോ സംസ്ക്കരണശാല Camco

പഞ്ചായത്തിലും താലൂക്കിലും ഉല്പാദിപ്പിക്കുന്ന കൊക്കോകുരു സംഭരിച്ച് സംസ്ക്കരിച്ച് വിറ്റഴിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ആഴ്ചയിൽ രണ്ടു ദിവസം ഇവിടെ കൊക്കോ സംഭരിക്കുന്നുണ്ട്. വിദേശനാണ്യം നേടിത്തരുന്ന ഒരു ഉല്പന്നമെന്ന നിലയിൽ ഇതോട് ബന്ധപ്പെട്ട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

5. സിമിന്റ് ഇഷ്ടിക നിർമ്മാണം

പഞ്ചായത്തിന്റെ വിവിധമേഖലകളിൽ ധാരാളം പേർ ഇഷ്ടിക നിർമ്മാണത്തിൽ ഏർപ്പെടുന്നുണ്ട്. എങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ ഇഷ്ടിക നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകളേ നിലവിലുള്ളൂ. വഴിത്തലയിലും കാരക്കുഴിയിലുമാണ് ഈ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത്. ധാരാളം പേർക്ക് തൊഴിൽ നൽകുന്ന ഒരു സംരംഭമാണ്. ഇത് ഇവയുടെ വൻകിട യൂണിറ്റുകൾ തുടങ്ങുവാനുള്ള സാദ്ധ്യതകൾ ഈ ഗ്രാമത്തിൽ വളരെയുണ്ട്.

6. കട്ടിൽ നിർമ്മാണ യൂണിറ്റ്

കുണിഞ്ഞി മേഖലയിൽ നിരവധി കട്ടിൽ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു കുടിൽ വ്യവസായമായിട്ടാണ് പ്രവർത്തിക്കുന്നത് നിരവധി പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഈ ഉല്പനങ്ങൾ വിപണനം നടത്താൻ സഹകരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുത്ത് വിപണന കേന്ദ്രം തുറക്കേണ്ടതാണ്

7. തടി വ്യവസായം

പുറപ്പുഴ പഞ്ചായത്തിൽ വിവിധ മേഖലകളിൽ ധാരളം തടിവ്യവസായ യൂണിറ്റുകളുണ്ട് രണ്ട് Sow - mill കളും പ്രവത്തിക്കുന്നുണ്ട്.

8. V.R. Tools

വളളിക്കെട്ടിൽ 1996 ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ ടാപ്പിങ് കത്തി അരം തുടങ്ങി

യവ ഉണ്ടാക്കുന്നു.

9. ഓയിൽ മിൽ

വഴിത്തല, പുറപ്പുഴ, കുണിഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ കൊപ്ര സംഭരിച്ച് ആട്ടി എണ്ണയും പിണ്ണാക്കും ആയി വിറ്റഴിക്കുന്നു.. വിപുലികരിച്ചാൽ കൂടുതൽ ആളുകൾക്ക് തൊഴിൽ സാധ്യത ലഭിക്കുന്നു വ്യവസായമാണിത്.

10. അച്ചടി വ്യവസായം

മൂന്ന് വ്യവസായ യൂണിറ്റുകളാണ് ഉള്ളത് - നൊടിശശാലയിലും പുറപ്പഴയിലും വഴിത്തലയിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെ ആവിശ്യത്തിനുള്ള Printing ജോലികൾ ഇവിടെ നടത്തുന്നു. 14 പേരോളം ആളുകൾ ജോലി ചെയ്യുന്നു.

11. തേനിച്ച വളർത്തൽ

പഞ്ചായത്തിലെ ഒരു ശതമാനം ആളുകൾ ഈ വ്യവസായം നടത്തുന്നു. തേനിച്ച രോഗം ഇത് മൂരടിക്കാൻ കാരണമായിട്ടുണ്ട് വ്യവസായങ്ങൾക്ക് വേണ്ട സാമ്പത്തിക സഹായം നൽകി ഇത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

12. വനിത ഇൻഡസ്ട്രിസ് \ ക്ഷീരോല്പാദന യൂണിറ്റ്

മൈത്രി വനിത ഇൻഡസ്ട്രിയിൽ Note Book ഉല്പാദിപ്പിച്ച് വിറ്റഴിച്ചു വരുന്നു. ഒരു വനിത സഹകരണസംഘമായിട്ട് പ്രവർത്തിച്ചു വരുന്നു. 20 വനിതകൾ ഈ മേഖലയിൽ പണിയെടുക്കുന്നു.

ക്ഷീരോല്പാദന യൂണിറ്റുകൾ ക്ഷീര വികസന സഹ: സംഘത്തോടു ചേർന്ന് പ്രവർത്തിക്കുന്നു. രണ്ട് യൂണിറ്റുകളായി 4 പേർ പണിയെടുക്കുന്നുണ്ട്. കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ സാധ്യതയുള്ളതാണ്.

പഞ്ചായത്തിൽ ഊർജിതമായി പ്രവർത്തിച്ചു വന്നിരുന്ന രണ്ട് വൻകിട വ്യവസായ യൂണിറ്റുകളാണ്. Cee - Cee Sacks ഉം (ചാക്കുകമ്പനി) Jose Fames (ക്രിപ്പ്റബർ ഫാക്ടറി) യും ഈ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 30-ൽ പരം ആളുകൾക്ക് പണി ലഭിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നത് ഈ പഞ്ചായത്തിലേ തൊഴിൽ രഹിതരായ ആളുകൾക്ക് ഒരാശ്വാസമായിരിക്കും. സർക്കാർ അതിനുള്ള നടപടികൾ സ്വീകരിക്കണം.

പ്രശ്നങ്ങൾ

1. പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സഹായകരമായ അസംസ്കൃതവസ്തുക്കളും വിദഗ്ധരായ യുവതീയുവാക്കളും പഞ്ചായത്തിലുണ്ടെങ്കിലും സാമ്പത്തികബുദ്ധിമുട്ടും ലോൺ കിട്ടുന്നതിന് വ്യവസായകേന്ദ്രത്തിൽനിന്നും ബാങ്കുകളിൽ നിന്നുമുള്ള കാലതാമസവും വ്യവസായം മുരടിക്കാൻ കാരണമാകുന്നു.
2. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം
3. ലോൺ കിട്ടുവാനുള്ള സഹകരണവും സഹായവും ഇവർക്ക് ലഭ്യമല്ല. വോൾട്ടേജ് ക്ഷാമവും വ്യവസായം മുരടിക്കുവാൻ കാരണമാകുന്നു.
4. വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഇന്ന് വ്യവസായങ്ങൾ തുടങ്ങുവാൻ മടികാണിക്കുന്നു.
5. ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്താനും പ്രശ്നങ്ങളെ ധീരമായി നേരിടുവാനുമുള്ള മടി, വ്യവസായത്തെക്കുറിച്ച് വേണ്ടത്രഅറിവും പരിശീലനവും ഇല്ലായ്മയാണ് മറ്റൊരു പ്രധാനപ്രശ്നം. ഇവയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകളു് പരിശീലനവും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാവണം.
7. പദ്ധതികളും സ്ക്കീമുകളും തിരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം
8. സാമൂഹികമായ പ്രശ്നങ്ങൾ
9. സർക്കാർ ഉദ്യോഗത്തോടുള്ള അഭിനിവേശം
10. വ്യാവസായിക വിദ്യാഭ്യാസത്തിന്റെ അഭാവം

സാദ്ധ്യതകൾ

1. ഒരു റബ്ബർ അധിഷ്ഠിത വ്യവസായത്തിന് അനുകൂലസാഹചര്യമാണുള്ളത്. റബ്ബർ പാൽ സംഭരണം, റബ്ബർ ഉപയോഗിച്ചുള്ള റബ്ബർബാൻഡ്

നിർമ്മാണം, ബലൂൺ നിർമ്മാണം, കയറു നിർമ്മാണംതുടങ്ങിയവ ഇവിടെ തുടങ്ങാൻ പറ്റുന്ന വ്യവസായയൂണിറ്റുകളാണ്. റബ്ബർ തടി സംസ്ക്കരിച്ച് ഫർണിച്ചർ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ്, Packing cases തുടങ്ങിയ വ്യവസായങ്ങളും ഇവിടെ ആരംഭിക്കാൻ സാധ്യതയുണ്ട്. ഇതിനാവശ്യമായ പരിശീലനം, വായ്പാസൗകര്യം തുടങ്ങിയവയ്ക്ക് സർക്കാരും സഹകരണമേഖലയും മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

2. കാലിത്തീറ്റ നിർമ്മാണം:- കൊക്കോത്തോട്, നെല്ല്, തവിട്, മരച്ചീനി തുടങ്ങിയ അസംസ്കൃതസാധനങ്ങളുപയോഗിച്ച് ചെറിയ കാലിത്തീറ്റ യൂണിറ്റുകൾ ആരംഭിച്ചാൽ, പഞ്ചായത്തിൽ ഗുണനിലവാരവും വിലക്കുറവുമുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ സാധിക്കും.

3. മരച്ചീനി, വാഴക്ക, ഉരുളക്കിഴങ്ങ്, കാച്ചിൽ തുടങ്ങിയ സാധനങ്ങലുപയോഗിച്ച് ചിപ്സ് നിർമ്മാണ യൂണിറ്റ് തുടങ്ങാം.

4. വനിതാ സംരഭകർക്ക്, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാർ യൂണിറ്റ്, കന്നാരവാഴപ്പഴം, കശുമാങ്ങ, ചക്കപ്പഴം, തുടങ്ങിയവയിൽനിന്ന് സ്കാഷ്, ജാം തുടങ്ങിയവയും ഉല്പാദിപ്പിച്ചു വിൽക്കുന്ന യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

5. തടി ദൗർലഭ്യവും വിലക്കൂടുതലും പരിഗണിച്ച് കോൺക്രീറ്റ് കട്ടിള, ജനൽ, മറ്റ് ഗൃഹനിർമ്മാണ ഉപകരണങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിച്ചാൽ വിപണനസാദ്ധ്യതയുണ്ട്.

6. ഇഞ്ചി, കുരുമുളക്, മഞ്ഞൾ, തുടങ്ങിയ സുഗന്ധവിളകളിൽനിന്ന് സത്ത് എടുക്കുകയും അവയോട് അനുബന്ധവ്യവസായങ്ങൾ നടത്തുകയും ചെയ്യുക

7. കെൽട്രോണിന്റെ കീഴിൽ പ്രവർത്തിക്കാവുന്ന ഇലക്ട്രോണിക് ഉപകരണ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

കെട്ടിടനിർമ്മാണ സാമഗ്രികൾ, നോട്ടുബുക്ക് നിർമ്മാണം, റബ്ബർതടിയും റബ്ബറും അസംസ്കൃതവസ്തുക്കളായുള്ള ചെറുകിട യൂണിറ്റുകൾ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് എന്നീ രംഗങ്ങളെല്ലാം വിപണി ഉറപ്പുള്ളവയും തൊഴിൽ സാദ്ധ്യതയുള്ളവയുമാണ്. പഞ്ചായത്തിലെ തൊഴിൽ വൈദഗ്ധ്യം വിശദമായ പഠനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. അനുയോജ്യമായ പരിശീലനവും സാമ്പത്തിക സഹായവും സംരംഭകർക്ക് ലഭ്യമാക്കേണ്ടതുണ്ട്. വ്യവസായയൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രശ്നങ്ങൾക്ക് സത്വരപരിഹാരം കാണുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

സാമൂഹ്യമായ മുന്നേറ്റത്തിലൂടെയും സഹകരണമേഖലയുടെ മുൻകൈയ്യോടെയും നമ്മുടെ പഞ്ചായത്തിനെ ഒരു വ്യാവസായിക സംസ്ക്കാരത്തിലേക്ക് ഉയർത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

കുരുമുളകിന്റെ നാട് എന്നറിയപ്പെടുന്ന ഇടുക്കി ജില്ലയുടെ വാണിജ്യതലസ്ഥാനമായ തൊടുപുഴയിൽ നിന്ന് 5 കി.മീ. പടിഞ്ഞാറുമാറി കോട്ടയം, എറണാകുളം ജില്ലകളോട് തൊട്ടുരുമ്മി കിടക്കുന്ന പുറപ്പുഴയെന്ന കൊച്ചുഗ്രാമം. സ്വാതന്ത്ര്യത്തിന് വളരെ മുൻപുതന്നെ വിദ്യാഭ്യാസത്തിന്റെ അലയൊലികൾ ഈ ഗ്രാമത്തിൽ ഉണ്ടായിട്ടുണ്ട്. കൊല്ലവർഷം 1039-ൽ തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്ത് സ്ഥാപിതമായ പുറപ്പുഴ ഗവ.എൽ.പി.സ്കൂർ ആണ് പഞ്ചായത്തിലെ ആദ്യ വിദ്യാലയം ഇതിനുമുമ്പ് ധാരാളം കുടിപ്പള്ളിക്കൂടങ്ങൾ ഇവിടെ നിലനിന്നിരുന്നു. 19-ാം നൂറ്റാണ്ടിലെ നവോത്ഥാന പ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമരവും പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിർണ്ണായകമായ സ്വാദീനം ചെലുത്തിയിട്ടുണ്ട്.

ശ്രീനാരായണഗുരുദേവന്റെ പ്രബോധനങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഈ ഗ്രാമത്തിന്റെ കൂടിയേറ്റ പ്രദേശമായ കുണിഞ്ഞിയിൽ എഴുത്താനിക്കുന്നേൽ കൊച്ചറുക്കന്റെ നേതൃത്വത്തിൽ ആരംഭിച്ച കുടിപ്പള്ളിക്കൂടം ഇപ്പോഴത്തെ ഗവ. L.P.S. അതിനു മുമ്പുതന്നെ കോട്ടയം രൂപതയുടെ മേൽനോട്ടത്തിൽ വഴിത്തലയിൽ സെ. ആന്റണീസ് എൽ.പി. സ്കൂൾ നിലവിൽ വന്നിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കുണിഞ്ഞിയിൽ സെൻർ ആന്റണീസ് എൽ.പി. സ്കൂളും പുറപ്പുഴയിൽ സെ. സെബാസ്റ്റ്യൻസ് യു.പി. സ്കൂളും നിലവിൽ വന്നു. പിന്നീട് കുണിഞ്ഞി സെ. ആന്റണീസ് എൽ.പി., യു.പി. സ്കൂളായി അപ്ഗ്രേഡു ചെയ്തു.

ഇക്കാലമത്രയും ഉന്നതിവിദ്യാഭ്യാസത്തിനായി കുട്ടികൾ സമീപപഞ്ചായത്തുകളിലുള്ള സ്കൂളുകളെയാണ് ആശ്രയിച്ചുപോന്നിരുന്നത്. 1970-കളിൽ പുറപ്പുഴയിലും കുണിഞ്ഞിയിലും യു.പി. സ്കൂളിനോട് ചേർന്ന് ഹൈസ്കൂളുകൾ നിലവിൽ വന്നതോടെ ഈ രംഗത്തുണ്ടായിരുന്ന പരാധീനതകൾക്ക് നിർണ്ണായകമായ പരിഹാരമായി. ഇതിനുപുറമേ പുറപ്പുഴയിൽ സ്ഥാപിതമായ T.H.S. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഒരു മുതൽ കൂട്ടാവുകയും ചെയ്തു.

അനാദായകരമെന്നനിലയിൽ കുണിഞ്ഞി ഗവ. എൽ.പി. സ്കൂൾ നിർത്തലാക്കാനുള്ള ശ്രമം ജനകീയ ചെരുത്തുനില്പുകളുടെ ഫലമായി ഉപേക്ഷിക്കേണ്ടിവന്നത് സമീപകാലചരിത്രം വിദ്യാഭ്യാസപരമായി മുന്നേറ്റമുണ്ടെങ്കിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ട് പഞ്ചായത്തിനു വെളിയിലുള്ള സ്കൂളുകളിൽ പോകുന്ന കുട്ടികളുമുണ്ട്.

നൂറിലധികം കുട്ടികൾ പഠിക്കുന്ന സർക്കാർ അംഗീകാരമില്ലാത്ത ഒരു ഇംഗ്ലീഷ്മീഡിയം L.P.സ്കൂൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം തേടി ദൂരെയുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പോകുന്ന കുട്ടികളും ധാരാളമായി ഈ ഗ്രാമത്തിലുണ്ട്.

പഞ്ചായത്തിൽ ആദ്യകാലത്തുണ്ടായിരുന്ന സമാന്തര കോളേജ് പല വിധകാരണങ്ങളാൽ ആധികകാലം പ്രവർത്തിച്ചില്ല. ശാന്തിഗിരി വികലാംഗപുനരധിവാസ കേന്ദ്രത്തോടനുബന്ധിച്ച് 1991 മുതൽ പ്രവർത്തിച്ചു വരുന്ന ഒരു പാലൽ കോളേജാണ് ഈ രംഗത്ത് ഇന്നു നിലനില്ക്കുന്ന ഏക വിദ്യാലയം. ഇതിനോടു കൂടി കേന്ദ്ര ഗവൺമെന്റ് അംഗീകാരമുള്ള ഒരു I.T.C. യും കമ്പ്യൂട്ടർ വിദ്യാലയവും പ്രവർത്തിച്ചുവരുന്നുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

ഈ ഗ്രാമത്തിൽ രണ്ട് ടൈപ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി നൂറിലധികം പേർ ടൈപ്പ്റൈറ്റിംഗ് പരിശീലനം നടത്തുന്നു. സെരോക്സിന്റെ കടന്നു കയറ്റത്തോടെ ഈ സ്ഥാപനങ്ങളുടെയും ഇതിൽ പരിശീലനം നേടുന്നവരുടെയും പ്രതീക്ഷകൾ തകർന്നു തരിപ്പണമാകുകയാണ്.

ചെറുതും വലതുമായ 6 സ്കൂളുകളിലായി 809 ആൺകുട്ടികളും 591 പെൺകുട്ടികളുമായി ആകെ 1401 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തിവരുന്നു. അദ്ധ്യാപകരുടെ എണ്ണം 72.

(പട്ടിക 1.A)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പു	സ്ത്രീ	ആകെ
1.	T.H.S. പുറപ്പുഴ	ഗവ.	81	8	89	11	-	11
2.	സെ. സെബാസ്റ്റ്യൻ H.S., U.P.S.	എയ്ഡഡ്	69 92	87 73	156 165			23
3.	ഗവ. L.P.S. കുണിഞ്ഞി	ഗവ.	32	46	78	3	1	4
4.	ഗവ. L.P.S. പുറപ്പുഴ ഗവ	130	98	228	4	3	7	
5.	സെ: ആന്റണി L.P.S.	എയ്ഡഡ്	153	125	278	2	6	8
6.	സെ:ആന്റണീസ് H.S. കുണിഞ്ഞി U.P. L.P.	എയ്ഡഡ്	97 85 70	51 58 45	148 143 115			19

(സ്കൂൾ റിക്കാർഡ്)

ഈ ഗ്രാമത്തിൽ നിന്ന് ഏകദേശം 1000 ത്തോളം കുട്ടികൾ അന്യപഞ്ചായത്തിലെ സ്കൂളുകളിൽ പോകുന്നതായിട്ടാണ് മതിപ്പുകണക്ക് സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം താഴെക്കൊടുക്കുന്നു.

സ്കൂൾ	ശരാശരിദൂരം	ഏറ്റവും കൂടിയ ദൂരം
L.P.	2. K.M.	3 K.M.
U.P.	2.5. K.M.	3.5. K.M.
H.S.	2.5 K.M.	3.5. K.M.

ഈ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം 74 (L.P. 36, U.P. 16, H.S. 22) മലവേടവിഭാഗത്തിൽപ്പെട്ട കുട്ടികളുണ്ടെങ്കിലും അവർക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽവളരെ ചെറിയ ഒരു ശതമാനം കുട്ടികൾ ഇടയ്ക്കു വച്ച് പഠനം നിർത്തുന്ന പ്രവണതയും പഠനസംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം ഓരോവർഷവും കുറഞ്ഞുവരുന്നു. ജനസംഖ്യാ നിയന്ത്രണം മൂലം കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവാണ് ഒരു കാരണം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിത ഭ്രമത്താൽ കുട്ടികളെ വിദൂരസ്ഥലങ്ങളിലെ സ്കൂളുകളിൽ അയയ്ക്കുന്നതാണ് മറ്റൊരു കാരണം.

പഞ്ചായത്തിലെ രണ്ട് H.S.ന്റെയും വിജയശതമാനം താരതമ്യേന തൃപ്തികരമാണ്. ഇത് 95 - 96 വർഷത്തിൽ ശരാശരി 74% ആണ്. എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

പട്ടിക 1 (C)

വിദ്യാലയ സൗകര്യങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	സ്ഥലം	ടോയ്ലറ്റ് സൗകര്യം	സ്റ്റാഫ് റൂം	സ്റ്റാഫ് റൂം	ലാബ്	ലൈബ്രറി	കമ്പ്യൂട്ടർ	പാചകപ്പുര	വൈദ്യുതി	കളിസ്ഥലം	കിണർ
1.	Govt. L.P. School Kuninji	48 Cent	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
2.	T.H.S. Purapuzha	വാടക കെട്ടിടം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	S.S. H.S. Purapuzha	5 ഏക്കർ 3 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	Govt. L.P.S. Purupuzha	1 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	St. Antoney's LPS Vazhithala	98 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	St. Antony's H.S. Kuninji	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

(സ്കൂൾ റിക്കാർഡ്)

പട്ടിക I E

S.S.L.C. വിജയശതമാനം

സ്കൂൾ	92-93	93-94	94-95	95-96
St. Antony's Kuninji	72%	94%	95%	75%
S.S.H.S. Purappuzha	70%	72%	90%	75%

(സ്കൂൾ റിക്കാർഡ്)

S.S.L.C. ക്ക് വിജയശതമാനം തൃപ്തികരമാണെങ്കിലും കുട്ടികൾക്കു കിട്ടുന്ന മാർക്കുകൾ വളരെകുറവാണ്. ആയതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ ഈ ഗ്രാമത്തിലെ കുട്ടികൾക്ക് വളരെ കുറച്ചുമാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. അതുപോലെതന്നെ. സാങ്കേതിക വിദ്യാഭ്യാസതലങ്ങളിൽ നമ്മുടെ കുട്ടികൾ വിരളമായേ കടന്നു ചെല്ലുന്നുള്ളു.

സ്കൂൾ കുട്ടികളിൽ 30% ത്തോളം പേരിൽ നിരക്ഷരത നിലനില്ക്കുന്നതായി പ്രാഥമിക പഠനം തെളിയിക്കുന്നു. അദ്ധ്യാപകർ അദ്ധ്യാപനരീതികളും സമീപനങ്ങളിലും ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടന്നു കാണുന്നു. സാമൂഹ്യമാറ്റങ്ങൾക്ക് എന്നും മാർഗ്ഗദർശികളായിരുന്നു അദ്ധ്യാപകരുടെ സാമൂഹ്യ പ്രതിബദ്ധതയും അർപ്പണമനോഭാവവും കൈമോശം വന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളിലെ പഠനനിലവാരം പിന്നോക്കം പോവുകയും കലാകായികപ്രവർത്തനങ്ങൾ ശുഷ്കമാകുകയും ചെയ്യുന്നു.

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

പട്ടിക 1 E

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	Tap Retorder	Television	Projector	Slide Projector	Back Board ആവശ്യമുള്ളവ	മാതൃസംഘം ആവശ്യമുള്ളവ	P.T.A. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	2	2	0	4	6	6	1	-	-	3	5	5	
ഇല്ലാത്തത്	4	4	4	2	-	-	5	6	6	3	_	_	

(സ്കൂൾ രേഖകൾ)

പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങൾ വളരെ കുറവാണ്. ഉള്ള സൗകര്യങ്ങൾപോലും ഫലപ്രദമായി വിനിയോഗിക്കുവാൻ പറ്റുന്നില്ല. PTA, മാതൃസംഗമം തുടങ്ങിയവയുടെ പ്രവർത്തനം മിക്ക സ്കൂളുകളിലും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഉപരിപഠനാർത്ഥം ഈ ഗ്രാമത്തിലെ കുട്ടികൾ കൂടുതലായും ആശ്രയിക്കുന്നത് തൊടുപുഴ ന്യൂമാൻ കോളേജിനേയാണ്. എങ്കിലും S.S.L.C. പാസാകുന്ന കുട്ടികളിൽ 70% പേരും പാരലൽകോളേജുകളെ ആശ്രയിക്കേണ്ട ഗതികേടിലാണ്.

ശിശുവിദ്യാഭ്യാസം

ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഏക നഴ്സറി സ്കൂൾ പുറപ്പുഴയിലാണ് സ്ഥിതിചെയ്യുന്നത്. സാമാന്യം നല്ല നിലവാരം പുലർത്തുന്ന ഈ സ്കൂളിൽ 58 കുട്ടികൾ പഠിക്കുന്നു. ഈയടുത്തകാലത്തായി കുണിഞ്ഞി ഗവ. LPS നോട് അനുബന്ധിച്ച് ഒരു പ്രീപ്രൈമറിസ്കൂൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 13 അംഗൻവാടികൾ നിലവിലുണ്ട്. അവയിൽ പകുതിയോളം അംഗനവാടിക്ക് കെട്ടിടമില്ല, കെട്ടിടങ്ങൾ അടിയന്തിരമായി പണിയേണ്ടതുണ്ട്. കൂടാതെ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. കുട്ടികൾക്ക് ആവശ്യമായ കളിക്കളങ്ങളും കളിക്കോപ്പുകളും ലഭ്യമാക്കിയിട്ടില്ല.

അംഗന വാടികളിൽ നടത്തിയ പഠന റിപ്പോർട്ട്

ക്രമ നമ്പർ		
1	ആകെ ജനസംഖ്യ Gents - 5977 Ladies - 6311	12288
2.	SC/ST ജനസംഖ്യ	565
3.	ആകെ അംഗൻവാടികൾ	13
4.	Age before 5	976
5.	ഗർഭിണികളുടെ എണ്ണം	76
6.	കഴിഞ്ഞവർഷം ആകെ ജനങ്ങൾ	69
7.	അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	600
	" ഗർഭിണികളുടെ എണ്ണം	62

അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ നന്നായി പ്രവർത്തിക്കുന്ന 5 വായനശാലകളും 8 യൂത്ത് ക്ലബ്ബുകളും ഈ ഗ്രാമത്തിലുണ്ട്. സാക്ഷരതാപ്രവർത്തനം ആദ്യഘട്ടത്തിൽ വളരെ നന്നായി മുന്നോട്ടു പോയെങ്കിലും പിന്നീടുള്ള പ്രവർത്തനം മന്ദീഭവിക്കുകയും ഇപ്പോൾ ഇല്ലാതാവുകയും ചെയ്തു.

ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾ

1. സ്കൂളുകളിൽ പഠനനിലവാരം ഉയർത്താനുള്ള നടപടിയെടുക്കുക. All Promotion സംവിധാനം നിർത്തലാക്കുക.
2. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. Water Supply സംവിധാനം ഏർപ്പെടുത്തണ്.
4. ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിന് ആവശ്യമായ വിറക് ലഭിക്കുന്നില്ല.
5. T.H.S. ന് ആവശ്യമായ കെട്ടിയം, Work Shop, Grand പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കി ആയതിനെ ഒരു Higher Secfondary ആക്കി ഉയർത്തുക.
6. ഓരോ സ്കൂളിലും കായിക അദ്ധ്യാപകരെയും മറ്റു Sp. Teachers നെയും നിയമിക്കുക.
7. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുക. അതോടൊപ്പം സ്കൂളിന് ആവശ്യമായ ഫർണിച്ചറുകളും ലഭ്യമാക്കുക.
8. സ്കൂളുകളിൽ Lab സൗകര്യം വർദ്ധിപ്പിക്കുന്നതിന് ധനസഹായം നൽകുക.
9. സ്കൂളുകളിൽ കമ്പ്യൂട്ടർ പരിശീലനം ഏർപ്പെടുത്തുക.
10. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
11. കുണിഞ്ഞി L.P.S ന് 48 സെന്റ് സ്ഥലമാണുള്ളത്. പ്ലേഗ്രൗണ്ട് ഈ സ്കൂളിനില്ല. ആയതിനാൽ കൂടുതൽ സ്ഥലം എടുക്കേണ്ടതാണ്.
12. 4 Division ഉള്ളിടത്ത് 5 അദ്ധ്യാപകരെയെങ്കിലും നിയമിക്കണം.
13. ഒരു അദ്ധ്യായനവർഷം 200 പ്രവർത്തി ദിനമെങ്കിലും ഉണ്ടായിരിക്കണം.
14. അദ്ധ്യാപക പരിശീലനവും അതിനുള്ള സംവിധാനവും കുറ്റമറ്റതാക്കുക.
15. സ്കൂളുകളിൽ ടെസ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
16. L.P.School കളോട് ചേർന്ന് Pre Primary School ആരംഭിക്കുക.

ഗ്രാമസഭകളിൽ നിർദ്ദേശിച്ച T.H.S. Higher Secondary ആയി ഉയർത്താൻ എത്രയുംവേഗം നടപടിയെടുക്കണം. അതിനുപുറമെ പ്രാദേശികമായി കിട്ടുന്ന വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഹ്രസ്വകാലകോഴ്സുകൾ നടത്തുന്ന പോളിടെക്നിക്ക് പുറപ്പുഴ കേന്ദ്രമാക്കി സ്ഥാപിക്കുക. വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കാൻ സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുക, വലിയ സാമ്പത്തിക ബാദ്ധ്യതകളൊന്നുമില്ലാതെ ജനപങ്കാളിത്തത്തോടെ കാര്യങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

കുട്ടികളുടെ കലാ - കായിക കഴിവുകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സ്കൂളുകളിലെ മാതൃസംഗമങ്ങളും, PTA കളും മാസാന്ത്യ പരീക്ഷകളും ഒത്തുചേർന്നാൽ നാം ഉദ്ദേശിക്കുന്ന ആ നിലയിലേക്ക് വിദ്യാഭ്യാസ നിലവാരത്തെ ഉയർത്താൻ പറ്റും.

കുടി വെള്ളം

പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്രശ്നം കുടിവെള്ളത്തിന്റേതുതന്നെയാണ്. 40% പ്രദേശങ്ങളിലും വർഷത്തിൽ 6 മാസവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഭാഗികമായി കുടിവെള്ളം കിട്ടുന്ന പ്രദേശങ്ങൾ ഏകദേശം 35% വരും. കുടിവെള്ളം ഏറ്റവും സമൂഹത്തിന്റെ സാമൂഹ്യമായും സാമ്പത്തികമായും താഴെക്കിടയിൽ സ്ഥിതി ചെയ്യുന്നവരുടെ പരിഹരിക്കപ്പെടാത്ത ഒരു പ്രശ്നമാണ്. പല ഭാഗങ്ങളിലുമുള്ള ആളുകൾ രണ്ട് മുതൽ നാലു കി. മീറ്റർദൂരം നടന്നുപോയിട്ടാണ് കുടിവെള്ളം ശേഖരിക്കുന്നത്.

രാവന്തിയോളം പണികഴിഞ്ഞ് സന്ധ്യയോടെ വീട്ടിലെത്തുന്ന കുടിയേറ്റ മേഖലകളിലുള്ള കർഷകത്തൊഴിലാളികൾ കുടിവെള്ളം തേടി ഇറങ്ങുകയായി. റബർ തോട്ടങ്ങളും, തൊണ്ടും, കയ്യാലയും കയറി ഇറങ്ങി പോകുന്ന സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിശാസംഘങ്ങളെ ജനുവരി മുതൽ ജൂൺ മാസംവരെ പഞ്ചായത്തിൽ പല ഭാഗങ്ങളിലും കാണാം. ജല ജന്യരോഗങ്ങളും പകർച്ചവ്യാധികളും വരൾച്ച ബാധിത പ്രദേശങ്ങളിൽ വ്യാപകമാണ്. ശുദ്ധ ജലത്തിന്റെ അഭാവവും കക്കൂസുകളുടെ ഉപയോഗക്കുറവും പരിസരശുചിത്വത്തിലുള്ള അശ്രദ്ധയും വർദ്ധിച്ച രോഗാതുരതക്ക് കാരണമായിത്തീർന്നിരിക്കുന്നു. കുടിവെള്ളത്തിന്റെ പേരിൽ പ്രാദേശികമായുണ്ടാകുന്ന തർക്കങ്ങളുടെയും വഴക്കുകളുടെയും എണ്ണം കുറവല്ല.

കിണറുകൾ, കുളങ്ങൾ, നീരുറവകൾ തുടങ്ങിയ പരമ്പരാഗത സ്രോതസ്സുകളെയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. ആകെ 3149 വീടുകളുള്ളതിൽ 1516 വീടുകളിലാണ് കിണറുകളുള്ളത്. ഇവയിൽ ഭൂരിഭാഗവും വേനൽകാലത്ത് വറ്റിപ്പോകുന്നവയാണ്. I, II, III, IV, എന്നീ വാർഡുകളിൽഅതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്.

വഴിത്തലയിൽ ഉള്ള കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ഭാഗികമായി വെള്ളമെത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി കുഴൽകിണറുകളും, മ്നല്ലാപ്പാറ കൊടികുത്തി ജല വിതരണപദ്ധതിയും ആണ് നിലവിലുള്ളത്. പക്ഷെ കുഴൽ കിണറിലെ വെള്ളത്തിന്റെ ലഭ്യത വളരെ കുറവാണ്. നെല്ലാപ്പാറയിൽ നിന്നുള്ള ശുദ്ധജല വിതരണപദ്ധതി ഉദ്ദേശലക്ഷ്യങ്ങളുടെ അടുത്തെങ്ങും എത്തിയിട്ടില്ല. രണ്ടോ, നാലോ ദിവസത്തിലൊരിക്കൽ ചുരുങ്ങിയ മണിക്കൂറുകൾ മാത്രമേ ജലവിതരണം നടക്കുന്നുള്ളൂ. അതും ഏത് സമയത്ത് എന്ന് നിശ്ചയമില്ല. തന്മൂലം രാത്രിയിൽ പോലും 2 K.M. അകലെയുള്ള ആളുകൾ വെള്ളം വരുന്നതും കാത്ത് പൈപ്പിന് സമീപം കാത്തുകിടക്കേണ്ടിവരുന്നു. ഒരു ടാപ്പിൽ നിന്നുതന്നെ 50-ൽ പരം വീട്ടുകാർ വെള്ള മെടുക്കുന്നു.

അതിരൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പ്രാദേശിക സംരംഭങ്ങളും ഭാവനാപൂർണ്ണമായ ആസൂത്രണവും നടത്തിയാൽ ഒരുപരിധിവരെ സഹായകമാകും.

നെടുമ്പാറ പദ്ധതി

പഞ്ചായത്തിലെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ 1972 കാലഘട്ടത്തിൽ തുടക്കംകുറിച്ച് ഈ പദ്ധതി പലവിധ കാരണങ്ങളാലും പണി പൂർത്തിയാക്കിയിട്ടില്ല.

കൊടികുത്തി	വഴിത്തല	ആകെ ടാപ്പുകൾ	സ്വകാര്യ കണക്ഷൻ
6	19	25	2

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
I	ഒന്നാംവാർഡിന്റെ മുഴുവൻ പ്രദേശങ്ങളും	ചേനാപ്പറമ്പിന് സമീപം ചരളം കുന്നേൽ വക കണ്ടത്തിൽ കുളം തീർത്ത് ചുണ്ടക്കാട് നിരപ്പിലുള്ള ടാങ്കിൽ വെള്ളമെത്തിച്ച് വിതരണം ചെയ്യുക. നിലവിലുള്ള വെള്ളം നീക്കിപ്പാറപദ്ധതി വിപുലീകരിച്ച് പൈപ്പുലൈൻ ആനച്ചാൽ, കൊടുകുത്തി, തോയിപ്ര, കിങ്ങിണിപ്പാറ, വെളയമ്പിള്ളിച്ചാൽ തുടങ്ങിയ ഭാഗങ്ങളിലേക്ക് നീട്ടുക.
II	ആറ്റുപുറത്ത് കോളനി, ഇല്ലിക്കൽ നിരപ്പ്, കടുവാപ്പാറ - കുപ്പുകവല - പനക്കച്ചാൽ	തെങ്ങുംപിള്ളിക്ക് സമീപം കുളം (കുഴൽ കിണർ) കുഴിച്ച് ഇല്ലിക്കനിരപ്പ് ഭാഗത്ത് ടാങ്ക് കെട്ടി വെള്ളം നിറച്ച് പൈപ്പ് ലൈൻ ഇടുക. പഴയംപാറ ഭാഗത്ത് കുളം നിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടിവെള്ളം നിറച്ച് വിതരണം നടത്തുക.
III	കല്ലുംപുറത്ത് ഭാഗം, തീപ്പട്ടിക്കമ്പനിപ്രദേശം, S.N. പുരം മൂലമ്പുഴ പ്രദേശം	പുന്നിലം കണ്ടത്തിൽ കുളം തീർത്ത് അവിടെ നിന്നും തീപ്പെട്ടി കമ്പനി ഭാഗത്ത് ടാങ്ക്കെട്ടി വെള്ളം അടിക്കുക. കണ്ണാടികണ്ടത്തിൽ കുളം തീർത്ത് വട്ടപ്പാറ, വരകിപ്പാറ പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കുക.
IV	തേക്കനാനിരപ്പ് ഇരുട്ടുതോട്, പാറഭാഗം, ആറ്റുപിള്ളി മലഭാഗം പൊടിമറ്റത്തിൽഭാഗം	കുഴൽകിണറ്റിൽ നിന്നോ, 7-ാം വാർഡിലെ പഞ്ചായത്ത് കിണറ്റിൽ നിന്നോ വെള്ളം പമ്പ് ചെയ്ത് വെട്ടിയോലിക്കൽ നിരപ്പിൽ ടാങ്കിൽ നിർമ്മിച്ച് വിതരണം നടത്തുക.
V	പരുന്തുംപാറ, ഇരുട്ടുതോട്, മഠത്തിത്കൾഭാഗം, പുറപ്പുഴകവല L.P.S.ന് മുകൾഭാഗം	നെടുമ്പാറ പദ്ധതി
VI	മൂവേലി അമ്പലഭാഗം ചെത്തുൽമുകൾഭാഗം, നെടുംമ്പാറ ഭാഗം	ചെള്ളൽ ഭാഗത്ത് കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യുക.
VII	കുര്യനാൽഭാഗം, കുട്ടൻതറപ്പേൽഭാഗം, കുവച്ചാൽ പ്രദേശം	ചെത്തിക്കോട്ടുകുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്തു കുര്യനാൽ മലക്ക് എത്തിക്കുക.
VIII	വെളിയൻമ്പിള്ളിച്ചാൽ, കൊടികുത്തി, വീരൻമല, തോയിപ്ര	നീലാനിമറ്റം ഭാഗത്ത് കുളം താഴ്ത്തി വീരൻമല നിരപ്പിലെ ടാങ്കിൽ വെള്ളം എത്തിച്ച് വിതരണം നടത്തുക. വെള്ളം നീക്കിപ്പാറ ജലവിതരണപദ്ധതി വിപുലീകരിക്കുക, കൊടികുത്തി ഹെൽത്ത് സെന്റർ, ഹരിജൻ കോളനി

ഇടത്തരം ശുദ്ധജലപദ്ധതികൾ

ചെറുകിട ശുദ്ധജല പദ്ധതികളെപ്പറ്റി എല്ലാ ഗ്രാമസഭകളിലും പരമാമർശങ്ങളുണ്ടങ്കിലും പ്രധാന മായും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ താഴെപറയു ന്നവയാണ്. ഒന്നാം വാർഡിൽ ചുണ്ടക്കാട് ഭാഗത്ത് കുഴൽകിണർ കുത്തി വെള്ളം പമ്പ് ചെയ്ത് ചു ണ്ടാക്കാട് നിരപ്പിലുള്ള ടാങ്കിൽ എത്തിച്ചാൽ ആ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാര മാകും. രണ്ടാംവാർഡിൽ തെങ്ങുംപിള്ളിഭാഗം, പന ക്കച്ചാൽ പഴയംപാറ ഭാഗം എന്നിവിടങ്ങളിൽ കുളംകുത്തി വെള്ളം ടാങ്കുകളിൽ നിറച്ച് വിതരണം നടത്താം.

മൂന്നാംവാർഡിൽ കണ്ണാടികണ്ടം ഭാഗത്ത് കുളം നിർമ്മിച്ച് വരകിപ്പാറ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിച്ച് കല്ലുംപുറത്ത്പാറ, കണ്ണാടികണ്ടം എന്നി വിടങ്ങളിൽ വെള്ളമെത്തിക്കാം. ഈ പദ്ധതികൾ 2, 4, 5, 6 വാർഡുകളിൽ നടപ്പിലാക്കാവുന്നതാണ്.

ഏഴാംവാർഡിൽ ചെത്തിക്കോട്ടുഭാഗത്തെ പഞ്ചായത്ത് കുളത്തിൽ നിന്നും കുര്യനാൽ മലഭാ ഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്താൽ കുര്യനാൽഭാഗം, ജാതിക്കല്ല്ഭാഗം, മുണ്ടോക്കുഴിഭാ ഗം, ഹൈസ്കൂൾ ഭാഗം, ലക്ഷംകോളനി, കോവേ ന്ത, കൂവച്ചാൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെ ള്ളക്ഷാമത്തിന് പരിഹാരമാകും.

എട്ടാം വാർഡിലെ ജനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചാൽ മിനി പദ്ധതികൾ നടപ്പിലാ ക്കാൻ ജനങ്ങൾ തയ്യാറാണ്.

നിലവിൽ പണി തുടങ്ങിയിരിക്കുന്ന നെടുംമ്പാ റപദ്ധതി എത്രയുംവേഗം പണി പൂർത്തിയാക്കുക യും പൈപ്പ്ലൈനുകൾ പരിശോധിച്ച് മുഴുവൻ സ്ഥല ങ്ങളിൽ പൈപ്പിടുവാനും അത്വഴി പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുവാനും ശ്രദ്ധിക്കേണ്ടതാണ്. നീർമറി പ്രദേശങ്ങളുടെ സംര ക്ഷണത്തിന് ഊന്നൽ നൽകിയാൽ കുന്നുകളുടെ യും താഴ്വരകളുടെയും നാടായ പുറപ്പുഴ ഗ്രാമപ ഞ്ചായത്തിന്റെ കുടിവെള്ളപ്രതിസന്ധി കുറക്കുവാൻ കഴിയും. അതുപോലെ സ്വന്തമായി കിണർ കുഴി ക്കുവാൻ സബ്സിഡി കൊടുത്താൽ കുടിവെള്ളത്തി നായി നെട്ടോട്ടമോടുന്നവർക്ക് അതൊരു ആശ്വാസ മാകും.

ആരോഗ്യം

1960 വരെ ഈ ഗ്രാമത്തിലെ ആളുകൾ ചികി ത്സയ്ക്കായി മൂവാറ്റുപുഴയിലും തൊടുപുഴയിലുമുള്ള സ്വകാര്യ ആശുപത്രികളെയും പഞ്ചായത്തിലുണ്ടാ യിരുന്ന ചില പാരമ്പര്യ വൈദ്യകുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. 1960-ൽ വാടകക്കെട്ടിടത്തിൽ ഒരു സർക്കാർ അലോപ്പതി ആശുപത്രി പുറപ്പുഴ യിൽ പ്രവർത്തനം ആരംഭിച്ചു. 1963-ൽ വയറ്റാട്ടിൽ

സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	സർക്കാർ ഹോമിയോ ആശുപത്രി	2	1972	3
2.	P.H.C. പുറപ്പുഴ	5	1963	22
3.	Subcentre Kuninji	2	1967	2
4.	IPP Sub Centre Kodukuthy	8	1990	1
5.	Govt. Ayurveda Hospital Vazhithala	4	1960	4

(ആശുപത്രിരേഖകൾ)

ചെത്തിക്കോട്ട് ശ്രീ. ജോസഫ് പാപ്പച്ചൻ സംഭാവന നൽകിയ സ്ഥലത്ത് NES ബ്ലോക്ക് പണിത പ്രൈമറി ഹെൽത്ത്സെന്റർ അന്നത്തെ ആരോഗ്യമന്ത്രിയായിരുന്ന ശ്രീ.എം.പി. ഗോവിന്ദൻനായർ പുറപ്പുഴക്കാർക്കായി തുറന്നു കൊടുത്തതാണ് ചികിത്സാരംഗത്തുണ്ടായ ആദ്യ കാൽവെയ്പ്. 1960-ൽ തന്നെ വഴിത്തലയിൽ ഒരു സർക്കാർ ആയുർവ്വേദ ആശുപത്രിയും സ്ഥാപിതമായി. ഇന്ന് പുറപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ കൊടികുത്തിയിലും തെങ്ങുപിള്ളിയിലും ഓരോ സബ് സെന്റർ പ്രവർത്തിക്കുന്നു. കുണിഞ്ഞിയിലുള്ള ഹോമിയോ ആശുപത്രിയാണ് ഈരംഗത്തുള്ള മറ്റൊരു സർക്കാർ സ്ഥാപനം. കൂടാതെ, വഴിത്തലയിൽ ഒരു സ്വകാര്യ ആശുപത്രിയും, പുറപ്പുഴയിൽ നെല്ലിത്താനം വൈദ്യന്റെ പാരമ്പര്യ വിഷചികിത്സാകേന്ദ്രവും വഴിത്തലയിൽ ഇല്ലിക്കാട്ടിൽ കുടുംബവക കണ്ണുരോഗ ചികിത്സാകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

അവശ്യമരുന്നുകളുടെയും ചികിത്സയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെയും ദൗർലഭ്യം അടിസ്ഥാന ലാബറട്ടറി പരിശോധനക്കുപോലുമുള്ള സൗകര്യമില്ലായ്മ, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ് തുടങ്ങി നിരവധി പ്രശ്നങ്ങൾ സർക്കാർ ആശുപത്രികളുടെ കാര്യക്ഷമതയെ ബാധിക്കുന്നു. 1960-ൽ തുടങ്ങിയ ആയുർവ്വേദ ആശുപത്രി ഇന്നും വേണ്ടത്ര സൗകര്യങ്ങളില്ലാത്ത വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പുറപ്പുഴ PHC ക്കു കീഴിലുള്ള രണ്ട് IPP സെന്ററുകളിലും ഹോമിയോ ആശുപത്രിയിലും ശുദ്ധജലം പോലും ലഭ്യമല്ല. മരുന്നുകൾ, പരിശോധനകൾ തുടങ്ങിയ എല്ലാത്തിനും അടുത്തുള്ള സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. തന്മൂലം സർക്കാർ ആശുപത്രിയിലെ ചികിത്സസ്വകാര്യ ആശുപത്രിയിലെ ചികിത്സയെക്കാൾ പണച്ചിലവുള്ളതായി തീരുന്നു. സർക്കാർ ആശുപത്രികളിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരുന്നത്. ചികിത്സാരംഗത്തുണ്ടായിട്ടുള്ള മരുന്നിന്റെ വിലവർദ്ധനവും മറ്റും മൂലം 35 ശതമാനത്തോളം ആളുകൾക്ക് ചികിത്സ അപ്രാപ്യമായിരിക്കുന്നു.

ജലജന്യരോഗങ്ങൾ, തൊക്ക്രോഗങ്ങൾ, വാതസംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ, രക്തസമ്മർദ്ദം, പ്രമേഹം എന്നിവ വ്യാപകമായി കാണപ്പെടുന്ന രോഗങ്ങളാണ്. ക്യാൻസർ, കുഷ്ഠം, ക്ഷയം, മലമ്പനി എന്നീ അസുഖങ്ങളും ഉണ്ടാകാറുണ്ട്. പഞ്ചായത്തിലെ ചികിത്സാസംവിധാനങ്ങൾ തീർത്തും അപര്യാപ്തമാണ്. ആരോഗ്യആവശ്യങ്ങൾ നിറവേറ്റുവാൻ പഞ്ചായത്തിനു പുറത്തു സ്ഥാപനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

ജനങ്ങൾ ആശ്രയിക്കുന്ന ചികിത്സാകേന്ദ്രങ്ങൾ

പ്രാഥമികാരോഗ്യകേന്ദ്രം പുറപ്പുഴ	-	25%
പ്രാഥമികാരോഗ്യകേന്ദ്രം കരിങ്കുന്നം	-	3%
താലൂക്ക് ആശുപത്രി തൊടുപുഴ	-	2%
സ്വകാര്യ ആശുപത്രി വഴിത്തല	-	30%
സ്വകാര്യ ആശുപത്രി തൊടുപുഴ / കൂത്താട്ടുകുളം	-	30%
മറ്റുള്ളവ	-	10%

(മതിപ്പുകണക്ക്)

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതിവിശേഷവും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
1	ഇല്ല	ഇല്ല	–	–	–
2	ഹോമിയോ ആശുപത്രി	–	വയറിളക്കം മഞ്ഞപ്പിത്തം ചെങ്കണ്ണ് കരപ്പൻപനി	ആവശ്യത്തിന് സ്റ്റാഫ് ഇല്ല. കൃത്യമായി പ്രവർത്തിക്കുന്നില്ല. ഡോക്ടർ പലപ്പോഴും കാണുന്നില്ല.	ഹോമിയോ ആശുപത്രിയിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക. വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2	P.H.C. ന്റെ Sub Center - 1	–	–	ഫലപ്രദമായി പ്രവർത്തിക്കുന്നില്ല മരുന്നുകൾ ലഭ്യമല്ല	ഭവനസന്ദർശനം കൃത്യമായി നടത്തുക. ചെറിയ രോഗങ്ങൾക്കുള്ള ചികിത്സകൾ സബ് സെന്ററിൽ നടത്തുക, ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർ സേവനം ഉറപ്പുവരുത്തുക.
3	–	–	–	–	–
4	ആയുർവ്വേദ ഹോസ്പിറ്റൽ	അലോപ്പതി ക്ലിനിക്	തൃക് രോഗം വാതരോഗം പനി തൃക്ക്, പനി, വയറിളക്കം, മഞ്ഞപ്പിത്തം, ദന്തരോഗം, ശ്വാസകോശരോഗം	കെട്ടിടമില്ല സ്റ്റാഫ് ഇല്ല. വിറകിന് ക്ഷാമം ആശുപത്രിക്കു വേണ്ടുന്ന സൗകര്യങ്ങളില്ലാത്തതിനാൽ പ്രവർത്തനം തൃപ്തികരമല്ല. ചികിത്സാചിലവ് കൂടുതൽ	കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായി ഉയർത്തുക. സ്വന്തമായി കെട്ടിടം പണിയുക. ആവശ്യത്തിന് ജോലിക്കാരെ നിയമിക്കുക. ആവശ്യസൗകര്യങ്ങൾ വർദ്ധിക്കുക. ചികിത്സാചിലവ് കുറക്കുക. കെട്ടിട സൗകര്യം കൂട്ടുക.
5	P.H.C.	വിഷ ചികിത്സാ കേന്ദ്രം	വായുജന്യ രോഗങ്ങൾ, തൃക് വാത രോഗം, പകർച്ചവ്യാധി, ആസ്മ	മരുന്നുകൾ ആവശ്യത്തിനില്ല. ഡോക്ടർമാർ കുറവ്, പാരാമെഡിക്കൽ സ്റ്റാഫ് കുറവ്. പ്രാഥമികസൗകര്യങ്ങൾ കുറവ് ശുചിത്വമില്ലായ്മ.	ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുക. ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക. പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുക. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക. അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
6	–	–	–	–	–
7	–	–	–	–	–
8	P.H.C. Sub Centres	–	–	പ്രവർത്തനമുണ്ടന്ന് അറിയാനില്ല	നല്ലരീതിയിൽ പ്രവർത്തിക്കാനുള്ള നടപടിയെടുക്കുക. ആഴ്ചയിൽ ദിവസം ഡോ. സബ്സെന്റർ സന്ദർശിക്കുക. ചെറിയ രോഗങ്ങൾക്ക് മരുന്ന് കരുതുക.

6 - 1 - 73-ൽ ആരംഭിച്ച പുറപ്പുഴ ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ദേശീയ പരിപാടിയുടെയും സംസ്ഥാന സർക്കാരിന്റെ പരിപാടിയുടേയും ഭാഗമായി വരുന്ന എല്ലാ പ്രവർത്തനങ്ങളും വിജയകരമായി നടത്തിവരുന്നു.

ആരോഗ്യ വകുപ്പു മുഖാന്തിരം പുറപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇരുപതു പരിപാടികൾ ഇപ്പോൾ നടത്തിവരുന്നു. ആയവ ചുവടെ ചേർക്കുന്നു.

1. സാർവ്വത്രിക രോഗപ്രതിരോധ പരിപാടി

സാർവ്വത്രിക രോഗപ്രതിരോധ പരിപാടിപുറപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിജയപ്രദമായി നടത്തിവരുന്നു. ഈ പരിപാടിയനുസരിച്ച് എല്ലാ ബുധനാഴ്ചയും ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽവച്ച് ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ, മീസിൽസ്, റ്റെറ്റനസ്, വില്ലൻചുമ, തൊണ്ടമുള്ള്, ക്ഷയം എന്നീ രോഗങ്ങൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ സൗജന്യമായി നൽകികൊണ്ടിരിക്കുന്നു.

2. പൊതുജനാരോഗ്യം (Public Health)

പൊതുജനാരോഗ്യത്തെ ഹാനികരമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ തടയുന്നു. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റേയും വൃത്തിശുചിത്വത്തിന്റേയും ശുദ്ധജലം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നു. മലമൂത്രവിസർജ്ജനം കക്കൂസുകളിൽ മാത്രം നടത്തണമെന്ന് നിഷ്കർഷിക്കുന്നു. ഹോട്ടലുകളും ചായക്കടകളും പരിശോധിച്ച് ഭക്ഷ്യസാധനങ്ങൾ ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നു. കശാപ്പുശാലകൾ തുടങ്ങിയ സ്ഥലങ്ങൾ പരിശോധിച്ച് വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തുന്നു.

3. ആന്റിനേറ്റൽ കെയർ

ഈ പരിപാടിയിൽ കീഴിൽ ഗർഭിണികൾക്കുണ്ടാക്കുന്ന വിളർച്ചയും കുതിരസന്നിയും (ടെറ്റനസ്) വരാതിരിക്കുവാനുള്ള പ്രത്യേക ചികിത്സയും ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ഏതു സമയത്തും ലഭ്യമാണ്. ഗർഭിണികൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് എല്ലാ ചൊവ്വാഴ്ചയും ഇവിടെ പ്രത്യേക ക്ലിനിക് നടത്തുന്നുണ്ട്. വിളർച്ചയുള്ള അമ്മമാർക്കായി 100 മി. ഗ്രാം അയൺ പോളിഫർ ഗുളികകളും സൗജന്യമായി നൽകിവരുന്നു.

4. ശിശുപരിപാലനം - വിളർച്ച തടയൽ പരിപാടി

ഇന്നത്തെ കുട്ടികളാണല്ലോ നാളത്തെ പൗരന്മാർ. കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി ശിശു പരിപാലനപദ്ധതി ഇവിടെ അനുസ്യൂതം നടന്നുവരുന്നു. പോഷകാഹാരം, ശുചിത്വം, പ്രതിരോധകുത്തിവയ്പുകൾ എടുക്കേണ്ടതിന്റെ ആവശ്യകതകൾ തുടങ്ങിയ കാര്യങ്ങളിൽ കുട്ടികളുടെ അമ്മമാർക്ക് പ്രത്യേകം ബോധവൽക്കരണം കൊടുക്കുന്നുണ്ട്.കൂടാതെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വിളർച്ച കണ്ടെത്തിയാൽ 20 മി. ഗ്രാം അയൺ ഫോളിഫർ ഗുളികകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

5. കുടുംബക്ഷേമപരിപാടി

ദേശീയ കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായിട്ട് കുടുംബക്ഷേമ പരിപാടി പുറപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വളരെ സ്തുത്യർഹമാംവിധം നടന്നുവരുന്നു. 'ചെറിയകുടുംബം സന്തുഷ്ട കുടുംബം' എന്ന ആശയം പ്രാവർത്തികമാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ പരിപാടിയനുസരിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വന്ധീകരണ ശസ്ത്രക്രിയകൾ നടത്തിക്കൊടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ മാസത്തിലൊരു ദിവസം 'ലാപ്പറോ' ഉൾപ്പെടെയുള്ള വിദഗ്ദ്ധ വന്ധീകരണശസ്ത്രക്രിയ ക്യാമ്പ് തൊടുപുഴ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽവച്ച് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്.

6. ജനസംഖ്യാ നിയന്ത്രണ പരിപാടി

ഈ പരിപാടിയനുസരിച്ച് താല്ക്കാലിക ഗർഭനിരോധനമാർഗ്ഗമായ Cu. T. നിക്ഷേപം അർഹരായിട്ടുള്ളവർക്ക് ഈ കേന്ദ്രത്തിൽ നിന്നും സൗജന്യമായി ചെയ്തുകൊടുക്കുന്നു. കൂടാതെ ഗർഭനിരോ

ധനഗുളികകൾ സ്ത്രീകൾക്കും, പുരുഷന്മാർക്കും നിരോധനം ആവശ്യാനുസരണം ഇവിടെ നിന്നും നൽകിവരുന്നു. പൊതുജനങ്ങളുടെ സൗകര്യാർത്ഥം മേൽപ്പറഞ്ഞ ഗുളികളും നിരോധും അതാതു പ്രദേശത്തെ സബ്സെന്റർ, അംഗൻവാടി തെരഞ്ഞെടുക്കപ്പെട്ട ഡിപ്പോകൾ തുടങ്ങിയവ വഴിയും വിതരണം ചെയ്തുവരുന്നു.

7. ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി (N.M.E.P.)

ആശുപത്രിയിൽ വരുന്ന പനിയുള്ള രോഗികളുടെ രക്തം ഇവിടെ വച്ചുതന്നെ പരിശോധിച്ച് രോഗനിർണ്ണയവും ചികിത്സാവിധികളും മരുന്നും നൽകുന്നു. മാത്രവുമല്ല ആരോഗ്യ പ്രവർത്തകർ വീടുകൾ കയറിയിറങ്ങി സംശയം തോന്നുന്ന രോഗികളുടെ രക്തം ശേഖരിച്ച് (Smear എടുത്ത്) പരിശോധിച്ചും രോഗനിർണ്ണയം നടത്തിവരുന്നുണ്ട്. ഏതെങ്കിലും രോഗിക്ക് മലമ്പനിയാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ക്ലോറോക്വിൻ ഗുളികൾകൊടുത്ത് വേണ്ട മേൽ നടപടികൾ കൈക്കൊള്ളാറുണ്ട്. രോഗി താമസിക്കുന്ന വീട്ടിലും ചുറ്റുപാടുമുള്ള വീടുകളിലും D.D.T. അടിച്ച് കൊതുകു നിവാരണവും നടത്തുന്നു.

8. ദേശീയ അന്ധതാ നിയന്ത്രണപരിപാടി (N.B.C.P.)

ഈ പദ്ധതിയനുസരിച്ച് 3 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും 6 ഡോസ്സ് 'വൈറ്റമിൻ എ' കൊടുക്കുന്നുണ്ട്. കൂടാതെ തിമിര രോഗസർവ്വെയും ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും നടത്തിവരുന്നു.

9. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജനപദ്ധതി (N.L.E.P.)

കുഷ്ഠരോഗത്തെ ഭയപ്പെടേണ്ടതില്ല. അതിനെ ചികിത്സിച്ചു ഭേദമാക്കാം എന്നാണ് ഈ പദ്ധതിയുടെ മുദ്രാവാക്യം തന്നെ. അതനുസരിച്ച് ഇവിടെ നിന്നും രോഗികൾക്ക് സൗജന്യമായി മരുന്നുകളും വിദഗ്ധ ഉപദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ കുഷ്ഠരോഗികളെ കണ്ടുപിടിക്കാനും ചികിത്സിക്കാനും പഞ്ചായത്തുമുഴുവൻ ഒരു സർവ്വെയും നടത്തിവരുന്നുണ്ട്. മാസത്തിലെ എല്ലാ 15-ാം തീയതിയും "കുഷ്ഠരോഗ ക്ലിനിക്ക്" ഇവിടെ മുടങ്ങാതെ നടത്തിവരുന്നു.

10. വയറിളക്ക നിയന്ത്രണപരിപാടി (N.D.C.P.)

വയറിളക്ക നിയന്ത്രണപരിപാടിയുടെ ഭാഗമായി ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഇതനുസരിച്ച് സബ്സെന്ററുകൾ വഴിയും അംഗൻവാടികൾ വഴിയും തെരഞ്ഞെടുത്ത ഡിപ്പോകൾ വഴിയും ഒ.ആർ.എസ്സ്. നൽകുന്നുണ്ട്.

11. ദേശീയ ക്ഷയരോഗ നിവാരണ പരിപാടി (N.T.CP.)

ഈ പരിപാടിയനുസരിച്ച് സംശയം തോന്നുന്ന രോഗികളുടെ കഫം, രക്തം മുതലയവ പരിശോധിച്ച് ചികിത്സ ഉറപ്പുവരുത്തി വേണ്ടുന്ന മരുന്നുകളും ഉപദേശങ്ങളും നൽകുന്നു.

12. സ്കൂൾ ആരോഗ്യപരിപാടി (School Health Programme)

ഈ പദ്ധതിയനുസരിച്ച് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഇതിന്റെ പരിധിയിൽ വരുന്ന എല്ലാ L.P സ്കൂളുകളും സന്ദർശിച്ച് കുട്ടികളുടെ പൂർണ്ണമായ ആരോഗ്യ പരിശോദന നടത്തി ആവശ്യമായ ചികിത്സ വിധിക്കുന്നു. വേണ്ടി വന്നാൽ ഉപരി ചികിത്സക്കുള്ള ഉപദേശങ്ങളും കൊടുക്കുന്നു. കൂടാതെ 1, 5, 10 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്കും പ്രതിരോധകുത്തിവയ്പുകൾ നടത്തുന്നു. പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളുടെ കാഴ്ച ശക്തി പരിശോധനയും ഈ പരിപാടിയുടെ പ്രധാന ഭാഗമായി നടത്തിവരുന്നു.

13. സംയോജിത ശിശു വികസന പരിപാടി (I.C,D.S.)

സംയോജിത ശിശു വികസന പരിപാടിയനുസരിച്ച് ഇവിടെ നിന്നും അംഗൻവാടികളിലെ കുട്ടി

കളുടെ ആരോഗ്യപരിശോധന നടത്തുന്നു. കൂടാതെ അവിടത്തെ അനുപൂരണപോഷണ പദ്ധതിയുടെ മേൽനോട്ടവും നടത്തുന്നു.

14. ദേശീയ ഉപരിശ്വാസകോശ അണുബാധ നിയന്ത്രണപരിപാടി (NURICP)

ഈ പദ്ധതിയനുസരിച്ച് ചുമയും പനിയുമായി വരുന്ന രോഗികൾക്ക് (കുട്ടികൾക്കും മുതിർന്നവർക്കും) ബോധവൽക്കരണവും ചികിത്സയും നൽകിവരുന്നു.

15. മഹിളാ സ്വസ്ത് സംഘ് പരിപാടി (M.S.S.)

ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ നന്നായി പ്രവർത്തിക്കുന്ന 4 മഹിളാ സമാജങ്ങളെ മഹിളകളുടെ ഉന്നമനത്തിനായി സാമ്പത്തികവും സാങ്കേതികവുമായി ഈ പരിപാടിയനുസരിച്ച് സഹായിച്ചുവരുന്നു.

16. I.E.C. Activities

കുടുംബക്ഷേമ പ്രവർത്തനങ്ങളേയും വിവിധ രോഗപ്രതിരോധ പ്രവർത്തനങ്ങളേയും പൊതുജനാരോഗ്യത്തേയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ബോധവൽക്കരണം നടത്തുകയും ആരോഗ്യവിദ്യാഭ്യാസ ചർച്ചാക്ലാസ്സുകൾ നടത്തുകയും ബാനറുകൾ ഉയർത്തുകയും പോസ്റ്ററുകൾ പതിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യലും ഈ പരിപാടിയുടെ ഭാഗമായി ചെയ്തുവരുന്നു.

17. ദേശീയ അയഡിൽ അപര്യാപ്തതാ നിയന്ത്രണ പരിപാടി (National Ieine deficiency Controle Programmer)

ഈ പരിപാടിയുടെ ഭാഗമായി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

18. ലൈംഗികമായി പകരുന്ന രോഗങ്ങൾ (STD / AIDS C.P.) AIDS നിയന്ത്രണപദ്ധതി

ലൈംഗികമായി പകരുന്ന രോഗങ്ങളെക്കുറിച്ച് പ്രത്യേകിച്ച് AIDS നെക്കുറിച്ചുള്ള ബോധവൽക്കരണവും ആവശ്യമെടുക്കേണ്ടുന്ന മുൻകരുതലുകളും ഈ പദ്ധതിയനുസരിച്ച് പൊതുജനങ്ങൾക്കുണ്ടാക്കിക്കൊടുക്കുന്നു. ലൈംഗിക പകർച്ചവ്യാധികൾക്ക് പ്രത്യേക ചികിത്സ നൽകുന്നു. AIDS നിയന്ത്രണത്തിന്റെ ഭാഗമായി ആവശ്യങ്ങൾക്ക് ആരുതന്നെയായാലും വിവാഹിതനാണോ എന്ന പരിഗണനപോലും നോക്കാതെ ഗർഭനിരോധന ഉറകൾ സൗജന്യമായി കൊടുത്തുവരുന്നുണ്ട് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും.

19. മരണകാരണങ്ങളെക്കുറിച്ചുള്ള സർവ്വെ (C.O.D.)

അവികസിത പ്രദേശങ്ങളിലെ മരണകാരണങ്ങളെക്കുറിച്ച് ലോകാരോഗ്യസംഘടന ഏർപ്പെടുത്തിയിരിക്കുന്ന ദേശീയ സർവ്വെക്കായി ഇടുക്കി ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാണ് പുറപ്പുഴ. ഈ പദ്ധതിയനുസരിച്ച് ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും നിർദ്ദിഷ്ഠ സർവ്വെ നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾക്ക് യഥാസമയം അയ്ക്കുന്നു.

20. രോഗശുശ്രൂഷ

ഇതിനായി ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. വിഭാഗവും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നു. കെട്ടിടത്തിന്റെ സ്ഥലസൗകര്യക്കുറവും ജീവനക്കാരുടെ അപര്യാപ്തതയും ഉണ്ടങ്കിൽ തന്നെയും ഉള്ള പരിമിതിക്കുള്ളിൽ നിന്നും പൊതുജനങ്ങൾക്ക് പരമാവധി ചികിത്സ നൽകി വരുന്നു. ഉപരിചികിത്സ ആവശ്യം വരുന്ന രോഗികളെ വിദഗ്ധ ചികിത്സക്കായി ഉയർന്ന ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നു.

കക്കൂസ് - പരിസര ശുചിത്വം - ശുദ്ധജലവിതരണം

കക്കൂസുകളുടെ അഭാവം പരിസരശുചിത്വമില്ലായ്മ. ശുദ്ധജലക്ഷാമം തുടങ്ങിയവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വർഷകാല

ത്തും വരൾച്ചക്കാലത്തും പകർച്ചവ്യാധികൾ വ്യാപകമായി ഈ ഗ്രാമത്തിൽ ഉണ്ടാകുന്നു. പഞ്ചായത്തിലെ 25.6% വീടുകളിൽ കക്കൂസ് ഇല്ല. ആയതിനാൽ ജലജന്യരോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു.

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽപരിസരമലിനീകരണം പറയത്തക്കതായില്ല എങ്കിലും പഞ്ചായത്തിൽ വ്യാപകമായി കാണുന്ന റബ്ബർ തോട്ടങ്ങളിൽ റബ്ബർ ചിരട്ടയിൽ വെള്ളം കെട്ടി നിൽക്കുന്നതിനാൽ കൊതുകു പെരുകുവാനിടയാക്കുന്നു. മിക്ക വീടുകളിലും മലിനജലം അശ്രദ്ധമായി ഒഴിക്കുന്നതിനാൽ ഈച്ച കൊതുക് വിന്ത് എന്നിവയുടെ ശല്യം ധാരാളമായി ഉണ്ടാകുന്നതായി കാണുന്നു. വീടുകളിലുണ്ടാകുന്ന പാഴ്വസ്തുക്കൾ കമ്പോസ്റ്റ് നിർമ്മാണത്തിനുപയോഗിച്ചാൽ ഈച്ചയും കൊതുകും പെരുകുന്നതു തടയാൽ ഒരു പരിധിവരെ സാധിക്കും. കൊമേന്ത ലക്ഷം കോളനി ഭാഗത്ത് പാക്കുപൊളിച്ച തൊണ്ട് അലക്ഷ്യമായി പി.ഡബ്ല്യു.ഡി. റോഡിന്റെ വശത്ത് കുന്നുകൂട്ടുന്നത് മൂലം പരിസരമലിനീകരണത്തിനും കൊതു വളരാനും കാരണമാകുന്നുണ്ട്.

(ഒരു ജോഡി ഈച്ചകൾ ഒരു വേനൽക്കാലം കൊണ്ട് 3, 25, 92, 320 ഈച്ചകളെ ഉല്പാദിപ്പിക്കുന്നു.)

പകർച്ചവ്യാധികൾ തടയുന്നതിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രദമായി നടപ്പാക്കാവുന്നതാണം. ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം വ്യാപകമാക്കേണ്ടതുണ്ട്. കമ്പോസ്റ്റു നിർമ്മാണത്തിനും വീട്, വിദ്യാലയം, ആശുപത്രി, റോഡുകവല, ഹോട്ടലുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ശുചീകരണത്തിനും പ്രത്യേകം ഊന്നൽ നൽകുന്ന ബോധവല്ക്കരണ പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. വഴിത്തലയിലും കൊടികുത്തിയിലും ഓരോ സർക്കാർ ഹോമിയോ ആശുപത്രി നിർമ്മിക്കുവാനുള്ള നടപടിയെടുക്കുക.
2. വെയിറ്റിംഗ്ഷെഡിന് (പഞ്ചായത്താഫീസിനു മുൻവശം) സമീപം Comfort Station നിർമ്മിക്കുക.
3. മദ്യപാനത്തിനും പുകവലിക്കുമെതിരെ ജനകീയ ബോധവൽക്കരണം നടത്തുക.
4. ഹോമിയോ ആശുപത്രിയിൽ രോഗികളെ കിടത്തിചികിത്സിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.
5. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം തീർത്ത് രോഗികളെ കിടത്തി ചികിത്സിക്കാൻ ഉള്ള സൗകര്യം ഉണ്ടാക്കുക.
6. പ്രവർത്തനരഹിതമായി കിടക്കുന്ന ഓപ്പറേഷൻ തീയറ്റർ പ്രവർത്തിക്കുകയും PHC ആധുനികരിക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യുക മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക.
7. കുണിഞ്ഞിയിൽ ആയുർവേദ ആശുപത്രി സ്ഥാപിക്കുക.
8. ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന യോഗകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിപ്പിക്കുക.
9. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ (ചികിത്സക്കും പരിചരണത്തിനും) വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

ഗ്രാമീണരുടെ പോഷണനിലവാരവും ശുചിത്വ സംവിധാനവും ശുദ്ധജല വിതരണവും ആരോഗ്യനയവുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. രോഗചികിത്സയെക്കാൾ രോഗപ്രതിരോധത്തിന് ഊന്നൽ നൽകേണ്ടിയിരിക്കുന്നു. പ്രാഥമിക ആരോഗ്യസുരക്ഷ ലഭ്യമാക്കൽ, ഗാർഹിക ആരോഗ്യ പരിപാലനം ക്യാൻസർ പരിശോധനയും പ്രതിരോധവും, സാംക്രമികരോഗ പ്രതിരോധം, പ്രതിരോധക്കുത്തിവയ്പ്, മലമ്പനി, നിവാരണം, കൊതുക് നിവാരണം, വയറിളക്കരോഗ പ്രതിരോധം തുടങ്ങിയവയ്ക്കെല്ലാം നമ്മൾ പ്രാധാന്യം കൊടുത്തേ മതിയാവൂ. കൂടുതൽ ആരോഗ്യമുള്ള ജനത സമ്പത്ഘടനക്ക് മുതൽക്കൂട്ടാണ്.

ഗതാഗതം ഊർജ്ജം

9-ാം നൂറ്റാണ്ടുമുതൽ കടുത്തുരുത്തിയും പാണ്ടി ദേശവും തമ്മിലുള്ള വാണിജ്യമാർഗ്ഗം ഈ പഞ്ചായത്തിലൂടെ കടന്നുപോയിരുന്നു. വാണിജ്യമാർഗ്ഗമെന്ന നിലയിലും വളർന്നുവന്നു. രാജകീയ സൗഹൃദത്തിന് വടക്കുംകൂർ കീഴ്മലനാട് രാജപാത എന്ന നിലയിലും വഴിത്തല, നെടിയശാല, വഴികടന്നുപോയിരുന്ന റോഡാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഞ്ചാര മാർഗ്ഗം. പുരാതനകാലം മുതൽ പാണ്ടിനാട്ടിൽ നിന്നും തൊടുപുഴ നെടിയശാല ഭാഗത്ത് സംഭരിച്ചിരുന്ന ചരക്കുകളുമായി കാളവണ്ടികൾ കടുത്തുരുത്തിയിലേക്ക് ഈ വഴി കടന്നുപോകുമായിരുന്നു. 1926-ൽ ആണ് ആദ്യമായി ഈ വഴിയിലൂടെ തൊടുപുഴ നിന്നും പിറവത്തേക്ക് ബസ് ഗതാഗതം ആരംഭിച്ചത്. ഈ പഞ്ചായത്തിലെ പിന്നീടുണ്ടായ ആദ്യ റോഡുകൾ 1932-ൽ വഴിത്തല - കരിങ്കുന്നം റോഡും - നെടിയശാല, പുറപ്പുഴ റോഡുമാണ്. നെടിയശാല - പുറപ്പുഴ, വഴിത്തല, കരിങ്കുന്നം എന്നീ രണ്ടു റോഡുകളെ ഉണ്ടായിരുന്നുള്ളൂ. ഇവ ടാർ ചെയ്തിരുന്നില്ല. തുടർന്ന് 1962-ൽ വള്ളീക്കെട്ട് കുണിഞ്ഞി - കാർമ്മൽസെന്റർ മാറിക തുടങ്ങിയ റോഡുകൾ സ്ഥാപിതമായി. പിന്നീടുണ്ടായ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം റോഡുകൾ പൂർത്തിയായിട്ടുണ്ട്. വികസനമെന്നാൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം മാത്രമാണന്ന ധാരണയും കൂട്ടായ പ്രവർത്തനവും റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആക്കം കൂട്ടി.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ ആകെ റോഡ് 81.66 കി.മീ ആണുള്ളത്. ഇവയിൽ ടാർ ചെയ്തത് 41.80 KM ഉം മൺറോഡ് 39.86 കി.മീ. ആണുള്ളത്. ഒരു ച.കി. മീറ്ററിന് ശരാശരി 3.38 കി.മീ റോഡ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 2.9 മീറ്റർ ടാർ റോഡുണ്ട്. ഈ ഗ്രാമത്തിൽ ജലഗതാഗതമില്ലാത്തതിനാൽ ജനങ്ങൾ റോഡിനെ മാത്രം ആശ്രയിക്കുന്നു.

ഇത് കൊണ്ടാണ് റോഡിന്റെ കാര്യത്തിൽ സംസ്ഥാനശരാശരിയേക്കാൾ പഞ്ചായത്ത് മുന്നിട്ടു നിൽക്കുന്നത്.

ഇവിടെ ഇത്രയധികം റോഡുകളുണ്ടെങ്കിലും ബസ് ഗതാഗതം ഉള്ള റോഡുകൾ 16% ൽ താഴെയാണ്. വഴിത്തല, പുറപ്പുഴ, നെടിയശാല തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ ഓട്ടോസ്റ്റാന്റുകളും ടാക്സി സ്റ്റാന്റുകളും നിലവിൽ ഉണ്ട്. വഴിത്തലയിൽ ഉള്ള ടെമ്പോസ്റ്റാന്റിൽ 25 ഓളം ടെമ്പോയുണ്ട്.

ഇവിടുത്തെ റോഡുശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി മോശമാണ്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളും കൾവർട്ടുകളുമില്ല. സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ വേഗത്തിൽ നടത്തുവാൻ പഞ്ചായത്തിന് സാധിക്കാതെവരുന്നു. ശരിയായ രീതിയിൽ ഓവുചാലുകൾ തീർത്താൽ റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താനാവും.

റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ധാരാളം നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. വഴിത്തല പുറപ്പുഴ നെടിയശാല റോഡിൽ ഉള്ള കൊടും വളവുകൾ നിവർത്തുകയും റോഡ് മൊത്തം വീതി കൂട്ടി ടാർ ചെയ്യുകയും ചെയ്യണം.
2. വള്ളീക്കെട്ട് പാലച്ചുവട് റോഡിൽ ഇടശ്ശേരി ഭാഗത്തുള്ള പാലം പൊക്കി റോഡിന്റെ വളവു നിവർക്കുകയും ചെയ്യണം.
3. കൊമേന്തയിൽ നിന്ന് കൂവച്ചാൽവരെയുള്ള ഭാഗത്ത് റോഡിന് സൈഡ്ഭിത്തി കെട്ടി സംരക്ഷിക്കുകയും റോഡിന്റെ കുത്തനെയുള്ള കയറ്റം കുറക്കുകയും ചെയ്യുക.
4. കൂപ്പുകവല LPS റോഡ് വീതികൂട്ടി റീ ടാറിംഗ് നടത്തുകയും സംരക്ഷണ ഭിത്തികെട്ടുകയും വേണം.
5. കൊടികുത്തി - പനക്കച്ചാൽ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ കൊടികുത്തിയിലേക്കുള്ള ദൂരം പകുതി കണ്ട് കുറയും.

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

	റോഡ്	ഉടമസ്ഥത	ദൂരം	വീതി	Bus / മറ്റു സൗകര്യവും
1.	നെടിയശാല - വഴിത്തല - മാറിക	P.W.D.	6 KM	8M മുകളിൽ	ഉണ്ട്
2.	നെടിയശാല - പുറപ്പുഴ	P.W.D	2 KM	8M	ഉണ്ട്
3.	വഴിത്തല - കരിങ്കുന്നം	P.W.D.	5KM	8M	ഉണ്ട്
4.	വള്ളീക്കെട്ട് കുണിഞ്ഞി പാലച്ചുവട്	P.W.D.	5KM	8M	ഭാഗികമായി ഉണ്ട്
5.	പാലച്ചുവട് - മുണ്ടുനട	P.W.D.	3KM	8M	ഭാഗികമായി
6.	പുറപ്പുഴ - വടക്കുംമുറി - കരിങ്കുന്നം	P.W.D.	1.200 KM.	8M	ഇല്ല
7.	വെള്ളം നിക്കിപ്പാറ -കുണിഞ്ഞി	പഞ്ചായത്ത്	2.800KM	8M	ഇല്ല
9.	വട്ടക്കുഴി കുണിഞ്ഞി	"	2.700 PM.	8M	
10.	കൂഷുകവല L.P.S.	"	2.100 KM	8M	ഉണ്ട്
11.	കൊല്ലംപറമ്പ് സെന്റർ പുത്തൻപള്ളി	"	1.25 KM	8M	ഉണ്ട്
12.	കാർമ്മൽ സെന്റർ - പുത്തൻപള്ളി	"	1.25 K.M.	8M	ഉണ്ട്
13.	വഴിത്തല - കമ്പനിപ്പടി	"	1.5K.M.	8m	ഇല്ല
14.	ഇരുട്ടുതോട് - വള്ളിക്കെട്ട്	"	225M	4M	ഇല്ല
15.	ഇരുട്ടുതോട് - മഠം	"	600 M	4	ഇല്ല
16.	വാഴപ്പിള്ളി കൃഷ്ണവിലാസം	"	300 M	5	ഇല്ല
17.	നെടിയശാല ചെള്ളൽ	"	130M	3.5	ഇല്ല
18.	മൂന്നാംവയൽ - വടക്കുംമുറി	"	500M	7M	ഇല്ല
19.	തറവട്ടം കൊട്ടാരംകവല	"	1.50 M	6M	ഇല്ല
20.	കവുകണ്ടം തോട്ടം കുണിഞ്ഞി	"	8M	ഇല്ല	
21.	തോയിപ്ര IPP	"	4.5 P.M.	8M	ഇല്ല

6. പനക്കച്ചാൽ - കോളനിറോഡ് വീതികൂട്ടി നന്നാക്കണം.
7. കവുങ്ങുംതോട്ടം - കുണിഞ്ഞി റോഡ് ബസ് ഗതാഗതത്തിന് യോഗ്യമാക്കുക. ഈ റോഡിൽ വീതി കുറവുകാരണം അപകടങ്ങൾ ഉണ്ടാവുന്നുണ്ട്.
8. തോയിപ്ര കൊടികുത്തി ഹരിജൻ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.

9. ചുണ്ടക്കാട് റോഡിന്റെ വീതികൂട്ടി ടാറിംഗ് പൂർത്തീകരിക്കണം.

10. ചുണ്ടക്കാട് കുന്നേൽ നിരപ്പ് റോഡ് ചുണ്ട ക്കാട്ടിലേക്ക് ദൂരം വളരെ കുറഞ്ഞു കിട്ടും.

11. കൊല്ലംപറമ്പ് - കണ്ണാടികണ്ടം റോഡ് വെട്ടി പ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായിതീർ ന്നിരിക്കുകയാണ്. പ്രസ്തുത റോഡ് റീടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ 150 ഓളം കുടുംബങ്ങൾക്ക് ആശ്വാസമാകും.

12. കാർമ്മൽ സെന്റർ കണ്ണാടികണ്ടുംറോഡ് റീടാർ ചെയ്യുക.

13. 7-ാം വാർഡിൽ കാരിക്കൊമ്പ് - മഠം റോഡിൽ പാലം തീർക്കുകയും വീതി കൂട്ടി ടാർ ചെയ്യു കയും ചെയ്യണം. ഏതാണ്ട് 1 കി. ദൂരത്തോളം വഴി സറണ്ടർ ചെയ്തിട്ടുണ്ട്. 170 കുടുംബ ങ്ങൾക്ക് ഗുണം കിട്ടുന്ന റോഡാണിത്.

14. വള്ളിക്കെട്ട് - ഇരുട്ടുതോട് റോഡിന്റെ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം.

15. Govt. L.P.S. ഇരുട്ടുതോട് റോഡിന്റെ വീതികൂട്ടി ടാർ ചെയ്യുകയും ഓടകെട്ടി സംരക്ഷിക്കുകയും ചെയ്താൽ 140 -ളം കുടുംബങ്ങൾക്ക് ഗതാഗ തസൗകര്യമാകും.

16. നെടിയശാല ചെള്ളൽറോഡ് ഗതാഗത യോഗ്യ മാക്കുക.

17. തറവട്ടം കൊട്ടാരംകവല റോഡ് റീടാർ ചെയ്ത് സംരക്ഷിക്കണം.

18. വാഴപ്പിള്ളി കൃഷ്ണവിലാസം റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുക.

19. കാവേന്ത - കുണിഞ്ഞി റോഡിൽ കൂവച്ചാൽ ഭാഗത്തുനിന്നും ചരളംകുന്നു ഭാഗത്തേക്ക് റോഡ് 50 മീറ്റർ കൂടി മുറിഞ്ഞാൽ കയറ്റം വളരെയ ധികം കുറയും.

20. കവുങ്ങുംതോട്ടം - കൊടികുത്തിറോഡിൽ ഞാറ യ്ക്കൽ ജംഗ്ഷനിൽ നിന്നും ചുണ്ടക്കാട് റോഡി ലേക്ക് ഒരു നടപ്പാത വേണമെന്ന് ഗ്രാമസഭ യിൽ ആവശ്യമുയർന്നിട്ടുണ്ട്. 20-ൽപരം വീട്ടു കാർക്ക് ഗുണകരമായ ഈ നടപ്പാത ചെറിയ സാമ്പത്തികസഹായം ലഭ്യമാക്കിയാൽ സന്നദ്ധ പ്രവർത്തനത്തിലൂടെ പൂർത്തിയാക്കാനാകും.

21. കഠാരകുഴിയിൽ നിന്നും ചുണ്ടാക്കാട് റോഡ് മുറിച്ചാൽ കൊടുകുത്തിക്ക് കയറ്റവും ദൂരവും കുറയും.

22. കൊടുകുത്തി - കുണിഞ്ഞി (മാനാച്ചാൽ വഴി) റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

22. തെങ്ങുംപിള്ളി - കുണിഞ്ഞി പാലം റോഡ് ടാർ ചെയ്യണം.

ടാർ ചെയ്ത ഭാഗത്തിന്റെ വീതി കൂട്ടുകയും കയ്യേറപ്പെട്ട റോഡ് പുറമ്പോക്കുകൾ ഒഴിപ്പിക്കുക യും റോഡ് സൈഡിലെ കെട്ടിടനിർമ്മാണപ്രവർത്ത നങ്ങൾ തടയുകയും, ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ ബസ് സ്റ്റോപ്പുകൾ എന്നിവ ചുരുങ്ങിയത് 6 അടിയെങ്കിലും മാറ്റിസ്ഥാപിക്കപ്പെടുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ പുതിയതായി നിർമ്മിക്കേണ്ട റോ ഡുകൾ എടുത്തുപറയത്തക്കതായി ഒന്നുമില്ല. ഗ്രാമ ത്തിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കു കയും കൂടുതൽ ബസ്ഗതാഗതം ആരംഭിക്കേണ്ട തും അത്യാവശ്യമാണ്. ഇപ്പോൾ കുണിഞ്ഞി - കൊടികുത്തി മേഖലയിലേക്ക് ഗതാഗതസൗകര്യം വള രെകുറവാണ് റോഡുകളുടെ അവസ്ഥയും കൂത്ത നെയുള്ള കയറ്റവുമാണം അവയ്ക്ക് കാരണം. ഇവ പരിഹരിക്കപ്പെടണം എങ്കിലേ ഈ മേഖലയിലുള്ള ജനങ്ങൾക്ക് ഗതാഗതസൗകര്യം ഉണ്ടാവൂ. പ്രധാന ബസ്സ്റ്റോപ്പുകളിൽ ഓരോ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ആകെ 35 മൺറോഡുകൾ ഈ പഞ്ചായത്തി ലുണ്ട്. അവയുടെ ആകെ ദൈർഘ്യം ഏകദേശം 40 KM വരും 94-96 കാലയളവിൽ പഞ്ചായത്ത് മൺറോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്ന തിന് 80,000 രൂപയോളം മുടക്കിയിട്ടുണ്ട്. പഞ്ചായ ത്തിന്റെ പരിമിതമായ വരുമാനം കൊണ്ട് ഈ റോഡു കളുടെയെല്ലാം സംരക്ഷണം അസാദ്ധ്യമായിരിക്ക യാണ് റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമു തലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴി യണം.

പട്ടിക 2 (പഞ്ചായത്ത് കണക്കുപ്രകാരം)

	നിലവിലുള്ള മൺ റോഡുകൾ			
ക്രമനമ്പർ	പേര്	ദൂരം	വീതി	നന്നാക്കാൻ ആവശ്യമായ തുക
1	കൊടികുത്തി - കുണിഞ്ഞി	2.5 K.M.	5M	10 ലക്ഷം
2.	കുണിഞ്ഞി - കെഴുതിരി	900m	5M	5 "
3.	ചേനാപ്പറമ്പ് - ചുണ്ടക്കാട്	1.8 K.M.	8M	7 "
4.	ചുണ്ടക്കാട് കുന്നേൽനിരപ്പ്	1.17 K.M.	5M	3.5 "
5.	തെങ്ങുംപിള്ളി - മുണ്ടുനട	500M	5M	2 "
6.	കൊടികുത്തി വെള്ളംനിക്കിപ്പാറ	1 K.M.	4M	4 "
7.	പാറേപ്പീടിക പനക്കച്ചാൽ	2.75KM	3M	14 "
8.	കൊടികുത്തി - ബൈപാസ്	400 M	6M.	2 ലക്ഷം
9.	പനക്കച്ചാൽ - കൊടികുത്തി	1.35 M	3.5M	5 ലക്ഷം
10.	കുപ്പുകവല - തെങ്ങുംപിള്ളി	550 M	3.5 M	3 ലക്ഷം
11.	കണ്ണാടികണ്ടം അമ്പാട്ടുകണ്ടം	850M	4M	4 "
12.	പാറേപ്പീടിക - കല്ലുംപുറത്തുപാറ	800M	3M	3.5 "
13.	വഴിത്തല -പാടംകണ്ടം	600 M	3.5	3.5 "
14.	വഴിത്തല - മൂലമ്പുഴ	700M	8M	4 ലക്ഷം
15.	മൂലമ്പുഴ -വരികിപ്പാറ	1KM	3M	5 ലക്ഷം
16.	ഇരുട്ടുതോട് - വള്ളിക്കെട്ട്	1KM	4M	5 ലക്ഷം
17.	മറ്റത്തിപ്പാറ - തേക്കനാനിരപ്പ്	350m	3.5	2.5 ലക്ഷം
18.	ഇരുട്ടുതോട് മുരിക്കാനി	1.25	4M	4.5 ലക്ഷം
19.	പാനിപ്ര - പുറപ്പുഴ	750M	4M	3.5 "
20.	ഇരുട്ടുതോട് - പുറപ്പുഴ	1.64 K.M.	4M	4 "
21.	ഇരുട്ടുതോട് മഠം	1.25	7M	4 "
22.	വാഴപ്പിള്ളി കൃഷ്ണവിലാസം	880M	5M	4.5 ലക്ഷം
23.	നെടിയശാല ചെള്ളൽ	1.25 KM	3.5M	6 "
24.	മൂന്നാം വയൽ - വടക്കുംമുറി	750M	7M	4 "
25.	പുറപ്പുഴ മൂവേലി	1.12KM	3.5M	5 "
26.	വാഴപ്പിള്ളി മൂന്നാംവയൽ	700M	3M	4 "
27.	കാരിക്കൊമ്പ് മഠം	1.9KM	4M	15 "
28.	പാറേപ്പീടിക ചേർക്കാപ്പുഴ	850M	4M	3 "
29.	പാറേപ്പീടക കുര്യനാൽ	950M	4M	4 "
30.	പള്ളിത്താഴം തറവാട്ടം	900M	4M	4 "
31.	തറവാട്ടം - കൊടികുത്തി	2.9KM	3M	12 ലക്ഷം
32.	വെളിയം നിള്ളിച്ചാൽ	1KM	4M	5 "
33.	കാരക്കുഴി - വാലൻപാറ	1.1KM	5M	4 "
34.	തോയിപ്ര - കൊടികുത്തി	2.4KM	4M	8 ലക്ഷം
35.	വടക്കുംമുറി - വീരൻമല	950M	4M	3 ലക്ഷം

പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരിഗണിക്കുമ്പോൾ റോഡുകളുടെ നിർമ്മാണത്തിന് 1/4 ഭാഗമെങ്കിലും ശ്രമദാനങ്ങളുടെ വിലയായും പൊതുസംഭാവനയും ചേർന്നതാകണം മിക്കവാറും എല്ലാ ഗ്രാമസഭകളിലും ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണന്ന് അറിയിച്ചിരിക്കുന്നത് ശുഭകരമാണ്.

ഊർജ്ജം

പഞ്ചായത്തുതല ഊർജ്ജഉപഭോഗത്തെ സംബന്ധിച്ചും ഊർജ്ജാസൂത്രണത്തെ സംബന്ധിച്ചും ചിന്തിക്കുമ്പോൾ വിവിധ ഊർജ്ജസ്രോതസ്സുകളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. എണ്ണ, പ്രകൃതിവാതകം, വൈദ്യുതി എന്നീ വാണിജ്യ ഇന്ധനങ്ങളും വിറക്, തെങ്ങുത്പന്നങ്ങൾ ചപ്പുചവറ് ജൈവവസ്തുക്കൾ തുടങ്ങി ജൈവദ്രവ്യങ്ങളുമാണ് പ്രധാന ഊർജ്ജസ്രോതസ്സുകൾ. നാട്ടിലെ ഇന്ധന ഉപഭോഗത്തെ ഗാർഹികം, കാർഷികം, വ്യവസായികം, വാണിജ്യം എന്നിങ്ങനെ 4 മേഖലകളായും തിരിക്കാം. നമ്മുടെ നാട് ഇന്ന് വൈദ്യുതിയുടെ കാര്യത്തിൽ കടുത്ത ദാരിദ്ര്യത്തിലാണ് നമ്മുടെ ഗ്രാമീണ മേഖലകളിൽ വൈദ്യുതി എത്തുമ്പോൾ അതിഭീകരമായ പ്രസരണ നഷ്ടം ഉണ്ടാവുന്നു. പഞ്ചായത്തിൽ വൈദ്യുതി ലൈനുകൾ കൂടുതലായും കടന്നുപോകുന്നത് റബ്ബർ തോട്ടങ്ങളിലൂടെയാണ്. മരങ്ങളിൽ വൈദ്യുതിലൈൻ തട്ടി നിൽക്കുന്നതുകൊണ്ടാണ് കൂടുതലും പ്രസരണനഷ്ടം ഉണ്ടാവുന്നത്. 1955 - 56 കാലഘട്ടത്തിൽ പുറപ്പുഴ പഞ്ചായത്തിലെ നെടിയശാലയിലും വഴിത്തലയിലും വൈദ്യുതി എത്തിയതാണ് ഈ ഗ്രാമത്തിൽ വൈദ്യുതിരംഗത്തുള്ള ആദ്യ തുടക്കം. അതിനുശേഷം 40 വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഇന്നും വൈദ്യുതി എത്തിപ്പെടാത്ത പല മേഖലകളിലും ഈ പഞ്ചായത്തിലുണ്ട്. വിവിധ മേഖലകളിലായി 2420 ഉപഭോക്താക്കൾ ആണ് ഈ ഗ്രാമത്തിലുള്ളത്.

ഇടുക്കിജില്ലയിലെ തൊടുപുഴ സബ്സ്റ്റേഷനിൽ നിന്നും എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം എന്നീ സബ്സ്റ്റേഷനുകളിൽ നിന്നുമാണ് ഈ ഗ്രാമത്തിൽ ഇന്ന് വൈദ്യുതി എത്തുന്നത്. അധികൃതരുടെ കണക്കനുസരിച്ച് പഞ്ചായത്തിലുള്ള ട്രാൻസ്ഫോമറുകളൊന്നും അധികഭാരം വഹിക്കുന്നവയല്ല എന്നാൽ പഞ്ചായത്തിലെ പകുതിയിലധികം ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്ന എന്നുള്ളതാണ് വസ്തുത. ഈ ട്രാൻസ്ഫോമറുകളുടെ പവർ വർദ്ധിപ്പിക്കുകയോ പുതിയത് വയ്ക്കുകയോ ചെയ്താൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാകും. നിരന്തരമായി അധികൃതരുടെ പടിവാതിൽ മുട്ടിയിട്ടും ഇതുവരെ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടായിട്ടില്ല. പഞ്ചായത്തിലെ വൈദ്യുത ഉപഭോഗനിരക്ക് ഇപ്പോൾ തന്നെ കുറഞ്ഞതാണ്. കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം വിരളമാണ് വ്യവസായയൂണിറ്റുകൾ ഒന്നും കാര്യമായിട്ടില്ലാത്തതിനാൽ ആ രംഗത്തും വൈദ്യുതി ഉപയോഗിക്കപ്പെടുന്നില്ല ഇതിനൊക്കെപ്പുറമേ ഇനി കണക്ഷൻ ലഭിക്കേണ്ട ആളുകൾക്കുകൂടി വൈദ്യുതി എത്തിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചയത്തിന്റെ വികസനപരിപ്രേക്ഷ്യം തയ്യാറാക്കുമ്പോൾ വൈദ്യുതി ദൗർലഭ്യം പരിഹരിക്കാനുള്ള നടപടിയുണ്ടാക്കേണ്ടതാണ്.

നമ്മുടെ സംസ്ഥാനം ഇന്ന് വൈദ്യുത ഉപഭോഗത്തിൽ 13-ാം സ്ഥാനത്തു നിൽക്കുന്നു. പഞ്ചായത്തിൽ ആകെ 15 ട്യൂബുകളടക്കം 175 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്.

ഇന്ന് ഊർജ്ജം എന്ന വാക്കുകൊണ്ട് ജനങ്ങൾ അർത്ഥമാക്കുന്നത് വൈദ്യുതി ഉത്പാദനവും വിതരണവുമാണ് എന്നാൽ ഇതിന് ഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജോത്പാദന ഉപാധി ഗാർഹികമേഖലയെ സംബന്ധിച്ചിടത്തോളം വിറക് ആണ് ഊർജ്ജത്തെപറ്റി ചിന്തിക്കുമ്പോൾ എത്ര ഊർജ്ജം ഉപയോഗിക്കുന്നു എന്നതല്ല. എത്ര പ്രയോജനം ലഭിക്കുന്നു എന്നാണ് കാണേണ്ടത്. ഇന്ന് വിറക് ഉപയോഗിക്കുമ്പോൾ 1/2 ഭാഗം ഊർജ്ജവും പാഴായിപ്പോവുന്നു. പാചകം ചെയ്യാൻ ഉപയോഗിക്കുന്ന മൈക്രോവേവ്, ഗ്യാസ് അടുപ്പുകൾ സാധാരണ അടുപ്പിനെക്കാൾ കൂടുതൽ ഭക്ഷ്യത നൽകുന്നവയാണ്. അതുപോലെ പരിഷത്ത് അനർട്ട് തുടങ്ങിയവയുടെ അടുപ്പുകൾ വിറക് വളരെ കുറച്ച് മാത്രം ഉപയോഗപ്പെടുത്തികൊണ്ട് കൂടുതൽ ഊർജ്ജം ലഭിക്കത്തക്കവിധത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്. നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ആവശ്യത്തിന്

വിറക് ലഭിക്കാത്ത ഒരു സാഹചര്യത്തിലേക്കാണ് നാം നീങ്ങുന്നത്. അടുത്ത ഒരു ദശകത്തിനുള്ളിൽ നമ്മുടെ സംസ്ഥാനം ഒരു തുണ്ടുവിറകുപോലും ലഭിക്കാത്ത ഒരു സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചേരുമെന്ന് കണക്കാക്കപ്പെടുന്നു. ഈ പ്രത്യേക പരിതസ്ഥിതിയെ മറികടക്കാൻ നമ്മൾ ഇപ്പോഴേ ഒരുങ്ങേണ്ടിയിരുന്നു. ഈ ഒരുക്കത്തിന്റെ ഭാഗമായി ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗവും ഗുണവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ഗ്രാമതലത്തിൽ അതിനുവേണ്ട പ്രചരണങ്ങൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

(Bio - Gas Plant) ചാണകത്തിൽ നിന്നും ഗ്യാസ് ഉത്പാദിപ്പിച്ച് പാചകത്തിനും വിളക്ക് തെളിക്കുന്നതിനും വ്യാപകമായി ഉപയോഗിച്ചുവരുന്നു. വളരെ കുറഞ്ഞ ചിലവിൽ ഉൽപാദിപ്പിക്കാവുന്ന ഒരു ഇന്ധനമാണിത്. കന്നുകാലിവളർത്തലുള്ളവർക്ക് ഈ പാചകം മുഖേന ആവശ്യത്തിനുള്ള ഊർജ്ജത്തിന്റെ 70% നേടാൻപറ്റും. ഈ ആവശ്യത്തിന് ഗവ. കൊടുക്കുന്ന സഹായധനത്തിന്റെ തോത് ഉയർത്തി കർഷകരെ സഹായിക്കാൻ തുനിഞ്ഞാൽ ഊർജ്ജമേഖലയിൽ അതൊരു വൻനേട്ടമാവും. അതുപോലെതന്നെ ചപ്പുചവറുകൾ, മറ്റു വെയ്സ്റ്റുകൾ തുടങ്ങിയവ കൊണ്ടും പാചക വാതകം ഉണ്ടാക്കാവുന്നതും അങ്ങനെ ചെയ്യുന്നത് പരിസര മലിനീകരണത്തിന് ഒരു പ്രധിവിധിയാവുകയും ചെയ്യും.

നാം സാധാരണയായി ഉപയോഗിക്കുന്ന വൈദ്യുതിവിളക്കുകൾ വെളിച്ചത്തെക്കാൾ ചൂടാണ് നൽകുന്നത് 40 വാട്ട് ബൾബിനേക്കാളും വെളിച്ചവും ദക്ഷതയും കിട്ടുന്ന കാഞ്ചന ഉപയോഗിച്ച് വൈദ്യുതിയുണിറ്റ് ലാഭിക്കാം, ഉടനെ വൈദ്യുതി എത്തിപ്പെടാൻ സാദ്ധ്യതയില്ലാത്ത പ്രദേശങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വിളക്കുകൾ ഉപയോഗിക്കുക. സൗരോർജ്ജവിളക്കുകൾ ഗവ. കനത്ത സബ്സിഡിയോടുകൂടിയാണ് കൊടുക്കുന്നത്. വൈദ്യുതി എത്തിപ്പെടാത്ത ചില മേഖലകൾ ഈ ഗ്രാമത്തിലുണ്ട്. അവ താഴെ പറയുന്നു.

കൊമേന്തയിൽ എത്തിനിൽക്കുന്ന വൈദ്യുതി പോസ്റ്റിൽ നിന്നും കുപ്പുക്കവല ദേശത്തേക്ക്

പട്ടിക - 3

വാർഡ് നമ്പർ	പുതിയ ലൈനുകൾ വലിക്കേണ്ടത്	ദൂരം	ലൈനിന്റെ സ്വഭാവം	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
					രൂപം	സംഖ്യ
7	കൊമേന്തഭാഗത്തുനിന്ന് കുവച്ചാൽ പ്രദേശത്തേക്ക്	750M	1 Phase	54000	മനുഷ്യ പ്രയത്നം 65%	15,000
8.	കൊടികുത്തിമേഖലയിൽ വാലംപാറ ഭാഗം	750M	1Phase	59,000	75% മപ്ര	14750/-
6.	ചെള്ളൽ ലക്ഷംവീട്	100M	1Phase	10,000	75% മപ്ര	2500/-
5.	ഇരുട്ടുതോട് മേച്ചേരിഭാഗം	100M	1 Phase	10,000	95% മ.പ്ര	300/-
2.	ആറ്റുപുറത്ത് കോളനി	500	1 Phase	30,000	99% മ.പ്ര	1,000/-
4.	വഴിത്തല പാറഭാഗം400M	1 Phase	30,000	85% മ. പ്ര	2000/-	
	പുരുവേലിഭാഗം	600M	1 Phase	40,000	90% മ.പ്ര	2,000/-

വൈദ്യുതി പോകുന്നത് മുഴുവനും റബർ തോട്ടങ്ങളിലൂടെയാണ് ഇത് വോൾട്ടേഡ് ക്ഷാമത്തിന് കാരണമാവുന്നു. ആയതിനാൽ ഈ ലൈൻ P.W.D. റോഡിൽ കൂടി വലിച്ചാൽ പ്രസരണ നഷ്ടം കുറക്കാനും അതുവഴി വൈദ്യുതി ഇതുവരെ എത്താത്ത കുവച്ചാൽ പ്രദേശത്തെ 13 കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുവാനും കാരണമാവും. അതിനു വേണ്ടി ഒരു തുക സംഭരിക്കാനും ഇവിടുത്തുകാർ തയ്യാറാണ്.

ഈ പഞ്ചായത്തിൽ പാചകത്തിന് മണ്ണെണ്ണ LPG ഇവ ഉപയോഗിക്കുന്ന 25% ആളുകൾ ഉണ്ട്. ബാക്കി ആളുകൾ വിറക് ആണ് ഉപയോഗിക്കുന്നത്. നമ്മുടെ ഗ്രാമത്തിൽ 21 കി. മീറ്ററിൽ കൂടുതൽ സ്ഥലത്ത് Street Light കൾ ഇടുവാനുണ്ട്. ഇത് പഞ്ചായത്തിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നവയാണ്. ആയതിനാൽ ഇന്ന് സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വിളക്കുകൾ സ്ഥാപിച്ചാൽ ഇവയ്ക്ക് പരിഹാരമുണ്ടാക്കാം. ചിലവുകുറഞ്ഞ പദ്ധതിയാണ് ഇത് എന്നത് ഇതിന്റെ ഒരു സവിശേഷതയാണ്. വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതിബോർഡിന്റെ സഹായത്തോടെ ബോധവത്ക്കരണപരിപാടികളും സംഘടിപ്പിക്കാൻ നിർദ്ദേശമുണ്ട്. വൈദ്യുതിരംഗത്തുള്ള ജീവനക്കാരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും ഓഫീസ് ഫീൽഡ് പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. വൈദ്യുതി എത്തിപ്പെടാത്ത സ്ഥലത്ത് വൈദ്യുതി എത്തിക്കാനും ഉദ്യോഗസ്ഥന്മാരുടെ അഴിമതി അവസാനിപ്പിക്കാനും സത്വര ശ്രമം നടക്കേണ്ടതായിട്ടുണ്ട്.



പാർപ്പിടവും സാമൂഹ്യക്ഷേമം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്വന്തമായി ഒരുവീട്. തനിക്കും കുടുംബത്തിനും അഷ്ഠിക്ക് വക കണ്ടെത്തുന്നതിനിടയിൽ ബഹുഭൂരിപക്ഷത്തിനും ഈ മോഹം സാക്ഷാത്കരിക്കാനാവുന്നില്ല എന്നതാണ് പരമാർത്ഥം. അതേസമയം, അംബരചുംബികളായ കോൺക്രീറ്റു സൗധങ്ങൾ കണ്ണടച്ചുതുറക്കുന്ന വേഗതയിൽ ഉയർന്നുവരുന്ന പുത്തൻ സാംസ്ക്കാരത്തിനെതിരെ നാം പ്രതികരിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം സാധാരണക്കാർക്ക് ജീവിക്കാനുതകുന്ന കൊച്ചുകൊച്ചുഭവനങ്ങൾ നമ്മുടെ നാട്ടിൽ ഉയർന്നുവരേണ്ടിയിരിക്കുന്നു. പുറപ്പുഴ പഞ്ചായത്തിൽ 3149 വീടുകളിൽ 30% വീടുകൾ മാത്രമാണ് നല്ലതെന്നു പറയാവുന്നത്. ബാക്കി 70% ൽ 40% സാമാന്യം ഭേദപ്പെട്ടതും 30% കുടിലുകളും ആണുള്ളത് വാർഡ് അടിസ്ഥാനത്തിൽ വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്റർ)

പട്ടിക I (a)

വാർഡ്	കോൺക്രീറ്റ്	ഓട്	കൂടിൽ	
			ഓട്	ഓല
1	47	256	136	70
2	37	213	52	31
3	31	242	85	69
4	175	280	47	72
5	68	191	36	46
6	44	185	59	17
7	53	189	42	37
8	49	254	142	129

പഞ്ചായത്തിൽ ചില വാർഡുകളൊഴിച്ചാൽ കൂലിപ്പണിയെടുത്ത് ജീവിക്കുന്നവരാണ് അധികവും. അതുകൊണ്ട് തന്നെ ഇടത്തരം വീടുകളാണ് ഗ്രാമത്തിൽ കൂടുതലും. മുകളിലാകാശം താഴെ ഭൂമി എന്ന മട്ടിൽ ജീവിതം പെരുവഴിയിൽ കഴിച്ചുകൂട്ടാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ പൂർണ്ണ ദരിദ്രർക്കും ഇടത്തരക്കാർക്കും അതിനുമപ്പുറമുള്ളവർക്കും വേണ്ടി വിവിധതരത്തിലുള്ള പാർപ്പിടനിർമ്മാണ തീവ്രയത്ന പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്. 91-92 കാലയളവിലെ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ കോൺക്രീറ്റ് വീടുകളുടെ എണ്ണം കുറവാണ്. എന്നാൽ ഇന്ന് ഏതാണ്ട് 35% വീടുകളും വാർക്കകെട്ടിടങ്ങളാണ്. നിർമ്മാണച്ചിലവ് കഴിഞ്ഞകാലങ്ങളിലേതിനെക്കാൾ വളരെ വർദ്ധിച്ചിട്ടുണ്ട്.

P.W.D റോഡിന് സമീപത്തായി ലക്ഷങ്ങൾ മുതൽമുടക്കി കെട്ടിടങ്ങൾ പണിയുന്നുണ്ടെങ്കിലും വയൽനികത്തി കെട്ടിടം പണിയുന്നവരും കുറവല്ല. കാർഷികമേഖലയുടെ അടിത്തറയിളക്കുന്ന ഈ പ്രവണതയിൽ ഗ്രാമത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവനനിർമ്മാണ രംഗത്ത് തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണസംഘം, കാർഷികവികസനബാങ്ക് തുടങ്ങിയവയെയാണ് ഈ ഗ്രാമത്തിലെ പാർപ്പിടപ്രശ്നത്തിന് ജനങ്ങൾ ആശ്രയിക്കുന്നത്. എന്നാൽ അമിതപലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും കാരണം ഈ വായ്പ സാധാരണക്കാരന് ലഭ്യമാകുന്ന രീതിയിലല്ല. തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ്ബോർഡിന്റെ ഓഫീസ് വഴിയും സാധാരണക്കാരന് ഭവനനിർമ്മാണത്തിനുതകുന്ന വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. (ഉദാ:മൈത്രീഭവനനിർമ്മാണപദ്ധതി) എന്നാൽ സങ്കീർണ്ണമായ വ്യവസ്ഥകൾ കാരണം വായ്പകിട്ടാൻ കാലതാമസം ഉണ്ടാകുന്നു.

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് വായ്പാ നടപടികൾ ഉദാരമാക്കാം

1) നിർമ്മിക്കുന്ന വീട് മാത്രം ഈടായി സ്വീകരിക്കുക

2) പലിശനിരക്ക് 10% ആയികുറക്കുക

3) നേരിട്ട് വായ്പകൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തുക

ഒരു വീട്ടിൽത്തന്നെ രണ്ടുംമൂന്നും കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളുണ്ട്. അവർക്കൊക്കെ സ്വന്തമായി വീടുണ്ടായേ മതിയാവൂ. പഞ്ചായത്തിൽ വീടില്ലാത്ത 15% കുടുംബങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഹൗസിംഗ് സഹകരണസംഘത്തിൽ നിന്ന് ആകെ 13 പേർക്കാണ് ഭവനനിർമ്മാണവായ്പ കിട്ടിയിട്ടുള്ളത്. ഈഅവസ്ഥ മാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പാർപ്പിട നിർമ്മാണരംഗങ്ങളിൽ വന്ന ചെലവ് ഇരട്ടികണ്ട് വർദ്ധിച്ചിട്ടുണ്ട്. 82-83 കാലഘട്ടത്തിൽ പുരുഷവിദഗ്ധ തൊഴിലാളികൾക്ക് 60-70 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 25-35 രൂപയും കൂലിയാണുണ്ടായിരുന്നത്. എന്നാൽ 92-93 കാലങ്ങളിൽ അത് യഥാക്രമം 80-90 രൂപയും 40-60 രൂപയും 94-95ൽ 100-110 രൂപയും 60-70 രൂപയും 96 ൽ യഥാക്രമം 125 രൂപയും 70 രൂപയും ആയിമാറി.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. സിമിന്റിന് 87-88 കാലഘട്ടത്തിൽ 70 രൂപയായിരുന്നത് 92-93ൽ 125 രൂപയും 1996- ൽ അത് 185 രൂപയിലും എത്തിനിൽക്കുന്നു. 1000 കല്ലിന് 87-88 കാലഘട്ടത്തിൽ 1200 രൂപയായിരുന്നത് 96 ൽ 8000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. കമ്പിയുടെ വിലയും 25% കണ്ട് വർദ്ധിച്ചിരിക്കുന്നു.

കൂലിനിരക്കിലേയും അതിനെ വെല്ലുന്ന സാധനസാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിനു വേണ്ടി സർക്കാർ അനുവദിക്കുന്ന തുക അപര്യാപ്തമാണ്. NREP, JRY എന്നീ പദ്ധതികളുടെ വായ്പാ പരിധിയും മൈത്രീഭവനനിർമ്മാണ പദ്ധതിയുടെ പരിധിയും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പാർപ്പിട പ്രശ്നത്തെസംബന്ധിച്ച് സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന നിർദ്ദേശ്ങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ സഹസംഘം ഉണ്ടാക്കുകയും എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുകയും ചെയ്യുക.
2. 2 ലക്ഷം രൂപക്കുമേൽ ചിലവുവരുന്ന വീടുകൾക്ക് കർശനമായനിയന്ത്രണം ഏർപ്പെടുത്തുക.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ സഹസംഘം വഴി വിതരണം ചെയ്യുക.
4. മൈത്രീഭവന നിർമ്മാണ പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് എളുപ്പം വായ്പലഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുക.
5. അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക
6. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാൽ പഞ്ചായത്തിനെ ചുമതലയേൽപ്പിക്കുക.
8. സർക്കാർ കൊടുക്കുന്ന വായ്പാ പരിധി ഉയർത്തുക
9. പഞ്ചായത്തിലെ മുഴുവൻവീടും ഇൻഷ്വർ ചെയ്യുക.
10. ദുർബലവിഭാഗത്തിൽപ്പെട്ട ദുരഹിതരായ മുഴുവൻ ആളുകൾക്കും സ്ഥലമെടുത്ത് വീടു പണിതു കൊടുക്കുകയും ചെയ്യുക.
11. കെട്ടിടനിർമ്മാണ ACT നടപ്പിലാക്കുക

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ലക്ഷം വീടുകളിൽ ഓരോ വീട്ടിലും വർദ്ധിച്ച ജനബാഹുല്യമാണുള്ളത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പാർപ്പിടപ്രശ്നത്തിൽ അടുത്ത 5 വർഷംകൊണ്ട് ഒരു ശാശ്വതപരിഹാരം നേടിയില്ലെങ്കിലും നാം വളരെ മുന്നോട്ടു പോകേണ്ടതുണ്ട്.

ഇന്ന് നമുക്ക് ജലവിതരണത്തിനും കെട്ടിടനിർമ്മാണത്തിനുമൊക്കെ ബോർഡുകളുണ്ട്. അവ പ്രവർത്തിക്കുന്നത് കൂടുതൽ കെട്ടിടങ്ങളിലുമാണ്.എന്നാൽ നമ്മുടെ ഗ്രാമങ്ങളിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ ബോർഡ് ആത്മാർത്ഥ ശ്രമം നടത്തുന്നുണ്ടോ എന്നു ചിന്തി

ക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 1/3 വീടുകളും പുതുക്കിപ്പണിയേണ്ടതോ അറ്റകുറ്റപ്പണി നടത്തേണ്ടവയോആണ്. അതിനായി ഒരു തുക ഉടൻതന്നെ അനുവദിക്കേണ്ടതായിട്ടുണ്ട്. പുറപ്പുഴ ഗ്രാമപഞ്ചായത്തിലെ പാർപ്പിടപ്രശ്നത്തിന് പരിഹാരം ലഭിക്കുന്നതിന് ഏകദേശം 5 കോടി രൂപയെങ്കിലും ഇവിടെ ചെലവഴിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിലൂടെയും വാർഡ് കൺവൻഷനുകളിലൂടെയും ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും പരാതികളും മുഴുവനും ഒരു പദ്ധതികൊണ്ടുമാത്രം പരിഹരിക്കാനാവുന്നില്ല. അഖിലേന്ത്യാ ശരാശരിയേക്കാൾ സാമ്പത്തികവളർച്ചയിൽ നാം വളരെ പുറകിലാണ്. നമുക്ക് ഇവയിൽനിന്നും കരകയറാനായെങ്കിലേ ഒരു പരിഹാരം ഈ രംഗത്തുണ്ടാവൂ.

സാമൂഹ്യക്ഷേമം.

"ദാരിദ്ര്യവും കണ്ണുനീരും നിലനൽക്കുന്നിടത്തോളം കാലം നമ്മുടെ ചുമതല അവസാനിക്കുന്നില്ല." സ്വതന്ത്രഭാരത ശിൽപിയും ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയുമായിരുന്ന ജവഹർലാൽ നെഹ്രു പറഞ്ഞു. ദശാബ്ദങ്ങൾ പലതു പിന്നിട്ടുവെങ്കിലും ഈ വാചകത്തിന്റെ പ്രസക്തി നഷ്ടമായിട്ടില്ല. കഷ്ടപ്പെടുന്ന ജനതക്ക് ജീവിത വളർച്ച വന്നെങ്കിൽ മാത്രമേ നമ്മുടെ സാമൂഹ്യമുന്നേറ്റം പൂർണ്ണമാകൂ. സ്വതന്ത്രഭാരതത്തിന്റെ തുടക്കംമുതൽ തന്നെ നമ്മുടെ ആസൂത്രണത്തിന്റെ പ്രധാനവെല്ലുവിളി ദാരിദ്ര്യനിർമ്മാർജ്ജനമായിരുന്നു. സാമ്പത്തിക വളർച്ചയുടെ പ്രയോജനം പാവപ്പെട്ടവനിലേക്ക് കിനിഞ്ഞിറങ്ങുക എന്നതായിരുന്നു പദ്ധതി നടപ്പിന്റെ ഉദ്ദേശ്യം. എന്നാൽ സാമ്പത്തികവളർച്ചകൊണ്ടുമാത്രം പാവപ്പെട്ടവന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താനാവില്ലെന്ന് പിന്നീട് മനസ്സിലായി. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ JRY, EAS തുടങ്ങിയ പദ്ധതികൾ നിലവിലുണ്ട്.

കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടപ്പിലാക്കുന്ന ക്ഷേമനിധികളും പെൻഷൻ പദ്ധതികളും ആണ് പഞ്ചായത്തിൽ നിലവിലുള്ള ക്ഷേമപദ്ധതികൾ.അവയിൽ പെൻഷൻ പദ്ധതികൾ താഴെ കാണിക്കുന്നു.

പട്ടിക 2A(വില്ലേജ്‌രേഖ)

ക്രമ നമ്പർ	പെൻഷൻപദ്ധതിയുടെപേര്	എണ്ണം
1	അഗതിപെൻഷൻ	4
2	വിധവാപെൻഷൻ	20
3	വികലാംഗപെൻഷൻ	15
4	ക്ഷയരോഗപെൻഷൻ	1
5	അവശകലാകാരപെൻഷൻ	1
	ആകെ	41

ഇങ്ങനെ 41 പേരാണ് പെൻഷൻ വാങ്ങിക്കുന്നത്. IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെ 8 വാർഡുകളിലുമായി 768 കുടുംബങ്ങളുണ്ട്. അവയിൽ 23 എണ്ണം SC/ST കുടുംബങ്ങളാണ്. (1990-91 ലെ സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ 1446 ആയിരുന്നു). വനിതാ വികസന കോർപറേഷൻ ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിക്കാത്തതുകാരണം പഞ്ചായത്തിലെ സാധാരണസ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യം ലഭ്യമല്ല. സത്യത്തിൽ പലസ്ത്രീകൾക്കും ഇതിനെപ്പറ്റി അറിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.സാമൂഹ്യരംഗത്ത്

പട്ടിക 3A (VEO റിപ്പോർട്ട്)

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ
1	ഡയറി യൂണിറ്റ്	91-92	13
2	ഡയറി യൂണിറ്റ്	88-89	12
		93-94	10
3	Readymade unit	92-93	8
	ഡയറിയൂണിറ്റ്	88-89	13
4	ഡയറി യൂണിറ്റ്	89-90	12
5 to 6	ഡയറിയൂണിറ്റ്	87-88	15
8	ഡയറി യൂണിറ്റ്	88-89	14
8	പാഡിപ്രൊസസ്സിംഗ് യൂണിറ്റ്	89 - 90	8

കാര്യമായ പ്രവർത്തനം കാഴ്ചവച്ച് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് തൊടുപുഴയിലെ Block Development Office ആണ്. 1988-89 കാലഘട്ടം മുതൽ DWCKA പദ്ധതിപ്രകാരം 105 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു.

നമ്മുടെ ഗ്രാമത്തിൽ 8 വാർഡുകളിലായി 6 ഡയറിയൂണിറ്റുകളും 1 റെഡിമേഡ് യൂണിറ്റും 1 പാഡിപ്രോസസ്സിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. DWCRA വഴി കൂടുതൽപേർക്ക് സഹായം ലഭ്യമാക്കാനും അവയുടെ പ്രവർത്തനത്തെ വിലയിരുത്തുന്നതിന് സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

തൊഴിൽ പരിശീലനപദ്ധതി (ട്രൈസം)

18 മുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽപരിശീലനം നൽകുന്നതാണ് ഈ പദ്ധതി. ടെയ്ലറിംഗ്, കാർപ്പെന്റർ, മിഷനറി, വെൽഡിംഗ്, ഓട്ടോമൊബൈൽ, പെയിന്റിംഗ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നടത്തിവരുന്നു. ഇന്നേവരെ 97 പേർക്ക് പരിശീലനം കൊടുക്കുകയും അവരിൽ 28 പേർ സ്വയം തൊഴിൽ കണ്ടെത്തിയതായും 25 പേർ മറ്റു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതായും കാണുന്നു.

1983 - 84 മുതൽ 92 - 93 വരെയുള്ള ഘട്ടത്തിൽ CCS പദ്ധതി അനുസരിച്ച് നടപ്പിലാക്കിയ പരിപാടികൾ

പട്ടിക 4A (VEO റിപ്പോർട്ട്)

ക്രമ നമ്പർ	ഐറ്റംസ്	1983 - 84 to 1992 - 93 1, 2, 3, 4, വാർഡുകൾ	5, 6, 7, 8 വാർഡുകൾ
1	കിണറുകൾ	28	32
2	കുളങ്ങൾ	18	1
3	വാട്ടർ ടാങ്കുകൾ	12	1
4	പമ്പ് സെറ്റുകൾ	85	67
5	പമ്പ് ഹൗസുകൾ	10	1

നിലവിൽ ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ളവർ അവശരിക്കും വിനിയോഗിക്കുന്നില്ല. മോണിറ്ററിംഗ് സംവിധാനം വന്നാൽ ഈ നിലക്ക് ഒരു മാറ്റമുണ്ടാകും.

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് കാര്യമായി പെൻഷനുകളും വിവാഹസഹായധനങ്ങളുമാണ് വിതരണം ചെയ്യുന്നത്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശജനവിഭാഗത്തിൽ മൂഴുവൻ പേർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല. അതോടൊപ്പം അനർഹരായ ധാരാളം ആളുകൾ ഈ ആനുകൂല്യം കൈപ്പറ്റുന്നുമുണ്ട്. ഇവക്ക് ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. വർഷങ്ങൾക്കു മുൻപ് അപേക്ഷ നൽകിയവർക്കുപോലും ഈ സഹായധനം ഇതുവരെ വിതരണം ചെയ്തിട്ടില്ല. ഇവയെല്ലാം എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന പരാതികളാണ് എന്ന് പ്രത്യേകം പ്രസ്താവ്യമാണ്. ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് പെൻഷൻ വിതരണത്തിന്റെ ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ കണക്ക് വളരെ കൂടുതലാണ്. ഇങ്ങനെ അനർഹമായി വേതനവും പെൻഷനും കൈപ്പറ്റുന്നവരെ ഒഴിവാക്കി അർഹരായവരെ കണ്ടുപിടിച്ചാൽ പാഴായിപോകുന്ന പണം പ്രത്യുത്പാദനപരമായി വിനിയോഗിക്കാൻ പറ്റും.

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 8 വാർഡുകളിലായി 13 എണ്ണം പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആവശ്യത്തിന് അംഗനവാടികളുണ്ടെങ്കിലും ഇവയിലൊന്നിനും തന്നെ കെട്ടിടമില്ല.

പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം. പഞ്ചായത്തിലുംപ്രകടമാണ് പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളാണ് അധികവും. എല്ലാ അംഗനവാടികൾക്കും കെട്ടിടമുണ്ടാക്കാൻ അടിയന്തിര പ്രാധാന്യം

കൊടുക്കണം. അതുപോലെതന്നെ കുട്ടികളുടെ കായികവും മാനസികവുമായി വളർച്ചക്കുതകുന്ന കളിപ്പാട്ടങ്ങൾ ഒരു അംഗൻവാടികളിലും ഇല്ല എന്നുള്ളത് ശോചനീയമായ ഒരവസ്ഥയാണ്. അംഗൻവാടിയുടെ ഏറ്റവും പുതിയ സർവ്വേപ്രകാരം 976 കുട്ടികൾ 5 വയസിൽ താഴെയുള്ളവരുണ്ട്. അതായത് മൊത്തം ജനസംഖ്യയുടെ 7.9% അംഗൻവാടികളുടെ ജീവനക്കാരുടെ കാര്യവും പരമദയനീയം തന്നെ. രാവിലെ 9 മുതൽ 3 1/2 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഇവരുടെ വേതനം തുച്ഛമാണ്. ഗവൺമെന്റ് ഇവർക്ക് മതിയായ വേതനം നൽകി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടിയിരിക്കുന്നു.

കുട്ടികളില്ലാതെ പ്രവർത്തിക്കുന്ന ചില അംഗനവാടികളുണ്ട്. അങ്ങനെയുള്ള കെട്ടിടങ്ങളിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കുകയും അംഗനവാടി നിർത്തൽ ചെയ്യുകയും ചെയ്യണം.

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസിവഴിയോ VRY. EAS ഫണ്ടുപയോഗിച്ചോ കെട്ടിടം ഉണ്ടാ

പട്ടിക 5 A അംഗൻവാടി വിവരം

ക്രമനമ്പർ	വാർഡ്	എണ്ണം	പേര്	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്	റിമാർക്ക്
1	1	2	വെള്ളം നീക്കിപ്പാറ അംഗനവാടി	—	✓	✓	—	—	✓	✓	തൃപ്തികരം
			ചേനാപപറമ്പ് അംഗവാടി	—	✓	✓	—	—	✓	✓	നന്നായി പ്രവർത്തിക്കുന്നു
2	2	3	ചേലപ്പാറ അംഗവാടി	✓	—	✓	—	—	✓	—	കുട്ടികൾ കുറവ്
			തെങ്ങുംപിള്ളി അംഗനവാടി	✓	—	✓	—	—	✓	—	നന്നായി പ്രവർത്തിക്കുന്നു.
			കെമേന്ത അംഗൻവാടി	✓	—	✓	—	—	✓	—	
3	3	1	വരിക്കിപ്പാറ	—	✓	✓	—	—	✓	✓	തൃപ്തികരം
4	4	1	വള്ളിക്കെട്ട് അംഗനവാടി	—	✓	✓	—	—	✓	✓	നല്ല നിലയിൽ പ്രവർത്തിക്കുന്നു
5	5	1	പുറപ്പുഴ അംഗനവാടി	—	✓	✓	—	—	✓	✓	തൃപ്തികരം
6	6	2	പുറപ്പുഴ അംഗവാടി	—	✓	✓	—	—	✓	✓	തൃപ്തികരം
			ചെള്ളൽ അംഗൻവാടി								തൃപ്തികരം
7	7	1	കാരികൊമ്പ് അംഗവാടി	—	✓	✓	—	—	✓	✓	നല്ല നിലയിൽ പ്രവർത്തിക്കുന്നു
8	8	2	കൊടികുത്തി അംഗനവാടി	—	✓	✓	—	—	✓	✓	തൃപ്തികരം
			കാരകുഴി അംഗനവാടി	—	✓	✓	—	—	✓	✓	

ക്കുകയും ഉള്ളവർക്ക് അറ്റകുറ്റപണി നടത്തുകയും ചെയ്യണം.

2. DWCRA യൂണിറ്റുകൾക്ക് കൊടുക്കുന്ന ഫണ്ടു പയോഗിച്ചു കളിപ്പാട്ടങ്ങൾ വാങ്ങുക.
3. കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന തുകയുടെ പരിധി ഉയർത്തുക.
4. രുചിത്വം പാലിക്കപ്പെടാൻ മുഴുവൻ അംഗനവാടികളിലും പാഴ്വസ്തുക്കൾ നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.
5. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
6. പൊതുപ്രവർത്തനത്തിൽ ജീവനക്കാരെ പങ്കെടുപ്പിക്കാൻ ബോധവൽക്കരണം നടത്തുക.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കെട്ടിടനിർമ്മാണരംഗത്ത് 149 പേർ പണിയെടുക്കുന്നു. (91 ലെ സെൻസസ് പ്രകാരം) ഇവരിൽ 92 പുരുഷന്മാരും 57 സ്ത്രീകളുമാണുള്ളത്. അതായത് ആകെ ജനസംഖ്യയുടെ 1.2%. മുഴുവനാളുകളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. ഭവനനിർമ്മാണപദ്ധതികാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പൊതുവിതരണം

പഞ്ചായത്തിൽ 8 റേഷൻഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ ആകെ 2400——————— കാർഡുകളുണ്ട്. റേഷൻ കടകൾ വഴിത്തല, കുണിഞ്ഞി, വള്ളിക്കെട്ട്, വാഴപ്പിള്ളി, പുറപ്പുഴ എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കഴിഞ്ഞ ഓണക്കാലത്ത് അവശ്യസാധനങ്ങളുടെ വില പിടിച്ചതിനും സാധാരണക്കാരന് സാധനങ്ങൾ നൽകുവാനും പൊതുവിതരണ സ്ഥാപനങ്ങൾ വളരെയേറെ സഹായകമായി. സഹകരണബാങ്കിലൂടെ ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ സമയങ്ങളിൽ നടത്തുന്ന ചന്തകളും പ്രശംസനീയമാണ്. ഉപഭോക്തൃസഹകരണസംഘം ഇവിടെ പ്രവർത്തിക്കുന്നില്ല.

റേഷൻകടകൾ പൊതുവിതരണ കേന്ദ്രമായതോടുകൂടി അവയുടെ എല്ലാം പ്രവർത്തനം അവതാളത്തിലായി. എന്നും സാധാരണക്കാരന് പൊതുവിതരണ കേന്ദ്രത്തെപ്പറ്റി പരാതിയാണ്. പഞ്ചായത്തിലെ റേഷൻഷോപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ജനങ്ങളുടെ ആവലാതിക്ക് ഒരു പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കുവാനും ജനങ്ങളെ ബോധവത്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപികരിക്കണം. റേഷൻഷോപ്പുകളുടെ കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 6 A 1995 - 96

പേര് നമ്പർ	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കൾ			അരി	പഞ്ചസാര	മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം
	NE	E	ആകെ	Major above 12 Years	Miner	ആകെ			
29 കുണിഞ്ഞി	143	205	348	1627	241	1868	1395.94	97.94	19
ARD 32പുറപ്പുഴ	218	164	382	1618	264	1882	26.31	740 Kg.	17
74 ചെനാപ്പറമ്പ്	96	2	116	590	56	552	80 കി.	26	2
ARD 203പുറപ്പുഴ	140	52	192	830	1015	85.6	48	12	

ARD 25	76	76	152	695	112	807	182	52	8
ARD 26	238	214	452	2194	399	4787	208.48	113	13
ARD 27	260	180	440	2147	393	4687	1680	108	17
ARD 30	121	80	201	1029	118	1147	890	51	

പഞ്ചായത്തിനു പുറത്തുള്ള റേഷൻകടകളെ ആശ്രയിക്കുന്ന 6% പേർ ഇന്ന് ഈ ഗ്രാമത്തിലുണ്ട്. അവയ്ക്ക് പരിഹാരമെന്ന നിലയിൽ രണ്ടോ മൂന്നോ പൊതുവിരണകേന്ദ്രങ്ങൾ കൂടി ആരംഭിക്കാവുന്നതാണ്.

സാമൂഹ്യക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.

1. മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാക്കികൊടുക്കുക.
2. എല്ലാത്തരം മാലിന്യങ്ങളും ജനങ്ങൾക്ക് അസൗകര്യമുണ്ടാകാത്ത വിധം സംസ്കരിക്കുക. സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെയും പഞ്ചായത്തിന്റെയും മേൽനോട്ടത്തിൽ ഇതു നടപ്പിലാക്കാൻ പറ്റും.
3. സ്ത്രീകളുടെ ഉന്നമനത്തിനായി തൊഴിലെടുക്കുന്ന 18 വയസ്സു പൂർത്തിയായ സ്ത്രീകളെ അംഗങ്ങളാക്കി ദിവസം 3 രൂപ വച്ച് നിക്ഷേപം സ്വീകരിച്ച് അവർക്കുവേണ്ടി ഒരു പദ്ധതി രൂപീകരിക്കാം. ഇവയുടെ ലക്ഷ്യം താഴെപ്പറയുന്ന ആയിരിക്കണം.

a) അത്യാവശ്യസന്ദർഭങ്ങളിൽ ലോൺ കൊടുക്കുക.

b) കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം കൊടുക്കുക.

c) അംഗങ്ങൾക്ക് തൊഴിൽ

d) പരിശീലനക്ലാസുകൾ

e) കലാസാംസ്കാരിക വളർച്ച.

മുകളിൽപ്പറഞ്ഞ കാര്യങ്ങൾ സാമൂഹ്യക്ഷേമത്തെ സംബന്ധിച്ചവയാണ്. പെൻഷൻ, മറ്റുധനസഹായങ്ങൾ തുടങ്ങിയവ അനർഹരായ അനേകം ആളുകൾ കൈപ്പറ്റുന്നുണ്ട്. അവ അവസാനിപ്പിക്കണം നമ്മുടെ പഞ്ചായത്തിൽ കനേഷുമാരികണക്കുപ്രകാരം 35% സ്ത്രീകളും കൃഷിയുമായി ബന്ധപ്പെട്ടുപണിയെടുക്കുന്നവരാണ്. പൊതുരംഗത്ത് പണിയെടുക്കുന്ന സ്ത്രീകളും കുറവല്ല. വികലാംഗർക്കായുള്ള സഹായം അർഹരായ എല്ലാവർക്കും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ മിക്കയവയും പ്രവർത്തിക്കുന്നില്ല. നമ്മുടെ ഗ്രാമപഞ്ചായത്തിൽ അർഹരായ മുഴുവൻ ആളുകൾക്കും ധനസഹായം ലഭ്യമാക്കാനുള്ള നടപടി പഞ്ചായത്ത് എടുക്കണം.

കുട്ടികൾ നേരിടുന്ന പോഷകാഹാരക്കുറവ്, സ്ത്രീകളുടെ സാമൂഹ്യപിന്നോക്കാവസ്ഥ, തൊഴിൽ പങ്കാളിത്തക്കുറവ്, വിവിധക്ഷേമപദ്ധതികളിലെ അപാകത, വർദ്ധിച്ചുവരുന്ന ആരോഗ്യരക്ഷാ ചെലവ്, പാർപ്പിടകുടിവെള്ളക്ഷാമം, തുടങ്ങിയ ഘടകങ്ങളെല്ലാം പരിഗണിച്ച് സമഗ്രമായ സാമൂഹ്യക്ഷേമപദ്ധതികൾക്ക് രൂപം നൽകാൻ കൂടുതൽ പഠനങ്ങളും സംവാദങ്ങളും ഈ രംഗത്ത് നടത്തേണ്ടിയിരിക്കുന്നു. കൂടാതെ, വൃദ്ധജനങ്ങളുടെ പ്രത്യേകിച്ചും സാമ്പത്തിക - സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ളവരുടെ ആരോഗ്യപരിപാലനത്തിന് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്.

സംസ്ക്കാരം

"ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്ന കാലമാണിത്. ഇത് ചരിത്രത്തിന്റെ വൈപരീത്യമാണ്. നമ്മുടെ എല്ലാ വാക്കുകളുടെയും അർത്ഥം വിപരീതമായിത്തീരുകയും എല്ലാ വസ്ത്രങ്ങളുടെയും അർത്ഥം വിപരീതമായിത്തീരുകയും നമ്മുടെ ഖാദിവസ്ത്രംപോലും തിരുപ്പൂരിലെ മില്ലുകളിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. എല്ലാ സ്വാതന്ത്ര്യയോദ്ധാക്കളും എപ്പോഴാണ് ഇൻസ്പെക്ടർ സെലക്ഷൻ എന്നു കാത്തുകൊണ്ടിരിക്കുന്ന അവസ്ഥ, എല്ലാ വിപ്ലവകാരികളും പോലീസുകാരാകാൻ ശ്രമിക്കുന്ന ഒരവസ്ഥ. ഇത് എല്ലാ പ്രവർത്തനങ്ങളുടെയും പില്ക്കാലഘട്ടമാണ്."

കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനചരിത്രത്തിൽ പ്രത്യേകിച്ച് കൂട്ടിച്ചേർക്കാവുന്ന സംഭാവനകളൊന്നും ഈ ഗ്രാമത്തിനു പറയാനില്ല. എങ്കിലും കേരളത്തിന്റെ നവോത്ഥാന ദേശീയപ്രസ്ഥാനങ്ങൾക്കൊപ്പം കുതി കൊണ്ട മഹത്മനസ്സുകൾക്ക് ഇവിടെ കുറവില്ല.

19-ാം നൂറ്റാണ്ടിന്റെ മിഷനറിമാരുടെ പ്രവർത്തനം, 20-ാം നൂറ്റാണ്ടിന്റെ ആദ്യനാളുകളിലെ ശ്രീനാരായണപ്രസ്ഥാനം, സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിന്റെ ശക്തമായ ഒരു പ്രവാഹമായിരുന്ന സഹോദരൻ അയ്യപ്പൻ നേതൃത്വം നൽകിയ സഹോദരപ്രസ്ഥാനം, മർദ്ദിതജനതയുടെ മോചനത്തിനായി രൂപംകൊണ്ട തൊഴിലാളി - കർഷകപ്രസ്ഥാനം തുടങ്ങിയവയെല്ലാം കേരളത്തിലെവിടെയും എന്നപോലെതന്നെ പുറപ്പുഴയിലും സൃഷ്ടിച്ച അലയൊലി ചെറുതായിരുന്നില്ല.

ഈ ഘടകങ്ങൾ നിദ്രയിലാണ്ടുകിടന്ന അവശസമുദായങ്ങളുടെ ഉയർത്തെഴുന്നേൽപ്പിനും, ഒരു പരിഷ്കൃതസമുദായത്തിനുവേണ്ടതെല്ലാം നേടിയെടുത്തുകൊണ്ട് മറ്റു സമുദായങ്ങൾക്കൊപ്പം കുതികൊള്ളുവാനും പ്രേരണനൽകി.

ജനങ്ങളെ ഉണർത്തുക, അവരെ കർമ്മക്ഷേത്രത്തിലേക്കു നയിക്കുക, സാമൂഹ്യവ്യവസ്ഥിതിയും ജീവിതശൈലിയും പുതുക്കിപ്പണിയാൻ അവരെ പ്രേരിപ്പിക്കുക തുടങ്ങിയ ആഗ്രഹങ്ങളോടെ ദേശീയപ്രസ്ഥാനത്തിൽ നവോത്ഥാനധാരയിൽ നിറഞ്ഞു നിന്നിരുന്ന സർവ്വശ്രീ അഗസ്റ്റിൻ വഴുതനപ്പള്ളിയെ ഈയവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണ്.

ഈ ഗ്രാമത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തികജീവിതത്തിന്റെ പരിണിതഫലമായ ജനസംസ്കൃതിയുടെ പ്രധാനഘടകങ്ങൾ.

നാടൻപാട്ടുകൾ:-

സമൂഹത്തിലെ സാധാരണക്കാരുടെയും താഴേക്കിടയിലുള്ളവരുടെയും ജീവിതത്തെ പ്രകാശിപ്പിക്കുകയും വികാരവിചാരങ്ങൾക്ക് രൂപം നൽകുകയും ചെയ്ത അകൃത്രിമഗാനങ്ങളാണ് നാടൻപാട്ടുകൾ.

ദേവാരാധനഗാനങ്ങളായി പൂരക്കളിപ്പാട്ട്, പാണർപാട്ട്, വേലൻപാട്ട്, പുള്ളുവൻപാട്ട്, ഭദ്രകാളിപ്പാട്ട്, കളമെഴുത്ത്പാട്ട്, ശാസ്താംപാട്ട്, തുടങ്ങി നിരവധി നാടൽപാട്ടുകൾ പ്രചാരത്തിലുണ്ടായിരുന്നതാണ്. ഇവയുടെയെല്ലാം അന്തസത്ത കുലദൈവത്തെ ആരാധിക്കുക, ദേവപ്രീതിക്കുവേണ്ടി ബലിയും നിവേദ്യവും അർപ്പിക്കുക എന്നുള്ളതാണ്.

ഞാറ്റുപാട്ട്, പുലയർപാട്ട്, കിളപ്പാട്ട്, തുടങ്ങിയ പാട്ടുകളിൽ ആയാസരഹിതമായ തൊഴിലുകളും ആയാസപൂർണ്ണമായ ജീവിതവും ചിത്രീകരിക്കുന്നു. ക്രിസ്തീയ പാട്ടുകളിൽ പ്രധാനയിനം കല്യാണപാട്ടുകളാണ്. അന്തംചാർത്തുപാട്ട്, മൈലാഞ്ചിപ്പാട്ട്, അയനിപ്പാട്ട്, പാന വട്ടക്കളിപ്പാട്ട്, അടിച്ചുതുറപ്പാട്ട്, വിളക്കുതൊടീൽപ്പാട്ട്, തുടങ്ങിയവയും പ്രചാരത്തിലുണ്ടായിരുന്നവയാണ്.

ദൃശ്യകലകൾ

ആരാധനാരീതിയുമായി അഭേദ്യമായി വളർന്നുവന്ന നൃത്തസമ്പ്രദായങ്ങളായ ഭഗവതിപ്പാട്ട്, പാന, കണിയാർകളി, മുടിയേറ്റ്, കാവടിയാട്ടം, അയ്യപ്പൽപാട്ട്, പാമ്പുതുള്ളൽ, ഗരുഡൻപറവ, കഥകളി എന്നിവ ക്ഷേത്രവളപ്പിലും തിരുവാതിരപ്പാട്ട്, കുമ്മി, തുമ്പിതുള്ളൽ തുടങ്ങിയവ ക്ഷേത്രത്തിനു വെളിയിലും നിലനിന്നിരുന്നവയാണ്.

ക്രിസ്ത്യാനികളുടെ ചവിട്ടുനാടകം, മാർഗ്ഗംകളി, എന്നിവയും പ്രസിദ്ധമാണ്.

ലൈബ്രറി പ്രസ്ഥാനം

1953ൽ സ്ഥാപിച്ച നെടിയശാല പബ്ലിക് ലൈബ്രറിയാണ് പഞ്ചായത്തിലെ ആദ്യഗ്രന്ഥാലയം. സ്വന്തമായ സ്ഥലത്ത് നല്ല കെട്ടിടവും ഭൗതികസൗകര്യങ്ങളുമുള്ള ഈ ഗ്രന്ഥാലയം നേരിടുന്ന പ്രധാനഭീഷിണി വായന ശീലത്തിൽ വന്ന കുറവാണ്. പുസ്തകങ്ങൾ എടുത്തു വായിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. പുസ്തകം എടുക്കുന്നവർ തന്നെ കൃത്യസമയത്ത് തിരിച്ചെത്തിക്കുന്നുമില്ല.

കാർമ്മൽയൂത്ത് ക്ലബ്ബ് & ലൈബ്രറി

സ്വന്തമായി സ്ഥലമുണ്ടെങ്കിലും നനഞ്ഞൊലിക്കുന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വേണ്ടത്ര ഫർണിച്ചറുകൾ ഇല്ല. കലാസാഹിത്യരംഗങ്ങളിൽ നിരവധിസംരംഭങ്ങൾ ഏറ്റേടുക്കുന്ന ഈ സ്ഥാപനത്തിന് അതിനുമതിയായ കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. വായനക്കാരിൽ വരുന്ന കുറവും വിതരണം ചെയ്യുന്ന പുസ്തകങ്ങൾ തിരികെ വരാൻ വൈകുന്നതും പ്രവർത്തനത്തെ ബാധിക്കുന്നു. പത്രം, വൈദ്യുതി ചാർജ്, ദൈനംദിന പ്രവർത്തനചെലവ് എന്നിവ താങ്ങാൻ കഴിയാത്ത അവസ്ഥയിൽ ഈ സ്ഥാപനം വീർപ്പുമുട്ടുന്നു.

നവജീവൻ ക്ലബ്ബ് & പബ്ലിക്ലൈബ്രറി

1981ൽ യൂത്ത് ക്ലബ്ബായി തുടങ്ങിയ ഈ സ്ഥാപനത്തിന് രണ്ടു സെന്റ് സ്ഥലം സ്വന്തമായിട്ടുണ്ട്. 1996ൽ ലൈബ്രറി രജിസ്ട്രേഷൻ ലഭിച്ചു. ഇന്നും ഈ സ്ഥാപനം നനഞ്ഞൊലിക്കുന്ന താല്ക്കാലിക ഷെഡിലാണ് പ്രവർത്തിക്കുന്നത്. കലാ-സാഹിത്യ-കായിക-സാംസ്ക്കാരികരംഗത്ത് മുടക്കമില്ലാതെ പ്രവർത്തിച്ചുവരുന്നുവെങ്കിലും സാമ്പത്തികപരാധീനത ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ഉലയ്ക്കുന്നു. കെട്ടിടം, വൈദ്യുതികണക്ഷൻ, ഫർണിച്ചർ എന്നിവ വളരെ അടിയന്തിരമായി ലഭ്യമാകേണ്ടതുണ്ട്.

പുറപ്പുഴ കൈരളി ഗ്രന്ഥശാല & റീഡിംഗ് റൂം

പുറപ്പുഴ കൈരളിഗ്രന്ഥശാല ഇന്ന് വാടക കെട്ടിടത്തിൽ ഇഴഞ്ഞും വലിഞ്ഞും പ്രവർത്തിച്ചുവരുന്നു. ഈ ലൈബ്രറിക്ക് കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിട വിവരം	നിലവിലുള്ള അംഗങ്ങൾ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	കീഴിൽ പ്രവർത്തിക്കുന്നവയുടെവിവരം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നത്	മറ്റുള്ളവ
1	പബ്ലിക്ലൈബ്രറി നെടിയശാല	1953	സ്വന്തം	652	7000	900	വായന ശാല	ഉണ്ട്	സെമിനാറുകൾ സന്നദ്ധ പ്രവർത്തനങ്ങൾ
2	കൈരളിഗ്രന്ഥ ശാല പുറപ്പുഴ	1962	വാടക	550	3001	1050	വായന ശാല	ഉണ്ട്	sports & arts സാക്ഷരത
3	കാർമ്മൽയൂത്ത് ക്ലബ്ബ് ആന്റ് ലൈബ്രറി വെങ്ങാലൂർ	1963	സ്വന്തം	300	4500	750	വായന ശാല	ഉണ്ട്	സായകം കൈയ്യെഴുത്ത് മാസിക നടത്തുന്നു.
4	ജയഭാരത് കുണിഞ്ഞി	1959	സ്വന്തം	589	3700	--	--	ഇല്ല	--
5	നവജീവൻക്ലബ്ബ് ആന്റ് പബ്ലിക്ലൈബ്രറി കൊടികുത്തി	1996	സ്വന്തം	150	1100	300	വായന ശാല	ഇല്ല	സെമിനാർ നടത്തുക. sports & arts സന്നദ്ധപ്രവർത്തനം

ജയ്ഭാരത് പള്ളിക്ക് ലൈബ്രറി കുണിഞ്ഞി സ്വന്തമായി കെട്ടിടവും മറ്റും ഭൗതികസാഹചര്യങ്ങളും ഉള്ള കുണിഞ്ഞി ജയ്ഭാരത് പബ്ലിക്ലൈബ്രറി പ്രവർത്തനക്ഷമമില്ലാതെ അടഞ്ഞുകിടക്കാൻ തുടങ്ങയിട്ട് നാളുകളേറെയായി. രാഷ്ട്രീയ അതിപ്രസരം സംസ്കാരിക സ്ഥാപനങ്ങളേ തകർച്ചയിലേക്ക് നയിക്കാൻ കാരണമാകുന്നുണ്ട്.

സാക്ഷരതാപ്രസ്ഥാനം

സാക്ഷരതാപ്രസ്ഥാനം ഒന്നാംഘട്ട പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ വളരെ സജീവമായിരുന്നു. പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിക്കാനും കഴിഞ്ഞിരുന്നു. ഈ ഘട്ടത്തിൽ വിവിധതലത്തിലുള്ള ട്രെയിനികളായി 60പേരും പഠിതാക്കളായി 300 ആളുകളും പങ്കെടുത്തിരുന്നു. ജനകീയ ആവേശം ഉണർത്തിയ ഈ പരിപാടി രണ്ടാം ഘട്ടത്തിൽ എത്തിയപ്പോൾ എല്ലാ പ്രവർത്തനങ്ങളും ഔദ്യോഗിക കടലാസ്സിൽ ഒതുങ്ങിപ്പോയിരുന്നു.

പഞ്ചായത്തിൽ 13 രജിസ്ട്രേഡ് ക്ലബ്ബുകളുണ്ടെങ്കിലും പ്രവർത്തിക്കുന്നവയുടെ എണ്ണം കുറവാണ്. മിക്ക സ്ഥാപനങ്ങളും കടലാസ്സ് സംഘടനകളാണ്. പ്രവർത്തിക്കുന്നവയുടെ എണ്ണത്തിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. നവജീവൻ ആർട്ട്സ് ക്ലബ്ബ് കൊടികുത്തി
2. കൈരളി ആർട്സ് ക്ലബ് പുറപ്പുഴ
3. സീക്കോ വഴിത്തല
4. പബ്ലിക്ലൈബ്രറി നെടിയശാല
5. കാർമ്മൽയൂത്ത് ക്ലബ്ബ് വെങ്ങാലൂർ വഴിത്തല
6. ദർശന ആർട്സ് ക്ലബ് കുണിഞ്ഞി

സംഘടനകളെ പ്രവർത്തനോന്മുഖമാക്കിയാലേ വികസനമേഖല ശക്തമാക്കാനാവൂ.

സാംസ്ക്കാരിക രംഗത്തെ പുത്തൻപ്രവണതകൾ

സാംസ്ക്കാരിക മുന്നേറ്റം തടയപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും ഗണ്യമായ ഒരു വിഭാഗത്തെ സ്വാധീനിക്കുന്നുണ്ട്. ആധുനിക ചികിത്സാസമ്പ്രദായങ്ങൾ ഇത്രയേറെ പുരോഗമിച്ചിട്ടും രോഗശാന്തിക്കായി മന്ത്രവാദവും പ്രാർത്ഥനയും നടത്തുന്ന ഒരു ന്യൂനപക്ഷം ഇപ്പോഴുമുണ്ട്.

മതവൈരങ്ങളോ വർഗ്ഗീയ ലഹളകളോ ഉണ്ടാകുന്നില്ലെങ്കിൽപോലും ജാതീയമായ ചേരിതിരിവുകൾ സാമൂഹികരാഷ്ട്രീയ രംഗങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. ഈ സ്വാധീനം നാൾക്കു നാൾ വർദ്ധിച്ചു വരുന്നത് നമ്മൾ വളർത്തിയെടുത്ത ഉത്തമ ജനാധിപത്യ സങ്കല്പത്തിന് ഭീഷിണിയായി മാറിക്കൊണ്ടിരിക്കുന്നു. 1960കൾ വരെ വളർന്നുവന്ന പുരോഗമന ആശയങ്ങൾക്കും ചിന്താഗതികൾക്കും പിന്നോട്ടടി ഉണ്ടാകുന്നതായാണ് പിന്നീട് നാം കാണുന്നത്. അതുവരെ വളർന്നുവന്ന കായിക സംസ്ക്കാരിക രംഗത്തെ നവോന്മേഷം മന്ദീഭവിച്ചു. വായനാശീലത്തിൽ ഇടിവു വന്നു. വായിക്കുന്നവരുടെ എണ്ണം കുറഞ്ഞു. ഇക്കാര്യത്തിൽ പുതിയ തലമുറ പഴയതലമുറയുടെ അടുത്തെങ്ങും എത്തുന്നില്ല.

മാനവികതയും സൗഹാർദ്ദവും പരസ്പരബന്ധവും വളർത്താൻ ഉപകരിച്ചിരുന്ന സായാഹ്നങ്ങളിലെ സൗഹൃദസംഭാണങ്ങൾ നിലച്ചുപോയിരിക്കുന്നു. റിമോട്ട് കൺട്രോളറിലൂടെ ഗ്രാമീണജീവിതത്തെ നിയന്ത്രിക്കുന്ന തരത്തിൽ ടെലിവിഷന്റെ സ്വാധീനം മേൽകൈനേടി. ഗ്രാമങ്ങളിലെ സായാഹ്നങ്ങൾക്ക് കൊഴുപ്പേകിയിരുന്ന നാടൻപന്തുകളി കിളിത്തട്ടുകളി, തുടങ്ങിയ നാടൻകളികൾ അസ്തമിച്ചു പോയിരിക്കുന്നു. ഇന്നു നമ്മൾ മറ്റുള്ളവരുടെ കളികൾ കാണുന്ന കാണികൾ മാത്രമായി മാറിയിരിക്കുന്നു. സൗഹൃദചർച്ചകൾക്കൊണ്ടു നർമ്മഭാഷണങ്ങൾകൊണ്ടും ശബ്ദമുഖരിതമായിരുന്ന ഗ്രാമീണാന്തരീക്ഷവും, പരസ്പരം ആത്മബന്ധം പുലർത്തിയിരുന്ന കളിക്കളങ്ങളും ഇന്ന് മധുരസ്മരണകൾ മാത്രമായി മാറി.

പഞ്ചായത്തിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിന്റെ നവീനസൃഷ്ടാക്കളാകേണ്ട യുവതലമുറ അപകടകരമായ ആലസ്യത്തിലാണ്. പൈങ്കിളിസാഹിത്യത്തിലും സിനിമയിലും മയങ്ങിക്കിടക്കുന്ന യുവതലമുറ അവർ അധിവസിക്കുന്ന നാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ചാലകശക്തിയായി മാറുന്നില്ല. സമൂഹത്തെ മൊത്തത്തിൽ ബാധിച്ചിരിക്കുന്ന മൂല്യച്യുതിയുടെ ഫലമായി പണമാണ് മാന്യതയുടെ

മാനദണ്ഡമെന്ന നിഗമനത്തിൽ അവർ എത്തി നിൽക്കുന്നു. പൊതുപ്രവർത്തനത്തോടുള്ള വിമുഖത വർദ്ധിച്ചുവരുന്നു. സാമൂഹ്യപ്രവർത്തനം പോലും പണ സമ്പാദനത്തിനുള്ള മാർഗ്ഗമെന്ന നിലയിലെത്തിയിരി ക്കുന്നു.

വീടിന്റെ ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കവി യുവാൻ മാത്രമേ ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ സ്ത്രീകൾക്കാവുന്നുള്ളൂ. സ്ത്രീകളുടെ പൊതുപ്ര വർത്തനത്തിന് മാന്യതകല്പിക്കാത്ത പുരുഷമേധാവിത്വ സമീപനവും സ്വത്തവകാശം, പണത്തിന് മുൻതൂക്ക മുള്ള വിവാഹകമ്പോളം തുടങ്ങി അനേകം ഘടക ങ്ങളും സ്ത്രീകളുടേ സാമൂഹ്യ മുന്നേറ്റത്തിന് വിഘാ തമായിനില്ക്കുന്നു.

കലാ-കായിക-സാഹിത്യ-സാംസ്ക്കാരിക ആല സ്യത്തിൽനിന്നും ജനതയെ ഉണർത്താൻ പോന്ന പദ്ധതികൾ രൂപീകരിക്കുകയും ആത്മാർത്ഥതയോടെ നടപ്പിലാക്കുകയും വേണം. ആബാലവൃദ്ധം ജനങ്ങളേ ഉണർത്തുന്ന തരത്തിൽ കലാ - കായിക പ്രവർത്ത നങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തി നായി താഴെ പറയുന്ന കർമ്മ പദ്ധതികൾ നടപ്പിലാ ക്കാവുന്നതാണ്.

1. പഞ്ചായത്ത് ഭരണസമിതിയുടെ കാർമ്മികത്വ ത്തിൽ പഞ്ചായത്തുതലത്തിൽ ഒരു കലാസ മിതി രൂപീകരിക്കുകയും ഈ സമിതിയുടെ നേതൃത്വത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

(a) നിലവിലുള്ള ലൈബ്രറികൾക്ക് ഭൗതികസാഹ ചര്യം (കെട്ടിടം, ഫർണിച്ചർ etc) ഉറപ്പാക്കുവാൻ സഹായിക്കുക.

(b) സ്ക്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

(c) കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കാൻ സ്കൂൾ ലൈബ്രറികൾ ഫലപ്രദമാക്കുന്നതിനു പുറമേ എല്ലാ ഗ്രാമീണവായനാശാലകളിലും കുട്ടികൾക്കായുള്ള 'പുസ്തകം പരിചയപ്പെടൽ' പരിപാടി നടപ്പാക്കുക. മാസത്തിൽ ഒരു ബാല സാഹിത്യകൃതിയെങ്കിലും കുട്ടികളെ വിളിച്ചു കൂട്ടി പരിചയപ്പെടുത്തേണ്ടത് വായനാശാലാ പ്രവർത്തകരുടെ ഒരു ബാദ്ധ്യതയായി മാറണം.

(d) മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജസ്വ ലമാക്കുക. വനിതകളുടെ വായനാശീലം വർദ്ധി പ്പിക്കുവാൻ എല്ലാ ഗ്രന്ഥശാലകളിലും പ്രത്യേ കസംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. വനിതകൾ ഈ സംരംഭം പ്രയോജനപ്പെടുത്തു ന്നുവെന്ന് ഉറപ്പാക്കേണ്ടത് മഹിളാസംഘടനക ളുടെ ഉത്തരവാദിത്വമായി മാറണം.

(e) പുസ്തകവായനാനുഭവങ്ങൾ വിവരിക്കുന്ന മത്സരങ്ങൾ (കുട്ടികൾ, യുവതീ യുവാക്കൾ, അദ്ധ്യാപകർ, കർഷകർ, പൊതുപ്രവർത്തകർ, വൃദ്ധന്മാർ) എല്ലാ വിഭാഗങ്ങൾക്കും ഓരോ ലൈബ്രറി തോറും നടത്തുക. അവിടെനിന്നും വിജയിക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചാ യത്തുതലത്തിലും ഈ പരിപാടി എല്ലാ വർഷ വും നടത്തുക. പഞ്ചായത്തുതല ഗ്രാമോത്സ വവുമായി ഇതു ബന്ധപ്പെടുത്തുവാൽ കഴിയും.

(f) നാടൻപാട്ടുകൾ ശേഖരിക്കാൻ ഏർപ്പാടുണ്ടാ കണം. നിലവിൽ നല്ല നിലയിൽ പ്രവർത്തി ക്കുന്ന ലൈബ്രറികൾക്കും ക്ലബ്ബുകൾക്കും ഈ ദൗത്യം പൂർത്തിയാക്കാവുന്നതേയുള്ളൂ.

(g) നാടൻപാട്ടുകൾ, ദൃശ്യകലകൾ എന്നിവ നില നിർത്താനുള്ള സംവിധാനവും ഈ ഇനങ്ങ ളിൽ വർഷം തോറും മത്സരവും സംഘടിപ്പി ക്കാൻ കഴിയേണ്ടതാണ്.

(h) സ്കൂളുകളിൽ സംഗീതം, നൃത്തം എന്നിവയ്ക്ക് പ്രഗൽഭരായ അദ്ധ്യാപകരുടെ സേവനം ലഭ്യ മാക്കണം.

(i) പാട്ട്, നൃത്തം, സംഗീതോപകരണങ്ങൾ തുട ങ്ങിയവ പഠിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാകണം.

(j) പഞ്ചായത്തുതല ഗ്രാമോത്സവത്തിന്റെ 1-ാം ഘട്ടം എന്ന നിലയിൽ എല്ലാ വിഭാഗത്തിലു മുള്ള മത്സരങ്ങൾ നിലവിലുള്ള ലൈബ്രറികൾ, ക്ലബ്ബുകൾ എന്നിവയിൽ നടത്തുക. അവിടെ നിന്നും വിജയിക്കുന്നവരെ രണ്ടാം ഘട്ടമെന്ന നിലയിൽ പഞ്ചായത്തുതലഗ്രാമോത്സവത്തിൽ പങ്കെടുപ്പിച്ചാൽ ഈ ആഘോഷത്തിലെ പങ്കാ ളിത്തം വർദ്ധിപ്പിക്കാൻ കഴിയും.

(k) എല്ലാ ക്ലബ്ബുകളിലും ലൈബ്രറികളിലും കൈയ്യെഴുത്തു മാസിക തുടങ്ങുക.

(l) ലൈബ്രറികൾക്ക് വൈദ്യുതി കണക്ഷനും വൈദ്യുതിചാർജും സൗജന്യമായി ലഭ്യമാക്കണം.

(m) മഹിളാസമാജങ്ങളുടെ പ്രവർത്തനത്തിലുള്ള അപാകത പരിഹരിക്കുക.

കായികരംഗം

സമ്പുഷ്ടമായ ഒരു കായിക സംസ്ക്കാരത്തിന്റെ വികാസം സാസ്ക്കാരിക വളർച്ചയുടെ ഒരവിഭാജ്യ ഘടകമാണ്. അതുകൊണ്ടുതന്നെ മേന്മയേറിയ ഒരു കായിക സംസ്ക്കാരം കരുപ്പിടിപ്പിക്കാനാവശ്യമായ ഒരു കായിക വികസന നയം ഉണ്ടാകേണ്ടതുണ്ട്. ഇച്ഛാശക്തിയും ആത്മവിശ്വാസവുമുള്ള ആരോഗ്യദൃഡഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ ഒരു കായികസംസ്ക്കാരത്തിന്റെ കടമ. ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെ തുകയാണ് കായിക സംസ്ക്കാരം. കായിക പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തമായിരിക്കണം അതിന്റെ മുഖമുദ്ര. മത്സരത്തിനായിരിക്കരുത് പ്രാധാന്യം പങ്കാളിത്തത്തിനായിരിക്കണം. മത്സരത്തിലൂടെ വിദ്വേഷം വളർത്തലല്ല പ്രത്യുത സംഘപ്രവർത്തനത്തിലൂടെ ആത്മബന്ധം വർദ്ധിപ്പിക്കലാണ് കായിക പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം.

കായികരംഗത്തിന്റെ വികസനത്തിനുതകുന്ന നയം രൂപീകരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

1. അംഗൻവാടികളിൽ മതിയായ കളിക്കോപ്പുകൾ നൽകുകയും അവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. ഔപചാരിക വിദ്യാഭ്യാസരംഗവും കായികരംഗവും കൂട്ടിയിണക്കാൻ കഴിയണം. ഇപ്പോൾ കായികരംഗത്ത് കൂടുതൽ ശ്രദ്ധചെലുത്തുന്ന വിദ്യാർത്ഥിവിദ്യാഭ്യാസത്തിൽ കൂടുതൽപിന്നോക്കം പോകുന്നു മറിച്ച് പടനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്ന കുട്ടിക്ക് കായികപ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ കഴിയാതെ വരുന്നു.
3. യോഗ്യതയും താല്പര്യവുമുള്ളവരെ മാത്രമേ സ്ക്കൂളുകളിൽ കായികാദ്ധ്യാപകരായി നിയമിക്കുന്നുള്ളു എന്ന് ഉറപ്പാക്കുക.
4. പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് വ്യാപകമാക്കാവുന്ന വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ ബാറ്റ്മിന്റൻ എന്നിവ ആരംഭിക്കേണ്ടതാണ്. ഇതിനാവശ്യമായ കളിസ്ഥലം കൊടികുത്തി, നെടിയശാല, പുറപ്പുഴ, കുണിഞ്ഞി, കർമ്മൽജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങലിൽ നിർമ്മിക്കുക.
5. കലാകായിക പ്രവർത്തനങ്ങലിലും പരിശീലനങ്ങളിലും വനിതകൾക്കും തുല്യപ്രാധാന്യം നൽകുക.
6. തിരക്കേറിയ കുടുംബജീവിതത്തിനിടയിൽ ഒറ്റപ്പെട്ട് ഏകാന്തതയിൽ വീർപ്പുമുട്ടുന്ന വൃദ്ധജനങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ട്. ഇവരുടെ വീടുകൾ സന്ദർശിച്ച് ക്ഷമയോടെ അവരുടെ അനുഭവങ്ങളും ബുദ്ധിമുട്ടുകളും കേൾക്കാനും അവരെ ആശ്വസിപ്പിക്കുവാനുമുള്ള ഒരു സന്നദ്ധപ്രവർത്തനം മാസത്തിലൊരിക്കലെങ്കിലും നടത്തുക എന്നുള്ളത് എല്ലാ ലൈബ്രറികളുടെയും ക്ലബ്ബുകളുടെയും പ്രവർത്തന അജണ്ടയായി വരണം.
7. മേൽപ്പറഞ്ഞ കാര്യങ്ങളുടെ നടത്തിപ്പിനായി ഒരു മോണിറ്ററിംഗ് കമ്മറ്റി പഞ്ചായത്തുതലത്തിൽ രൂപീകരിക്കണം. N.Y.K. യൂത്ത്ക്ലബ്ബ് തുടങ്ങിയ വയുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കേണ്ടതുണ്ട്. രാഷ്ട്രീയ അതിപ്രസരവും കൂടാതെ ക്രമക്കേടുകളും അനാസ്ഥയും അഴിമതിയുമാണ് ഇന്ന് കായികരംഗം നിയന്ത്രിക്കുന്ന സ്പോർട്സ് അസ്സോസ്സിയേഷനുകളുടെ മുഖമുദ്ര. മേൽപ്പറഞ്ഞ തടസ്സങ്ങൾ നീക്കുകയും വൈദഗ്ദ്ധ്യമുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കുകയും ചെയ്താൽ ഉത്സാഹശീലവും മുന്നേറണമെന്ന് ഉള്ളിന്റെയുള്ളിൽ ആഗ്രഹവുമുള്ള ഈ ഗ്രാമത്തിലെ ജനങ്ങളിൽനിന്നും കായികരത്നങ്ങളേ കണ്ടെത്തി തേച്ചുമിനുക്കിയെടുക്കാൻ കഴിയും.

വനിത

വിദേശമേൽക്കോയ്മക്കെതിരെ ധീരമായി പോരാടി വീരചരമം പ്രാപിച്ചിട്ടുള്ള ധീരവനിതകളുടെ നാമംകേട്ട് ഉൾപ്പുളകമണിഞ്ഞ നാടാണല്ലോ ഭാരതം. ദേശീയ പ്രസ്ഥാനത്തിൽ കേരളീയ വനിതകളും അവരുടെ പങ്ക് സമർത്ഥമായി വഹിച്ചിട്ടുണ്ട് എന്ന കാര്യം നമുക്ക് അഭിമാനാർഹമാണ്. എങ്കിലും സാമൂഹ്യപ്രവർത്തനമേഖലകളിൽ കഴിഞ്ഞ കാലങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. അതുപോലെതന്നെ സ്കൂൾ വിദ്യാഭ്യാസം ഭൂരിപക്ഷം പെൺകുട്ടികൾക്കും അന്യമായിരുന്നു. എഴുതുവാനും വായിക്കുവാനുമുള്ള അറിവ് അവർക്ക് ലഭിച്ചത് കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നുമായിരുന്നു.

ദേശീയപ്രസ്ഥാനത്തിലോ സാമൂഹ്യപ്രവർത്തരംഗത്തോ ഉള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി പേരെടുത്ത പറയാവുന്ന വനിതകളൊന്നും തന്നെ പുറപ്പുഴ ഗ്രാമത്തിൽ ഇല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഈ ഗ്രാമത്തിൽ പെൺകുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചത് കൊല്ലവർഷം 1039-ൽ തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്ത് പുറപ്പുഴയിൽ ഒരു ഗവ: L.P.സ്കൂൾ സ്ഥാപിച്ചതിന് ശേഷമാണ് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടായി എങ്കിലും അടുത്തെങ്ങും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ലാതിരുന്നതിനാൽ അവർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം വേണ്ടത്ര ലഭിച്ചില്ല. തന്മൂലം അവരിൽ ഭൂരിഭാഗവും അടുക്കള ജോലിയിൽ ഒതുങ്ങിക്കഴിയേണ്ടിവന്നു.

ഏതാണ്ട് 60 വർഷങ്ങൾക്കുമുമ്പ് നെടുങ്ങാട്ട് കാർത്ത്യായനി അമ്മയുടെ നേതൃത്വത്തിൽ പെൺകുട്ടികളെ തിരുവാതിരകളി കൈകൊട്ടിക്കളി തുടങ്ങിയവ പഠിപ്പിച്ചിരുന്നു. ഈ ഗ്രാമത്തിൽ ആദ്യമായി വനിതാക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് വെള്ളരിങ്ങാട്ട്റയിച്ചൽ റ്റീച്ചറാണ്.

പഞ്ചായത്തിനകത്തും പുറത്തും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായതിനെതുടർന്ന് പെൺകുട്ടികളെ സ്കൂളിലേക്ക് അയച്ചുതുടങ്ങി. ഇന്ന് വിദ്യാസമ്പന്നരായ ധാരാളം പെൺകുട്ടികൾ ഇവിടുണ്ട്. മഹിളാ സമാജങ്ങളും അംഗൻവാടികളും സ്കൂളുകളിലെ മാതൃസംഗമങ്ങളും മൊത്തം സ്ത്രീകളിൽ 50% പേരെങ്കിലും സമൂഹവുമായി ബന്ധപ്പെടുന്നു എന്നതിന് തെളിവാണ്. എന്നിരുന്നാലും സാമൂഹ്യരംഗത്തും തൊഴിൽ രംഗത്തും മറ്റും സ്ത്രീകൾ ഇപ്പോഴും വളരെ പിന്നിലാണ് എന്നത് ഒരു സത്യം മാത്രമാണ്.

അംഗൻവാടികളിൽ നിന്നും ലഭിച്ചിട്ടുള്ള കണക്കുപ്രകാരം ഈ പഞ്ചായത്തിൽ 6311 സ്ത്രീകളും 5977 പുരുഷന്മാരും ഉണ്ട്. സ്ത്രീകൾ മാത്രം നടത്തുന്ന ഒരു സൊസൈറ്റി (വ്യവസായയൂണിറ്റ്) നാലാം വാർഡിൽ വഴിത്തലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 20 സ്ത്രീകൾ ജോലി ചെയ്യുന്നു. 3 - ാം വാർഡിലുള്ള ഒരു തീപ്പെട്ടിക്കമ്പനിയാണ് പഞ്ചായത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്ന മറ്റൊരു സ്ഥാപനം. ഇവിടെ 14 സ്ത്രീകളും 4 പുരുഷന്മാരും പണിയെടുക്കുന്നു. പത്താംതരംവരെ പഠിച്ച 26 സ്ത്രീകൾ അംഗൻവാടികളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ പുറപ്പുഴ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഹിളാസമാജങ്ങൾ 10 എണ്ണമാണ്. പക്ഷെ ഇവയുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതിന്റെ കാരണം തേടിപ്പോകുമ്പോൾ നമുക്കു മനസ്സിലാകുന്നത് പുറപ്പുഴയിലെ സ്ത്രീകൾ സാമൂഹ്യപ്രവർത്തനങ്ങളോട് വിമുഖതകാണിക്കുന്നു എന്ന് യാഥാർത്ഥ്യമാണ്.

തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. താഴെകൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

തൊഴിൽ വിഭജനം
(1991 സെൻസസ് റിപ്പോർട്ട്)

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകർ	15	1230
കർഷകതൊഴിലാളികൾ	206	590
കാലിവളർത്തൽ / കോഴിവളർത്തൽ	22	408
കെട്ടിടനിർമ്മാണം	53	92
കച്ചവടം	17	200
തൊഴിലില്ലാത്തവർ	5171	2862

ഈ പട്ടിക പരിശോധിക്കുമ്പോൾ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് തൊഴിൽരംഗത്ത് എത്ര മാത്രം പിന്നിലാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. സ്വയം തൊഴിലുകളിൽ ബന്ധപ്പെടുത്തിയും സാമൂഹ്യപ്രവർത്തനത്തിന്റെ മേന്മ ബോദ്ധ്യപ്പെടുത്തിയും വനിതകളുടെ സംഘടിതശക്തി സമൂഹവളർച്ചയ്ക്ക് ഉപയുക്തമാക്കണം. തൊഴിൽ, സാമൂഹ്യ രംഗങ്ങളിൽ പുരുഷന്മാരോടൊപ്പം പ്രവർത്തിക്കാൻ തങ്ങൾക്കുകഴിയുമെന്നുള്ള ആത്മവിശ്വാസം വനിതകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷന്മാരോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും കഴിവും ആർജ്ജിച്ചിട്ടുണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടതാണ്. തങ്ങളുടെ വിമോചനത്തിന് അവകാശങ്ങൾ എന്തൊക്കെയെന്ന് തിരിച്ചറിയുകയും അവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്യേണ്ടത് വനിതകൾ തന്നെയാണ്.

സാദ്ധ്യതകൾ

1. സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകൾക്ക് പ്രത്യേകപരിശീലനപരിപാടികൾ നടത്തുക.
2. നിലവിലുള്ള രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾ തങ്ങളുടെ നേതൃനിരയിലേക്ക് വനിതകളെ കൊണ്ടുവരുക.
3. സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സംരംഭങ്ങളും തുടങ്ങുക.
4. ചിരട്ടയും മറ്റു അസംസ്തൃത വസ്തുക്കളും ഉപയോഗിച്ചുള്ള കരകൗശലവസ്തു നിർമ്മാണം.
5. സ്ത്രീകളുടെ മേൽനോട്ടത്തിൽ പച്ചക്കറി അടുക്കളതോട്ടനിർമ്മാണം.

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലൊഴികെയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ വേണ്ടത്ര പുറത്തുവരുന്നില്ല.
3. സ്ത്രീകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം ലഭിക്കുന്നില്ല.
4. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം ഇല്ല.
5. ഗ്രാമീണതൊഴിൽ മേഖലകളിൽ വേതനക്കാര്യത്തിൽ സ്ത്രീകൾ വിവേചനം അനുഭവിക്കുന്നു.
6. വിദ്യാലയങ്ങളിലെ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
7. ശാസ്ത്രീയബോധത്തിന്റെ കുറവ് സ്ത്രീകളിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കാരണമാക്കുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. ഉൽപ്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുക.
2. വിഭവങ്ങളെ അടിസ്ഥാനമാക്കി തൊഴിൽയൂണിറ്റുകൾ തുടങ്ങുക. അവർക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.
3. തുല്യജോലിക്കു തുല്യവേതനം നടപ്പാക്കുക.
4. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ നല്കുകയും, തൊഴിലവസരങ്ങളേയും തൊഴിൽ നിയമങ്ങളേയും കുറിച്ച് വിവരങ്ങൾ നല്കുകയും ചെയ്യുക.
5. അർഹരായ എല്ലാ വനിതകൾക്കും വിവിധ സാമൂഹ്യസഹായപദ്ധതികളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നല്കുക.
6. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
7. സ്കൂളുകളിൽ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

ഗ്രാമസഭകളിലും വിദഗ്ദ്ധന്മാരുമായുള്ള ചർച്ചകളിലും ഉയർന്നു വന്ന നിർദ്ദേശങ്ങൾ:-

1. ഗ്രാമീണ - വനിത - ശിശുവികസനപരിപാടികൾ. അമ്മമാരെ ഗ്രൂപ്പായി സംഘടിപ്പിച്ച് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുക. അവർക്ക്

പദ്ധതിയ്ക്കാവശ്യമായ ഷെഡ് നിർമ്മിച്ചുകൊടുക്കുകയും, അസംസ്കൃതസാധനങ്ങൾ സബ്സിഡിനിരക്കിൽ നല്കുകയും ചെയ്യുക.

2. തൊഴിലെടുക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാനും പരിപാലിക്കാനും ഡേ - കെയർ സെന്റർ നടത്തുക.

3. അമ്മമാരുടെ സമ്പാദ്യശീലം വളർത്തുന്നതിന് ത്രിഫ്റ്റ് & ക്രെഡിറ്റ് സൊസൈറ്റി രൂപീകരിക്കുക.

4. ബോധവൽക്കരണത്തിനുവേണ്ടി റേഡിയോ, T.V. മുതലായവ മഹിളാസമാജങ്ങൾക്കു നല്കുക.

5. ട്രൈസം പരിശീലനം നല്കുക.

6. മഹിളാസമാജങ്ങൾ വഴി സോഷ്യൽ ഫോറസ്ട്രിസ് സ്കീം നടപ്പിലാക്കുക. (തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുക)

7. അടുക്കളത്തോട്ടം (മഹിളാസമാജങ്ങൾവഴി) പൂകൃഷി തുടങ്ങിയവ നടപ്പിലാക്കുക.

8. ആടുവളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ മുതലായവ മഹിളാസമാജങ്ങൾ വഴി നടപ്പാക്കുക.

9. റെഡിമെയ്ഡ്, പ്ലാസ്റ്റിക്, പാത്രനിർമ്മാണം തുടങ്ങിയ വ്യവസായം മഹിളാസമാജങ്ങൾ വഴി നടപ്പാക്കുക.

10. പായ് നെയ്ത്ത്, കൊട്ടനെയ്ത്ത് തുടങ്ങിയ വ്യവസായത്തിന് (സൊസൈറ്റി) രജിസ്റ്റർ ചെയ്തുകൊണ്ട് സഹായം നല്കുക.

11. സാമൂഹ്യ സാംസ്ക്കാരികരംഗങ്ങളിലേക്ക് കടന്നുവരുന്നതിന് സ്ത്രീകൾക്ക് മതിയായ സഹകരണവും പ്രോത്സാഹനവും പുരുഷന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

സഹകരണമേഖല

"കടത്തിൻ ജനിച്ച് കടത്തിൻ വളർന്ന് കടം തന്നെ പിൻതലമുറക്ക് വീതിച്ചുകൊടുത്തുകൊണ്ട് മരണമടയുന്നവരാണ് ഇൻഡ്യൻ കർഷകർ" എന്ന ചൊല്ല് പ്രസിദ്ധമാണ്. കർഷകജനതയുടെ സ്ഥിതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുന്നിൽകണ്ട് ബ്രിട്ടീഷ് ഗവ: പല നിയമങ്ങളും പാസ്സാക്കുകയുണ്ടായി. പക്ഷെ അവയൊന്നും കർഷകന്റെ കഷ്ടപ്പാട് ഒഴിവാക്കുന്നതിന് സഹാകമായില്ല. കർഷകരെ സഹായിക്കുന്നതിനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പാശ്ചാത്യരാജ്യങ്ങളിലേതുപോലെ സഹ: സംഘങ്ങൾ ഉണ്ടാവുന്നത് നല്ലതായിരിക്കുമെന്ന് ഗവ: ചിന്തിക്കുകയും 1892-ൽ ഇക്കാര്യം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മീഷനെ ഏർപ്പെടുത്തുകയും ചെയ്തു. 1901-ലെ ഫാമിൻ കമ്മീഷനും സഹ:സംഘങ്ങളുടെ ആവശ്യകത ഊന്നിപ്പറഞ്ഞു. തുടർന്ന് പലവിദഗ്ദ്ധന്മാരും ഈ ആവശ്യം ഗവ: ബോദ്ധ്യപ്പെടുത്തി. അതിന്റെയെല്ലാം ഫലമായി ഇൻഡ്യയിൽ ആദ്യമായി 1904-ൽ ഒരു സഹ:നിയമം നിലവിൽ വന്നു. 1912-ൽ ഈ നിയമം നവീകരിക്കുകയും സഹകരണം സംസ്ഥാനവിഷയമാക്കുകയും ചെയ്തതിനെ തുടർന്ന് പല സംസ്ഥാനങ്ങളിലും ഈ നിയമം നിലവിൽ വന്നു. തിരുവിതാംകൂറിൽ സഹകരണസംഘനിയമം ഉണ്ടായത് 1914-ൽ ശ്രീ. P. രാജഗോപാലാചാരി ദിവാനായിരുന്ന കാലത്തായിരുന്നു. ഇതനുസരിച്ച് സ്ഥാപിക്കപ്പെട്ട തിരുവിതാംകൂർ സെൻട്രൽ സഹകരണബാങ്ക് ആണ് ഇന്നത്തെ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്. പിന്നീട് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചതിനു ശേഷം 1952-ൽ തിരുവിതാംകൂർ കൊച്ചി സഹകരണ നിയമം നിലവിൽ വന്നു. 1956-ലെ സംസ്ഥാന പുനസംഘടനയെതുടർന്ന് 1969-ൽ കേരളാ സഹകരണ സംഘനിയമം പ്രാബല്യത്തിലായി. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ ഈ നിയമത്തിന്റെയും അതനുസരിച്ചുണ്ടാക്കിയ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

പുറപ്പുഴ പഞ്ചായത്തിൽ (പഴയമണക്കാട് പഞ്ചായത്ത്) കൊല്ലവർഷം 1100-ാമാണ്ടിൽ നെടുങ്ങോട്ട് ഗോപാലപിള്ളയുടെ നേതൃത്വത്തിൽ 12 അംഗങ്ങളോടുകൂടി ആരംഭിച്ച വഴിത്തല ദേശാഭിവൃദ്ധിനി സഹകരണസംഘം ആണ് സഹകരണമേഖലയിൽ ആദ്യത്തെ സ്ഥാപനം. ഒരു താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പ്രസ്തുത സംഘം ഇന്ന് സ്വന്തം കെട്ടിടത്തിൽ 3697 അംഗങ്ങളും 13,53950 രൂപ ഓഹരി മൂലധനവുമുള്ള ഒരു പ്രസ്ഥാനമായി വളർന്നിരിക്കുന്നു. പുറപ്പുഴ പഞ്ചായത്തിലെ 1, 2, 3, 4, വാർഡുകൾ ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. ഈ സംഘത്തിന്റെ ഒരു ശാഖ കുണിഞ്ഞിയിൽ 1980 മുതൽ പ്രവർത്തിച്ചുവരുന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ഈ സഹ: സംഘത്തിന്റെ കീഴിൽ ഓരോ റബർ ഡിപ്പോകൾ വഴിത്തലയിലും കുണിഞ്ഞിയിലും പ്രവർത്തിക്കുന്നു. കർഷകർക്ക് റബറിന് ന്യായവില ഉറപ്പാക്കുകയാണ് ഇതിന്റെലക്ഷ്യം. ഇവ കൂടാതെ ഒരു കൺസ്യൂമർ സ്റ്റോറും ഒരു ഈളിവ്യാപാരസ്ഥാപനവും വളംഡിപ്പോകളും സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ കൺസ്യൂമർ സ്റ്റോറുകൾ അനുവദിച്ചിരുന്നുവെങ്കിലും അവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 1900-ൽപരം കുടുംബങ്ങൾ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നുവെങ്കിലും മുഴുവൻ കർഷകരും അംഗങ്ങളല്ല.

ഗ്രാമത്തിലെ 5, 6, 7, 8 വാർഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് 1961-ൽ വയറ്റാട്ടിൽ ചെത്തിക്കോട്ട് ജോസഫ് ചാക്കോച്ചൻ എന്ന ആളുടെ നേതൃത്വത്തിൽ ആരംഭിച്ച പുറപ്പുഴ സർവ്വീസ് സഹകരണ ബാങ്കാണ് ഇവിടുത്തെ രണ്ടാമത്തെ സഹകരണ സ്ഥാപനം. ആരംഭഘട്ടത്തിൽ പഞ്ചായത്തിലെ കുണിഞ്ഞിമേഖലയും ബാങ്കിന്റെ പ്രവർത്തനപരിധിയിൽപ്പെട്ടിരുന്നു. പിന്നീട് ആ സ്ഥലങ്ങൾ വഴിത്തല S.C.B. യുടെ പ്രവർത്തനപരിധിയിലാക്കുകയുണ്ടായി. ആരംഭത്തിൽ 287 അംഗങ്ങളോടുകൂടി ആരംഭിച്ച സംഘം ഇന്ന്. 3031 അംഗങ്ങളും 1316630/- രൂപ ഓഹരി മൂലധനവുമുള്ള ഒരു സ്ഥാപനമായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ ബാങ്കിന്റെ കീഴിൽ നെടിയശാലയിലും പുറപ്പുഴയിലും ഓരോ വളംഡിപ്പോകളും കൺസ്യൂമർ സ്റ്റോറുകളും പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ രണ്ടു സഹ: സംഘങ്ങളെകൂടാതെ 3 ക്ഷീരസഹകരണസംഘങ്ങളും ഈ പഞ്ചായത്ത് പ്രവർത്തനപരിധിവരുന്ന ഒരു ഹൗസിംഗ് സഹകരണസംഘവും ഒരു കാർഷിക വികസനബാങ്കും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 5, 6, 7, 8 വാർഡുകൾ കേന്ദ്രീകരിച്ച് പുറപ്പുഴയിലും 4, 3, വാർഡുകൾ കേന്ദ്രീകരിച്ച് വഴിത്തലയിലും 1, 2 വാർഡുകൾ കേന്ദ്രീകരിച്ച് കുണിഞ്ഞിയിലും ഓരോ ക്ഷീര സഹ:സംഘങ്ങൾ പ്രവർത്തിക്കുന്നു. പുറപ്പുഴയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ പകുതിപോലും ഈ സംഘങ്ങൾ വഴി വിപണനം ചെയ്യപ്പെടുന്നില്ല. ഈ സംഘത്തിനോടൊപ്പം ക്ഷീരോത്പന്ന യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. സംഘങ്ങളിലെ ഒരുവർഷത്തെ ശരാശരി ഉത്പാദനം വിപണനം തുടങ്ങിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 2

ക്രമ നമ്പർ	പേര്	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്.
1.	കുണിഞ്ഞിക്ഷീര സഹ:സംഘം	32401 Litre	15179 Litre	17290 Litre
2.	പുറപ്പുഴ ക്ഷീര സഹ:സംഘം	47144 Litre	16229 Litre	30914 Litre
3.	വഴിത്തലക്ഷീര സഹ:സംഘം	47736 Litre	20540 Litre	27196 Litre

(സഹകരണ സംഘങ്ങളിൽ നിന്നും ശേഖരിച്ചത്)

കാർഷിക വികസന ബാങ്ക്

തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിലാണ് ഈ പഞ്ചായത്ത്. ഈ ബാങ്ക് പുറപ്പുഴ പഞ്ചായത്തിൽ കാർഷിക ആവശ്യത്തിനായി 64 പേർക്ക് 15,69,475/- രൂപയും ഭവന നിർമ്മാണത്തിനായി 421650/- രൂപായും വ്യവസായ ആവശ്യത്തിന് 3,51,375 രൂപായും വായ്പ നൽകിയിട്ടുണ്ട്. പൊതുവേ പറഞ്ഞാൽ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നവർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ബാങ്കിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ച് കർഷകർക്ക് വേഗത്തിൽ വായ്പ ലഭ്യമാക്കേണ്ടതാണ്.

പട്ടിക - 1

ക്രമനമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭം/ നഷ്ടം		ജീവനക്കാർ	
								കാർഷികം	കാർഷികേതരം		ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
1	Vazhithala Service Co-operative Bank	കൊല്ലവർഷം 1100	1, 2, 3, 4, വാർഡുകൾ	3697	13,53,950	48,99,524/-	2,09,00000/-	4042223/-	1118165/-	290 ലക്ഷം	-	12,00000	18	10
2	Purapuzha Service Co-operative Bank	1961	5, 6, 7, 8 വാർഡുകൾ	3031	13, 16, 630/-	37,40,000	10258384/-	58,87717/-	44,98649/-	153 ലക്ഷം	-	10,00,000	7	2

ഹൗസിംഗ് സഹ:സംഘം

തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിലാണ് പുറപ്പുഴ പഞ്ചായത്ത്. വ്യക്തമായ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാത്രം വായ്പ നൽകുന്ന ഈ സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിലെ താഴേക്കിടയിലുള്ള പാർപ്പിടമില്ലാത്തവർക്ക് വായ്പ ലഭ്യമല്ല. ആയതിനാൽ നടപടി ക്രമങ്ങൾ ലഘൂകരിച്ച് താഴേക്കിടയിലുള്ളവർക്ക് വായ്പ ലഭ്യമാക്കാൻ സർക്കാർ നടപടിയെടുക്കണം. നിലവിൽ 1995 - 96 കാലഘട്ടത്തിൽ 31 ആളുകൾക്കായി 14,47000/- രൂപ ഭവനനിർമ്മാണവായ്പ തൊടുപുഴ ഹൗസിംഗ് സഹകരണസംഘം നൽകിയിട്ടുണ്ട്.

റബർ മാർക്കറ്റിംഗ് സഹ: സംഘം

കർഷകരുടെ റബ്ബർ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് സ്ഥാപിച്ച സഹകരണപ്രസ്ഥാനം തൊടുപുഴയിൽ പ്രവർത്തിക്കുന്നു. റബർ മാർക്കറ്റിംഗ് സഹ: സംഘം. ഇപ്പോൾ പ്രധാനമായും റബർ സംഭരണമാണു നടക്കുന്നത്. 95-96 കാലഘട്ടത്തിൽ 9 കോടിയിലേറെ രൂപക്കുള്ള റബർ ഉത്പന്നങ്ങൾ ഈ സംഘം സംഭരിച്ചിട്ടുണ്ട്. ന്യായവിലക്ക് കർഷകർക്ക് വളം ലഭ്യമാക്കുനനതിനുവേണ്ടി ഒരു വളം ഡിപ്പോ ഈ സംഘത്തിൽ കീഴിൽ പ്രവർത്തിക്കുന്നു. നന്നായി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനപരിധി പുറപ്പുഴ പഞ്ചായത്തുമുഴുവനും ഉൾപ്പെടുന്നു.

School സഹ: സംഘങ്ങൾ

പഞ്ചായത്തിൽ 2 സ്കൂൾ സഹ: സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും സഹ: സംഘത്തിൽ അംഗങ്ങളാണ്. കുട്ടികൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ, Note Book, മറ്റു അവശ്യവസ്തുക്കൾ തുടങ്ങിയവ ന്യായവിലക്ക് വിതരണം ചെയ്യുക എന്നതാണ് ഈസംഘങ്ങളുടെ ലക്ഷ്യം.

മറ്റു സഹ:പ്രസ്ഥാനങ്ങൾ

കാർഷികമേഖലയിൽ ഈ ഗ്രാമപഞ്ചായത്തിൽ 3 പാടശേഖരസമിതികളും 3 കുരുമുളക് സമിതികളും ഒരു കേരവികസനസമിതിയും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ ഏതാനും റബറുത്പാദക സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നന്നാക്കേണ്ടതുണ്ട്. കുരുമുളക്, പാടശേഖരം, കേരസമിതി തുടങ്ങിയ സംഘങ്ങൾ കർഷകർക്ക് സൗജന്യനിരക്കിൽ വിത്ത് വളം കീടനാശിനികൾ തുടങ്ങിയവ വിതരണം ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റബറുത്പാദകസംഘങ്ങൾ കൃഷിക്കാർക്ക് കുറഞ്ഞനിരക്കിൽ വളം, ഷെയ്ഡുകൾ, ടാപ്പിംഗ് ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വനിതാ സഹകരണ സംഘം

ഗ്രാമത്തിൽ ആകെ ഒരു വനിതാ സഹകരണ സംഘമാണ് പ്രവർത്തിക്കുന്നത്. മൈത്രി വനിതാ ഇൻഡസ്ട്രീസ് എന്ന പേരിൽ നോട്ട്ബുക്ക് നിർമ്മിച്ച് വിൽക്കുന്ന സ്ഥാപനമാണിത്. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 20 വനിതകൾ ജോലി ചെയ്യുന്നു. പ്രസ്തുത സംഘം 1994-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഗ്രാമത്തിൽ വനിതാ വ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ച് വനിതകളുടെ തൊഴിൽപങ്കാളിത്തം വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. കാർഷിക വായ്പകൾ എല്ലാംതന്നെ നബാഡിൽ നിന്നും ലഭിക്കുന്നവയാണ്. ഈ വായ്പകൾക്ക് നിലവിൽ 13.5% പലിശ കൊടുക്കേണ്ടിവരുന്നു. ഇവ മുഴുവൻ ഹ്രസ്വകാലവായ്പകളാണ്. കർഷകരുടെ ആവശയങ്ങൾ പരിഹരിക്കുന്നതിന് വേണ്ടത്ര വായ്പകൾ നവാഡ് സഹകരണസംഘത്തിന് അനുവദിക്കുന്നതല്ല. വായ്പകളുടെ പലിശനിരക്ക് കുറക്കുകയും ദീർഘകാല വായ്പകൾ അനുവദിക്കുകയും ചെയ്യണം.
2. ഈ പഞ്ചായത്തിൽ കാർഷിക ആവശ്യത്തിനായി ഒരു കോടിയോളം രൂപ സഹകരണസംഘങ്ങൾ വഴി വായ്പ നൽകുന്നുണ്ട്. ഈ തുക അപര്യാപ്തമാണ്. കാർഷിക മേഖലക്ക് മാത്രമായി രണ്ട് കോടിരൂപയോളം ആവശ്യമാ

യിവരും. നിലവിലുള്ള നബാഡിന്റെ വായ്പാ വിതരണസംവിധാനത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ഈ ആവശ്യം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു.

3. വായ്പകൾ കൃത്യസമയത്ത് തിരിച്ച് അടയ്ക്കാഞ്ഞതിനാൽ ബാങ്ക് പ്രവർത്തനത്തിന് തടസം നേരിടുന്നു. കൃത്യസമയത്ത് വായ്പകൾ തിരിച്ചു നൽകുന്നതിന് കർഷകർ ശ്രദ്ധിക്കണം. പൊതുമേഖല ബാങ്കുകൾ കാർഷിക ആവശ്യങ്ങൾക്ക് വായ്പ നൽകുന്ന രീതിയിൽ തന്നെ സഹകരണസ്ഥാപനങ്ങൾ വഴി രജിസ്ട്രേഷൻ നടപടികൾ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് വായ്പകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4. കാർഷിക വായ്പകൾക്ക് സഹ: ബാങ്കുകൾ നൽകുന്ന തുക നമ്മുടെ ജില്ലയിൽ 25000/- രൂപയാണ്. ഇത് 50,000/- രൂപയെങ്കിലുമായി വർദ്ധിപ്പിക്കേണ്ടതാണ്.

5. ജില്ലാ ബാങ്കുകൾ അനുവർത്തിക്കുന്ന കാർഷിക വായ്പാനയം സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതു പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

6. കാർഷികമേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വാങ്ങി സംസ്കരിച്ച് വിപണനം ചെയ്യാൻ സഹ: സംഘങ്ങൾ സ്ഥാപിക്കുക.

7. 2, 3, 7 വാർഡുകളുടെ സംഗമസ്ഥലമായ കൊവേന്തയിൽ ഒരു ക്ഷീര സഹ: സംഘം സ്ഥാപിക്കണം.

8. ഈ ഗ്രാമത്തിലെ പ്രധാന കൃഷി റബറാണ് അതുകൊണ്ട് റബറധിഷ്ഠിത വ്യവസായങ്ങൾ നിലവിലുള്ള സഹ: ബാങ്കുകളുടെ മേൽനോട്ടത്തിൽ ഉണ്ടാവേണ്ടത് ആവശ്യമാണ്.

9. വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സഹ: സംഘങ്ങൾ നടത്തുന്ന ന്യായവില ഷോപ്പുകളും കൺസ്യൂമർ സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആ നഷ്ടം നികത്താൻ സബ്സിഡികൾ സർക്കാർ നൽകണം.

10. സഹകരണസംഘങ്ങളിൽ വേണ്ടത്ര ഡിപ്പോസിറ്റ് ലഭിക്കാത്തതുകാരണം സംഘങ്ങൾ പ്രതിസന്ധിയെ നേരിടുന്നു. ഡിപ്പോസിറ്റുകൾക്ക് ഗവ: വേണ്ട ഗ്യാരണ്ടി നൽകുകയും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്താൽ കൂടുതൽ ഡിപ്പോസിറ്റ് സമാഹരിക്കാനും പറ്റും.

11. നബാഡ് സഹ: സംഘങ്ങൾക്ക് നൽകുന്ന വായ്പകൾ ഇടനിലക്കാരില്ലാതെ നേരിട്ട് (ജില്ലാ ബാങ്കുകൾ) ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കുന്നത് പലിശ നിരക്ക് കുറക്കാൻ സഹായകമാണ്.

സഹകരണരംഗത്തെ വളർച്ചക്കായി ഒരു സഹകരണസെൽ രൂപീകരിച്ച് സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ധോപദേശവും നിർദ്ദേശങ്ങളും നൽകി. സംഘങ്ങളെ പ്രവർത്തനക്ഷമമാക്കാവുന്നതാണ്. ഈ രംഗത്തെ വിവിധമേഖലകളിലെ വളർച്ചക്കായി 4 കോടിയിൽപരം രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട് ഇത്രയും തുക മുടക്കുന്നതുവഴി 416 പേർക്ക് പ്രത്യക്ഷമായും 525 പേർക്ക് പരോക്ഷമായും തൊഴിലും പഞ്ചായത്തിലെ 3200 ഓളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുന്നു. പഞ്ചായത്തിലെ 8 ഗ്രാമസഭകളുടെ നിർദ്ദേശവും വിദഗ്ധന്മാരുടെ അഭിപ്രായവും സ്വരൂപിച്ച് ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

സഹകരണരംഗത്തെ മുകളിൽപറഞ്ഞ രീതിയിലുള്ള വളർച്ചവഴി കാർഷികരംഗത്തും തൊഴിൽരംഗത്തും ഈ ഗ്രാമത്തിൽ സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതോടൊപ്പം സാമ്പത്തികമേഖലയിൽ ഒരു കുതിച്ചുചാട്ടത്തിനും ഇതു സഹായകമാകും. ഗ്രാമങ്ങളുടെ സാമ്പത്തിക - സാമൂഹിക - സാംസ്കാരിക - വികസനത്തിന് നിർണ്ണായകപങ്ക് വഹിക്കുന്ന പ്രസ്ഥാനം എന്ന നിലയിൽ സഹ: സംഘങ്ങൾ ഇന്ന് പ്രത്യേക പരിഗണന അർഹിക്കുന്നു.

വിലത്തകർച്ചയുണ്ടാവുമ്പോൾ കഷകർ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങളുടെ വില നിലവാരം പിടിച്ചുനിർത്താൻ സഹ: സംഘങ്ങൾ ന്യായമായ വിലക്ക് സാധനങ്ങൾ വാങ്ങി സൂക്ഷിച്ച് അങ്ങനെ കർഷകനെ രക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇതിനെല്ലാം പുറമേ ജനങ്ങളുടെ സഹകരണത്തോടെയേ ഇതു വിജയിപ്പിക്കാൻ പറ്റൂ. ♦

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

കേരളത്തെ സംബന്ധിച്ചിടത്തോളം ജാതിഭേദത്തിന്റെ ആഴവും പരപ്പും ഭീകരവാഴ്ച നടത്തിയിരുന്ന ഒരു കാലഘട്ടമായിരുന്നു 19-ാം നൂറ്റാണ്ട്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടായ അഭൂതപൂർവ്വമായ ഉയിർത്തെഴുന്നേൽപ്പ് കേരളത്തിലെസാമൂഹ്യജീവിതത്തിൽ ഒട്ടേറെ ചലനങ്ങളുണ്ടാക്കി. സാമൂഹ്യ സാമ്പത്തിക രംഗത്ത് വളരെക്കാലം ചൂഷണത്തിന് വിധേയരായിരുന്ന ജനവിഭാഗങ്ങൾക്ക് കൂടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ സഹായകമായിട്ടുണ്ട്. അയിത്തോച്ചാടനത്തിനെതിരായ ഐതിഹാസിക സമരങ്ങളും വൈക്കം സത്യാഗ്രഹവും 1936-ലെ ക്ഷേത്രപ്രവേശനവിളംബരവും സാമൂഹ്യപുരോഗതിയിലേക്കുള്ള നീക്കത്തിന് വേഗതകൂട്ടിയ സംഭവങ്ങളാണ്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വത്തിൽ നിന്നും മോചനം നേടാനും പൊതുപരിപാടികളിൽ മോശമല്ലാത്ത പരിഗണന ലഭിക്കാനും ഇന്ന് കഴിയുന്നുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ ജനസംഖ്യ 246പുരുഷന്മാരും 262 സ്ത്രീകളും ഉൾപ്പെടെ 508 ആണ്. (1991 - ലെ സെൻസസ് പ്രകാരം) ഇത് മൊത്തം ജനസംഖ്യയുടെ 4.15 ശതമാനമാണ്. പട്ടികവർഗ്ഗത്തിൽ 34 പുരുഷന്മാരും 44 സ്ത്രീകളും അടക്കം 78 പേരാണുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2 കോളനികളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. അതിൽ ഒന്ന് 8-ാം വാർഡിലെ തോയിപ്രയിലും ഒന്ന് 5-ാം വാർഡിലെ കൊല്ലപ്പിള്ളി പാറയിലും ആണ്. തോയിപ്ര കോളനിയിൽ 40 വീടുകളും കൊല്ലപ്പിള്ളി പാറയിൽ 8 വീടുകളുമാണുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ ഉന്നമനത്തിനു വേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമായ അറിവില്ലായ്മയും ആ പദ്ധതികളുടെ നടത്തിപ്പിനേർപ്പെടുത്തിയിരിക്കുന്ന ശ്രയാസമേറിയ നിബന്ധനകളും മൂലം ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസകാര്യത്തിൽ പട്ടികജാതി - പട്ടികവർഗ്ഗവിഭാഗങ്ങൾക്കിടയിൽ നിരക്ഷരർ വളരെ കുറവാണ്. എന്നാൽ S.S.L.C.ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികൾക്കും സാധിക്കുന്നില്ല. സാമ്പത്തിക ബാദ്ധ്യതകളും കുടുംബത്തിന്റെ ചുമതലകൾ ഏറ്റെടുക്കേണ്ടിവരുന്നതും ആണ് ഇതിനു കാരണം. ഇക്കാരണങ്ങളാൽ തന്നെ പല കുട്ടികൾക്കും S.S.L.C.ക്കു മുമ്പും പഠനം നിറുത്തേണ്ടിവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ള - ബിരുദം, ബിരുദാനന്തരബിരുദം - ആളുകൾ ഈ പഞ്ചായത്തിൽ വിലരിലെണ്ണാവുന്നത്രയുമേ ഉള്ളൂ. വിദ്യാഭ്യാസ രംഗത്തുള്ള ഈ ചോർച്ച പരിഹരിക്കുന്നതിനുള്ള ബോധവൽക്കരണപരിപാടികളും മറ്റു പ്രചരണോപാധികളും സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗത്തിലുള്ള കുട്ടികളുടെ കണക്ക് താഴെ ചേർക്കുന്നു.

തൊഴിൽ:-

പട്ടികജാതിപട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ പണിയെടുത്ത് ഉപജീവനം കഴിച്ചിരുന്നവരാണ്. എന്നാൽ അടുത്ത കാലത്ത് കൂടുതൽ വേതനം ലഭിക്കുന്ന മറ്റുമേഖലകളിലേക്ക്. ഇവരിൽ അധികം പേരും മാറിപ്പോയിട്ടുണ്ട്. സീസണുകളിൽ മാത്രമാണ് തൊഴിൽ ലഭിക്കുക എന്നതും കാർഷികമേഖലയിൽ നിന്നും മറ്റു തൊഴിൽരംഗങ്ങളിലേക്ക് മാറുന്നതിന് ഒരു കാരണമാണ്.

പാർപ്പിടം:-

സ്വന്തമായി സ്ഥലമുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരിപക്ഷം ആളുകൾക്കും വീട് ഉണ്ടാക്കിക്കൊടുക്കാൻ (J.R.Y പദ്ധതി അനുസരിച്ച്) പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വീടുനിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പല വീടുകളും പൂർത്തിയാകാതിരിക്കുകയാണ്. വീടുവക്കാൻ സ്ഥലമില്ലാത്തവർക്ക് അതിനുള്ള സ്ഥലവും വീടുണ്ടാക്കുന്നതിനുള്ള ധനസഹായവും നല്കി

പട്ടിക

സ്കൂളിന്റെ പേര്	S.C./S.T. കുട്ടികളുടെ		തോറ്റു പഠിക്കുന്ന S.C./S.T. കുട്ടികൾ		X-ാം സ്റ്റാൻഡാർഡിൽ പഠിക്കുന്നവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
St. സെബാസ്റ്റ്യൻസ് H.S. പുറപ്പുഴ	6	8	1	1		
St. ആന്റണീസ് H.S. കുന്നിത്തി	13	7	6	1		
ടെക്നിക്കൽ H.S. പുറപ്പുഴ	9	1	1	1	1	-
ഗവ. L.P.S. കുണിഞ്ഞി	5	6	—	—		
ഗവ. L.P.S. പുറപ്പുഴ	4	5	—	—		
St. ആന്റണീസ് L.P.S. വഴിത്തല	2	8	—	2		
Total	39	35	8	5	1	-

(സ്കൂൾ റിക്കാർഡുകൾ പ്രകാരം)

യാൽ പട്ടികജാതി പട്ടികവർഗ്ഗത്തെ സംബന്ധിച്ച് ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല.
2. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. S.S.L.C. വരെ എത്തുന്നവർ കുറവ്.
3. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.
4. കാർഷികേതരമേഖലകളിലുള്ള തൊഴിൽ പങ്കാളിത്തം കുറഞ്ഞുവരുന്നു.
5. കുറെപേർക്കെങ്കിലും വീടുവക്കുന്നതിന് സ്വന്തമായി സ്ഥലമില്ല.
6. വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം കുറവ്.
7. നിലവിലുള്ള പല വീടുകളോടനുബന്ധിച്ചും കക്കൂസ് ഇല്ല.
8. ചില വീടുകളിലെങ്കിലും വൈദ്യുതി ഇല്ല.
9. ഹരിജനക്ഷേമവകുപ്പും പട്ടികജാതി കോർപ്പറേഷനും നല്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.
10. തൊഴിൽ സംരംഭകർക്ക് ആവശ്യത്തിനുള്ള ധനസഹായവും വായ്പാ സൗകര്യങ്ങളും ലഭിക്കുന്നില്ല.
11. കൊല്ലപ്പിള്ളിപാറയിലുള്ള ഹരിജൻ കോളനിയിലേക്ക് റോഡുസൗകര്യം അപര്യാപ്തമാണ്.
12. തോയിപ്ര ഹരിജൻ കോളനിയിലേക്ക് റോഡു സൗകര്യം മോശമാണ്.
13. കോളനികളിൽ വെള്ളം എത്തിച്ചുകൊടുക്കണം.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
2. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നല്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
3. ഹരിജനക്ഷേമവകുപ്പും പട്ടികജാതി കോർപ്പറേഷനും നല്കുന്ന ക്ഷേമപദ്ധതികളെകുറിച്ച് ബോധവൽക്കരണം നടത്തുക.
4. വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.
5. പാരമ്പര്യ തൊഴിലുകൾക്ക് പ്രോത്സാഹനം നല്കുക.
6. പാരമ്പര്യകലാരൂപങ്ങൾക്ക് പ്രോത്സാഹനം

നല്കുക. (കാളകളി, മുടിയാട്ടപാട്ട്, തുടികൊട്ടുപാട്ട്)

7. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുക.
8. ഭൂമിയില്ലാത്തവർക്ക് ഭൂമിയും പാർപ്പിടവും നല്കുക.
9. വീടില്ലാത്ത എല്ലാവർക്കും വീടുവച്ചുകൊടുക്കുക.
10. കക്കൂസില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
11. വിദ്യാഭ്യാസപുരോഗതി കൈവരിക്കത്തക്കവിധം ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
12. വീടുവക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.
13. വൈദ്യുതി എത്താത്ത പട്ടികജാതി പട്ടികവർഗ്ഗ വീടുകൾ വൈദ്യുതീകരിക്കുക.
14. S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിൽ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.
15. പട്ടികജാതി സർവ്വീസ് സഹകരണസംഘങ്ങൾ തുടങ്ങുക.
16. സ്ത്രീകളുടെ തൊഴിൽസാദ്ധ്യത മെച്ചപ്പെടുത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ പായ് നെയ്ത്ത്, റെഡിമെയ്ഡ് നിർമ്മാണം തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
17. കൊല്ലപ്പിള്ളിപാറ, തോയിപ്ര കോളനികളിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണം നടത്തുക.
18. കൊടികുത്തിയുടെ സമീപത്ത് ഒരു കമ്മ്യൂണിറ്റിഹാൾ പണിത് ആ പ്രദേശത്തുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ആളുകൾക്ക് ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
19. മലവേടർ സമുദായത്തിൽപെട്ട 10-ൽ കൂടുതൽ വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ഗിരിവർഗ്ഗവിഭാഗത്തിൽപെട്ട ഇവർ സാമൂഹ്യമായി ഏറെ പിന്നിലാണ്. ഇവരെ അടിയന്തിരമായി ഗിരിവർഗ്ഗവിഭാഗമായി പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ജനങ്ങളുടെ Ward തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

Ward	പട്ടികജാതി		പട്ടികവർഗ്ഗം		ആകെ
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	
I	15	15	4	3	37
II	26	29	12	16	83
III	6	8	—	—	14
IV	45	38	1	4	88
V	31	36	—	—	67
VI	46	43	2	3	94
VII	2	1	—	—	3
VIII	41	48	15	18	122
Total	212	218	34	44	508

പഞ്ചായത്ത് പ്രൈമറി സെൻസസ് റിപ്പോർട്ട്

വിഭവസമാഹരണം

ഗ്രാമവികസനത്തെ പലപ്പോഴും പ്രത്യക്ഷസുഖസൗകര്യങ്ങൾ നൽകുന്ന റോഡുകൾ, കെട്ടിടങ്ങൾ, ജലസേചനപദ്ധതികൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തിയാണ് നാം പരിശോധിക്കാറ്. എന്നാൽ ഇന്ന് ഭൂമി, ജലം, മനുഷ്യശേഷി തുടങ്ങിയ വിഭവങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വികസനം അത്യാവശ്യമായിരിക്കുന്നു. സൗരോർജ്ജവും സസ്യങ്ങളുടെ പോഷകഗുണങ്ങളും ഭൂമിയുടെ ഈർപ്പവും മനുഷ്യന്റെയും മൃഗങ്ങളുടെയും യന്ത്രങ്ങളുടെയും ശക്തിയും വിഭവങ്ങളുടെ ക്ഷമത വ്യക്തമാക്കുന്നു. എന്നാൽ ഭൂപ്രകൃതി അനുഗ്രഹിച്ചിട്ടും, വിഭവങ്ങളാൽ സമ്പന്നരായിരുന്നിട്ടും ഭൂമിയിൽനിന്ന് കർഷകന് മികച്ച വരുമാനമുണ്ടാക്കാനാവുന്നില്ല . നമ്മുടെ കാർഷിക വിളയുടെ ഉത്പാദനക്ഷമത വളരെ താഴെയാണ്. കഴിഞ്ഞ4 ദശാബ്ദക്കാലമായി ഭൂമിയിലെ നിക്ഷേപവും വികസനപരിപാടികളും മാത്രമല്ല കാർഷികവിളകളുടെ ഉത്പാദനവും വർദ്ധിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ചില വിളകളുടെ ഉത്പാദനക്ഷമത വളരെ കുറഞ്ഞുവരികയുമാണ്.

ഉൽപാദനക്ഷമത - സാദ്ധ്യതകൾ

കാർഷികവിളകളുടെ ഉത്പാദനം രണ്ടും മൂന്നും ഇരട്ടിയാക്കാമെന്നും മനുഷ്യപ്രയത്നശേഷി ഇരട്ടിയുണ്ടാക്കാമെന്നും ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. പുതിയവിത്തുകളുടെ പ്രയോഗവും ശാസ്ത്രീയമായ വളപ്രയോഗവും വഴി നെൽകൃഷിയിൽനിന്നുള്ള ഉത്പാദനവും വരുമാനവും വർദ്ധിപ്പിക്കാം. ഭൂമിക്കനുയോജ്യമായ വിളകൾ ഉത്പാദിപ്പിക്കുക, തട്ടുതട്ടായി കൃഷിചെയ്യുക എന്നതിലൂടെയും കന്നുകാലിവളർത്തൽ, മത്സ്യകൃഷി, അന്നിവയിലൂടെയും, മാറ്റങ്ങൾ സൃഷ്ടിക്കാനാവും. സാങ്കേതികസൗകര്യങ്ങൾ ചൂഷണം ചെയ്യുന്നതിൽ നമുക്കുള്ള അജ്ഞതയാണ് പലകാർഷികവിളകളുടെയും കുറഞ്ഞ ഉത്പാദനക്ഷമതക്കു കാരണം. നമ്മുടെ ഗ്രാമം നേരിടുന്ന മറ്റൊരു പ്രധാനപ്രശ്നം വ്യവസായത്തകർച്ചയാണ്. വായ്പാസൗകര്യവും, വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കി പുതിയ പുതിയ വ്യവസായങ്ങൾ ഈ ഗ്രാമത്തിൽ കൊണ്ടുവന്നെങ്കിലേ ഈ രംഗത്ത് പുതിയ വിഭവസമാഹരണം സാദ്ധ്യമാവൂ.

പുറപ്പുഴ പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗം നികുതിയിനങ്ങളിൽ നിന്നുകിട്ടുന്ന തുക, പദ്ധതിവിഹിതം, JRY, EAS തുടങ്ങിയ ഫണ്ടുകൾ ഇവയാണ്. വികസനപ്രവർത്തനങ്ങൾ മുകളിൽ പറഞ്ഞ ഫണ്ടുകളുപയോഗിച്ചും സന്നദ്ധസംഘടനകളുടെ ശ്രമദാനമായും നടത്തുന്നുണ്ട്. നമ്മുടെ ഗ്രാമത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതലായുള്ള വിഭവം മനുഷ്യാധ്വാനമാണ്. യുവജനങ്ങൾ, സന്നദ്ധസംഘടനകൾ ഇവയുടെകായികശേഷി പരമാവധി പ്രയോജനപ്പെടുത്തുക. പഞ്ചായത്തിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ആൾക്കാരുടെ സേവനം ഉറപ്പുവരുത്തുക.വികസനരംഗത്ത് സഹകരണസ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപങ്ങൾ ഈ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക. തുടങ്ങിയവ ചെയ്താൽ വിഭവസമാഹരണത്തിന് ഒരു പരിധിവരെ സഹായകമാവും.

ഗ്രാമത്തിന്റെ മുഴുവൻ ആവശ്യങ്ങളും നിർവ്വഹിക്കാൻ പഞ്ചായത്തിനു കഴിഞ്ഞുവെന്നു വരില്ല പണത്തിന്റെ അപര്യാപ്തത തന്നെയാണ് അവയ്ക്കു കാരണം. അതിനു ജനങ്ങൾ ഉണർന്നേ മതിയാവൂ. പൂട്ടിക്കിടക്കുന്ന ഗ്രാമത്തിലുള്ള വ്യവസായശാലകൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടിയെടുക്കണം. അങ്ങനെയായാൽ തൊഴിൽക്കരമായും മറ്റും നല്ല തുക പഞ്ചായത്തിനു ലഭിക്കും. അതുപോലെതന്നെ നമ്മുടെ ഗ്രാമത്തിലെ ഒരു പ്രധാനവിഭവമായ നെല്ലിന്റെ ഉത്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തി കെട്ടിടം പണിയുന്നത് ഒരു തുടർക്കഥയായി മാറിക്കൊണ്ടിരിക്കുന്നു. അവയ്ക്കുകാരണം തൊഴിലാളികളുടെ ലഭ്യതക്കുറവും കുറഞ്ഞ ഉത്പാദനക്ഷമതയുമാണ്. അവയ്ക്ക് ഒരു ശാശ്വതപരിഹാരം കണ്ടെത്തിയേ മതിയാവൂ. അല്ലങ്കിൽ നമ്മുടെ ഉത്പാദനരംഗം തകർച്ചയിലേക്കു നീങ്ങാൻ അധികം കാലം വേണ്ടിവരില്ല.

നമ്മുടെ പഞ്ചായത്തിൽ 120 ഓളം വിദേശ ഇൻഡ്യാക്കാരുണ്ട് അവരുടെ പണം ഗ്രാമത്തിലുള്ള ബാങ്കുകളിൽ നിക്ഷേപിക്കുകയാണെങ്കിൽ, ആ പണം

ഇവിടെത്തന്നെ ചിലവഴിക്കാൻ പറ്റുമെങ്കിൽ വിഭവ സമാഹരണത്തിന് ഒരു സഹായമാവും. വികസനപ്രവർത്തനങ്ങളിൽ ജനങ്ങളെകൂടുതൽ ബോധവാന്മാരാക്കിയെങ്കിലേ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കാൻ പറ്റൂ. ഈ ഗ്രാമത്തിൽ മാനുഷികശേഷി പ്രധാനമായും റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, കിണർകുഴിക്കാൻ, പാർപ്പിട നിർമ്മാണം, സാക്ഷരതപോലുള്ള രംഗങ്ങളിൽ തുടങ്ങിയ കാര്യങ്ങളിൽ ഉപയോഗിക്കാം. പഞ്ചായത്തിലെ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ കണ്ടുപിടിച്ച് അവരെ ഉപയോഗപ്പെടുത്തുവാൻ സാധിച്ചാൽ അതൊരു നേട്ടമാവും. അങ്ങനെ സമാഹരിക്കുന്ന പണം മറ്റു നല്ല കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ പറ്റും.

വിഭവസമാഹരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ബോധവൽക്കരണ സെമിനാറുകൾ നടത്താവുന്നതാണ്. വിഭവസമാഹരണത്തിനു സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. വിവിധ പദ്ധതികളുടെ ക്രമക്കേടുകൾ ഒഴിവാക്കി വിഭവങ്ങളെ വേണ്ടവിധത്തിൽ വിനിയോഗിക്കുക.
2. കോൺട്രാക്ട് വർക്ക് ഒഴിവാക്കി ഗുണഭോക്താവുതന്നെ നോമിനിയായി വരിക.
3. സ്ത്രീകളുടെ കർമ്മശേഷി വർദ്ധിപ്പിക്കാൻ ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
4. കെട്ടിടനികുതി പിരിവ് കെട്ടിടത്തിന്റെ ശരിയായ മൂല്യ നിർണ്ണയം നടത്തിയശേഷം നടപ്പിലാക്കുക.
5. പ്രകൃതിവിഭവങ്ങൾ പ്രകൃതിയുടെ സന്തുലിനാവസ്ഥക്ക് കോട്ടം തട്ടാതെ ഉപയോഗിയ്ക്കാൻ ശ്രമിയ്ക്കണം.
6. വൈദ്യുതിയുടെ ലഭ്യത കുറഞ്ഞ ഈ കാലഘട്ടത്തിൽ സൗരോർജ്ജം വൻതോതിൽ ഉപയോഗിക്കുക.
7. സെൻസസ് സർവ്വേ തുടങ്ങിയ കാര്യങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിക്കാതെ ഗ്രാമത്തിലെ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരായ യുവതീയുവാക്കന്മാരെ ഏൽപ്പിക്കുക.
8. ഗ്രാമത്തിലെ വികസനപ്രവർത്തനത്തിൽ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഉറപ്പു വരുത്തുക.

തുടങ്ങിയ കാര്യങ്ങൾ നടപ്പിലായാൽ നമ്മുടെ ഗ്രാമത്തിലെ വികസനപ്രവർത്തനങ്ങളിൽ ധാരാളം വിഭവങ്ങൾ സമാഹരിക്കുവാൻ സാധിക്കും.

വികസനമെന്നാൽ റോഡും, പാലവും, കലുങ്കും മാത്രമാണന്നു ധരിച്ചിരിക്കുന്ന ജനം വികസനപ്രവർത്തനത്തിൽ പങ്കാളികളാകാൻ മടികാണിക്കുന്നു എന്നതാണം യാഥാർത്ഥ്യം. നമ്മുടെ ഗ്രാമത്തിനെ സംബന്ധിച്ചിടത്തോളം മനുഷ്യശേഷി മിച്ചവും ഭൂമി പരിമിതവും എന്ന അവസ്ഥയാണ് ഉള്ളത് അതിനാൽ കൂടുതൽ ഉത്പാദനവും തൊഴിലും ലഭ്യമാകത്തക്കവിധം സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുക എന്നതാണം പ്രധാനം. ആയതിന് രണ്ടു സാദ്ധ്യതകൾ താഴെപ്പറയുന്നു.

1. ഭൂമി തരിശിടുന്ന ഇടവേളകൾ ഒഴിവാക്കി കൂടുതൽ ഫലപ്രദമായി കൃഷിയിറക്കുക.
2. കൃഷിയിടങ്ങളിൽ ഇടവിളകൾ വഴിയുള്ള ഉത്പാദനം വർദ്ധിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിനെ ഒരു ദരിദ്ര പഞ്ചായത്ത് എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. നികുതിയിനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമേ നമുക്കിന്ന് ഉള്ളൂ എന്നത് ഒരുവസ്തുതയാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെങ്കിൽ ജനങ്ങൾ സഹകരിച്ചേമതിയാവൂ. വികസനം ഒരു യാഥാർത്ഥ്യമാകണമെങ്കിൽ പണം ആവശ്യമാണ് ആ പണം എങ്ങനെ കണ്ടെത്തും എന്നുള്ളത് ഇന്ന് പരക്കെ ചർച്ചാവിഷയമായ സംഗതിയാണ്. ചില മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 കാർഷികോത്പാദനം വർദ്ധിപ്പിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഗ്രാമചന്തകൾ ആരംഭിക്കാം.
2. പഞ്ചായത്ത് അതിർത്തിയിലൂള്ള വാഹനുടമകളിൽ നിന്ന് ടാക്സ് പിരിക്കാൻ പഞ്ചായത്തിന് അധികാരം കൊടുക്കുക.
3. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ജനങ്ങളെ പ്രേരിപ്പിക്കുക. അങ്ങനെയായാൽ ടാക്സ് തൊഴിൽകരം ഇനത്തിൽ പഞ്ചായത്തിന് ഒരു

തുക സമാഹരിക്കാൻ പറ്റും. കൂടാതെ ധാരാളം പേർക്ക് തൊഴിലും ലഭ്യമാകും.

4. കെട്ടിട നികുതി

സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കി വേണം നികുതി ചുമത്താൻ. നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുക. വാടകകെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

5. തൊഴിൽ നികുതി

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, പ്രൈവറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന എല്ലാവർക്കും തൊഴിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക. തൊഴിലാളികളെ മുഴുവനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ്സ്കീമിൽ കൊണ്ടുവരികയും അങ്ങനെയുള്ളവരിൽ നിന്നും നിർബന്ധമായും നികുതി ഈടാക്കുകയും ചെയ്യുക. നിർമ്മാണ തൊഴിലാളികൾ, കച്ചവടക്കാർ, മറ്റു തൊഴിലാളികൾ എന്നിവർക്ക് നികുതി ഏർപ്പെടുത്തുക. മുഴുവൻ കച്ചവടക്കാർക്കും ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കുക.

6. വിനോദ നികുതി

പഞ്ചായത്തിൽ ഒരു മിനി തീയേറ്റർ സ്ഥാപിച്ചാൽ വിനോദനികുതിയിനത്തിൽ ഒരു തുക ലഭിക്കും. കുണിഞ്ഞി മേഖലയിൽ ഇതു സ്ഥാപിക്കാവുന്നതാണ്.

7. മറ്റു ധനാഗമമാർഗ്ഗങ്ങൾ

എല്ലാ കശാപ്പ് ശാലകൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും ശാസ്ത്രീയമായ രീതിയിൽ കശാപ്പ് നടത്തി മാംസം വിൽക്കാൻ പ്രചോദനം കൊടുക്കുകയും ചെയ്താൽ വിഭവസമാഹരണത്തിനു സഹായകമാകും. വാഹന വസ്തുക്രയവിക്രയത്തിൽ പഞ്ചായത്തിനു കിട്ടേണ്ട വിഹിതം കൃത്യമായി കിട്ടാനുള്ള നടപടിയുണ്ടാക്കുക. തോടിന്റെ സംരക്ഷണ ഭിത്തിക്ക് കോട്ടം തട്ടാതെ പ്രാദേശികാടിസ്ഥാനത്തിൽ മണൽലേലം ചെയ്തുകൊടുക്കുക.

പുറപ്പുഴ പഞ്ചായത്തിന്റെ അതിർത്തിയായ വഴിത്തല ടൗണും പരിസരങ്ങളും പുറപ്പുഴ പഞ്ചായത്തിനോട് കൂട്ടിചേർക്കേണ്ടത് ഈ പഞ്ചായത്തിന്റെ വികസനത്തിന് വളരെ അത്യാവശ്യമാണ്. മണക്കാട്

വരുമാനത്തിലെ വ്യതിയാനം പട്ടിക - 1

ഇനം	1991-92	95-96	വ്യത്യാസം	%
കെട്ടിട നികുതി	82606.05	134898.00	52291.95	63.3%
തനതു വരുമാനം	81895.25	81204.70	-690.55	-0.84%
വിനോദനികുതി	—	—	—	—
തൊഴിൽ നികുതി	48486.00	80618.00	32132	66.2%
ഉപധിരഹിതഫണ്ട്	184800.00	248530.00	6,3730	34.48%
JRY	118948.70	284294.00	165345.30	139%
Grant സംഭാവനകൾ	179844.00	382253.00	202409	112.5%
ആകെ വരവ്	696580.00	121197.70	515217.70	60.57%
ചെലവ് എസ്റ്റാബ്ലിഷ്മെന്റ്	196366.00	273975.00	77609	39.52%

(പഞ്ചായത്ത് കണക്കുപ്രകാരം)

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്ട്രീറ്റ് ലൈറ്റുകളുടെയും മറ്റും ചിലവുകളും, പുറപ്പുഴ പഞ്ചായത്താണം വഹിച്ചുപോരുന്നത്.

8. പ്രാദേശിക ബാങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ 2 Service Co-operative Bank ഉം. ഒരു Dl. Co-operative Bank ഉം SBI, Federal Bank കളും പ്രവർത്തിക്കുന്നുണ്ട്. ബാങ്കുകളിൽ നിന്നും പഞ്ചായത്ത് ഗ്രാമസഭകൾ അംഗീകരിക്കുന്നവർക്കുകൾക്ക് കടമെടുക്കാൻ.. പഞ്ചായത്ത് ശ്രമിക്കണം. വായ്പകൊടുക്കാൻ ബാങ്കുകൾ തയ്യാറാവുകയും വേണം.

പഞ്ചായത്തിന്റെ വെറുതെ കിടക്കുന്ന സ്ഥലങ്ങൾ കൃഷി ആവശ്യത്തിന് പാട്ടത്തിനു കൊടുക്കാം. അങ്ങനെയും കുറെ പണം പഞ്ചായത്തിന് ലഭിക്കും.

9. ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അരു പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിന് അധികാരം കൊടുക്കണം. ഇപ്പോഴുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതോടൊപ്പം ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടത് അത്യാവശ്യമാണ്. വയൽ നികത്തിയുണ്ടാക്കിയിരിക്കുന്ന കെട്ടിടങ്ങൾക്ക് പരമാവധി നികുതി ഈടാക്കുകയും വേണം.

10. ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന്റെ വെറുതെ കിടക്കുന്ന സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിതാൽ അതിൽ നിന്ന് വാടകയിനത്തിൽ നല്ലൊരു തുക ലഭിക്കും.

11. ടൂറിസം

നമ്മുടെ പഞ്ചായത്തിലെ ടൂറിസത്തിന് സാദ്ധ്യതയുള്ള പ്രദേശമാണ് കൊടികുത്തിപ്രദേശം. ഈ പ്രദേശം വികസിപ്പിച്ചെടുത്താൽ ടൂറിസത്തിന് വൻ സാദ്ധ്യതയും പഞ്ചായത്തിന് ഒരു നല്ല വരുമാനവും ലഭിക്കും. കൂടാതെ ധാരാളം തൊഴിൽ സാദ്ധ്യതകളും ലഭ്യമാകും.

12. മനുഷ്യാധ്വാനം

പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവം തന്നെ. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടിലും ഇതിനെപ്പറ്റി സൂചനയുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ മഴക്കാലത്തിനുമുൻപ് അതതു റോഡിന്റെ ഗുണഭോക്താക്കൾക്കു ചെയ്യാവുന്നതേയുള്ളു. പഞ്ചായത്തിന്റെ സഹായവും തേടാം. എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള ഗ്രാമമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജനസംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും. നമ്മുടെ നാടിന്റെ വികസനം ഒരു യാഥാർത്ഥ്യമാകണമെങ്കിൽ നാമുണർന്നു പ്രവർത്തിച്ചേ മതിയാവൂ.

പഞ്ചായത്തിന്റെ ചെലവുകൾ

1995 - 96

നടത്തിപ്പ്	360 387.00
പൊതുമാരമത്ത്	1674.00
വിദ്യാഭ്യാസം	12013.00
ജലവിതരണവും ഡ്രെയിനേജും	250.00
പൊതുജനാരോഗ്യം	5278.00
വിളക്കുവയ്ക്കൽ	23964.00
സാമൂഹ്യക്ഷേമം	3573.00

മൂലധനക്കണക്ക്

നടത്തിപ്പ്	10,000.00
പൊതുമരാമത്ത്	228259.30
ജലവിതരണവും ഡ്രെയിനേജ്,	24447.00
കടം സംബന്ധിച്ച ഇനങ്ങൾ	3156.00
Total	673001.30

മുകളിൽ സൂചിപ്പിച്ചത് വിഭവസമാഹരണത്തെക്കുറിച്ചാണ്. വിഭവങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള അവസരങ്ങളും സാദ്ധ്യതകളും ഇന്നു വളരെയേറെയുണ്ട്. അവ നമ്മൾ പ്രയോജനപ്പെടുത്തുന്നില്ലന്നു മാത്രം ഇന്നത്തേതിൽ നിന്നും തികച്ചും വിഭിന്നമായ സമീപനമാണ് നമുക്കിനി ആവശ്യം. ഉത്പാദനവും വരുമാനവും വർദ്ധിപ്പിക്കാനുള്ള തീവ്രയത്നങ്ങൾ നാം തുടങ്ങിയേ മതിയാവൂ. പരിമിതമായ സ്ഥലത്തുനിന്ന് കൂടുതൽ ഉത്പാദനം സാദ്ധ്യമാവാൻ വിഭവ ഉപയോഗത്തിൽ വ്യത്യസ്ഥമായ സമീപനം നമുക്കിന്നാവശ്യമാണ് അതിന് നാടുണരണം. ജനങ്ങളുണരണം അങ്ങനെ നമ്മുടെ ഈ കൊച്ചു ഗ്രാമത്തിന് വിഭവുത്പാദനക്ഷമത കൈവരട്ടെ. ✻

6

ഉപസംഹാരം

സ്വാതന്ത്ര്യലബ്ധിമുതൽ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുവേണ്ടി നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ഇതിന്റെ ഫലമായി വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട് വികസനം എന്നാൽ റോഡുകളും പാലങ്ങളും കുടിവെള്ളവുമാണെന്ന ഒരു ചിന്താഗതി നമ്മിലുണ്ടായിട്ടുണ്ട്. ഉത്പാദനോന്മുഖമായ വികസനം കാർഷിക വ്യവസായമേഖലകളുടെ വളർച്ചയിലൂടെ സേവനമേഖലകളെ പുഷ്ടിപ്പെടുത്തുന്ന ഒരു വികസന തന്ത്രം നാം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞകാലത്ത് വികസനപദ്ധതികളുടെ ആസൂത്രണത്തിലുണ്ടായ ഒരു പ്രധാന കുറവ് കേന്ദ്രീകരണം പ്രാദേശികമായ വികസനത്തിനു ജനകീയാവശ്യങ്ങൾക്കനുസൃതമായുള്ള പദ്ധതികളുടെ രൂപീകരണത്തിനു തടസ്സമായി. മുകളിൽ വികസനപദ്ധതികൾ താഴെത്തട്ടിൽ നിന്നു കൊണ്ടുവരിക്കപ്പെട്ടു.

അതിന്റെ ഫലമായി നമ്മുടെ നാട് നേരിടുന്ന യഥാർത്ഥ സാമൂഹ്യ സാമ്പത്തിക പ്രതിസന്ധിയിൽ കുടുങ്ങിക്കിടക്കുന്നു. കാർഷികവ്യവസായ മേഖലകളിൽ മുരടിപ്പ് അനുഭവപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. വൈദ്യുതിക്ഷാമം നിലവിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനത്തെപ്പോലും അവതാളത്തിലാക്കുന്നു. സേവന മേഖലകളുടെ പ്രവർത്തനം ദുർബലപ്പെടുത്തിയിരിക്കുന്നു.

ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗവും ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി ആസൂത്രണവും നടപ്പിലാക്കലുമാണ്. ഇതനുസരിച്ച് ഗ്രാമതലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകണം. ബ്ലോക്ക്, ജില്ലാ സംസ്ഥാനതലങ്ങളിൽ നടപ്പാക്കേണ്ടവ അതതുതലങ്ങളിൽ ആസൂത്രണം ചെയ്യേണ്ടതാണ്. ഇങ്ങനെ പലതട്ടുകളിൽ ആസൂത്രണം നടത്തുകയും അവ ഏകോപിപ്പിച്ച് സംസ്ഥാനപദ്ധതിക്ക് രൂപം നൽകുകയും ചെയ്യണം.

9-ാം പഞ്ചവത്സരപദ്ധതിക്ക് കേരളത്തിന് കിട്ടുന്ന ആകെ തുകയുടെ 40% പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന തുക കഴിഞ്ഞകാലത്തെ സാമ്പത്തിക നിലയേക്കാൾ വളരെ വലിയ തുകയാണ്. ഇതിനോടൊപ്പം ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വരിക്കുന്ന തുകയും കൂടി കണക്കിലെടുത്താൽ വികസനരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് കാരണമാകും.

ഇതുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ "സമഗ്രവികസനരേഖ" ചർച്ചകളിലൂടെ സമ്പുഷ്ടമാക്കി നടപ്പാക്കാനുള്ള ബാധ്യത നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു കക്ഷിരാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി ഗ്രാമസഭകളുടെയും അയൽക്കൂട്ടങ്ങളുടെയും സംഘാടനശക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഗ്രാമവികസനത്തിന് മുന്നേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.

ഈ പ്രതീക്ഷയോടുകൂടി വിശദമായ ചർച്ചക്കും വിശകലനത്തിനും പരിഷ്കരണത്തിനുമായി വികസനസെമിനാറിനു മുമ്പാകെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സമർപ്പിക്കുന്നു.

"ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരെ നമുക്കൊന്നുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരു
കാലമിതാ നമ്മളുടെ മുമ്പിലെത്തി
ഇവിടെ നമ്മളുണരുക
ഇവിടെ നമ്മളുയരുക
ഇവിടെയെന്തുവേണമെന്നു
നമ്മൾ നിശ്ചയിക്കുക"

❖

പഞ്ചായത്ത് പ്രവർത്തന രേഖ

1995 സെപ്റ്റംബർമാസം 29-ാം തീയതിയാണ് പുറപ്പുഴ ഗ്രാമപഞ്ചായത്ത് സമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തത്. 1995 ഒക്ടോബർ 2-ാം തീയതി തൊടുപുഴയിൽ നടന്ന നിറപ്പകിട്ടാർന്ന ചടങ്ങിൽവച്ച് അന്നത്തെ ജലസേചനവകുപ്പുമന്ത്രി T.M. ജേക്കബ്ബ് അധികാര കൈമാറ്റ പ്രഖ്യാപനം നടത്തി. മുഴുവൻ ജില്ലകളിലും അത്തരത്തിലുള്ള അധികാര കൈമാറ്റ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നെങ്കിലും ജനങ്ങളുടെ പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് അധികാരവും വിഭവങ്ങളും പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം ഇന്നും അവശേഷിക്കുന്നു. എങ്കിൽ പോലും പുറപ്പുഴ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് വളരെയധികം വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും, പൂർത്തിയാക്കാനും പുതിയ പദ്ധതികൾക്ക് അനുമതി നേടിയെടുക്കാനും കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ട്.

പുറപ്പുഴ ഗ്രാമപഞ്ചായത്ത് വരുമാനം വളരെ കുറഞ്ഞ ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്താണ്. പഞ്ചായത്തിന്റെ പ്രധാനവരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നുള്ളതാണ്. ഈ ഇനത്തിൽ നിന്നുമായി പഞ്ചായത്തിന് കിട്ടുന്ന ആകെ വരുമാനം 2,16,081 /- രൂപയാണ്. പഞ്ചായത്തിൽ പ്രധാനമായും വകിസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് അൺടൈഡ് ഫണ്ട് ജെ.ആർ. വൈ, സർക്കാരിൽ നിന്നും ലഭിക്കുന്ന മറ്റ് ഗ്രാന്റുകൾ എന്നിവ വിനിയോഗിച്ചു കൊണ്ടാണ്. അതുപോലെ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന്റെ വികസനത്തിനായി ഫണ്ടുകൾ അനുവദിച്ചു കിട്ടുന്നതിന് പഞ്ചായത്തുകമ്മിറ്റി കാര്യക്ഷമമായി ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക പഞ്ചായത്താണല്ലോ. കൃഷിയുടെ അഭിവൃദ്ധിയിൽകൂടി മാത്രമേ പഞ്ചായത്തിന്റെ അടിസ്ഥാനപരമായ വികസനം യാഥാർത്ഥ്യമാകൂ എന്ന വസ്തുത നാം മറക്കരുത്. കാർഷിക രംഗത്തെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ജില്ലകൾ തോറും ഓരോ പഞ്ചായത്തിൽ 'പഞ്ചകപദ്ധതി' നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇടുക്കിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് നമ്മുടെ പഞ്ചായത്താണ്. വരുന്ന 4 വർഷങ്ങൾക്കുള്ളിൽ 20 ലക്ഷം രൂപ ഈ പദ്ധതിയിൻ കീഴിൽ നമ്മുടെ പഞ്ചായത്തിൽ ചെലവഴിക്കുന്നുണ്ട്. പച്ചക്കറി, പാൽ, മത്സ്യം, മാസം, മുട്ട എന്നിങ്ങനെ അഞ്ചു കാര്യങ്ങളിൽ പഞ്ചായത്തിനെ സ്വയം പര്യാപ്തമാക്കാനുള്ള ശ്രമമാണ് അതുവഴി നടത്തുന്നത്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനു വേണ്ടി അഞ്ചുലക്ഷം രൂപാ ഈ വർഷം തന്നെ ചെലവഴിക്കുന്നതാണ്.

പഞ്ചായത്തിന്റെ 8-ാം വാർഡിലാണ് ഇപ്പോൾ നീർമറി പദ്ധതി നടപ്പിലാക്കുന്നത്. ഇത് പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലേയ്ക്കും അടുത്ത വർഷംമുതൽവ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വാർട്ടർ ഷെഡ് പദ്ധതി മുഴുവൽ വാർഡുകളിലേയ്ക്കും വ്യാപിക്കുന്നതോടുകൂടി ഒരു കോടിയിലധികം രൂപാ ഓരോ വർഷത്തിലും ഈ പഞ്ചായത്തിൽ ചെലവഴിക്കുന്നതിന് സാധിക്കും. ഇതോടുകൂടി നമ്മുടെ കാർഷിക രംഗത്തെ മുഖചരായ തന്നെ മാറ്റിയെടുക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതോടൊപ്പം ചെറുകിട കർഷകർക്കായി ജലസേചനത്തിനുവേണ്ടി കിണറുകൾ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സഹായം പഞ്ചായത്തിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടറുകൾ വാങ്ങിക്കുന്നതിന് 50% സബ്സിഡി പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന് സാധിക്കും. അതുപ്രകാരം മൂന്നാം വാർഡിലെ ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് ട്രാക്ടർ വാങ്ങുന്നതിന് 101591 രൂപാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട് കാർഷികരംഗത്തുള്ള എല്ലാ പദ്ധതിക

ളും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് പഞ്ചായത്തു കമ്മിറ്റി ശ്രമിച്ചുവരുന്നത്.

ഒരു ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് 246.555/- ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളും അൺടൈഡ് ഫണ്ട് ഉപയോഗിച്ച് 322654 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളുമാണ് ഇവിടെ നടത്തിയിട്ടുള്ളത്. അൺടൈഡ് ഫണ്ടുപയോഗിച്ച് നടപ്പു സാമ്പത്തികവർഷം 8.17 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തുകമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 213000 രൂപ ഉപയോഗിച്ച് കോളനി നിവാസികളായിട്ടുള്ളവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള വാർഷിക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരു ജെ.ആർ.വൈ. സ്കീമിൽ 373030/- ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇ.എ.എസ്. സ്കീമിൽപ്പെടുത്തി ഏകദേശം 40 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പു മുഖാന്തിരമായിരിക്കും പ്രസ്തുത തുക ചെലവഴിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് കുടിവെള്ളത്തിന്റേതാണ്. ഇതിനുള്ള ശാശ്വതപരിഹാരമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുറപ്പുഴ വാട്ടർ സപ്ലൈ സ്കീം V - ാം വാർഡിലെ കൊല്ലപ്പള്ളിപാറ ഭാഗത്ത് ഇതിനുവേണ്ടി ഒരു ടാങ്കുകൂടി പണിയേണ്ടതുണ്ട്. അതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. ഈ പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനുവെണ്ടി ഇപഞ്ചായത്തു കമ്മിറ്റി നിരന്തരം വാട്ടർ അതോറിറ്റിയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ബുദ്ധിമുട്ടുകൾ അറിയാവുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ, പൊതുമരാമത്തുവകുപ്പു മന്ത്രി ശ്രീ. P.J. ജോസഫ് ഈ വിഷയത്തിലെടുത്തിട്ടുള്ള താല്പര്യം ശുഭോദർക്കമാണ്. പദ്ധതി നിശ്ചിതിത തീയതിക്കകം പൂർത്തിയാകുമെന്ന് നമുക്ക് വിശ്വസിക്കാം.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ചുണ്ടക്കാട്, കണ്ണാടികണ്ടം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ കുഴിപ്പിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വർഷങ്ങളായി അനാഥമായി കിടന്നിരുന്ന അമ്പാടുകുളം മുഴുവൻ ചെളിയും വാരി പൊളിഞ്ഞുപോയ ഭാഗം മുഴുവൻ കരിങ്കല്ല് ഇട്ട് കെട്ടിയതും ഈ കമ്മറ്റി അധികാരമേറ്റതിനു ശേഷം മാത്രമാണ്.

പൊതുജനാരോഗ്യകാര്യങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടത്താൻ പഞ്ചായത്ത് ശ്രദ്ധിക്കാറുണ്ട്. പുറപ്പുഴ പ്രൈമറി ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട ആരോഗ്യവകുപ്പിന്റെ വിവിധ പദ്ധതികൾ വിജയകരമായി നടത്തുന്നതിന് പഞ്ചായത്ത് സർവ്വവിധ സഹകരണവും നൽകിവരുന്നുണ്ട്. ഈ പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന മുഴുവൻ നായ്ക്കളേയും പിടിച്ച് നശിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ ജനങ്ങളെ "പേപ്പട്ടി വിഷ"ത്തിന്റെ ഭയത്തിൽ നിന്നും മോചിപ്പിച്ചു. വളർത്തുനായ്ക്കൾക്ക് കുത്തിവെയ്പും ലൈസൻസും പഞ്ചായത്തിൽ നിർബ്ബന്ധമാക്കിയിട്ടുമുണ്ട്. നിരവധി രോഗങ്ങൾക്ക് കാരണമായ കൊതുകുകളെ നശിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്നും എപ്പോഴും ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. അതേപോലെ വളർത്തുമൃഗങ്ങൾക്കുണ്ടാകുന്നു രോഗങ്ങൾക്കെതിരെ പ്രതിരോധനടപടികൾ എടുക്കുന്നതിന് പഞ്ചായത്തു മുൻപിലുണ്ടായിരുന്നു. കന്നുകാലികൾക്ക് കുളമ്പുരോഗത്തിനെതിരെ കുത്തിവെയ്പ് എല്ലാ വാർഡുകളിലുംവിപുലമായ പ്രചരണത്തോടെ നടത്തി.

സാമൂഹ്യ വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 5000 ത്തോളം തേക്കിൻ തൈകൾ തൊടുപുഴ ഫോറസ്റ്റ് ഓഫീസിൽ നിന്നും ശേഖരിച്ച് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വിതരണം നടത്തി. പഞ്ചായത്തു കമ്മിറ്റിയുടെ കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനത്തിന്റെ സംക്ഷിപ്ത രൂപം മാത്രമാണ് മുകളിൽ സൂചിപ്പിച്ചത്. കേരളസർക്കാർ തീരുമാനിച്ചതും പഞ്ചായത്തുകളോട് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നതുമായ പരിപാടികളെല്ലാം തന്നെ ഇവിടെ വിജയകരമായി നടത്തിയിട്ടുണ്ട്. കേരളോത്സവം, പഞ്ചായത്തു ദിനാഘോഷം, ശുചീകരണ വാരാഘോഷം തുടങ്ങിയവ ചുരുക്കം ഉദാഹരണ

ങ്ങളാണ്.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിനുള്ള ജനകീയ ആസൂത്രണ പരിപാടിക്ക് അഭൂതപൂർവ്വമായ സഹകരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. 8-ാം വാർഡിലെ ഗ്രാമസഭയിൽ മാത്രം 300 ലധികം ജനങ്ങൾ പങ്കെടുത്തിരുന്നു. നിരവധി തലങ്ങളിലെ ചർച്ചകൾ, പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടും പഞ്ചായത്തു തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം രൂപപ്പെടുത്തുന്ന പദ്ധതികളാണം അടുത്ത ഏപ്രിൽ മാസം മുതൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ പോകുന്നത്.

ഇതുമൂലം ജനങ്ങൾ ആഗ്രഹിക്കുന്ന, ജനങ്ങൾ തെരഞ്ഞെടുക്കുന്ന, ജനങ്ങൾ നിശ്ചയിക്കുന്ന പദ്ധതികൾ മാത്രമായിരിക്കും. 1997 ഏപ്രിൽ 1 മുതൽ നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കുന്നത്. ജനങ്ങളുടെ സഹകരണവും ഇച്ഛാശക്തിയുമാണ് പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമായിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കാനുള്ള വരുനാളുകളിലെ കഠിന പ്രയത്നത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാവാം.

Joseph

പ്രസിഡന്റ്

പുറപ്പുഴ ഗ്രാമപഞ്ചായത്ത്

ദി. വഴിത്തല സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം നമ്പർ 908. വഴിത്തല

ഫോൺ : 73041

ബ്രാഞ്ച് : കുണിഞ്ഞി ഫോൺ : 73113

72 വർഷത്തെ സേവനപാരമ്പര്യം

എല്ലാവിധ ബാങ്കിംഗ് ഇടപാടുകൾക്കും പുറമെ പ്രതിമാസലേലച്ചിട്ടികളും, കാർഷിക വായ്പകളും, കാർഷികേതരവായ്പകളും അതതുകാലങ്ങളിൽ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതി വായ്പകളും വിതരണം ചെയ്യുന്നു.

മൂന്ന് ദശാബ്ദം പിന്നിട്ട ബാങ്കിന്റെ കൺസ്യൂമർ സ്റ്റോർ ജൗളിവിഭാഗം, വളംഡിപ്പോകൾ എന്നിവയും കർഷകരിൽ നിന്നും റബ്ബർ, കുരുമുളക് എന്നിവയുടെ സംഭരണ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു.

പ്രവർത്തനമൂലധനം - 4 കോടി

ഡെപ്പോസിറ്റ് - 3.5 കോടി

വായ്പാബാക്കി- 2.75 കോടി

ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ 30 ദിവസം 13% 46 ദിവസം 13.5 %, 1 വർഷം 14% 1 വർഷത്തിന് മുകളിൽ. 3 വർഷംവരെ 14.5% 5 വർഷംവരെ 15% 5 വർഷത്തിന് മുകളിൽ 15.5 % കൂടാതെ 60 മാസം കൊണ്ട്

- നിക്ഷേപതുക ഇരട്ടിയാകുന്ന "അക്ഷയഡിപ്പോസിറ്റ് പദ്ധതി"

"സന്ദർശിക്കുക, സഹകരിക്കുക"

കെ. സുഗതൻനായർ
സെക്രട്ടറി

കെ.എൽ. തോമസ് (തമ്പി) എരുമേലിക്കര
പ്രസിഡന്റ്

"വീട്ടമ്മമാരുടെ ഉത്തമ മിത്രം"

മലബാർ ഗ്യാസ്

പണം അടച്ചാൽ ഉടൻ കണക്ഷൻ
വീട്ടിലെത്തിക്കുന്ന റീഫില്ലിംഗ് സൗകര്യം

ഇടുക്കി ജില്ലയിലെ അംഗീകൃത വിതരണക്കാർ

പനച്ചിക്കൽ ഏജൻസീസ്

മണക്കാട് റോഡ്, തൊടുപുഴ ഫോൺ : 23963
& നെടിയശാല Ph : 73293